# പാരമ്പര്യവും പ്രതിരോധവും
## എൻ.വി. കൃഷ്ണവാരിയരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനം

**സന്ധ്യ എൻ.എസ്.**

**കോഴിക്കോട് സർവ്വകലാശാലയിൽ മലയാളം ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന പ്രബന്ധം**

**(സംശോധിതപതിപ്പ്)**

മാർഗ്ഗനിർദേശകൻ

**ഡോ. ആദർശ് സി.**

**മലയാള വിഭാഗം**

ശ്രീ കേരളവർമ്മ കോളേജ്

(കോഴിക്കോട് സർവ്വകലാശാല)

തൃശ്ശൂർ

ജൂലൈ 2023

# TRADITION AND RESISTANCE

A Study with special reference to
N.V. Krishna Warrier's Poetry
(Corrected Copy)

**SANDHYA N.S.**

Thesis submitted to the University of Calicut
for the Degree of Doctor of Philosophy
in Malayalam

Supervising Teacher
Dr. ADARSH C.
Department of Malayalam

Sree Keralavarma College
(University of Calicut)
Thrissur
July 2023

സന്ധ്യ എൻ. എസ്.
ഗവേഷക
മലയാള വിഭാഗം
ശ്രീ കേരളവർമ്മ കോളേജ്,
തൃശ്ശൂർ-680011

# സത്യപ്രസ്താവന

**'പാരമ്പര്യവും പ്രതിരോധവും എൻ.വി. കൃഷ്ണവാരിയരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനം'** എന്ന ഈ പ്രബന്ധം കോഴിക്കോട് സർവ്വകലാശാലയുടെ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിന്റെ പൂർത്തീകരണത്തിനായി ഡോ. ആദർശ് സി. നൽകിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഞാൻ നടത്തിയ അന്വേഷണത്തിന്റെ രേഖയാണെന്നും ഏതെങ്കിലും സർവ്വകലാശാലയോ അതുപോലുള്ള സ്ഥാപനമോ നൽകുന്ന മറ്റേതെങ്കിലും ബിരുദത്തിനോ അംഗീകാരത്തിനോ ഈ പ്രബന്ധം ആധാരമായിട്ടില്ലെന്നും ഇതിനാൽ ബോധിപ്പിക്കുന്നു.

സ്ഥലം : തൃശ്ശൂർ
തിയ്യതി : 24-07-2023

സന്ധ്യ എൻ. എസ്.

ഡോ. ആദർശ് സി.
മാർഗ്ഗനിർദ്ദേശകൻ,
മലയാളവിഭാഗം.
ശ്രീ കേരളവർമ്മ കോളേജ്,
തൃശ്ശൂർ-680011

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പി.എച്ച്.ഡി. ബിരുദത്തിന് വേണ്ടി സമർപ്പിക്കുന്ന **'പാരമ്പര്യവും പ്രതിരോധവും എൻ.വി. കൃഷ്ണവാരിയരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനം'** എന്ന ഈ പ്രബന്ധം സന്ധ്യ എൻ.എസ്. എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : തൃശ്ശൂർ
തിയ്യതി : 24-07-2023

ഡോ. ആദർശ് സി.

ഡോ. ആദർശ് സി.
മാർഗ്ഗനിർദ്ദേശകൻ,
മലയാളവിഭാഗം.
ശ്രീ കേരളവർമ്മ കോളേജ്,
തൃശ്ശൂർ-680011

# സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ പി.എച്ച്.ഡി. ബിരുദത്തിന് വേണ്ടി സമർപ്പിക്കുന്ന **'പാരമ്പര്യവും പ്രതിരോധവും എൻ.വി. കൃഷ്ണവാരിയരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനം'** എന്ന ഈ പ്രബന്ധം സന്ധ്യ എൻ.എസ്. എന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് നിർവ്വഹിച്ച കുറ്റമറ്റ ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : തൃശ്ശൂർ
തിയ്യതി : 24-07-2023

ഡോ. ആദർശ് സി.

# കൃതജ്ഞത

ഈ പ്രബന്ധത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ പ്രോത്സാഹനവും ക്രിയാത്മകമായ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകിയ എന്റെ മാർഗ്ഗദർശ്ശിയായ ഡോ. ആദർശ് സി. മാഷിന് സ്നേഹാദരങ്ങളോടെ നന്ദി. ഈ പ്രബന്ധരചനയിൽ എന്നോട് സഹകരിച്ച ശ്രീ കേരള വർമ്മ കോളേജിലെ ഓരോ അധ്യാപകരേയും നന്ദിപൂർവ്വം സ്മരിക്കുന്നു. അവിടുത്തെ ഗവേഷക സുഹൃത്തുക്കൾക്കും നന്ദി രേഖപ്പെടുത്തുന്നു.

ശ്രീ കേരളവർമ്മ കോളേജ് ലൈബ്രറി, കേരളസാഹിത്യ അക്കാദമി ലൈബ്രറി, അപ്പൻ തമ്പുരാൻ സ്മാരകഗ്രന്ഥശേഖരം, തൃശ്ശൂർ പബ്ലിക് ലൈബ്രറി എന്നീ സ്ഥാപനങ്ങളാണ് റഫറൻസിനായി പ്രധാനമായും ഉപയോഗിച്ചിരുന്നത്. ഈ സ്ഥാപനങ്ങളിലെ ജിവനക്കാർക്ക്, പ്രത്യേകിച്ച് അക്കാദമിയിലെ അനിലേട്ടനും രമചേച്ചിക്കും ശ്രീദേവിചേച്ചിക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു. ഡി.ടി.പി. ചെയ്തുതന്ന തളിക്കുളം ഇൻഡക്സ് ഡിടിപി സെന്ററിലെ അനിത ചേച്ചിക്കും നന്ദിരേഖപ്പെടുത്തുന്നു.

ഈ ഗവേഷണത്തിലേക്ക് എന്നെ നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എന്റെ അച്ഛച്ചൻ സഹദേവൻ, അമ്മമ്മ, അച്ഛൻ സിദ്ധാർത്ഥൻ, അമ്മ സിന്ധു, സഹോദരി സിന, ജീവിതപങ്കാളി രാകേഷ്, അദ്ദേഹത്തിന്റെ മാതാപിതാക്കൾ, മക്കൾ റിയ, സിയ, മറ്റു ബന്ധുമിത്രാദികൾ അവരെ സ്നേഹപൂർവ്വം ഓർക്കുന്നു. ഗവേഷണത്തിന്റെ യാത്രകളിൽ എനിക്കൊപ്പം നിൽക്കുകയും പ്രബന്ധരചനയുടെ വിവിധഘട്ടങ്ങളിൽ എന്നെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത പ്രിയ സുഹൃത്തായ ഉർസുല ചേച്ചിയോടുമുള്ള നന്ദിയും കടപ്പാടും വാക്കുകളിൽ ഒതുങ്ങുന്നില്ല. ഗവേഷണവഴിയിൽ നിസ്സീമമായ പ്രോത്സാഹനം നൽകിയ എല്ലാവർക്കും ആദരപൂർവ്വം നന്ദി രേഖപ്പെടുത്തുന്നു.

തൃശ്ശൂർ

സന്ധ്യ എൻ.എസ്.

## ഉള്ളടക്കം

**ആമുഖം** - 1

**അദ്ധ്യായം 1**

പാരമ്പര്യവും പ്രതിരോധവും:
പ്രശ്നവത്കരണത്തിന്റെ രാഷ്ട്രീയം - 7

**അദ്ധ്യായം 2**
ദേശീയതാസങ്കല്പവും പാരമ്പര്യവും - 28

**അദ്ധ്യായം 3**
സാഹിത്യവും പ്രതിരോധവും - 58

**അദ്ധ്യായം 4**
പാരമ്പര്യവും പ്രതിരോധവും
എൻ.വിയുടെ കവിതയിൽ - 94

**ഉപസംഹാരം** - 196

**ഗ്രന്ഥസൂചി** - 203

**താക്കോൽ വാക്കുകൾ**

പാരമ്പര്യം, പ്രതിരോധം, എൻ.വി. കൃഷ്ണവാരിയർ, മലയാള കവിത, കാല്പനികത, ആധുനികത, ആധുനികതാവാദം, ദേശീയത, ഗാന്ധിസം.

## സംഗ്രഹം

മലയാളകവിതയിൽ കാല്പനികത ശക്തമായിരുന്ന കാലഘട്ടത്തിലാണ് എൻ.വി. കൃഷ്ണവാര്യർ കാവ്യരംഗത്തേക്ക് പ്രവേശിക്കുന്നത്. സമകാലിക കവിതകളിൽ പ്രബലമായിരുന്ന ആശയങ്ങളോട് വിയോജിച്ചും അവയെ പുനർനിർണ്ണയിച്ചുകൊണ്ടുമുള്ള രചനാരീതിയായിരുന്നു എൻ.വിയുടേത്. അതുകൊണ്ടുതന്നെ മലയാള കവിതയെ കാല്പനികതയിൽനിന്നും ആധുനികതയിലേക്ക് കൈപിടിച്ചുയർത്തിയ പ്രമുഖനായാണ് ഇദ്ദേഹത്തെ സാഹിത്യലോകം വിലയിരുത്തുന്നത്. എൻ.വിയുടെ കവിതകളിലെ മിത്തും, ദേശീയസങ്കല്പവും, കാവ്യപാരമ്പര്യവും, ഗാന്ധിചിന്തയുമാണ് അദ്ദേഹത്തിന്റെ കൃതികളിലെ പ്രതിരോധസ്വഭാവങ്ങളെ നിർണ്ണയിക്കുന്നത്. കാലഘട്ടത്തിന്റെ ആവശ്യങ്ങളെയാണ് എൻ.വിക്കവിതയിൽ നിറവേറ്റിയത്. അതുകൊണ്ടുതന്നെ പ്രതിരോധസംസ്കാരത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള എൻ.വി. പഠനം പൂർണമല്ല. അതിനാൽ എൻ.വി. കവിതകളിലെ പാരമ്പര്യത്തെയും പ്രതിരോധത്തെയും കുറിച്ചുള്ള പഠനം പ്രാധാന്യമർഹിക്കുന്നു. ഈ നിലയ്ക്ക് എൻ.വി. കവിത മുൻനിർത്തി പാരമ്പര്യ-പ്രതിരോധ ഘടകങ്ങളെ കണ്ടെത്താനും പ്രശ്നവത്കരിക്കാനുമാണ് 'പാരമ്പര്യവും പ്രതിരോധവും എൻ.വി.കൃഷ്ണവാര്യരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനം' എന്ന പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

ആമുഖവും ഉപസംഹാരവും കൂടാതെ നാല് അധ്യായങ്ങളായാണ് പ്രബന്ധം ക്രമീകരിച്ചിരിക്കുന്നത്. 'പാരമ്പര്യവും പ്രതിരോധവും പ്രശ്നവത്കരണത്തിന്റെ രാഷ്ട്രീയം' എന്ന ആദ്യ അധ്യായത്തിൽ പാരമ്പര്യം സങ്കൽപ്പം എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കുന്നു. കണ്ടെടുക്കപ്പെട്ട പാരമ്പര്യം എന്ന ആശയം, പാരമ്പര്യത്തിന്റെ പ്രയോഗങ്ങൾ - പ്രയോജനങ്ങൾ എന്തെല്ലാമാണ്. പാരമ്പര്യം പ്രതിരോധത്തിനുള്ള മാർഗ്ഗം എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കുന്നു. തുടങ്ങിയ കാര്യങ്ങളാണ് വിശദീകരിക്കുന്നത്. ഇന്ത്യൻ ദേശീയതയെക്കുറിച്ചും അതിന്റെ പാരമ്പര്യത്തെക്കുറിച്ചുമുള്ള ചർച്ചകളാണ് 'ദേശീയതാസങ്കൽപ്പവും പാരമ്പര്യവും' എന്ന രണ്ടാം അധ്യായത്തിൽ ക്രോഡീകരിച്ചിരിക്കുന്നത്. 'സാഹിത്യവും പ്രതിരോധവും' എന്ന മൂന്നാം അധ്യായത്തിൽ സാഹിത്യത്തിലെ പ്രതിരോധത്തിന്റെ കടന്നുവരവിനെക്കുറിച്ചാണ് അന്വേഷിക്കുന്നത്. നാലാം അധ്യായമായ 'പാരമ്പര്യവും പ്രതിരോധവും എൻ.വിക്കവിതയിൽ' പാരമ്പര്യത്തിന്റെ ആവിഷ്കാരം പ്രതിരോധമെന്ന നിലയിൽ എൻ.വിക്കവിതയിൽ എപ്രകാരം കടന്നുവരുന്നുവെന്ന് വിശകലനം ചെയ്യുന്നു. നിലവിലുള്ള നിർമ്മിതപാരമ്പര്യങ്ങളെ പ്രതിരോധിക്കാനുള്ള ശ്രമം ഭാഷയിലും മറ്റും എൻ. വി. കൃഷ്ണവാരിയർ നടത്തുന്നത് കാണാം. അതുപോലെ തന്നെ ചില സന്ദർഭങ്ങളിൽ അതിനോട് സമരസപ്പെടുന്ന രീതിയും എൻ. വി. നടത്തുന്നുണ്ട്. ഈ രണ്ടു രീതികളും കവിതകളിൽ കാണാനായി സാധിക്കുന്നുണ്ട്. അത്തരം സംഘർഷം എൻ.വിക്കവിതയുടെ സവിശേഷതയാണ്.

**Key Words**

Tradition, Resistance, N.V. Krishna Warrier, Malayalam Poetry, Romanticism, Modernity, Modernism, Nationalism, Gandhism.

**Abstract**

In the period when romanticism was strong in Malayalam poetry, N.V. Krishna Warrier enters the terrain of Malayalam poetry. NV's style of writing was to disagree with and redefine the ideas prevalent in contemporary poetry. Therefore, he is considered by the literary world to be a prominent person who took Malayalam poetry from romanticism to modernism. The myth, national concept, poetic tradition and Gandhian thought in NV's poems determine the resistive nature of his works. His poetry fulfilled the needs of the times. Therefore, the study of NV is not complete by setting aside the culture of resistance. Therefore, the study of inheritance and resistance in his poetry is important. At this point, In the thesis 'Tradition and resistance study based on the poems of N.V.Krishnawaryar' is trying to find and problematize the elements of tradition and resistance based on N.V.'s poetry.

The dissertation is organized into four chapters apart from the introduction and conclusion. The first chapter, 'Tradition and Resistance and the Politics of Problematisation', examines how tradition functions as a concept. Concept of tradition, applications of Inheritance - what are the benefits, how tradition works as a means of resistance, such things are explained. Discussions about Indian nationalism and its heritage are codified in the second chapter, 'Concept of Nationalism and Tradition'. In the third chapter, 'Literature and Resistance', the introduction of resistance in literature is explored. The fourth chapter, 'Tradition and Resistance in the N.V.'s Poetry, analyzes how the expression of tradition as resistance enters the poetry. An attempt to defend existing invented traditions in language etc. can be seen performing in his poetry. Similarly, in some cases, N.V. is also doing a way of fighting it. Both these methods can be seen in the poems. Such conflict is a special characteristic of N.V.'s poetry.

# ആമുഖം

പാരമ്പര്യം പഴമയെ സൂചിപ്പിക്കുന്നതായാണ് സാമ്പ്രദായിക സങ്കൽപ്പങ്ങളിൽ നിലനിൽക്കുന്നത്. എന്നാൽ പുതുപഠനങ്ങൾ സൂചിപ്പിക്കുന്നത് പാരമ്പര്യം, തെരഞ്ഞെടുക്കലുകളും കണ്ടെത്തലുകളുമാണെന്നാണ്. അതായത് വർത്തമാനകാല ആവശ്യങ്ങൾക്കുവേണ്ടി പഴമയിൽനിന്ന്, ചരിത്രത്തിൽനിന്ന് ചിലത് കാണാൻ ശ്രമിക്കുന്നു. ഉള്ളത് കാണുകയല്ല ആഗ്രഹമുള്ളത് കണ്ടെടുക്കുകയാണ്. ഈ പഴമയെ ഏറ്റെടുക്കുകയും, നിലനിർത്താനായുള്ള ശ്രമങ്ങൾ നടത്തുകയുമാണ് ആധുനിക പാരമ്പര്യ ചർച്ചകളും അക്കാലഘട്ടത്തിലെ കവിതകളും ചെയ്തത് എന്ന് സാമാന്യമായി പറയാവുന്നതാണ്. അതായത് ചില ഘടകങ്ങളെ ഏറ്റെടുക്കുന്നതിലൂടെയാണ് പാരമ്പര്യം എന്ന ബോധം സാധ്യമാകുന്നത്. അങ്ങനെയാകുമ്പോൾ ഈ പാരമ്പര്യത്തെ സവിശേഷ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയാണ് എന്നുവരുന്നു. അത് കവിതയുടെ രാഷ്ട്രീയം കൂടിയാണ്. കവിത മുന്നോട്ട് വെക്കുന്ന പാരമ്പര്യഘടകങ്ങൾ സമകാലിക ആവശ്യങ്ങൾ മുൻനിർത്തിയുള്ള പ്രതിരോധങ്ങളാണ്. ഈ പാരമ്പര്യഘടകങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ കവിതയുടെ പ്രതിരോധ സ്വഭാവത്തെയും അതുവഴി രാഷ്ട്രീയത്തെയും മനസ്സിലാക്കാൻ സാധിക്കും. അതായത് കാ

വ്യപഠനത്തിനുള്ള ഉപാധിയായി പാരമ്പര്യഘടകത്തെ കാണാം എന്ന് ചുരുക്കം. എൻ.വി. കൃഷ്ണവാര്യരുടെ കവിതകളിലെ പാരമ്പര്യവും അതിൽ പ്രകടമാകുന്ന പ്രതിരോധ സ്വഭാവവുമാണ് എൻ.വി.കവിതകളെ ചിര സ്ഥായിയാക്കുന്നത്.

മലയാളകവിതയിൽ കാല്പനികത ശക്തമായിരുന്ന കാലഘട്ടത്തിലാണ് എൻ.വി.കൃഷ്ണവാര്യർ കാവ്യരംഗത്തേക്ക് പ്രവേശിക്കുന്നത്. സമകാലിക കവിതകളിൽ പ്രബലമായിരുന്ന ആശയങ്ങളോട് വിയോജിച്ചും അവയെ പുനർനിർണ്ണയിച്ചുകൊണ്ടുമുള്ള രചനാരീതിയായിരുന്നു എൻ.വിയുടേത്. അതുകൊണ്ടുതന്നെ മലയാളകവിതയെ കാല്പനികതയിൽനിന്നും ആധുനികതയിലേക്ക് കൈപിടിച്ചുയർത്തിയ പ്രമുഖനായാണ് ഇദ്ദേഹത്തെ സാഹിത്യലോകം വിലയിരുത്തുന്നത്. എൻ.വിയുടെ കവിതകളിലെ മിത്തും, ദേശീയസങ്കല്പവും, കാവ്യപാരമ്പര്യവും, ഗാന്ധിചിന്തയുമാണ് അദ്ദേഹത്തിന്റെ കൃതികളിലെ പ്രതിരോധസ്വഭാവങ്ങളെ നിർണ്ണയിക്കുന്നത്. കാലഘട്ടത്തിന്റെ ആവശ്യങ്ങളെയാണ് എൻ.വി. കവിതയിൽ നിറവേറ്റിയത്. അതുകൊണ്ടുതന്നെ പ്രതിരോധസംസ്കാരത്തെ മാറ്റിനിർത്തിക്കൊണ്ടുള്ള എൻ.വി. പഠനം പൂർണമല്ല. അതിനാൽ എൻ.വി. കവിതകളിലെ പാരമ്പര്യത്തെയും പ്രതിരോധത്തെയും കുറിച്ചുള്ള പഠനം പ്രാധാന്യമർഹിക്കുന്നു. ഈ നിലയ്ക്ക് എൻ.വി. കവിത മുൻനിർത്തി പാരമ്പര്യ-പ്രതിരോധ ഘടകങ്ങളെ കണ്ടെത്താനും പ്രശ്നവത്ക്കരിക്കാനുമാണ് 'പാരമ്പര്യവും പ്രതിരോധവും എൻ.വി.കൃഷ്ണവാര്യരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനം' എന്ന പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**പഠനലക്ഷ്യം**

നിർമ്മിത പാരമ്പര്യങ്ങളോട് കലഹിക്കുന്നവയാണ് എൻ.വി. കൃഷ്ണവാരിയരുടെ കവിതകൾ. ദേശീയതയുമായി ബന്ധപ്പെട്ട് അദ്ദേഹം മുന്നോട്ടുവെക്കുന്ന സങ്കൽപ്പങ്ങൾ, മിത്ത്, ഗാന്ധിസം, നിലനിൽക്കുന്ന കാവ്യപാരമ്പര്യത്തോടുള്ള എതിർപ്പ് തുടങ്ങി നിരവധി ഘടകങ്ങൾ എൻ.വി. കവിതകളിലെ പ്രതിരോധചിഹ്നങ്ങളാണ്. കാലഘട്ടത്തിന്റെ ആവശ്യങ്ങളാണ് എൻ.വി. കൃതികൾ നിറവേറ്റിയത്. അതുകൊണ്ടുതന്നെ പ്രതിരോധസംസ്കാരത്തെ മാറ്റി നിർത്തിക്കൊണ്ടുള്ള എൻ.വി. പഠനം പൂർണ്ണമല്ല. അതിനാൽ എൻ.വി. കവിതയിലെ പാരമ്പര്യത്തെകുറിച്ച് പഠിക്കുന്നതോടൊപ്പം കവിതയിൽ അന്തർലീമായിരിക്കുന്ന പ്രതിരോധ മേഖലകളെ വ്യക്തമാക്കാനും ശ്രമിക്കുകയാണ് പഠനത്തിന്റെ ലക്ഷ്യം.

**രീതിശാസ്ത്രം**

പാരമ്പര്യപഠനം എന്നത് സമകാലീന സംസ്കാരപഠനത്തിന്റെ പ്രധാനമേഖലയാണ്. പഴമയല്ല പാരമ്പര്യം എന്നത് സംസ്കാരപഠനം ഊന്നിപ്പറയുന്നു. സമകാലിക സംസ്കാരപഠനം പാരമ്പര്യത്തിന്റെ പരിണാമങ്ങളെ സവിശേഷമായി മനസ്സിലാക്കുകയും വിശകലനം ചെയ്യാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്. ആധുനികാനന്തര ജ്ഞാനസന്ദർഭത്തെ മുൻനിർത്തി സംസ്കാരപഠനത്തിന്റെ സൈദ്ധാന്തിക പരികല്പനകൾ ഉപയോഗിച്ചുകൊണ്ട് കവിതയിലെ പാരമ്പര്യഘടകങ്ങളെ നിരീക്ഷിക്കാനും വിശദീകരിക്കാനുമാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിക്കുന്നത്.

**പൂർവ്വപഠനങ്ങൾ**

എൻ.വി. കൃഷ്ണവാര്യരുടെ കവിതകളെ മുൻനിർത്തി നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. കെ. ഗോപാലകൃഷ്ണന്റെ *എൻ.വി.കൃഷ്ണവാര്യർ* (2005) കെ.വി. രാമകൃഷ്ണന്റെ *എൻ.വി.യുടെ കാവ്യലോകം* (2005) എൻ.വി. ഷഷ്ട്യബ്ദപൂർത്തി ആഘോഷക്കമ്മിറ്റി പുറത്തിറക്കിയ *എൻ.വി. അറിവിന്റെ അത്ഭുതലോകം* (1990) *എൻ.വി.കവിതയുടെ അന്തർമണ്ഡലം* (1995), *എൻ.വി.യുടെ വിജ്ഞാനസാഹിത്യം* (1991) തുടങ്ങിയ കൃതികളിലെല്ലാം തന്നെ എൻ.വി. എന്ന വ്യക്തിയെക്കുറിച്ചും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചുമാണ് പ്രധാനമായി ചർച്ച ചെയ്യുന്നത്.

2007-ൽ എം.ജി. സർവ്വകലാശാലയിൽ സമർപ്പിക്കപ്പെട്ട എസ്. ഹരികുമാറിന്റെ 'മലയാളത്തിലെ അകാൽപനികകവിത എൻ.വി., ഇടശ്ശേരി എന്നിവരെ ആസ്പദമാക്കിയ പഠനം.' എന്ന പ്രബന്ധം ഇടശ്ശേരിയുടെയും എൻ.വി.യുടെയും കവിതയിലെ അകാൽപനികഘടകങ്ങളെ അന്വേഷിക്കുന്നു. എം.ജി.സർവ്വകലാശാലയിൽ 2017-ൽ സമർപ്പിക്കപ്പെട്ട ദിവ്യ എം.ന്റെ "എൻ.വി.കൃഷ്ണവാര്യരുടെ ഗദ്യസാഹിത്യം വിമർശനാത്മകപഠനം" എന്ന ഗവേഷണപ്രബന്ധം എൻ.വി.യുടെ ഗദ്യസാഹിത്യത്തെയാണ് വിശകലനം ചെയ്യുന്നത്. എന്നാൽ ഇത്തരം കൃതികളിൽ സവിശേഷമായി ചർച്ചചെയ്യാത്ത എൻ.വി. കവിതകളിലെ പാരമ്പര്യത്തെയും പ്രതിരോധത്തെയുമാണ് 'പാരമ്പര്യവും പ്രതിരോധവും എൻ.വി.കൃഷ്ണവാര്യരുടെ കവിതകളെ മുൻനിർത്തിയുള്ള പഠനം' എന്ന ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്.

## പ്രബന്ധസ്വരൂപം

ആമുഖവും ഉപസംഹാരവും കൂടാതെ നാല് അധ്യായങ്ങളായാണ് പ്രബന്ധം ക്രമീകരിച്ചിരിക്കുന്നത്.

'പാരമ്പര്യവും പ്രതിരോധവും പ്രശ്നവത്കരണത്തിന്റെ രാഷ്ട്രീയം' എന്ന ആദ്യ അധ്യായത്തിൽ പാരമ്പര്യം സങ്കൽപ്പം എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കുന്നു, കണ്ടെടുക്കപ്പെട്ട പാരമ്പര്യം എന്ന ആശയം, പാരമ്പര്യത്തിന്റെ പ്രയോഗങ്ങൾ - പ്രയോജനങ്ങൾ എന്തെല്ലാമാണ്, പാരമ്പര്യം പ്രതിരോധത്തിനുള്ള മാർഗ്ഗം എന്ന നിലയിൽ എങ്ങനെ പ്രവർത്തിക്കുന്നു, തുടങ്ങിയ കാര്യങ്ങളാണ് വിശദീകരിക്കുന്നത്.

ഇന്ത്യൻ ദേശീയതയെക്കുറിച്ചും അതിന്റെ പാരമ്പര്യത്തെക്കുറിച്ചുമുള്ള ചർച്ചകളാണ് 'ദേശീയതാസങ്കൽപ്പവും പാരമ്പര്യവും' എന്ന രണ്ടാം അധ്യായത്തിൽ ക്രോഡീകരിച്ചിരിക്കുന്നത്. പാരമ്പര്യത്തിന്റെ വ്യത്യസ്തമണ്ഡലങ്ങൾ, പാരമ്പര്യത്തിന്റെ ഇന്ത്യൻ അവസ്ഥ, ദേശരാഷ്ട്ര രൂപീകരണവും പാരമ്പര്യവും, ദേശീയതാസങ്കൽപ്പവും പാരമ്പര്യവും, ഇന്ത്യൻ ദേശീയതയുടെ പാരമ്പര്യഘടകങ്ങൾ, അന്തർദേശീയത, എന്നീ സങ്കൽപ്പങ്ങൾ പാരമ്പര്യനിർമ്മിതിയിൽ ഇടപെടുന്ന രീതി, പാരമ്പര്യത്തിന്റെ മറ്റ് മേഖലകളായ വസ്ത്രധാരണം, ഭക്ഷണം, ഭാഷ, ആചാരം, ആഘോഷം മുതലായവയെ വിമർശനാത്മകമായി പഠിക്കാനാണ് ഈ അധ്യായത്തിൽ ശ്രമിക്കുന്നത്.

'സാഹിത്യവും പ്രതിരോധവും' എന്ന മൂന്നാം അധ്യായത്തിൽ സാഹിത്യത്തിലെ പ്രതിരോധത്തിന്റെ കടന്നുവരവിനെക്കുറിച്ചാണ് അന്വേഷിക്കുന്നത്. പ്രതിരോധം സാഹിത്യത്തിൽ കടന്നുവരുന്നത് എപ്രകാര

മാണ്, കവിതയിലേക്കെത്തുമ്പോഴേക്കും പ്രതിരോധതലത്തിൽ വരുന്ന മാറ്റങ്ങൾ, കവിതയിലെ പാരമ്പര്യങ്ങൾ എപ്രകാരമാണ് പ്രതിരോധം സൃഷ്ടിക്കുന്നത് തുടങ്ങിയ വിഷയങ്ങളാണ് ഇവിടെ അന്വേഷണവിധേയ മാക്കിയത്.

നാലാം അധ്യായമായ 'പാരമ്പര്യവും പ്രതിരോധവും എൻ.വി. കവി തയിൽ' പാരമ്പര്യത്തിന്റെ ആവിഷ്ക്കാരം പ്രതിരോധമെന്ന നിലയിൽ എൻ.വി.കവിതയിൽ എപ്രകാരം കടന്നുവരുന്നുവെന്ന് വിശകലനം ചെ യ്യുന്നു. അതിനായി എൻ.വി.കവിതയിലെ മിത്ത്, ദേശീയത, കാവ്യപാ രമ്പര്യം, ഗാന്ധിസം മുതലായ ഘടകങ്ങളെ മുൻനിർത്തി കവിതയിലെ പാരമ്പര്യപ്രതിരോധങ്ങളെ കണ്ടെത്താനുള്ള ശ്രമമാണ് ഈ അധ്യായ ത്തിലൂടെ നിർവ്വഹിക്കുന്നത്.

# അദ്ധ്യായം 1

# പാരമ്പര്യവും പ്രതിരോധവും: പ്രശ്നവത്കരണത്തിന്റെ രാഷ്ട്രീയം

**എന്താണ് പാരമ്പര്യം**

കൃത്യമായ നിർവ്വചനങ്ങളിൽ ഒതുങ്ങാതെ നിൽക്കുന്ന ഒരു സംജ്ഞയായിവേണം നമുക്ക് പാരമ്പര്യത്തെ കണക്കാക്കാൻ. പഴമയെ കണ്ടെടുക്കലാണ് പാരമ്പര്യം എന്നു പറയാറുണ്ടെങ്കിലും യഥാർത്ഥത്തിൽ പാരമ്പര്യം പുതുതായി കണ്ടെടുക്കപ്പെടുകയാണ് ചെയ്യുന്നത്. ഇന്ന് എന്നത് 'ഇന്നലെ'യായി മാറുമ്പോൾ അത് നാളത്തെ ചരിത്രവും, പാരമ്പര്യവുമാകുന്നു. അങ്ങനെ വരുമ്പോൾ പാരമ്പര്യം ഭൂതകാലത്തു സംഭവിക്കുന്ന ഒന്നല്ല, വർത്തമാനത്തിൽ നിർണയിക്കപ്പെടുന്നതാണ് എന്നുവരുന്നു. അതേ സമയം നാം നിർമ്മിച്ചെടുക്കുന്ന പാരമ്പര്യങ്ങളും നമുക്ക് പരിചിതമാണ്. പരസ്യചിത്രങ്ങൾ പാരമ്പര്യത്തെ സമർത്ഥമായി ഉപയോഗിക്കാറുണ്ട്. കഥകളിയും, കേരളസാരിയും, വള്ളംകളിയുമെല്ലാം കേരളത്തനിമയുടെ പ്രതീകങ്ങളാകുന്നതിൽ പരസ്യങ്ങൾക്ക് വലിയ പങ്കുണ്ട്. ആധുനികകാ

ലത്ത് പാരമ്പര്യത്തെ ഉപയോഗിച്ച രീതിയാണിതെങ്കിൽ സ്വാതന്ത്ര്യസമരകാലത്ത് മറ്റൊരു രീതിയിലാണ് 'പാരമ്പര്യം' ഉപയോഗിക്കപ്പെട്ടത്. ജനങ്ങളിൽ രാജ്യസ്നേഹം വളർത്തിയെടുക്കുന്നതിനും നമ്മുടെ പാരമ്പര്യത്തെയും സംസ്കാരത്തെയും കുറിച്ച് ബോധവാന്മാരാകുന്നതിനും ഉതകുന്ന തരത്തിലുള്ള സാഹിത്യസൃഷ്ടികൾ രൂപപ്പെടുത്തിയിരുന്നു. കൊളോണിയൽ സംസ്കാരത്തിനു വശംവദരാകാതിരിക്കാൻ ഇത്തരത്തിലുള്ള പ്രവൃത്തികൾ ഒരു പരിധിവരെ പ്രയോജനപ്പെട്ടിട്ടുമുണ്ട്. ദേശീയതയുടെ തന്നെ കണ്ടെത്തലായി പാരമ്പര്യത്തെ മനസ്സിലാക്കപ്പെടുന്നുമുണ്ട്.

ഇനി മറ്റൊരു തരം 'പാരമ്പര്യം' കൂടിയുണ്ട്. നമ്മൾ തലമുറകളായി പറഞ്ഞുവന്ന് മനസ്സിൽ ശക്തമായി നിലകൊള്ളുന്നത്. അത്തരത്തിൽ ഒന്നാണ് ദരിദ്രൻ-സമ്പന്നൻ എന്ന ദ്വന്ദ്വം. സാമ്പത്തികമായി താഴെത്തട്ടിലുള്ളവരെ ദരിദ്രൻ എന്നും ഉയർന്ന തട്ടിലുള്ളവരെ സമ്പന്നൻ എന്നും വേർത്തിരിക്കുന്നു. കാൽനടയായി യാത്ര ചെയ്യുന്നവൻ ദരിദ്രനും കാറിൽ യാത്ര ചെയ്യുന്നവൻ സമ്പന്നനും ആകുന്നു. ഇവിടെ ഒരു സംശയം കടന്നുവരുന്നു. സമ്പന്നൻ കാൽനടയായി യാത്ര ചെയ്താൽ ദരിദ്രനാകുമോ? സമ്പന്നർ മുഷിഞ്ഞ വസ്ത്രമണിഞ്ഞാൽ ദരിദ്രനാകുമോ? ഇത്തരം ചോദ്യങ്ങളിൽനിന്ന് വ്യക്തമാകുന്നത് നാം പാരമ്പര്യമായി ദരിദ്രനും സമ്പന്നനും എങ്ങനെയായിരിക്കും എന്ന ഒരു ചിത്രം വരച്ചുവെച്ചിട്ടുണ്ട്. അതിൽനിന്ന് വ്യതിചലിക്കാൻ സമൂഹത്തിന് സാധ്യമല്ല. ഇത്തരം ധാരണകളും പാരമ്പര്യത്തെ സംബന്ധിച്ച ചിന്തകളിൽ വിമർശനാത്മകമായി കാണേണ്ടവയാണ്.

നിത്യജീവിതത്തിന്റെ പല മേഖലകളിലും പാരമ്പര്യം കൃത്യമായി

ഇടപെടുന്നുണ്ട്. അതുകൊണ്ടുതന്നെ പാരമ്പര്യത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യാനും വ്യത്യസ്ത മണ്ഡലങ്ങളെക്കുറിച്ച് അന്വേഷിക്കാനു മാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്.

**പാരമ്പര്യം എന്ന സങ്കല്പം**

1919-ലാണ് ടി.എസ്. എലിയെറ്റിന്റെ Tradition and Individual Talent എന്ന ലേഖനം പുറത്ത് വരുന്നത്. പ്രസ്തുത ലേഖനത്തിൽ പാരമ്പര്യത്തെ സംബന്ധിച്ച പരാമർശം കടന്നുവരുന്നുണ്ട്. പ്രാചീനതയുടെ അന്ധമായ അനുകരണം എന്ന നിലയിൽ പാരമ്പര്യത്തെ കണക്കാക്കുവാൻ എലി യെറ്റ് തയ്യാറാവുന്നില്ല.

കല കലയ്ക്കുവേണ്ടി എന്ന വാദത്തിന്റെ ഉപജ്ഞാതാവായ വാൾട്ടർ പെയ്റ്റർ (1969: 72) പാരമ്പര്യത്തെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. "ഭൂതകാലം ഒരു വസ്ത്രംപോലെ നമ്മെ പൊതിഞ്ഞിരിക്കുകയാണ്. ജനി ക്കുമ്പോൾ തന്നെ നാം ഭൂതകാലത്തിന്റെ വസ്ത്രത്തോടുകൂടിയാണ് ജനിക്കു ന്നത്. പാരമ്പര്യമാണ് ആ വസ്ത്രം. നമ്മുടെ സ്വന്തം ഇഷ്ടപ്രകാരമാണ് നാം പ്രവർത്തിക്കുന്നത് എന്നു തോന്നിയേക്കാമെങ്കിലും വാസ്തവം അതല്ല. നമ്മുടെ സദാചാരവും മാനസികശീലങ്ങളും ആചാരങ്ങളും സാഹിത്യവും നാം അധിവസിക്കുന്ന വീടുകളുമൊക്കെ നമുക്ക് പൂർവ്വികരിൽ നിന്നാണു കിട്ടിയിരിക്കുന്നത്. അതെല്ലാം ഭൂതകാലത്തിന്റെ അവശിഷ്ടമാണ്. മനു ഷ്യരാശിക്കു മുഴുവൻ പൊതുവായിട്ടുള്ളതാണ്." [1] ഇംഗ്ലീഷ് കാല്പനികത

1 'In the language wich id more than one half of our thoughts, in the moral and mental habits, the customs, the literature, the very houses, wich we did not make for ourselves, in the vesture of a past wich is (So science would-assure us) not ours, but of race, the species' (Walter Pater, *Plato and Platonism* P. 72)

രണ്ടാം ഘട്ടം എന്ന ഗ്രന്ഥത്തിൽ എം. ദക്ഷിണാമൂർത്തി (2007:161) പെയ്റ്ററുടെ വാദത്തെകുറിച്ച് പറയുന്നത് ഇങ്ങനെയാണ്. "നമ്മുടെ ഉള്ളിൽ ചൈതന്യവത്തായി നിലനിൽക്കുന്ന ആ ഭൂതകാല സംസ്കാരത്തിന് പെയ്റ്റർ സുന്ദരഭവനം എന്ന് പേര് കൊടുത്തിരിക്കുന്നു. ഇതുവരെ ഉണ്ടായിട്ടുള്ള എല്ലാ കലാകാരന്മാരും കൂടിച്ചേർന്ന് നിർമ്മിച്ചിട്ടുള്ളതാണ് സുന്ദരഭവനം".

ആധുനികതാവാദഘട്ടത്തിൽ പാരമ്പര്യത്തെക്കുറിച്ച് എൻ.എൻ. കക്കാട് (2009: 53) അദ്ദേഹത്തിന്റെ കവിതയും പാരമ്പര്യവും എന്ന പഠനഗ്രന്ഥത്തിൽ പാരമ്പര്യത്തെ കാല്പനികമായി പറയുന്നുണ്ട്. "പാരമ്പര്യം ഒരു ചാലകശക്തിയാകുന്നു. അത് വ്യഷ്ടി സമഷ്ടികളിൽ അന്തര്യാമിയായി വർത്തിച്ച് കർമ്മഭാവങ്ങളെ പ്രചോദിപ്പിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കുന്നു... ഇടയ്ക്കിടെ തടസ്സപ്പെട്ടും പിന്നെ തടസ്സം ഭേദിച്ചും മുന്നോട്ടു നീങ്ങിയും ഉയർന്നുതാണുപോകുന്ന സമൂഹചൈതന്യമായും പാരമ്പര്യ"ത്തെ കക്കാട് നിരീക്ഷിക്കുന്നത് കാണാം. ആധുനികതയിലെ അതികാല്പനികതയായി ഇതിനെ മനസ്സിലാക്കാം.

വ്യത്യസ്തകാലങ്ങളിൽ വ്യത്യസ്ത നിർവ്വചനങ്ങൾ പാരമ്പര്യത്തിന് ഉണ്ടായിട്ടുണ്ട്. ചില പണ്ഡിതർ പാരമ്പര്യത്തെകുറിച്ച് നൽകിയിട്ടുള്ള നിർവ്വചനങ്ങളിൽ ചിലത്.

1. "ഒരു സംസ്കാരത്തിനോ നാഗരികതയ്ക്കോ ജനസമൂഹത്തിനോ നിശ്ചിതമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തിക്കൊണ്ട് അതിന്റെ നൈരന്തര്യത്തെ സംഭാവന ചെയ്യുന്ന വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും പ്രവർത്തനങ്ങളുടെയും ആകത്തുകയാണ് പാരമ്പര്യം" (William Benton, Encyclopedia Britanica Vol. 10, 1973: 84)

2. “ഒരു വ്യക്തിയുടെ പാരമ്പര്യം അയാളുടെ ജന്മാവകാശമല്ല, അത് നേടിയെടുക്കുകയോ പുനഃസമ്പാദിക്കുകയോ വേണം” (എലിയറ്റ്, 1951: 14).[2]

3. “ജനിതകനിഷ്ഠമായ ഗുണങ്ങളുടെ ജനയിതാക്കളിൽനിന്നും സന്താനങ്ങളിലേയ്ക്കുള്ള സംക്രമണമാണ് പാരമ്പര്യം.” (എൻ.വി. കൃഷ്ണവാരിയർ, 1989: 62)

4. “പാരമ്പര്യം ജനനത്തിലൂടെ സ്വാഭാവികമായിരിക്കുന്ന ജൈവ സവിശേഷതകളുടെ സമാഹാരമെന്നതിനെക്കാൾ ബോധപൂർവ്വമായ തിരഞ്ഞെടുപ്പുകളിലൂടെ നാം ഉണ്ടാക്കിയെടുക്കുന്ന ഒരു ധൈഷണിക നിർമ്മിതിയാണ്.” (സച്ചിദാനന്ദൻ, 2000:7).

5. “പാരമ്പര്യമെന്നു പറയുന്നത് പഴയ ഭാരതീയവിജ്ഞാനത്തിന്റെ ഉള്ളടക്കമല്ല, മറിച്ച് അതിന്റെ രൂപമാണ്. അതായത് ആശയങ്ങൾ തമ്മിൽ ചേരുകയും പിരിയുകയും നിഗമനങ്ങളിലേക്ക് നീങ്ങുകയും ചെയ്യുന്ന ചിന്താരീതിയാണ് നമ്മുടെ പാരമ്പര്യം” (ശ്രീജൻ, 1993:52)

6. “പഴയത് എന്ന തോന്നലുണ്ടാക്കുന്നതോ അവകാശപ്പെടുന്നതോ ആയ ‘പാരമ്പര്യങ്ങൾ’ പലപ്പോഴും അടുത്തിടെ ഉത്ഭവിച്ചതും ചിലപ്പോൾ പുതുതായി കണ്ടുപിടിച്ചതുമാണ്” (Hobsbwam, 1983:1).

ആദ്യത്തെ മൂന്നെണ്ണം ആധുനിക ചിന്തയുടെ ഭാഗമായി നിൽക്കുന്നവയാണെങ്കിൽ മറ്റുള്ളവ ആധുനികാനന്തര ജ്ഞാനബോധം മുന്നോട്ടു വെക്കുന്നവയാണ്. എറിക് ഹോബ്സ്ബോം പാരമ്പര്യത്തെ നിർമ്മിത

2 ‘Tradition is a matter of much wider significance it cannot be inherited and if you want it you must obtain it by grat labour’ (T.S. Eliot, Tradition an Individual Talent, Selected Essays, Faber and Faber, 1951, P 14)

പാരമ്പര്യം എന്ന് തിരിച്ചറിയുന്നു. ഇവയിൽ നിന്ന് പ്രധാനമായി മൂന്നു ഘടകങ്ങളെ പൊതുവായി കണ്ടെത്താം.

1. കാലാവബോധം
2. ചരിത്രാവബോധം
3. കൈമാറ്റപ്രക്രിയ

ഇവയെ വിശദീകരിക്കുന്നത് പാരമ്പര്യഘടകങ്ങളെ വിശകലനം ചെയ്യുന്നതിന് സഹായകമായേക്കാം.

**കാലാവബോധം**

'പാരമ്പര്യ' പഠനത്തിൽ കാലത്തിനു വലിയ പ്രാധാന്യമുണ്ട്. കാരണം, വർത്തമാനകാലത്തെ ജീവിതത്തിന്റെ വെല്ലുവിളികൾ നേരിടുന്നതിന് മനുഷ്യനെ പ്രാപ്തനാക്കുന്നത് പഴമയെ അല്ലെങ്കിൽ ഭൂതകാലത്തെ കുറിച്ചുള്ള അവബോധമാണ്. പൂർവ്വികരുടെ ജീവിതാനുഭവങ്ങളിലൂടെയാണ് പഴയാകാലത്തെകുറിച്ചുള്ള അറിവുകൾ പുതുസമൂഹത്തിൽ എത്തിച്ചേരുന്നത്. ഭൂതകാലസംസ്കാരത്തോടും പാരമ്പര്യത്തോടും ആഭിമുഖ്യം പുലർത്തുന്നവർക്ക് ഈ അറിവ് ലഭ്യമാകുന്നു. പഴമയെ കുറിച്ചുള്ള അവബോധമാണ് സാംസ്കാരികമായ സർഗാത്മക പ്രവർത്തികളുടെയെല്ലാം അടിത്തറയായി വർത്തിക്കുന്നത്.

ഭൂതം-ഭാവി-വർത്തമാനം ഇവ മൂന്നും പരസ്പരാശ്രിതവും ബന്ധം പുലർത്തുന്നവയുമാണ്. കാലം എന്ന സംജ്ഞക്ക് ഒറ്റയ്ക്ക് നിൽക്കാൻ അസാധ്യമാണ്. ഭൂതകാലത്തിൽനിന്ന് വർത്തമാനകാലത്തേക്കും അവിടെ നിന്നു ഭാവിയിലേക്കുമുള്ള ഒരു യാത്രയാണ് മനുഷ്യരാശി നടത്തുന്നത്

എന്നാണ് സാമാന്യമായി പറയപ്പെടാറ്. പ്രശ്നസങ്കീർണ്ണമായ വർത്ത മാനാവസ്ഥകളെ തരണം ചെയ്യുവാൻ മാനവരാശിയെ പ്രാപ്തമാക്കുന്നത് ഭൂതകാലബന്ധമാണ്. ഭൂതകാലത്തെ പുനർനിർണ്ണയം ചെയ്യാൻ നാം സമയം കണ്ടെത്തിയില്ലെങ്കിൽ, വർത്തമാനകാലത്തെ മനസ്സിലാക്കാൻ വേണ്ട ഉൾക്കാഴ്ചയോ ഭാവിയെ രൂപപ്പെടുത്തുവാനുള്ള കഴിവോ നമുക്കു ണ്ടാവില്ല. "ഒരു പുതിയ കൃതി ഒരർത്ഥത്തിൽ പുതിയ കൃതിയല്ല. അങ്ങനെ സംഭവിച്ചാൽ അതൊരു കലാസൃഷ്ടിയായിരിക്കുകയില്ല. പാരമ്പര്യത്തിൽ സ്ഥാനം നേടുന്ന കൃതിയെ മാത്രമേ എലിയറ്റ് അംഗീകരിക്കുന്നുള്ളൂ. ഭൂത കാലത്തിന്റെ വർത്തമാനനിമിഷത്തിൽ ജീവിക്കാതിരുന്നാൽ എന്താണ് ചെയ്യേണ്ടതെന്ന് മനസ്സിലാക്കാൻ പോകുന്നില്ല." (മുരളീധരൻ, 2011:233-4). മാനവരാശിക്ക് ഭൂതകാലത്തോടുള്ള അഭിനിവേശം ശക്തമാണ്. പി തൃപാരമ്പര്യചിന്ത, കർമ്മം, ജീവിത ചുറ്റുപാട് തുടങ്ങിയവയെക്കുറിച്ചുള്ള അവബോധത്തിൽ വർത്തമാനകാല സമൂഹം അഭിമാനിക്കുകയും പ്രാ ഗ്ജനതയിൽനിന്ന് സംസ്കാരത്തിന്റെ അംശങ്ങൾ സ്വീകരിക്കുകയും ചെ യ്യുന്നുണ്ട്. "ഒരു ജനത തുടർച്ചയായി കൈമാറ്റം ചെയ്തുപോരുന്ന ഭൂതകാല ത്തിന്റെ ആധികാരികമായ വർത്തമാനകാല സാന്നിധ്യമായി പാരമ്പര്യം മാറുന്നു" (Martin Cregere, 1992:6)

ഭൂതകാലത്ത് നിലനിന്നിരുന്ന ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സ്ഥാപന ങ്ങൾ, പെരുമാറ്റരീതികൾ തുടങ്ങിയവ വർത്തമാനകാലത്തും, തുടർച്ചയായി സംഭവിക്കുമ്പോൾ സ്വാഭാവികമായും അതിന് പാരമ്പര്യസ്വഭാവം കൈവ രുമല്ലോ. അതായത് കാലത്തെ അതിജീവിക്കുമ്പോഴാണ് പാരമ്പര്യത്തിന് വർത്തമാനകാലത്ത് തുടർച്ച സംഭവിക്കുന്നത് എന്ന് മനസ്സിലാക്കാം.

"വർത്തമാനം ഭൂതകാലത്തിന്റെ തുടർച്ചയാണ്. അതിനാൽ വർത്തമാനത്തെ മനസ്സിലാക്കാൻ ഭൂതകാലാവബോധം അനുപേക്ഷണീയമാണ്. എന്നാൽ വർത്തമാനത്തിൽ നിന്നുകൊണ്ടാണ് നാം ഭൂതകാലത്തെ അറിയുന്നതെന്നതും ശ്രദ്ധേയമാണ്" (രാജേന്ദ്രൻ, 2006:77). ഒരു സമൂഹത്തിന്റെ പൊതുസ്വഭാവത്തിന്റെയും അവർ തലമുറകളായി കൈമാറി വന്ന ആചാരാനുഷ്ഠാനങ്ങളുടെയും ആകെത്തുകയായി പാരമ്പര്യത്തെ കണക്കാക്കാം. ഓരോ സമൂഹവും വ്യത്യസ്തമായ സംസ്കാരങ്ങളാണ് സംഭാവന ചെയ്യുന്നത്. അതുകൊണ്ടുതന്നെ മാറ്റത്തിന് വിധേയമാകുന്നവയാണ് പാരമ്പര്യഘടകങ്ങൾ. എന്നാൽ ഈ മാറ്റം സംഭവിക്കുമ്പോഴും ചില പാരമ്പര്യഘടകങ്ങൾ സമൂഹത്തിൽ എന്നും നിലനിന്നുപോരുന്നത് കാണാം. 'കുടുംബം' എന്ന സങ്കല്പം ഇത്തരത്തിലുള്ള പാരമ്പര്യത്തിൽപെടുത്താം. കുടുംബം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒന്നാണ്. എന്നാൽ അത് പരമ്പരയായി നിലനിർത്തിപ്പോരുന്നു. പാരമ്പര്യം ഭൂതകാലത്തെയും വർത്തമാനകാലത്തെയും നിരന്തരം ബന്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. കാരണം "ഭൂതകാലത്തിന്റെ ഭൂതകാലത്വം മാത്രമല്ല വർത്തമാനകാലത്വം കൂടി സ്വീകരിക്കുമ്പോഴാണ് പാരമ്പര്യം അർത്ഥവത്തായ രീതിയിൽ സ്വാംശീകൃതമാവുക" എന്ന് നെല്ലിക്കൽ മുരളീധരൻ (2011: 233) പറയുന്നത് ശ്രദ്ധേയമാണ്.

**ചരിത്രാവബോധം**

ചരിത്രാവബോധമാണ് ഒരു വ്യക്തിയെ അല്ലെങ്കിൽ സമൂഹത്തെ പാരമ്പര്യത്തിന്റെ കണ്ണിയാക്കുന്നത്. "പാരമ്പര്യം ചരിത്രപരമായ കാഴ്ചപ്പാ

ടാണ്. കഴിഞ്ഞ കാലത്തിന്റെ സത്തയെയും അതിന്റെ വർത്തമാനകാലത്തുള്ള സാന്നിധ്യത്തെയും കുറിച്ചുള്ളതാണിത്." (ദേവസ്യ, 1981: 102). ചരിത്രത്തെക്കുറിച്ച് കൂടുതൽ അറിയാൻ ശ്രമിക്കുന്നവർക്ക് മാത്രമേ പാരമ്പര്യത്തിന്റെ ശരിയായ അംശങ്ങൾ സ്വീകരിക്കാൻ കഴിയൂ. അതുകൊണ്ട് തന്നെ സുതാര്യവും ശക്തവുമായ ചരിത്രബോധമുള്ളവർക്ക് പാരമ്പര്യത്തിന്റെ വക്താക്കളാവാൻ കഴിയുന്നു. എലിയറ്റിന്റെ അഭിപ്രായത്തിൽ പാരമ്പര്യമെന്നത് പിന്തുടർച്ചയായി കൊടുക്കാൻ കഴിയുന്ന ഒന്നല്ല, മറിച്ച് പ്രയത്നത്തിലൂടെ നേടിയെടുക്കേണ്ടതാണ്. അത് ചരിത്രപരമായ അറിവിനെക്കൂടി ഉൾക്കൊള്ളുന്നത് ദർശിക്കാം. "പാരമ്പര്യബോധം എഴുത്തുകാരന്റെ ചരിത്രബോധമാണ്. ചരിത്രബോധം കവിക്ക് അനുപേക്ഷണീയമാണെന്നും എലിയറ്റ് കരുതുന്നു. സമകാലീനസംസ്കാരം മാത്രമല്ല, തന്റെ സിരകളിൽ ത്രസിക്കുന്നതെന്നും ചരിത്രത്തിന്റെ അലയൊലികൾകൂടി അവിടെയുണ്ടെന്നുമാണ് എലിയറ്റിന്റെ സിദ്ധാന്തം. ഭൂതകാലം വർത്തമാനകാലം കൂടിയാക്കുകയാണ് ഇതിന്റെ രഹസ്യം" (രാഘവൻ പിള്ള, 1986:8). അതായത് ഭൂതകാലത്വവും വർത്തമാനകാലത്വവും അന്വർത്ഥമാകത്തക്കവിധത്തിൽ അവയെ പുനഃസംഘടിപ്പിക്കുകയും പുനഃശാക്തീകരിക്കുകയുമാണ് പാരമ്പര്യാംശങ്ങളുടെ വിനിമയത്തിൽ സംഭവിക്കുന്നത്.

കൈമാറ്റപ്രക്രിയ

"ഒരു തലമുറയിൽനിന്നു മറ്റൊരു തലമുറയിലേക്ക് വാമൊഴിയായി കൈമാറ്റം ചെയ്യപ്പെടുന്ന മിത്തുകൾ, നാടോടിക്കഥകൾ, ആചാരമര്യാദകൾ, ശീലങ്ങൾ, നിയമങ്ങൾ തുടങ്ങിയവ പാരമ്പര്യത്തെ നിർവ്വചിക്കു

ന്ന ഘടകങ്ങളാണ്." (Draver, 1967). അതായത് അനുഭവത്തിൽനിന്നും ഏറെക്കുറെ അഭിലഷണീയമെന്നുതോന്നുന്ന കാര്യങ്ങൾ ഒരു തലമുറ നിലനിർത്തുകയും അടുത്ത തലമുറക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. വാഗ്രൂപത്തിലോ ലിഖിതരൂപത്തിലോ ഈ കൈമാറ്റം നടക്കാം. ബാഹ്യമായ ആചാരങ്ങളോടും സമ്പ്രദായങ്ങളോടും ഒപ്പം അവക്കുപിറകിലെ ആശയങ്ങളും മുൻതലമുറ പിൻതലമുറയ്ക്കു കൈമാറുന്നത് കാണാം. ഇങ്ങനെ തലമുറകളിലൂടെയുള്ള കൈമാറ്റമാണ് പാരമ്പര്യത്തിൽ സംഭവിക്കുന്നത്. "തന്റെ കർമ്മങ്ങളിലൂടെ, സൃഷ്ടികളിലൂടെ തന്റെ കാലത്തേയ്ക്കും തന്നിലേക്കും വലിച്ചടുപ്പിക്കേണ്ട തനിക്കു മുമ്പുവരെ എത്തി നിൽക്കുന്ന പ്രവാഹമാണ് പാരമ്പര്യം." (കക്കാട്, 2009:123) ഈ പ്രവാഹത്തെ അടുത്ത തലമുറയിലേക്ക് പകരുമ്പോൾ വ്യക്തി പാരമ്പര്യത്തിനു വിധേയനാകുന്നു. പൊതുസമൂഹത്തിൽ പ്രത്യക്ഷപ്പെടുന്ന ആശയത്തിന് തലമുറകളുടെ അംഗീകാരം പ്രാപ്തമായാൽ അത് പാരമ്പര്യമായി പരിണമിക്കുന്നത് കാണാം. ഒരു പ്രാദേശികസമൂഹം തങ്ങളുടെ അനുഭവത്തിൽനിന്ന് ബോധ്യമായ ചിന്തകൾ, ആശയങ്ങൾ, അടുത്ത തലമുറകൾക്കുവേണ്ടി സംരക്ഷിച്ചു കൈമാറുന്നു. അങ്ങനെ തലമുറകളിൽ നിന്നും തലമുറകളിലേക്കു നടക്കുന്ന വിനിമയ പ്രക്രിയയായി പാരമ്പര്യം മാറുന്നു. "കാലത്തിന്റെ ഗതിവിഗതികളിലൂടെ സ്വന്തം അസ്തിത്വം നിലനിർത്തിപ്പോരുന്ന ഒരു ജനത അതിന്റെ സങ്കീർണ്ണമായ അനുഭവസഹസ്രങ്ങളിൽനിന്ന് ചികഞ്ഞെടുത്ത് സംഭരിച്ചും സംരക്ഷിച്ചും പോരുന്ന നേട്ടങ്ങളുടെയും കോട്ടങ്ങളുടെയും ആകെത്തുകയായി പാരമ്പര്യത്തെ കണക്കാക്കാം." (രാമചന്ദ്രൻനായർ, 1978: 103). സംഭരിക്കുകയും സംരക്ഷിക്കുകയും ചെയ്യുമ്പോൾ പാരമ്പര്യകൈമാറ്റം സമൂഹ

ത്തിന്റെ സുസ്ഥിതിക്കും കെട്ടുറപ്പിനും കാരണമാകുന്നു. അതിനാൽതന്നെ സമൂഹത്തിന്റെ അടിത്തറയെ ബലിഷ്ഠമാക്കുന്നതും ഈ പാരമ്പര്യബോധമാണെന്ന് പൊതുവെ പറയാം. ചുരുക്കത്തിൽ പാരമ്പര്യവും അതിന്റെ കൈമാറ്റവും സോദ്ദേശ്യപരമായ ഒരു പ്രവൃത്തിയാണെന്നു കാണാം.

**പാരമ്പര്യത്തിന്റെ പ്രയോജനം**

ലോകരാജ്യങ്ങളെ ഒരു കുടക്കീഴിൽ എത്തിക്കുന്ന ആഗോളവത്കരണം ഇന്ത്യയിലേക്ക് കടന്നുവന്നതോടെ അത് നമ്മുടെ സ്വത്വങ്ങളെ പുനർനിർണ്ണയിച്ചുകൊണ്ടിരിക്കുകയാണല്ലോ. സാമ്പത്തിക, സാമൂഹിക, സാങ്കേതിക, സാംസ്കാരികമണ്ഡലങ്ങളിൽ ലോകജനതകൾ തമ്മിലുള്ള പരസ്പരബന്ധമാണ് ആഗോളവത്കരണം വിനിമയം ചെയ്യുന്നത്. ആഗോളവത്കരണത്തിന്റെ ഫലമായി രാജ്യത്തിന് സാമ്പത്തികമായ ഉന്നതിയുണ്ടാക്കുമെങ്കിലും സാമൂഹികവും, സാംസ്കാരികവുമായ അസന്തുലിതാവസ്ഥസ്ഥയും അത് സൃഷ്ടിക്കുന്നത് കാണാം.

ആഗോളവത്കരണം പ്രാദേശികജനതയുടെ ഭാഷ, സാഹിത്യം, സംഗീതം, വസ്ത്രധാരണം, ഭക്ഷണരീതി, വിദ്യാഭ്യാസസമ്പ്രദായം തുടങ്ങി സംസ്കാരവുമായി ബന്ധപ്പെട്ടതിലെല്ലാം ഇടപെടുകയും മാറ്റം വരുത്തുകയും ചെയ്യുന്നുണ്ട്. സമ്പന്നരാജ്യങ്ങളുടെ സംസ്കാരത്തെ അനുകരിക്കുന്ന ഒരു സമൂഹത്തെ കൃത്യമായി വളർത്തിയെടുക്കുന്നു. അതിനാൽതന്നെ തദ്ദേശസംസ്കാരത്തെയും പൈതൃകത്തെയും അവഗണിക്കുന്നതോടൊപ്പം വിദേശ സംസ്കാരത്തെ സ്വീകരിക്കുന്ന ഒരു ജനത രൂപപ്പെടുന്നു.

ആഗോളവത്കരണത്തെ സിവിൽസമൂഹ സംഘടനകളുടെ കൂട്ടായ്മ

യായി മാറ്റിയെടുക്കുമ്പോൾ ഭാഷയും, സംസ്കാരവും നഷ്ടപ്പെടുന്നു എന്നത് പ്രാദേശികസമൂഹം നേരിടുന്ന വെല്ലുവിളിയാണ്. അത് സമൂഹത്തിന്റെ ലക്ഷ്യങ്ങളും മൂല്യങ്ങളും കൈവിട്ടുപോകുന്നതിന് വിഷയമാകുന്നു. മനുഷ്യനു ജീവിക്കാൻ ഭാഷ അത്യന്താപേക്ഷിതമാണ്. ഏതു ഭാഷയായാലും അതിന്റെ അന്ത്യമോദ്ദേശ്യം സംസാരിക്കുക എന്നതാണ്. എന്നാൽ ഒരു പ്രാദേശിക സമൂഹത്തിലെ ഭാഷയ്ക്ക് ഒട്ടേറെ സവിശേഷതകളുണ്ട്. ഒരു പ്രദേശത്തെ സാമൂഹികവും, സാംസ്കാരികവും പൈതൃകപരവുമായ എല്ലാകാര്യങ്ങളും ആ പ്രദേശികഭാഷയിലൂടെ സുഗമമായി കൈമാറാൻ കഴിയും. കാരണം പ്രാദേശികഭാഷ രൂപപ്പെട്ടുപോന്നത് ആ പ്രദേശത്താണ്. അങ്ങനെയുള്ള സ്ഥലത്ത് പ്രാദേശികഭാഷയെ പിൻതള്ളിക്കൊണ്ട് ഒരു വിദേശഭാഷ സ്ഥാനമുറപ്പിക്കുമ്പോൾ ഈ പ്രദേശത്തിന്റെ സംസ്കാരത്തിനാണ് കോട്ടം സംഭവിക്കുന്നത്. അത്തരത്തിൽ സംഭവിച്ച ഒരു സമൂഹത്തിന് ഉദാഹരണമാണ് കേരളസമൂഹം. സ്വന്തം ഭാഷയ്ക്കുവേണ്ടി പൊരുതുന്ന ഒരു കൂട്ടം ഭാഷാസ്നേഹികളെ കാണാം. മലയാളഭാഷയെ സംരക്ഷിക്കുന്നതിനുവേണ്ടി രൂപപ്പെടുത്തിയ 'മലയാള ഐക്യവേദി' പോലുള്ള സംഘടനകൾ കാണാം. സ്വന്തം ഭാഷ പഠിക്കുന്നത് മോശമാണ് എന്ന് കരുതുന്ന ഒരു സമൂഹത്തിലാണ് നാം ജീവിച്ചുപോരുന്നത്. അതുകൊണ്ടുതന്നെ നഷ്ടപ്പെടുന്ന ഭാഷയെക്കുറിച്ചുള്ള വേവലാതിയും ആഗോളവത്കരണത്തിന്റെ ഫലമായി സംഭവിക്കാവുന്നതാണ് പ്രാദേശിക സ്വത്വത്തിന്റെ നഷ്ടപ്പെടലാണിതുവഴി സംഭവിക്കുക.

ഇന്ന് ആഗോളവത്കരണത്തിന്റെ ശക്തമായ സ്വാധീനകേന്ദ്രങ്ങളായി ഗ്രാമങ്ങൾ മാറിയിട്ടുണ്ട്. ഇത് നമ്മുടെ സംസ്കാരത്തെയും ഏറെ

സ്വാധീനിച്ചു. ഗ്രാമനഗര സങ്കല്പം തന്നെ അപ്രത്യക്ഷമായി. ആഗോളവത്കരണത്തിന്റെ നിരവധി സാംസ്കാരിക പ്രത്യാഘാതങ്ങളാണ് പ്രാദേശികസമൂഹത്തിന് ഏറ്റുവാങ്ങേണ്ടിവന്നത്. ഇത്തരം സന്ദർഭങ്ങളിലാണ് പാരമ്പര്യത്തിനും സംസ്കാരത്തിനുമെല്ലാം പ്രസക്തിയേറുന്നത്. സാംസ്കാരിക ഘടകങ്ങളെ തിരിച്ചുപിടിക്കുന്നതിന് പാരമ്പര്യത്തിന്റെ പുനഃപരിശോധനയിലൂടെ സാധിക്കുന്നു. ആഗോളവത്കരണത്തിന്റെ പ്രശ്നങ്ങളെകുറിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുന്ന സമകാലികസമൂഹത്തിൽ പ്രാദേശിക സംസ്കൃതിയെയും ഗ്രാമങ്ങളെയും കുറിച്ചുള്ള അവബോധം ശക്തമാണ്.

ഒരു സമൂഹത്തിന്റെ സംസ്കാരത്തിനോടൊപ്പം തന്നെ പ്രാധാന്യമുള്ള ഒന്നാണ് പാരമ്പര്യം. അത് സമൂഹത്തിന്റെ നാനാതുറകളുമായും ബന്ധം പുലർത്തുന്നത് കാണാം. കുടുംബം, വിദ്യാഭ്യാസം, ചരിത്രം എന്നുവേണ്ട എല്ലാമേഖലകളിലും പാരമ്പര്യത്തിന് സ്വാധീനമുണ്ട്. പാരമ്പര്യത്തെ അവഗണിക്കുക എന്നാൽ സ്വയം ഇല്ലാതാവുക എന്നർത്ഥം കൽപിക്കാം. ആഗോളവത്കരണത്തിന്റെ പ്രതിഫലനം മറ്റെല്ലാമേഖലകളിലെന്നപോലെ സാഹിത്യത്തിലും കാണാം. ഉപഭോഗസംസ്കാരത്തിന്റെ വെല്ലുവിളികൾ അനുഭവിക്കുന്ന സമൂഹത്തെ സാഹിത്യത്തിന് വിഷയമാക്കാവുന്ന വിധത്തിലുള്ളവയാണ്. സമൂഹവുമായി ഇത്ര ബന്ധപ്പെട്ടുനിൽക്കുന്നത് കൊണ്ടുതന്നെ പാരമ്പര്യത്തിനു ചില വിഭജനങ്ങളും കാണാറുണ്ട്. അതിനെ വിശദമായി പരിശോധിക്കാം.

സമൂഹവുമായി ഏറെ ബന്ധം പുലർത്തുന്നതുകൊണ്ടുതന്നെ പാരമ്പര്യത്തെ സമൂഹത്തിന്റെ ഭാഗമായാണ് സാമൂഹികശാസ്ത്രലോകം പരിഗണിക്കുന്നത്. ഒരു പ്രത്യേക പാരമ്പര്യസത്ത പ്രസക്തമാക്കുന്നത് നിർദ്ദിഷ്ട

സമൂഹത്തിൽ മാത്രമാകും. കൂടാതെ ആ പാരമ്പര്യസത്തയെ നവീകരിക്കു ന്നതിന് സമൂഹത്തിന്റെ സ്വാധീനവും ഉണ്ടാകും. ഇങ്ങനെ പാരമ്പര്യത്തെ ഏറെ സ്വാധീനിക്കുന്ന സമൂഹത്തെ അടിസ്ഥാനമാക്കി റോബർട്ട് റെഡ് ഫീൽഡ് (Red Field, 1987: 2) പാരമ്പര്യത്തെ രണ്ടായി തരംതിരിക്കുന്നു, ഉന്നത പാരമ്പര്യം, നിമ്ന പാരമ്പര്യം.

**ഉന്നത പാരമ്പര്യം (Grand Tradition) നിമ്ന പാരമ്പര്യം (Little Tradition)**

ഉന്നതരും, സാധാരണക്കാരും എന്നപോലുള്ള വ്യത്യാസം ഈ പാരമ്പ ര്യവിഭജനത്തിലും കാണാം. ഏതൊരു സമൂഹത്തിലും, പ്രവർത്തനങ്ങളി ലും, ആചാരങ്ങളിലുമെല്ലാം ഇത്തരം വേർതിരിവ് കാണാവുന്നതാണല്ലോ. സാഹിത്യത്തിലും, സംസ്കാരത്തിലും, ഭാഷയിലും, വസ്ത്രധാരണരീതിയി ലുമെല്ലാം ഈ വിവേചനം സൂക്ഷ്മമായി ദർശിക്കാവുന്നതാണ്. നവമാ ധ്യമങ്ങളുടെ കടന്നുവരവോടെ ഈ അന്തരം ഒരു പരിധിവരെ കുറയ്ക്കാ നായെങ്കിലും മുൻകാലങ്ങളിൽ ഇത് ശക്തമായി നിലനിന്നിരുന്നതിന്റെ അടയാളങ്ങൾ പാരമ്പര്യരംഗത്തും ദർശിക്കാവുന്നതാണ്. പണ്ഡിതഭാഷ/ പാമരഭാഷ, സമ്പന്നൻ/ ദരിദ്രൻ, കറുത്തവൻ/ വെളുത്തവൻ, തുടങ്ങിയ വേർതിരിവുകൾ കേരളത്തിന് അന്യമല്ലല്ലോ. ഇതുപോലെ സമൂഹത്തി ലെ ഉന്നതർ അംഗീകരിച്ചുപോന്നതും അതിനാൽ കൂടുതൽ പ്രാധാന്യം ലഭിച്ചതുമായ പാരമ്പര്യത്തെ 'ഉന്നത പാരമ്പര്യം' എന്നും അധഃസ്ഥിതരു ടെ സംസ്കാരവുമായി ചേർന്നുനിൽക്കുന്ന പാരമ്പര്യത്തെ 'നിമ്ന പാരമ്പര്യം' എന്നും വിവക്ഷിക്കുന്നു.

ഒരു സമൂഹത്തെ എടുത്തുനോക്കുകയാണെങ്കിൽ അതിൽ ഒരു വിഭാഗം

ആളുകൾ കൂടുതൽ ചിന്തിക്കുന്നവരും, മേധാശക്തിയിൽ ഉയർന്നവരും ആണെന്ന് കരുതുന്ന ന്യൂനപക്ഷമായിരിക്കും ഉന്നത പാരമ്പര്യത്തിൽ ഉൾപ്പെടുന്നത്. അതുകൊണ്ട് തന്നെ ആർ.വി. സാംപ്സൺ (Sampson, 1964: 75) 'ചിന്തിക്കുന്നവരുടെ പാരമ്പര്യം' എന്ന് ഉന്നത പാരമ്പര്യത്തെ കുറിച്ച് അഭിപ്രായപ്പെടുന്നുണ്ട്. ബാഹ്യമായി ഒരു സമൂഹത്തിന്റെ അംഗീകാരം നേടുന്നത് ഈ പാരമ്പര്യം ആയിരിക്കും. എന്നാൽ ഈ സമൂഹത്തിൽ തന്നെ അറിവ് പകർന്നുതരുന്ന, വിനോദോപാധികളോടുകൂടിയ, സാമൂഹിക നിയന്ത്രണമൊക്കെയുള്ള വാമൊഴിയായോ, ആചാരാനുഷ്ഠാനങ്ങളായോ ഒക്കെ നിലകൊള്ളുന്ന മറ്റൊരു പാരമ്പര്യമുണ്ട്. അതാണ് നിമ്ന പാരമ്പര്യം. സാധാരണക്കാരന്റെ പാരമ്പര്യമെന്ന് അതിനെ വിളിക്കാം. ലളിതപാരമ്പര്യമെന്നും ഇതിന് പേരുണ്ട്. സത്തയിലും സ്വഭാവത്തിലും ഇത് ഉന്നത പാരമ്പര്യത്തിൽനിന്ന് വ്യത്യാസം പുലർത്തുന്നു. ബാഹ്യമായി ഉന്നതപാരമ്പര്യത്തിനാണ് പ്രാധാന്യം ലഭിക്കുന്നതെങ്കിലും അതാണ് ശ്രേഷ്ഠമായത് എന്നുപറയാൻ സാധിക്കുകയില്ല. കാരണം ഓരോ സമൂഹത്തിലും ഈ രണ്ടു പാരമ്പര്യങ്ങളുടെയും സവിശേഷതകൾ തലമുറകളോളം കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. കാലത്തിനനുസരിച്ച് ഇവയ്ക്കും രൂപാന്തരം സംഭവിക്കുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ഈ രണ്ടു പാരമ്പര്യങ്ങളും പരസ്പരം ചേർന്ന് ഒരു പുതിയ പാരമ്പര്യം രൂപാന്തരപ്പെടുന്നതും കാണാറുണ്ട്. (Red Field, 1987: 2).

ഇന്ത്യൻ പാരമ്പര്യപഠനങ്ങളെ പരിശോധിക്കുമ്പോഴും ഇത്തരം സങ്കല്പനങ്ങൾ കാണാം. 'ദേശീപരമ്പര', 'മാർഗ്ഗ പരമ്പര' എന്നിങ്ങനെയാണ് നിമ്ന പാരമ്പര്യത്തെയും ഉന്നത പാരമ്പര്യത്തെയും ഭാരതീയ പാരമ്പര്യം

പേരിട്ടിരിക്കുന്നത്. മാർഗ്ഗപരമ്പര മുഖ്യധാരാപാരമ്പര്യത്തെയും, ദേശീപ രമ്പര പ്രാദേശിക പാരമ്പര്യങ്ങളെയും ഉൾക്കൊള്ളുന്നു. (Devi, 1995: 18) ഇന്ന് ഭാരതീയ പാരമ്പര്യം പരിഗണിക്കപ്പെടുന്നത് ഈ രണ്ടു പാരമ്പര്യ ങ്ങളുടെയും സത്തയോട് പാശ്ചാത്യപാരമ്പര്യം കൂടി കലർന്നുണ്ടായ ഒരു ത്രിധാരാപാരമ്പര്യമായിട്ടാണെന്ന് ജി. എൻ. ഡെവി അഭിപ്രായപ്പെടുന്നു. ഇതിൽനിന്നും ഉന്നത-നിമ്ന പാരമ്പര്യങ്ങൾക്ക് തുല്യപ്രാധാന്യം ലഭിച്ചി രുന്നുവെന്നത് വ്യക്തമാണ്. അതുപോലെതന്നെ ഇവ കൂടിച്ചേർന്ന രൂപ ത്തെക്കുറിച്ചും സൂചിപ്പിക്കുന്നത് കാണാം. ഇവ ഒന്നിച്ചും ഭിന്നിച്ചും നമ്മുടെ പാരമ്പര്യധാരയിൽ കാലങ്ങളായി നിലകൊള്ളുന്നു.

സാഹിത്യത്തിലും ഇത്തരം പാരമ്പര്യങ്ങൾ ദൃശ്യമാണ്. മലയാളസാഹി ത്യത്തിന്റെ കാര്യം പരിശോധിക്കുകയാണെങ്കിൽ മലയാളസാഹിത്യത്തിൽ ആദ്യകാലത്ത് ഉന്നത പാരമ്പര്യത്തിനായിരുന്നു പ്രാധാന്യം നൽകിയി രുന്നത്. ഈ ഉന്നത പാരമ്പര്യത്തെ വരേണ്യപാരമ്പര്യം എന്നു വേണമെ ങ്കിൽ വിളിക്കാം. കാരണം പുരാതനകാലത്ത് ഭാഷയും സാഹിത്യവുമെല്ലാം ത്രൈവർണികരായ വരേണ്യരായിരുന്നു കയ്യടക്കിവെച്ചിരുന്നത്. എങ്കിലും ഇതിനോട് സമാന്തരമായി നിമ്നപാരമ്പര്യവും ഉയർന്നുവരികയുണ്ടായി. മണി പ്രവാളകാലത്തിന്റെ ഒപ്പംതന്നെ പാട്ട് പ്രസ്ഥാനം ഉയർന്നുവന്നത് ഇത്തരം ധാരയുടെ തെളിവായി കാണാം. പിൽക്കാലത്ത് ഈ രണ്ടു പാരമ്പര്യങ്ങൾ ഇടകലരുന്നതും അത് വേർത്തിരിക്കാനാകാത്തവിധം കൂടി ചേർന്നുകൊണ്ട് ഒരു സാഹിത്യധാരയായി വളർന്നുവന്നതും സാഹിത്യചരിത്രം പരിശോധി ച്ചാൽ വ്യക്തമാകും. ഇതിന് ഉത്തമ ഉദാഹരണമായി ചൂണ്ടിക്കാണിക്കാവുന്ന ത് എഴുത്തച്ഛന്റെ ഭാഷാപാരമ്പര്യം തന്നെയാണ്.

ആധുനിക സാഹിത്യത്തിലേക്ക് കടക്കുന്നതോടുകൂടി നിമ്ന പാരമ്പര്യത്തിന് കൂടുതൽ സാധ്യതകൾ തുറന്നുകിട്ടുകയുണ്ടായി. നവീന സാഹിത്യരംഗത്ത് ഫോക്‌ലോർ പഠനത്തിന് വലിയ പ്രാധാന്യം ലഭിച്ചുതുടങ്ങിയത് നിമ്ന പാരമ്പര്യത്തിന് കിട്ടിയ സ്വീകാര്യതകൂടിയാണ്.

പാരമ്പര്യത്തിന് സ്ഥൂലം, സൂക്ഷ്മം, എന്ന മറ്റൊരു വിഭജനം കൂടി കല്പിക്കാവുന്നതാണ്. സ്ഥൂലപാരമ്പര്യം, സൂക്ഷ്മപാരമ്പര്യം.

**സ്ഥൂലപാരമ്പര്യം**

ബാഹ്യമായരീതിയിൽ പ്രകടമാവുന്ന പാരമ്പര്യസ്വഭാവങ്ങളാണ് സ്ഥൂലപാരമ്പര്യം വെളിവാക്കുന്നത്. ആചാരാനുഷ്ഠാനങ്ങളിലും ബാഹ്യക്രിയകളിലുമൊക്കെ പ്രത്യക്ഷമാവുന്നത് സ്ഥൂലപാരമ്പര്യമാണ്. ഭക്ഷണക്രമം, വേഷവിധാനരീതി, തുടങ്ങിയവയൊക്കെ ഒരു സമൂഹത്തിലെ പാരമ്പര്യത്തിന്റെ സ്ഥൂലാംശത്തെയാണ് പ്രകടമാക്കുന്നത്. ഇവ ആചരിക്കുകയോ നിഷേധിക്കുകയോ ചെയ്യുന്നത് എളുപ്പമാണ്. കാരണം അത് ബാഹ്യമാണ്.

**സൂക്ഷ്മപാരമ്പര്യം**

സൂക്ഷ്മപാരമ്പര്യം ഒരു വ്യക്തിയിൽ തന്നെ അന്തർലീനമായിരിക്കും. അതുകൊണ്ടുതന്നെ പരിപൂർണമായി ഉപേക്ഷിക്കുവാൻ സാധ്യവുമല്ല. മനുഷ്യവർഗ്ഗത്തിന്റെ സംസ്കാരസഞ്ചിതനിധിയെക്കുറിച്ചുള്ള ബോധ്യം എന്നനിലയിൽ ഇത് വ്യക്തിയുടെ ആന്തരികസത്തയിൽ കുടികൊള്ളുന്നു. ഇവയൊന്നാകെ ഉപേക്ഷിക്കുന്നത് തന്റെ സ്വത്വം ഉപേക്ഷിക്കുന്നതുപോ

ലെയാണ്. സ്വാഭാവികമായി തന്നെ സമൂഹത്തോടുള്ള പ്രതിഷേധമെന്ന നിലയിൽ സൂക്ഷ്മപാരമ്പര്യം, നിഷേധിക്കപ്പെടുമ്പോൾപോലും, പാരമ്പ ര്യത്തിന്റെ ശക്തിയെത്തന്നെയാണ് വെളിപ്പെടുത്തുന്നത്. കാരണം ഈ സത്ത ഉൾക്കൊണ്ടുകൊണ്ടേ അതിനെ നിഷേധിക്കാനും കഴിയുകയുള്ളൂ.

**പാരമ്പര്യം പ്രതിരോധത്തിനുള്ള മാർഗ്ഗം എന്ന നിലയിൽ**

പാരമ്പര്യം എന്നത് പഴയതല്ല. പുതിയതാണെന്ന് മുൻപ് പറഞ്ഞ ല്ലോ. ഈ പാരമ്പര്യത്തെ പഴമയിൽ നിന്ന് പുതുമയിലേക്ക് കൊണ്ടുവരു ന്നത് പ്രതിരോധത്തിനു കൂടിയാകാം. പാരമ്പര്യത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് പ്രതിരോധം ശക്തിയാർജ്ജിക്കുന്നത്. ഇത് സംസ്കാരത്തിന്റെ എല്ലാ മേഖലയിലും കാണാമെങ്കിലും സാഹിത്യ ത്തിലാണ് കൂടുതൽ ദൃശ്യമാകുന്നത്.

വരേണ്യസാഹിത്യമായ മണിപ്രവാളം മേൽകൈ നേടിയ കാലത്താണ് എഴുത്തച്ഛനെപോലെ ഒരാൾ താഴേത്തട്ടിൽനിന്ന് മലയാള സാഹിത്യത്തി ലേക്ക് കടന്നുവരുന്നത്. അദ്ദേഹം മണിപ്രവാള സാഹിത്യത്തിന് പ്രതിരോ ധം സൃഷ്ടിച്ചുകൊണ്ട് കിളിപ്പാട്ടു പ്രസ്ഥാനത്തിനു രൂപം നൽകി. അതുവരെ നിലനിന്നിരുന്ന സാഹിത്യത്തിലെ എല്ലാ പാരമ്പര്യങ്ങളെയും തച്ചുടച്ചുകൊ ണ്ടാണ് എഴുത്തച്ഛൻ കവിതയിൽ പ്രതിരോധം സൃഷ്ടിച്ചത്. ഇത്തരത്തിലുള്ള പ്രതിരോധങ്ങൾ സാഹിത്യത്തിൽ പിന്നീട് സർവ്വസാധാരണമായി.

കേരളത്തിൽ സ്വാതന്ത്ര്യസമരകാലത്ത് ജനങ്ങളിൽ ദേശഭക്തി വളർ ത്തുന്നതിനും, സമരത്തിൽ പങ്കെടുക്കാൻ ആഹ്വാനം ചെയ്യുന്നതിനും നവോത്ഥാന പ്രവർത്തനങ്ങൾക്കുമെല്ലാം പലരീതിയിൽ പാരമ്പര്യത്തെ

ഉപയോഗപ്പെടുത്തുകയുണ്ടായി. കേരളത്തിന്റെ നവോത്ഥാനപ്രവർത്തനങ്ങളുടെ ഭാഗമായി ഒട്ടേറെ കവികൾ തങ്ങളുടെ സാഹിത്യസൃഷ്ടികളിൽ ഉച്ചനീചത്വങ്ങൾക്ക് എതിരെ തങ്ങളുടെ നിലപാടുകൾ വ്യക്തമാക്കിയിട്ടുള്ളത് കാണാം. അത്തരത്തിൽ ജാതീയതക്കെതിരെ ശക്തമായ നിലപാടെടുത്ത കവിയാണ് കുമാരനാശാൻ. അദ്ദേഹത്തിന്റെ *ചണ്ഡാലഭിക്ഷുകി*, *ദുരവസ്ഥ* എന്നീ ഖണ്ഡകാവ്യങ്ങളിലും 'ഒരു തീയ്യക്കുട്ടിയുടെ വിചാരം' എന്ന രചനയിലും ജാതീയതയാണ് പ്രധാനമായി ചർച്ച ചെയ്യുന്നത്. "ആശാന്റെ ജാതിവിമർശനം കോളനിമേധാവികളുടെ ജാതിഭ്രഷണത്തിന്റെ മാറ്റൊലിയുമല്ല. പ്രാചീന ബുദ്ധമതപാരമ്പര്യത്തിന്റെ ജാതിസങ്കൽപ്പവുമായിട്ടാണ് ആശാന്റെ വിമർശനത്തിന് ബന്ധം എന്നത് അർത്ഥവത്താണ്." (രാഘവവാരിയർ, 17).

"മാറ്റുവിൻ ചട്ടങ്ങളെ സ്വയ, മല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ (ദുരവസ്ഥ)

എന്നീ വരികൾ രചിക്കുമ്പോൾ കവിയുടെ ഉദ്ദേശ്യം പരമ്പരാഗതമായി നമ്മൾ പിന്തുടർന്ന പോന്ന എല്ലാ തെറ്റായ പാരമ്പര്യങ്ങളെയും നാം ഉപേക്ഷിച്ചുകൊണ്ട് ഒരു നവപാരമ്പര്യം സൃഷ്ടിച്ചെടുക്കാനാണ്. ജാതീയത ഒരു വലിയ വിപത്താണ്. അതിനെ പൂർണ്ണമായി തുടച്ചുനീക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. അതിനുള്ള സുഗമമായ മാർഗ്ഗമായിട്ടാണ് അദ്ദേഹം ബുദ്ധമതത്തെ കണക്കാക്കിയിരുന്നത്. പ്രാചീന ബുദ്ധമതപാരമ്പര്യം ജാതീയതക്ക് എതിരായിരുന്നു. അതിനാൽ തന്നെ അതിനെ കേരളത്തിലെ ജനങ്ങൾ സ്വീകരിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനമെന്ന് പൊതുവെ പറയാം.

തൊട്ടുകൂടാത്തവർ അനുഭവിച്ചുകൊണ്ടിരുന്ന പീഡനങ്ങൾക്ക് ഫലപ്രദമായ ചികിത്സ ബുദ്ധമതം സ്വീകരിക്കുകയാണെന്ന് വിശ്വസിച്ചിരുന്ന ഡോ. അംബേദ്കർ 1956 ഒക്ടോബർ 14 ന് ധർമ്മമാർഗ്ഗം സ്വീകരിച്ചു. അദ്ദേഹം തുടങ്ങിവെച്ച ഈ മാറ്റം പിന്നീട് വളരെയേറെ ദളിതുവിഭാഗങ്ങളെ ഉത്തേജിപ്പിക്കുകയും വികസനത്തിന്റെ പാതയിലേക്ക് നയിക്കുകയും ചെയ്തു. ഇത് ജാതീയമായ പാരമ്പര്യങ്ങൾക്ക് പ്രതിരോധം സൃഷ്ടിക്കുന്നതാണെന്ന് ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാക്കാം.

ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ ചോദ്യം ചെയ്യുന്നിടത്തും കവികൾ പ്രതിരോധം സൃഷ്ടിച്ചിരുന്നു. അത്തരത്തിൽ ഒരു കവിതയാണ് ഉള്ളൂർ എസ്. പരമേശ്വരൻ അയ്യരുടെ 'ചിത്രശാല'. മിസ് കാതറൈൻ മേയോ എന്ന അമേരിക്കൻ എഴുത്തുകാരി ഭാരതസ്ത്രീത്വത്തെ അവഗണിക്കുംവിധം ഒരു പുസ്തകം എഴുതിയപ്പോൾ അതിൽ ഭാരതമാതാവിന്റെ പെൺമക്കളെ അടുക്കളക്കാരികൾ, യന്ത്രക്കളിപ്പാവകൾ, ഗർഭാധാനപാത്രങ്ങൾ, സഹധർമ്മിണി തുടങ്ങിയ വിശേഷണങ്ങൾക്ക് അവരർഹർ എന്നെല്ലാം വിമർശിച്ചുകൊണ്ട് ഒരു കൃതി രചിച്ചു. അതിനുള്ള മറുപടിയെന്നോണമാണ് ഉള്ളൂർ ചിത്രശാല എന്ന കാവ്യം എഴുതിയത്. ഭാരതീയസ്ത്രീകളുടെ മാഹാത്മ്യം ഈ കൃതിയിൽ തെളിഞ്ഞു നിൽക്കുന്നത് കാണാം.

"കാട്ടിലെഴും കല്ലുംമുള്ളും കാന്തമാർക്കും കുസുമത്തെ -

ക്കാട്ടിലേറ്റം മൃദുവെന്ന് കാട്ടീകല്യാണി' (ചിത്രശാല)

എന്ന് പിതാവിന്റെ വാക്ക് പാലിക്കാൻ കാനനവാസത്തിന് ശ്രീരാമചന്ദ്രനെ അനുഗമിക്കുന്ന സീതയുടെ മഹത്വം മുതലാരംഭിക്കുന്നു ആ വർണ്ണന! പിന്നെ എത്രയെത്ര സ്ത്രീരത്നങ്ങളെയാണ് കവി നിരത്തുന്നത്. ഇതിൽ

പാരമ്പര്യത്തിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രതിരോധം നിർമ്മിച്ചെടുക്കുന്നത് കാണാവുന്നതാണ്.

ജനങ്ങളിൽ ദേശഭക്തി വളർത്തുന്നതിനും, സ്വാതന്ത്ര്യസമരത്തിൽ അണിചേരുന്നതിനുമെല്ലാം പാരമ്പര്യത്തെ പ്രധാന വിഷയമാക്കി ധാരാളം കവികൾ രചന നിർവ്വഹിച്ചിട്ടുണ്ട്. അതിൽ പ്രമുഖനാണ് വള്ളത്തോൾ നാരായണമേനോൻ. അദ്ദേഹത്തിന്റെ സ്വാതന്ത്ര്യഗാനങ്ങൾ ജനമനസ്സുകളിൽ ഒരേസമയം ദേശഭക്തിയും സ്വാതന്ത്ര്യസമരത്തിൽ അണിചേരാനുള്ള പ്രചോദനവും നൽകുന്നവയായിരുന്നു.

"ഭാരതമെന്ന പേർ കേട്ടാൽ

അഭിമാനപൂരിതമാകണമന്തരംഗം

കേരളമെന്നു കേട്ടലോ

തിളക്കണം ചോര നമുക്കു ഞെരമ്പുകളിൽ"

എന്നു തുടങ്ങുന്ന സ്വാതന്ത്ര്യഗീതം മലയാളിയുടെ മനസ്സിലെ സ്വാതന്ത്ര്യസങ്കൽപ്പത്തെ ഉണർത്തുന്ന ഒന്നാണ്. ഇത്തരത്തിൽ പലമേഖലകളിലായി പ്രതിരോധം സൃഷ്ടിക്കുന്നതിന് പാരമ്പര്യത്തെ ഉപയോഗപ്പെടുത്തുന്നത് കാണാം. ഇവിടെ സാഹിത്യത്തിൽ പാരമ്പര്യത്തെ ഉപയോഗിച്ച് പ്രതിരോധം സൃഷ്ടിക്കുന്നതിനെയാണ് പ്രധാനമായും ചർച്ചചെയ്യുന്നത്.

## അദ്ധ്യായം 2
# ദേശീയതാസങ്കൽപവും പാരമ്പര്യവും

'ദേശീയത' വളരെയധികം ചർച്ചചെയ്യപ്പെടുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ദേശം എന്ന സങ്കൽപ്പം നമ്മുടെ സാമൂഹിക രാഷ്ട്രീയ ഘടനയുടെ പ്രധാനമായ ഒന്നായി മാറിയിരിക്കുന്നു. അതിനാൽ നാം കരുതിയിരുന്നത് ദേശീയത പാരമ്പര്യമായി അവിടെ നിലനിന്നിരുന്നതായിരുന്നു എന്നാണ്. എന്നാൽ ദേശം (Nation), ദേശരാഷ്ട്രം (Nation State) എന്നിവ പോലെത്തന്നെ അതിനെക്കുറിച്ചുള്ള ആശയപരമായ ദേശീയതയും (Nationalism) കൃത്യമായ ചില സാമൂഹിക-രാഷ്ട്രീയ ആവശ്യങ്ങളുടെ സന്തതിയാണ്. മക്ലിയോഡിന്റെ (Mc Leod, 2010: 68) അഭിപ്രായത്തിൽ വൃക്ഷങ്ങളെപ്പോലെയോ മറ്റോ പ്രകൃത്യാ ഉണ്ടാകുന്നതല്ല ദേശീയത. അതിനാൽ ദേശത്തെ വിഭാവനം ചെയ്യുമ്പോൾ പാരമ്പര്യത്തെയും ചരിത്രത്തെയും സംയോജിപ്പിച്ച് കാണുകയാണ് വേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്.

"ദേശരാഷ്ട്രമെന്ന ബൃഹത്തായ ചിഹ്നവ്യവസ്ഥ രൂപപ്പെടാൻ തുടങ്ങിയത് ജ്ഞാനോദയകാലഘട്ടത്തിന്റെ ഉൽപ്പന്നമായ ആധുനികതയുടെ

കാലത്താണ്." (രാമകൃഷ്ണൻ, 2001: 18). ഇ.വി. രാമകൃഷ്ണൻ 'ദേശീയതയും സാഹിത്യവും' എന്ന കൃതിയിൽ ദേശീയതയുടെ അടിസ്ഥാനമായ ദേശ -രാഷ്ട്ര സങ്കൽപ്പം പശ്ചാത്യരിൽ നിന്നാണ് നമുക്ക് ലഭ്യമായതെന്നും, അത് ജ്ഞാനോദയ കാലഘട്ടത്തിന് ശേഷമാണ് നമുക്ക് പകർന്നുകിട്ടിയതെന്നും വിശദീകരിക്കുന്നുണ്ട്. എന്നാൽ ഇന്ത്യക്ക് ആധുനികതയ്ക്കും, കോളനീകരണത്തിനും മുൻപും രാഷ്ട്രസങ്കൽപ്പവും ദേശസങ്കൽപ്പവും ഉണ്ടായിരുന്നു. മറ്റു രാജ്യങ്ങൾപോലും അനുകരിക്കാൻ ശ്രമിക്കുന്ന വിധമുള്ള സംസ്കാരസമ്പന്നമായ രാജ്യമായിരുന്നു ഭാരതം. രാജ്യതന്ത്രങ്ങളും, ഭരണസംഹിതകളുംകൊണ്ട് സമ്പുഷ്ടമായിരുന്നു ഭാരതത്തിന്റെ നിയമവ്യവസ്ഥ. വിദ്യാഭ്യാസത്തിന്റെ കാര്യമെടുത്താൽ എന്തുകൊണ്ടും ബ്രിട്ടീഷ് വിദ്യാഭ്യാസത്തിനേക്കാൾ മികച്ച നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നു. ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നത് ഇന്ത്യക്ക് പാരമ്പര്യമായി ശക്തമായ ദേശസങ്കൽപ്പം ഉണ്ടായിരുന്നു എന്നാണ്. അത് ഒരുപക്ഷേ ഇന്നത്തെ പാശ്ചാത്യമാതൃകയിലുള്ള സങ്കൽപ്പമാവണമെന്നില്ല.

ഇന്ത്യൻ ദേശസങ്കൽപ്പത്തെക്കുറിച്ച് ആർ.എസ്. ശർമ്മയുടെ (2009: 11) വാക്കുകൾ പരിശോധിക്കാം. "പുരാതന മനുഷ്യർ ഐക്യത്തിനുവേണ്ടി ശ്രമിച്ചു. ഈ വിസ്തൃതമായ ഭൂമിയെ അവർ നാടായി കണ്ടു. മുഴുവൻ രാജ്യത്തിനും ഭാരതവർഷം അഥവാ ഭരതന്റെ നാട് എന്ന പേരുനൽകി. ഭാരതർ എന്ന പുരാതന വംശത്തെ അനുസ്മരിച്ച് ജനങ്ങളെ ഭാരതസന്തതി അഥവാ ഭരതന്റെ പിൻഗാമികൾ എന്നു വിളിച്ചു. പുരാതനകവികളും തത്വജ്ഞാനികളും എഴുത്തുകാരും നമ്മുടെ രാജ്യത്തെ ഐകരൂപത്തിൽ

കണ്ടു. ഹിമാലയം മുതൽ കടൽവരെ വ്യാപിച്ചുകിടന്ന ഭൂഭാഗത്തെ സർവ്വവ്യാപിയായ ഒരേയൊരു രാജാവിന്റെ വക എന്ന നിലയിൽ അവർ സംസാരിച്ചു. ഹിമാലയം മുതൽ കന്യാകുമാരി വരെയും ബ്രഹ്മപുത്ര താഴ്വര മുതൽ പടിഞ്ഞാട്ട് സിന്ധുവിനപ്പുറംവരെയും തങ്ങളുടെ അധികാരാതിർത്തി സ്ഥാപിക്കാൻ ശ്രമിച്ച രാജാക്കന്മാരെ എല്ലാവരും പുകഴ്ത്തി. അവരെയൊക്കെ ചക്രവർത്തി എന്നാണ് വിളിച്ചത്. ഇത്തരം രാഷ്ട്രീയ ഐക്യം പുരാതനകാലത്ത് രണ്ടുതവണയെങ്കിലും നിവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബി.സി. മൂന്നാംശതകത്തിൽ അശോകന്റെ ഏറ്റവും തെക്കുഭാഗമൊഴികെ രാജ്യമാകമാനം സാമ്രാജ്യം വ്യാപിപ്പിച്ചു. വീണ്ടും എ.ഡി. നാലാം നൂറ്റാണ്ടിൽ സമുദ്രഗുപ്തൻ തന്റെ വിജയക്കൊടി ഗംഗ മുതൽ തമിഴ്നാടിന്റെ അതിർത്തിവരെയെത്തിച്ചു.”

**ഇന്ത്യൻ രാഷ്ട്രസങ്കൽപത്തിന്റെ സവിശേഷതകൾ**

പാരമ്പര്യത്തിന് ഭൂതകാലവുമായി ഗാഢബന്ധമുണ്ടെന്ന് മുൻ അദ്ധ്യായത്തിൽ പറഞ്ഞുവല്ലോ. ഇന്ത്യ എന്ന രാജ്യം രൂപം കൊള്ളുന്നതും ഇത്തരത്തിലുള്ള ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മകളിൽ നിന്നാണ്. ഉദാഹരണത്തിന് ഭരതചക്രവർത്തിയുടെ പിൻതലമുറക്കാർ എന്ന പാരമ്പര്യം അവകാശപ്പെടുന്ന ഇവിടത്തെ ജനങ്ങൾ സ്വന്തം ദേശത്തെ ഭരതന്റെ ദേശം എന്നർത്ഥത്തിൽ ഭാരതമായി കണ്ടു എന്നു പറയുന്ന സൂചന ഏറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ഇത് ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മകളില്ലാതെ ഒരു രാജ്യവും പാരമ്പര്യവും സൃഷ്ടിക്കപ്പെടുന്നില്ല എന്ന വാദത്തെ സാധൂകരിക്കുന്നു. ഇത്തരം വാദങ്ങൾ കൃത്യമായിരിക്കണമെ

ന്നില്ല. എങ്കിലും ഓരോ ദേശത്തിനും. അതിനെ മറ്റുദേശങ്ങളിൽനിന്ന് വ്യത്യസ്തമാക്കി നിർത്തുന്ന ഒരു വിദൂരഭൂതകാലമുണ്ടായിരിക്കും. പാരമ്പര്യമായി തലമുറകളിലേക്ക് അതിന്റെ ചരിത്രത്തെ കൈമാറുന്നു. അത് ചിലപ്പോൾ കഥകളിലൂടെയോ പുരാവൃത്തങ്ങളിലൂടെയോ, ചരിത്രത്തിലൂടെയോ ആകാം. അതുകൊണ്ടുതന്നെ ഇത്തരം സ്മരണകൾ സാധുവായാലും അല്ലെങ്കിലും ഒരു ദേശത്തിന്റെ പാരമ്പര്യത്തെ കുറിച്ച് വർത്തമാനകാലത്ത് മനസ്സിലാക്കാൻ ഇത് പ്രയോജനപ്പെടുന്നു.

പ്രാചീനഭാരതത്തിൽ രാഷ്ട്രഭരണത്തെക്കുറിച്ചും രാജാവിന് ജനങ്ങളോടുള്ള കടമകളെക്കുറിച്ചും ജനങ്ങൾക്ക് രാജ്യത്തോടുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചും വ്യക്തമായ ധാരണകൾ ഉണ്ടായിരുന്നതിനു തെളിവാണ് കൗടില്യന്റെ അർത്ഥശാസ്ത്രം (ബി.സി. ഇ. നാലാം നൂറ്റാണ്ട്) അർത്ഥശാസ്ത്രം, നീതിശാസ്ത്രം, രാജധർമ്മം, സാമ്പത്തികശാസ്ത്രം എന്നിവയെക്കുറിച്ചുള്ള ഒരു സുദീർഘപാരമ്പര്യം ഇന്ത്യയിലുണ്ടായിരുന്നു എന്ന് ഈ കൃതി വ്യക്തമാക്കുന്നു.

സംഘകാലത്തിലേക്ക് വരികയാണെങ്കിൽ "പാശ്ചാത്യമാതൃകയിൽ ഒരു രാഷ്ട്രസങ്കൽപ്പവും രാഷ്ട്രീയബോധവും തമിഴിലുണ്ടായിരുന്നില്ല." എന്ന് എൻ. സുബ്രഹ്മണ്യൻ (2003: 340) പറയുന്നു. എന്നാൽ ഏക ശാസന രാജഭരണമായിരുന്നെങ്കിലും രാജഭരണത്തെ "തവൈ" (സഭ) പോലുള്ള ഗ്രൂപ്പുകൾ നിയന്ത്രിച്ചിരുന്നുവെന്നുമദ്ദേഹം പറയുന്നുണ്ട്. ഇതും രാഷ്ട്രഭരണസങ്കൽപ്പത്തെക്കുറിച്ചുള്ള സൂചനയായി കണക്കാക്കാം. ഇങ്ങനെ പ്രാചീന ചരിത്രകാരന്മാർ മാത്രമല്ല പ്രാചീന ഇന്ത്യൻ സാഹിത്യകൃതികളിലും തത്വശാസ്ത്രഗ്രന്ഥങ്ങളിലും ഇന്ത്യയുടെ രാഷ്ട്രഭരണത്തെക്കുറിച്ചും പ്രജകളു

ടെ കടമയെയും, ഉത്തരവാദിത്വത്തെയും, രാജധർമ്മത്തെയും കുറിച്ചുമൊക്കെ സങ്കൽപ്പങ്ങൾ സൂക്ഷിച്ചിരുന്നു എന്നു ദർശിക്കാം. ഇതുകൊണ്ടാണ് ഇന്ത്യ തികച്ചും വ്യത്യസ്തമായ ദേശീയ സവിശേഷതകൾ പ്രകടിപ്പിക്കുന്നുവെന്ന് സ്വദേശികളും വിദേശികളുമായ ചരിത്രകാരന്മാരും കവികളും അംഗീകരിക്കുന്നത്.

**ദേശീയരൂപീകരണവും പാരമ്പര്യവും**

രാഷ്ട്രത്തിന്റെ ശക്തി ഉപയോഗിച്ച് ദേശീയസ്വത്വത്തെ നിർമ്മിച്ചെടുക്കുന്നതാണ് രാഷ്ട്രനിർമ്മാണം. രാഷ്ട്രനിർമ്മാണത്തിലൂടെ സംസ്ഥാനത്തിനുള്ളിലെ ജനങ്ങളെ ഏകീകരിക്കുകയാണ് ലക്ഷ്യമിടുന്നത്. അത് രാഷ്ട്രീയമായി സുസ്ഥിരവും ദീർഘകാലാടിസ്ഥാനത്തിൽ നിലനിൽക്കുന്നതുമാണ്. ഹാരിസ് മൈലോനാസ് പറയുന്നതനുസരിച്ച്, "ആധുനികവത്കരണ കാലഘട്ടത്തിൽ സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവും, വൈകാരികവുമായ വികാരത്തിന്റെ ഉയർന്നുവന്ന ഒരു പുതിയ സമത്വസമൂഹം വികസിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്താനും സ്വതന്ത്ര്യജനതയെ ഒന്നിപ്പിക്കാനും ഇത് എല്ലായിപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇത്തരത്തിൽ നിർമ്മിച്ചെടുത്ത രാഷ്ട്രത്തിലാണ് ദേശരാഷ്ട്ര രൂപീകരണം നടക്കുന്നത് (Mylonas, 2012: 17).

ദേശരാഷ്ട്രരൂപീകരണം എന്നത് ആധുനിക സ്വത്വനിർമ്മിതിയുമായി ചേർത്തുവായിക്കേണ്ട വിഷയമാണ്. പൗരത്വം നിർമ്മിക്കപ്പെടുന്നത് ദേശരാഷ്ട്രത്തിലാണ്. ജാതി-മത-ഭേദമന്യേയുള്ള പൗരത്വം. ദേശീയത മുതലായ സങ്കൽപ്പനങ്ങളും ഏറെ വിമർശിക്കപ്പെടുന്ന കാലത്താണ് നാം

ജീവിക്കുന്നത്. “കോളണീകരണം സാധ്യമാകുന്നത് അത് മാനസികമായ പ്രക്രിയയായതുകൊണ്ടാണ്. അധികാരം വിട്ടൊഴിഞ്ഞുപോയാലും മാന സികമായ കോളണീകരണം തുടർന്നുകൊണ്ടിരിക്കും. കൊളോണിയൽ ഭാവനയിലാണ് സ്വതന്ത്രമായ രാഷ്ട്രം നിർമ്മിക്കപ്പെട്ടിട്ടുള്ളത്. നാട്ടിൽ പുതിയ ഭരണവർഗ്ഗം ഉണ്ടാകുന്നു. മുതലാളിത്ത ഉൽപാദനക്രമം, വിദ്യാ ഭ്യാസ മാതൃക, രാഷ്ട്ര നിർമ്മാണ യുക്തി, ഭരണമാതൃക എന്നിങ്ങനെ എല്ലാ ത്തരം കൊളോണിയൽ സങ്കേതങ്ങളും നിലനിൽക്കുകയും ചെയ്യുന്നു.” എന്ന് എം.ആർ. മഹേഷ് (2012: 38) നിരീക്ഷിക്കുന്നു. കേരളത്തെ സം ബന്ധിച്ചാകട്ടെ ഈ കൊളോണിയൽ സങ്കേതങ്ങൾ ഫ്യൂഡൽ ക്രമത്തിൽ പ്രതിപ്രവർത്തിച്ചുണ്ടായ പ്രത്യേക പാകത്തിലുള്ള കേരളീയതയായി ദേശീയത പരിവർത്തിക്കപ്പെട്ടു. പല മട്ടിലുള്ള മുഖാവരണങ്ങൾ എടുത്ത ണിഞ്ഞ ആധുനിക മലയാളിയാണ് അതിന്റെ ഉപോല്പന്നം. പ്രത്യക്ഷ ത്തിൽ മതേതര ജനാധിപത്യ-സോഷ്യലിസ്റ്റ് പ്രചാരകരായിരിക്കുകയും കൊളോണിയൽ ഫ്യൂഡൽ ലോകബോധത്തിന്റെ ഉൽപ്പന്നങ്ങളായിരിക്കു കയും ചെയ്യുന്ന വൈരുദ്ധ്യമാണ് ഇന്നും തുടരുന്ന വർഗ്ഗ സംഘർഷത്തി ന്റെ ആന്തരികയുക്തി.

“ദേശീയ വിമോചനസമരകാലത്തുതന്നെ വ്യക്തമായിത്തുടങ്ങിയതും, ഭരണഘടനാസമിതിയിൽ ഇഴചികഞ്ഞുള്ള ചർച്ചകൾക്ക് വിധേയമാ യതും, മാനവികാടിത്തറയുള്ള ബദൽ ദേശീയതയായിരുന്ന അതിന്റെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനും സാമ്പത്തിക നീതിക്കും സാമൂഹികൈക്യ ത്തിനും സ്ഥാനം കൽപ്പിച്ചിരുന്നു. മതത്തെയും സംസ്കാരത്തെയും വ്യാമി ശ്രമാക്കുന്ന വർഗ്ഗീയ രാഷ്ട്രീയത്തിന്റെ പുനരുത്ഥാനത്തോടെ ഇന്നും ബലി

ക്കല്ലിൽ കിടക്കുന്നത്, സദ്ഗുണങ്ങളുള്ള ദേശീയതാവബോധമാണെന്ന് കെ.എൻ. പണിക്കർ (2007:47) പറയുന്നു. ഈ ബദൽ ദേശീയത എന്നത് ആദർശാത്മകമായ ഒരു ദേശീയതാസങ്കൽപ്പം മാത്രമാണെന്ന് ഇന്ന് നിസ്സംശയം പറയാം. ഭാരതം ഹൈന്ദവ രാഷ്ട്രമാണെന്ന രീതിയിൽ ദേശീയവാദ നിലപാട് ശക്തിപ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ പുതിയൊരു നവോത്ഥാനം എന്നൊന്നിന്റെ രൂപരേഖ തയ്യാറാക്കേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു.

ദേശരാഷ്ട്ര രൂപീകരണത്തിന് കൃത്രിമമായി നിർമ്മിച്ചെടുത്ത ഒരു ചട്ടക്കൂടുണ്ട്. അതിൽ പാരമ്പര്യവും ഉൾച്ചേർന്നിരിക്കുന്നു. സാധാരണക്കാരന്റെ ദേശീയതയല്ല പകരം ആദർശാത്മകമായ ഒരു ബദൽ ദേശീയതയാണ് സൃഷ്ടിക്കുന്നത്. ഇത് രാജ്യത്തിന്റെ പഴമയെ അഥവാ പാരമ്പര്യത്തെ പൊലിപ്പിച്ചുകാണിക്കുന്ന തരത്തിലാണ്. തങ്ങൾക്ക് നടപ്പിലാക്കാൻ സാധിക്കാത്ത ഒന്നിനെ കൃത്രിമമായി നിർമ്മിച്ചെടുത്തുകൊണ്ട് അതിനെ പൗരാണികമായ ഒന്നായി ചിത്രീകരിക്കുന്നു. അതിനാൽ തന്നെ പാരമ്പര്യത്തിന് രാഷ്ട്രനിർമ്മിതിയിൽ അതിശക്തമായ പങ്കുണ്ട്.

### പാരമ്പര്യത്തിന്റെ മറ്റു മേഖലകൾ

ജീവിതത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചും ഓരോ സമൂഹത്തിനും അവരവരുടെതായ അവബോധവും അതിൽനിന്നും ഉൾക്കൊണ്ട അനുഭവസമ്പത്തുമുണ്ടാകും. ആഗോളവത്കരണവും നവകോളനിവത്കരണവും പ്രധാനമായി ലക്ഷ്യം വെക്കുന്നത് നമ്മുടെ ഓരോ സാംസ്കാരികമൂല്യങ്ങളെയും സമന്വയിപ്പിച്ച് ഒറ്റ സംസ്കാരത്തിന്റെ കീഴിലേക്ക് കൊണ്ടുവരിക

എന്ന പ്രത്യയശാസ്ത്ര പ്രവർത്തനമാണ്. ഇതിനോട് എതിരിടുകയും അതോടൊപ്പം യുക്തിബോധവും ആത്മവിശ്വാസവുമുള്ള ജനതയായി നില്ക്കാനുള്ള ഊർജ്ജം ലഭിക്കണമെങ്കിൽ പാരമ്പര്യത്തിന്റെ മറ്റു മേഖലകളെക്കുറിച്ച് നാം ബോധവാന്മാരാകണം. വ്യത്യസ്ത തൊഴിലുകൾ, തൊഴിൽപരമായ ജാതികൾ, വർണ്ണവ്യവസ്ഥ, കൃഷി, കൈത്തൊഴിൽ തുടങ്ങിയവയുടെ വിവിധ മേഖലകൾ, ഓരോ പ്രദേശത്തിന്റെയും ചരിത്രവസ്തുതകൾ, ഭൂമിശാസ്ത്ര പ്രത്യേകതകൾ, ഔഷധങ്ങൾ, പാചകവിധികൾ, ഭക്ഷണരീതി, ശിൽപവിദ്യ, ആയോധനകല, നാടൻ കലാവിരുതുകൾ തുടങ്ങി എല്ലാ മേഖലകളെയും കുറിച്ചുള്ള അറിവുകൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ നാട്ടുനടപ്പുകളൊക്കെ നമ്മുടെ പ്രാദേശിക വാമൊഴിപാരമ്പര്യത്തിൽ ഉൾച്ചേർന്നിട്ടുണ്ട്. ഓരോ പ്രദേശത്തും ജീവിച്ചിരുന്ന വ്യത്യസ്ത സമൂഹങ്ങൾക്കിടയിൽ വ്യത്യസ്തരീതിയിലാണവ നിലനിന്നിരുന്നത്. പാരമ്പര്യങ്ങളുടെ ആധാരം പ്രാദേശികമായി വികസിച്ചുവന്ന ജീവിത മാതൃകകളാണ്. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും കാലാവസ്ഥക്കും അനുസരിച്ച് രൂപപ്പെട്ടുവന്ന അദ്ധ്വാനരൂപങ്ങളും ആവാസവ്യവസ്ഥയുമാണ് പാരമ്പര്യങ്ങളുടെ ആധാരം. (ആൻസി സെബാസ്റ്റ്യൻ, 2013: 27).

**ഭാഷ**

"മനുഷ്യവർഗ്ഗം അസംഘടിതമായ പ്രാകൃത ജീവിതത്തിൽനിന്ന് പതുക്കെ പതുക്കെ സംഘടിതമായ സാമൂഹികജീവിതത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന കാലത്ത് കൂട്ടായ പ്രവർത്തനങ്ങളും ആവശ്യമായി വന്നു. കൂട്ടായ പ്രവർത്തനങ്ങൾ ഫലപ്രദമാകണമെങ്കിൽ കൂടിയാലോചന

കൾ വേണ്ടിവരും. കൂടിയാലോചനകൾക്ക് - അഭിപ്രായ വിനിമയങ്ങൾക്ക് അങ്ങനെ ഒരു ഉപാധി മനുഷ്യവർഗ്ഗം സ്വായത്തമാക്കി. അതാണ് ഭാഷ." എന്ന് ഡോ. കെ.എം. പ്രഭാകരവാരിയർ (8) ഭാഷയെ നിർവ്വചിക്കുന്നു. മനുഷ്യൻ സാമൂഹികജീവിയായി പരിണമിച്ചപ്പോഴാണ് ഭാഷ എന്ന വിനിമയോപാധി രൂപം കൊള്ളുന്നത്. അതുകൊണ്ടുതന്നെ സമൂഹം ദേശമായി രൂപാന്തരപ്പെടുമ്പോഴും ഭാഷ പ്രധാന ആണിക്കല്ലായി വർത്തിക്കുന്നു.

രാഷ്ട്രസങ്കൽപ്പം രൂപപ്പെടുത്തുന്നതിൽ പ്രധാനപങ്ക് ഭാഷയ്ക്കുണ്ട്. ഭാഷയില്ലാതെ രാഷ്ട്രനിർമ്മിതിയും ദേശീയതാനിർമ്മിതിയും സാധ്യമല്ല. അതുകൊണ്ടുതന്നെ ഭാഷയുടെ പേരിലുള്ള സംഘർഷങ്ങൾ അന്നും ഇന്നും ലോകമെമ്പാടും നിലനിൽക്കുന്നു. അച്ചടിയുടെയും എഴുത്തിന്റെയും വികാസം ദേശീയതയെ വളർത്തുന്നതിന് സഹായകമായി വർത്തിച്ചു. യൂറോപ്പിൽ സാഹിത്യ സാംസ്കാരിക നാടോടിവിജ്ഞാനീയ രംഗങ്ങളിലാണ് ദേശീയത ആദ്യം പ്രതിഫലിച്ചത്. സാക്ഷരതയില്ലാതെ പ്രൗഢസംസ്കാരത്തിന്റെ വ്യാപനമുണ്ടാവുകയില്ല. അതിനാൽ ദേശീയത വിദ്യാഭ്യാസത്തിനും, സാഹിത്യത്തിനും പ്രാധാന്യം നൽകിവന്നിരുന്നു. ഈ പ്രൗഢസംസ്കാരം മറ്റ് പ്രാദേശിക സംസ്കാരങ്ങളുടെ മുകളിൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ സാധാരണ ജനങ്ങളെ ദേശീയതയിലേക്ക് ആകർഷിക്കാൻ ഇത്തരം വിവേചനംകൊണ്ട് സാധിക്കുകയില്ല.

ടോം നേർ പറയുന്നത് "മദ്ധ്യവർഗ്ഗ ബുദ്ധിജീവികൾക്ക് പൊതുജനങ്ങളെ ചരിത്രത്തിലേക്ക് ക്ഷണിക്കാൻ വേണ്ടിയുള്ള ക്ഷണക്കത്ത് സാധാര

ണക്കാരുടെ ഭാഷയിൽതന്നെ വേണ്ടിയിരുന്നു." (രാമകൃഷ്ണൻ, 2001: 5) ദേശീയതാവളർച്ചയിൽ ഭാഷ വഹിച്ച പങ്ക് പ്രാധാന്യം അർഹിക്കുന്നതാണ്. എന്നാൽ ഒരു രാഷ്ട്രത്തിന്റെ പാരമ്പര്യത്തിലധിഷ്ഠിതമാകും അവിടത്തെ ഭാഷ എന്ന തത്വം ദേശീയതയുടെ കാര്യത്തിൽ പൊളിച്ചെഴുതപ്പെടുന്നു. വ്യത്യസ്തവും വൈവിധ്യവുമായ പാരമ്പര്യമുള്ള പല ഭാഷകൾ സംസാരിക്കുന്ന രാഷ്ട്രങ്ങളിലേക്ക് ദേശീയത കടന്നുവരുമ്പോൾ ദേശീയത സൃഷ്ടിക്കുന്ന 'ദേശീയഭാഷ' എന്ന ഒറ്റ ഭാഷയിലേക്ക് - രാഷ്ട്രഭാഷ ചുരുങ്ങിപ്പോകുന്നു. ദേശീയതയുടെ അസ്ഥിവാരം ദേശീയഭാഷകളുടെ പാരമ്പര്യത്തിലധിഷ്ഠിതമാണെന്ന വാദം തെറ്റാണെന്ന് ഹോബ്സ് ബോം തെളിയിക്കുന്നുണ്ട്. മിക്ക ദേശീയ ഭാഷകളും കൃത്രിമ നിർമ്മിതികളാണെന്നാണ് അദ്ദേഹം പറഞ്ഞുവെയ്ക്കുന്നത്. ഉദാ:- ആധുനിക ഹിബ്രു കണ്ടെത്തിയത് ജൂത ദേശീയതയാണ്.

19, 20 നൂറ്റാണ്ടോടുകൂടിയാണ് ദേശീയത ആധുനികമായ മാറ്റത്തിന് വിധേയമായത്. ഭാഷയും , വംശീയതയും കേന്ദ്രീകരിച്ചാണ് ഇക്കാലത്ത് ദേശീയതകൾ രൂപം കൊണ്ടത്. 1880-1914 കാലത്ത് ഇവ രണ്ടു ദേശീയതയുടെ നിർണ്ണായക ഘടകങ്ങളായി മാറി. വംശ വിദ്വേഷത്തെ ബോധപൂർവ്വം പ്രോത്സാഹിപ്പിച്ച ഭരണകൂടങ്ങൾ വംശത്തനിമയുടെ പ്രത്യയശാസ്ത്രം ഇതിനായി ഉപയോഗിച്ചു. സാമൂഹ്യബന്ധങ്ങളുടെ വലിയ ശൃംഖല നിർമ്മിക്കാനുള്ള കഴിവുള്ളതിനാൽ മതങ്ങളും ദേശീയതയിലിടപെടുന്നു.

ഇന്ത്യയിലാണെങ്കിൽ ഈ കാലത്താണ് ബംഗാളിയും ഹിന്ദിയും സംസ്കൃതവത്കരിക്കാൻ തുടങ്ങിയത്. ഇത് ബംഗാളിലെ വരേണ്യസംസ്കാരം ഹൈന്ദവത്കരിക്കുന്നതിന്റെ ഭാഗമായിട്ടാണ്.

**ഭക്ഷണം**

ഭക്ഷണം കേവലം ജീവസന്ധായകം മാത്രമല്ല, മനുഷ്യസാമൂഹികചരിത്രത്തെ സ്വാധീനിക്കുന്ന ഒരു രാഷ്ട്രീയവും അതിലുണ്ട്. ആദിമമനുഷ്യൻ പച്ചയായി കഴിച്ചുതുടങ്ങിയ ഭക്ഷണം കാലംചെല്ലുന്തോറും പരിണാമങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. മനുഷ്യൻ തീ ഉപയോഗിക്കുവാനുള്ള കഴിവു നേടിയതോടെ ഭക്ഷണം പാകം ചെയ്യുന്നത് മാനവസംസ്കാരത്തിലെ സർവ്വസാധാരണമായ ഘടകമായി. കൂടാതെ ദേശം, ജാതി, മതം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയനുസരിച്ച് വ്യത്യസ്തമായ ഭക്ഷണസംസ്കാരം തന്നെ നമുക്കുണ്ട്.

ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയനുസരിച്ചാണ് ഓരോ പ്രദേശത്തും അവരുടെ നാടൻ ഭക്ഷണങ്ങൾ രൂപപ്പെടുന്നത്. അതുകൊണ്ടുതന്നെ ഒരു സവിശേഷകൂട്ടായ്മയിൽ പരമ്പരാഗതമായി നിലനിൽക്കുന്നതും തനിമയാർന്നതുമായ പാചകരീതിയാണ് നാടൻ ഭക്ഷണം എന്നു പൊതുവെ പറയാം. പ്രാചീന മനുഷ്യർ പ്രകൃതിയിൽനിന്ന് ലഭിക്കുന്ന വിഭവങ്ങളെയാണ് ആഹാരമാക്കിയിരുന്നത്. ഇന്നും ആദിവാസി വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു വിഭാഗം ജനങ്ങൾ ഈ പ്രകൃതി വിഭവങ്ങളെ തന്നെയാണ് ആശ്രയിക്കുന്നത്. ഇത് കാടിന്റെ ഭക്ഷണത്തനിമയുടെ പാരമ്പര്യമാണ് കാഴ്ചവെക്കുന്നത്.

മനുഷ്യൻ കൃഷി ചെയ്തുതുടങ്ങിയ കാലം തൊട്ടാണ് ഭക്ഷണം സൂക്ഷിക്കാൻ തുടങ്ങിയത്. കൃഷി ചെയ്യാനുള്ള വിത്തുകളും മറ്റും ശേഖരിച്ചുവെക്കുന്നതും, കാർഷിക ആവശ്യത്തിനായി മൃഗങ്ങളെ വളർത്തി തുടങ്ങിയതും ഈ കാലത്താണ്. കേരളത്തിലെല്ലാം നിലനിന്നിരുന്ന കാർഷിക പാര

മ്പര്യം ഇതിന് ഉത്തമ ഉദാഹരണമാണ്. നാം കൃഷി ചെയ്തിരുന്ന പഴയ നെൽവിത്തുകളുടെ എണ്ണം തന്നെ പരിശോധിച്ചാൽ നമ്മുടെ കാർഷിക പാരമ്പര്യത്തിന്റെ സമ്പന്നത വ്യക്തമാകും. ഭക്ഷണം ഒരു ആവശ്യം എന്നതിലുപരി പാരമ്പര്യവും സംസ്കാരവുമാവുന്നത് ഇത്തരത്തിലാണ്.

വിശേഷാവസരങ്ങളിൽ പാകം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളും നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമാണ്. ഓരോ മതത്തിന്റെയും, ജാതിയുടെയും അനുഷ്ഠാനമായിരിക്കുമെന്നുമാത്രമല്ല അവ പാരമ്പര്യവിധിപ്രകാരമായിരിക്കും പാചകം ചെയ്യുന്നത്. ഭക്ഷ്യക്ഷാമം ഒഴിവാക്കുന്നതിനുവേണ്ടി ആഹാരസാധനങ്ങളായ മത്സ്യ-മാംസാദികളും പയർ-കിഴങ്ങുവർഗ്ഗങ്ങളും ഉണക്കി സൂക്ഷിക്കുന്ന സമ്പ്രദായവും നമുക്ക് ഉണ്ടായിരുന്നു.

ഇനി ഭക്ഷണം വിളമ്പുന്നതിനും കഴിക്കുന്നതിനും വരെ പാരമ്പര്യരീതികൾ പിൻതുടർന്നുവന്നിരുന്നു. സദ്യ വിളമ്പുന്നതുപോലെയുള്ള കാര്യങ്ങൾ ജാതിവർഗ്ഗങ്ങളും, ദേശവും മാറുന്നതിന് അനുസരിച്ചും മാറ്റങ്ങൾക്ക് വിധേയമായി ഒരേ വിഭവം പല ദേശങ്ങളിലും പല പേരുകളിൽ, വ്യത്യസ്തമായ നിറത്തിലും, ഗന്ധത്തിലും, രുചിയിലും വിളമ്പുന്നത് കാണാം. ആഗോളവത്കരണത്തിന്റെ കാലത്ത് ഉയർന്നുവന്ന ടൂറിസം പദ്ധതികൾ തനതുഭക്ഷണ സമ്പ്രദായങ്ങളിലേക്ക് തിരിച്ചെത്താൻ സഹായിച്ചു. നമ്മുടെ ഭക്ഷണപാനീയങ്ങളും, നാടൻ ഭക്ഷണങ്ങളും സംരക്ഷിച്ചുനിർത്തുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഇതിനിടയിൽ നടന്നുവരുന്നത് കാണാം.

**വസ്ത്രധാരണത്തിലെ സവിശേഷതകൾ (വസ്ത്രധാരണം)**

നമ്മുടെ വ്യക്തിത്വ പ്രകാശനത്തിന് ഏറ്റവും കൂടുതൽ സഹായിക്കുന്ന

ഒരു ഘടകമാണ് വസ്ത്രധാരണം. മനുഷ്യൻ വേട്ടയാടി പിടിച്ചിരുന്ന ജീവികളുടെ തോലായിരിക്കണം വസ്ത്രമായി ആദ്യം ഉപയോഗിച്ചിരുന്നതെന്നാണ് നരവംശശാസ്ത്രജ്ഞരുടെ അഭിപ്രായം. ആദ്യകാലവസ്ത്രങ്ങളിൽ രോമങ്ങൾ, തുകൽ, ഇലകൾ അല്ലെങ്കിൽ പുല്ലുകൾ എന്നിവ ഉൾപ്പെട്ടിരുന്നുവെന്ന് പുരാവസ്തുഗവേഷകരും പറയുന്നുണ്ട്. കല്ല്, അസ്ഥി, ലോഹം തുടങ്ങിയവ ഉപയോഗിച്ചും വസ്ത്രധാരണം നടത്തിയിരുന്നു എന്ന് പറയപ്പെടുന്നു. അസ്ഥികൾകൊണ്ടും ആനക്കൊമ്പുകൊണ്ടുമുള്ള ആദ്യകാല തയ്യൽസൂചികൾ ബി.സി.ഇ, 30,000 മുതലുള്ള പുരാവസ്തു ഗവേഷകർ 1988-ൽ റഷ്യയിലെ കോസ്റ്റെങ്കിക്ക് സമീപം കണ്ടെത്തിയിട്ടുണ്ട്. ബി.സി .ഇ. 34,000 കാലഘട്ടത്തിൽ ചായം മുക്കിയ ചണനാരുകൾ ജോർജിയ റിപ്പബ്ലിക്കിലെ ഒരു ചരിത്രാതീത ഗുഹയിൽനിന്ന് കണ്ടെത്തി. ഇത്തരത്തിൽ പരമ്പരാഗതമായ വസ്ത്രധാരണത്തെ കുറിച്ചുള്ള അന്വേഷണങ്ങൾ വലിയ സാധ്യതകളാണ് ഗവേഷണമേഖലയിൽ തുറന്നിടുന്നത്.

വസ്ത്രധാരണത്തിൽ വൈവിധ്യം പുലർത്തുന്നവരായിരുന്നു കേരളീയർ. കാലാവസ്ഥയ്ക്കുയോജിച്ച വസ്ത്രങ്ങളാണ് പൊതുവേ ധരിച്ചിരുന്നത്. വ്യത്യസ്ത മതങ്ങളിൽ ഉൾപ്പെട്ടവർക്ക് വൈവിധ്യമാർന്ന വസ്ത്രധാരണ സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. കേരളത്തിന്റെ തനതുവസ്ത്രധാരണരീതി എന്ന തെറ്റിദ്ധാരണ പരത്തുന്ന സന്ദർഭങ്ങളും പലപ്പോഴും കാണാം. സെറ്റുമുണ്ടും, സാരിയുമാണ് കേരളത്തിന്റെ നാടൻ വസ്ത്രങ്ങൾ എന്ന് പൊതുവെ പ്രചരിക്കുന്ന ഒന്നാണ്. ഇത് യഥാർത്ഥത്തിൽ കൃത്രിമമായ, പുതുതായി ഒരു പാരമ്പര്യം സൃഷ്ടിച്ചെടുക്കുകയാണ്. പരസ്യചിത്രങ്ങളിലും മറ്റും കേരള വസ്ത്രത്തെ പ്രതിനിധീകരിക്കുന്നത് ഇത്തരത്തിലുള്ള വസ്ത്രങ്ങളാണ്.

ജാതി, മതം, അധികാരം, സമ്പത്ത് തുടങ്ങിയ കാര്യങ്ങൾ വസ്ത്രധാരണരീതിയിൽ വ്യക്തമായിരുന്നു. വിഭിന്ന ജാതിമതങ്ങളിൽ വിശ്വസിക്കുന്നവർ അതു തെളിയിക്കുന്ന വസ്ത്രമാണ് ധരിച്ചിരുന്നതെങ്കിലും വേഷം മതത്തിന്റെ അടയാളമായി കണക്കാക്കിയിരുന്നില്ല. വിശേഷദിവസങ്ങളിലും ഉത്സവാഘോഷങ്ങളിലും വസ്ത്രധാരണത്തിനു പ്രാധാന്യം കൽപ്പിച്ചിരുന്നു. എന്നാൽ ഈ രീതികളെല്ലാം നിലവിൽ വന്നിട്ട് ഒരു നൂറ്റാണ്ടു മാത്രമേ ആയിട്ടുള്ളൂ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽപോലും ഭൂരിപക്ഷം ആൾക്കാരും മേൽമുണ്ടുപോലും ധരിച്ചിരുന്നില്ല. കേരളത്തിന്റെ വസ്ത്രധാരണ ചരിത്രം പരിശോധിച്ചാൽ ഒരു കാലത്ത് വസ്ത്രധാരണം സവർണ്ണജാതികൾക്ക് മാത്രം അനുവദനീയമായ ഒന്നായിരുന്നു. പിന്നീട് വസ്ത്രധാരണ സ്വാതന്ത്ര്യത്തിനുവേണ്ടി കേരളത്തിലെ താഴ്ന്ന ജാതിക്കാരായ സ്ത്രീകൾ മാറുമറയ്ക്കൽപ്പോലുള്ള സമരങ്ങൾ ചെയ്തത് ചരിത്രം.

ഒരു സമൂഹത്തിന്റെ വസ്ത്രധാരണത്തിന് ആ സമൂഹം വഹിക്കുന്ന സ്ഥലത്തെ കാലാവസ്ഥയും സംസ്കാരവുമായി അഭേദ്യമായ ബന്ധമുണ്ടായിരിക്കും. കൊളോണിയൽ കാലഘട്ടത്തിൽ ഇന്ത്യയിൽ വിദേശവസ്ത്രങ്ങൾ ധാരാളമായി പ്രചരിപ്പിക്കുകയുണ്ടായി. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജിയാണ് വിദേശവസ്ത്രബഹിഷ്കരണം എന്ന ആശയം കൊണ്ടുവന്നതും നടപ്പിലാക്കിയതും. ഇത്തരത്തിൽ വസ്ത്രം എന്ന മാധ്യമത്തിലൂടെ വിദേശികൾക്ക് എതിരെ പ്രതിരോധം സൃഷ്ടിക്കുകയാണ് ഗാന്ധി ചെയ്തത്.

**ഉത്സവാഘോഷങ്ങൾ**

കേരളീയ ജീവിതത്തിന്റെ പ്രസരിപ്പ് പ്രത്യക്ഷപ്പെടുന്നത് ഉത്സവ

ങ്ങളിലാണ്. സാമൂഹികമായ കൂട്ടായ്മയുടെ ആവിഷ്ക്കാരങ്ങളായ ഒട്ടേറെ ഉത്സവങ്ങളുണ്ട്. മിക്ക കലകളും വളർന്നു വികസിച്ചതും ആവിഷ്കരിക്കപ്പെടുന്നതും ഉത്സവങ്ങളോടനുബന്ധിച്ചാണ്. ദേശകാലങ്ങൾക്കനുസരിച്ച് ഇത്തരം ആഘോഷങ്ങൾക്ക് വ്യത്യാസം ഉണ്ടായിരിക്കും. ദേശീയോത്സവങ്ങൾ, പ്രാദേശികോത്സവങ്ങൾ, ക്ഷേത്രോത്സവങ്ങൾ, കാർഷികോത്സവങ്ങൾ എന്നിങ്ങനെ ഉത്സവങ്ങളെ തരംതിരിക്കാം. ആഭരണങ്ങൾ, അലങ്കാരങ്ങൾ, വസ്ത്രങ്ങൾ, വാദ്യോപകരണങ്ങൾ, നൃത്തങ്ങൾ, ഗാനങ്ങൾ, സദ്യ തുടങ്ങിയവയെല്ലാം ഉത്സവാഘോഷത്തിന്റെ ഭാഗമായി കടന്നുവരുന്നതാണ്. ഇക്കാര്യങ്ങളിലെല്ലാം ശക്തമായ പാരമ്പര്യബോധം സൂക്ഷിക്കുന്നവരാണ് കേരളീയജനത. “കുടുംബത്തിനകത്തും പുറത്തുമുള്ള വ്യക്തിബന്ധങ്ങൾക്ക് ജൈവമായ അടുപ്പവും സാധുതയും നൽകുകയാണ് ഉത്സവങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സാമൂഹികധർമ്മം.” (ശശിധരൻ, 2000: 77) കേരളീയ സംസ്കാരത്തിന്റെ അവിഭാജ്യമണ്ഡലങ്ങളിലൊന്നാണ് വ്യത്യസ്തമതവിഭാഗങ്ങളുടെ ആഘോഷങ്ങളും ഉത്സവങ്ങളും. ഉച്ചനീചത്വങ്ങൾ വ്യാപകമായി നിലനിന്നിരുന്ന കാലത്തുപോലും ജാതിമതചിന്തകൾക്കതീതമായി ഇത്തരം ആഘോഷങ്ങളിൽ കേരളത്തിലെ സമസ്തജനങ്ങളും പങ്കുകൊണ്ടിരുന്നു. ദേവാലയങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങളും മതനിരപേക്ഷമായ ഉത്സവങ്ങളുമുണ്ട്.

ഓണമാണ് കേരളത്തിന്റെ ദേശീയോത്സവം. അതിനെ പുരസ്കരിച്ചുണ്ടായ ധാരാളം ഗാനങ്ങളും കലാരൂപങ്ങളും നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗമായി ഇന്നും നിലനിൽക്കുന്നു. കാർഷികോത്സവമായ വിഷുവിന്റെ പ്രധാനപ്പെട്ട ചടങ്ങാണ് ‘കണികാണൽ’. കൊന്നപ്പൂ മുതൽ കാർഷികവി

ഭവങ്ങളായ ചക്ക, മാങ്ങ, നാളികേരം, അടക്ക, വെറ്റില, നെല്ല് തുടങ്ങിയവ യെല്ലാം കണിക്കായി ഒരുക്കുന്നു. കാർഷിക സമൃദ്ധി കണികണ്ടുണരുന്ന ഒരു നല്ല നാളെയാണ് ഇതിലൂടെ പ്രതീകാത്മകമായി ചിത്രീകരിക്കുന്നത്. വിഷുവുമായി ബന്ധപ്പെട്ട മറ്റൊരു ആചാരമാണ് 'വിഷുകൈനീട്ടം' കൊടു ക്കുക എന്നുള്ളത്. ഈ പാരമ്പര്യത്തിന്റെ തുടർച്ച ഇന്നും കേരളസമൂഹം പിന്തുടരുന്നുണ്ട്.

ഹൈന്ദവേതര മതസ്ഥരിൽ പ്രധാനികളായ ക്രിസ്ത്യൻ, മുസ്ലീം വിഭാ ഗങ്ങളിലും ഉത്സവാഘോഷങ്ങളുണ്ട്. തിരുനാൾ, പെരുന്നാൾ, എന്നീ പേരുകളിലാണിതറിയപ്പെടുന്നത്. ക്രിസ്തുമസ്, ഓശാനഞായർ, ഈസ്റ്റർ, ദുഃഖവെള്ളി, മുഹറം, ബക്രീദ്, ബലിപെരുന്നാൾ തുടങ്ങിയവയ്ക്കെല്ലാം പ്രത്യേകമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഭക്ഷണക്രമങ്ങളുമുണ്ട്. ഇവയെല്ലാം വ്യത്യസ്തമായ പാരമ്പര്യങ്ങളാണ് കേരളസമൂഹത്തിന് സംഭാവന ചെയ്തത്.

ആഘോഷവും ഉത്സവങ്ങളും എല്ലാവരേയും ഏകോപിപ്പിക്കുന്ന ഒരു സവിശേഷ പ്രക്രിയയാണ്. ഓരോ ആഘോഷങ്ങൾക്ക് പിന്നിലും വ്യ ത്യസ്തമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരിക്കും. ഇവയെല്ലാം ലക്ഷ്യം വെക്കുന്നത് സ്ഥിരതയുള്ള സാംസ്കാരികപാരമ്പര്യം സൃഷ്ടിക്കാ നാണ്.

**നാടൻ കൈവേലകൾ**

യന്ത്രസംസ്കാരം അന്യമായിരുന്ന ഗ്രാമീണജനത അവർക്ക് ആവശ്യ മായ വസ്തുക്കൾ സ്വന്തമായി നിർമ്മിച്ചിരുന്നു. കൈവേലകളിൽ വൈവി

ധ്യമുള്ള ജനവിഭാഗങ്ങളായിരുന്നു ഇവിടെ ജീവിച്ചിരുന്നത്. മൺപാത്ര നിർമ്മാണം, പായമെടയൽ, കുട്ടനിർമ്മാണം, ചൂല് കെട്ടൽ, മരപ്പണി, ലോഹപ്പണി, ആഭരണനിർമ്മാണം, ഓട്ടുപാത്രനിർമ്മാണം തുടങ്ങിയ വയെല്ലാം ഭംഗിയായി കൈകാര്യം ചെയ്തിരുന്ന പ്രാഗ്ജനതയാണ് കേ രളത്തിൽ ഉണ്ടായിരുന്നത്. ഓരോ കൈവേലയുടെയും നിർമ്മാണവും വിതരണവും നടത്തിയിരുന്നത് പ്രത്യേക ജാതിക്കാരായിരുന്നു. പാരമ്പ ര്യരീതിയാണ് കുലത്തൊഴിൽ അടുത്ത തലമുറയ്ക്ക് കൈമാറിയിരുന്നത്. ഇക്കാര്യത്തിൽ ശക്തമായ പാരമ്പര്യബോധം പുലർത്തുന്നവരായിരുന്നു പ്രാഗ് ജനത. കുലത്തൊഴിലുകൾ മാറിചെയ്യുന്നത് വലിയ അപമാനമായി കരുതുന്നവരായിരുന്നു ഇവർ. കാർഷികവൃത്തിയുടെ അടിസ്ഥാനത്തിൽ ഉപജീവനം നടത്തിയിരുന്ന പ്രാഗ്ജനത ഇത്തരം കുലത്തൊഴിലാളിക ളെ സംരക്ഷിക്കുകയും അവർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം കല്പി ക്കുകയും ചെയ്തിരുന്നു. ഈ തൊഴിൽ പാരമ്പര്യം പിന്തുടരുന്ന ജനവിഭാഗ ങ്ങളെ കേരളീയഗ്രാമങ്ങളിൽ കണ്ടെത്തുവാൻ കഴിയും.

**വിശ്വാസം**

തലമുറകളായി കൈമാറിവരുന്ന നിരവധി വിശ്വാസങ്ങൾകൊണ്ട് സമ്പന്നമാണ് നമ്മുടെ നാട്. ജീവിതത്തിന്റെ സമസ്തമേഖലകളിലും ശക്ത മായ സ്വാധീനം ചെലുത്തുവാൻ പാരമ്പര്യവിശ്വാസങ്ങൾക്ക കഴിഞ്ഞിട്ടു ണ്ട്. അനുഷ്ഠാനം, ആചാരം, ഉപചാരം, ദേവതാപൂജ, മാന്ത്രികക്രിയകൾ, ഭക്ഷണവസ്തുക്കൾ, സ്നാനം, വസ്ത്രധാരണം, വിരുന്ന്, യാത്ര, ഔഷധപ്ര യോഗം, ചികിത്സ, ഭവനനിർമ്മാണം, ദീപം, കിടപ്പ്, സ്വപ്നം തുടങ്ങി

ജീവിതവുമായി ബന്ധപ്പെട്ട സർവ്വകാര്യങ്ങളിലും വിശ്വാസം, സ്വാധീനം ചെലുത്തുന്നുണ്ട്. രോഗങ്ങൾ, ദുരന്തങ്ങൾ, സാമൂഹിക സംഘർങ്ങൾ, ജയ പരാജയങ്ങൾ തുടങ്ങിയവയ്ക്കെല്ലാം പിന്നിൽ ഭൗതികാതീതശക്തികളാണ് പ്രവർത്തിക്കുന്നതെന്നും അവയെ പ്രീതിപ്പെടുത്തിയില്ലെങ്കിൽ ദുരന്തങ്ങൾ ആവർത്തിക്കുമെന്നുമുള്ള ധാരണയോടെയാണ് പഴയകാലത്തെ ഏതാണ്ട് എല്ലാ കൂട്ടായ്മകളും അവയുടെ ജീവിതധാരണകൾ സ്വരൂപിച്ചതും ആചാരാനുഷ്ഠാനങ്ങൾക്ക് രൂപം നൽകിയതും.

### കാർഷിക പാരമ്പര്യം

കൃഷി കേരളത്തിന്റെ സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും ഭാഗമായിരുന്നു. ഒരു കാലഘട്ടത്തിൽ കൃഷിയെ മാത്രം ആശ്രയിച്ചായിരുന്നു കേരളജനതയുടെ ജീവിതം. ധാന്യവിളകൾ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, നാണ്യവിളകൾ എല്ലാംതന്നെ കേരളത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ കൃഷി ചെയ്തിരുന്നു. അതുകൊണ്ട് തന്നെ കൃഷിയുമായി ബന്ധപ്പെട്ട നിരവധി പാരമ്പര്യ അറിവുകൾ കേരളസമൂഹം സ്വായത്തമാക്കിയിരുന്നു. എന്നാൽ ആധുനികതയുടെ കടന്നുകയറ്റം നമ്മുടെ ഇത്തരം അറിവുകളെയെല്ലാം പിൻതള്ളിക്കൊണ്ട് യന്ത്രസംസ്കാരത്തിലേക്ക് കുടിയേറി. ഈ കുടിയേറ്റം സാമ്പത്തികമായി കേരളത്തിലെ കൃഷിയെ ഉയർത്തിക്കൊണ്ടുവന്നെങ്കിലും രാസവളം, കീടനാശിനി, കളനാശിനി തുടങ്ങിയവയുടെ അധിക ചിലവ് സാമ്പത്തികമായും, ശാരീരികമായും കർഷകനെ തകർത്തു. വിഷമടിച്ച ഭക്ഷണം നമ്മുടെ തീൻമേശകളിൽ വിളമ്പാൻ നാം നിർബന്ധിതരായി. ഇതിൽ നിന്നെല്ലാം ഒരു മോചനമെ

ന്നോണം ജീവിതത്തിന്റെ മറ്റു മണ്ഡലങ്ങളിലെന്നപോലെ കൃഷിയിലും പാരമ്പര്യത്തനിമയിലേക്കുള്ള തിരിച്ചുപോക്ക് നമുക്ക് കാണാം. കാർഷിക സംസ്കാരത്തെ കുറിച്ചുള്ള പാരമ്പര്യ അറിവാണ് കർഷകനെ മുന്നോട്ട് നയിച്ചിരുന്നത്. കൃഷിയിറക്കേണ്ട മാസം, വിത്തിനങ്ങൾ, വളപ്രയോഗം, കീടനിയന്ത്രണമാർഗ്ഗങ്ങൾ തുടങ്ങിയവയെല്ലാം പാരമ്പര്യവഴിയ്ക്ക് കർഷകന് ലഭിച്ച അറിവുകളാണ്. ഓരോ വിത്തിനങ്ങളും നടേണ്ട കാലംപോലും കർഷകനു അറിയാമായിരുന്നു. തിരുവാതിരയും, ഞാറ്റുവേലയുമെല്ലാം ഇതിന്റെ ഭാഗമായിരുന്നു. നെല്ലും, കിഴങ്ങുവർഗ്ഗങ്ങളും, പയറിനങ്ങളുമെല്ലാം നടേണ്ട കാലത്തെ കുറിച്ച് മാത്രമല്ല, അവ എങ്ങനെ സൂക്ഷിക്കണം എന്നതിനെകുറിച്ചും, അവയെ കീടങ്ങളിൽനിന്ന് എങ്ങനെ സംരക്ഷിക്കണമെന്നതിനെക്കുറിച്ചുമെല്ലാം നിരവധി പാരമ്പര്യ അറിവുകൾ കർഷകനുണ്ടായിരുന്നു.

കീടനാശിനികളുടെയും, രാസവളങ്ങളുടെയും ഉപയോഗം മണ്ണിനെ മാത്രമല്ല മനുഷ്യനെയും നശിപ്പിക്കും എന്ന തിരിച്ചറിവ് ഒരു പരിധിവരെ പാരമ്പര്യകൃഷിരീതിയിലേക്ക് തിരിച്ചുവരാൻ കർഷകനെ പ്രേരിപ്പിക്കുന്നുണ്ട്. അതിന്റെ ഭാഗമായി ജൈവകൃഷിരീതിയിൽ വിശ്വാസമുള്ള ഒരു കൂട്ടം കർഷകർ പരമ്പരാഗത കൃഷിരീതി പിന്തുടരാൻ തുടങ്ങി. കൃഷി എന്നു പറയുമ്പോൾ ധാന്യങ്ങളും, കിഴങ്ങുകളും, പച്ചക്കറികളും മാത്രമല്ല മൃഗപരിപാലനവും കേരളത്തിന്റെ കാർഷികപാരമ്പര്യത്തിന്റെ ഭാഗമാണ്. പശു, ആട്, എരുമ, പോത്ത്, കോഴി, താറാവ്, കാട എന്നുവേണ്ട നിരവധി ജീവികളെ വളർത്തി അവയിൽനിന്ന് ഉപജീവനം നേടുന്ന ഒരുപാട് കർഷകർ കേരളത്തിലുണ്ട്. പാൽ, മുട്ട, മാംസം, എന്നിങ്ങനെ പല ഉപയോഗ

ങ്ങൾക്കായിട്ടാണ് നാം അവയെ പരിപാലിച്ചിരുന്നത്. നമ്മുടെ നാടിന്റെ കാലാവസ്ഥയ്ക്കും മറ്റും അനുയോജ്യമായ ജീവികളെയാണ് മുൻപ് പരിപാലിച്ചിരുന്നത്. എന്നാൽ അമിതലാഭം കൊയ്യുന്നതിനായി സങ്കരയിനവും, ഹൈബ്രീഡ് ജീവികളെയും വളർത്താൻ തുടങ്ങി. ഇറച്ചിക്കും, മുട്ടയ്ക്കുമായി വിദേശയിനങ്ങളെയും ബ്രോയ്‌ലർ ഇനങ്ങളെയും വളർത്തി സാമ്പത്തിക ലാഭം മാത്രം നോക്കുന്ന കർഷകനിലേക്ക് വളർന്നു. എന്നാൽ ഇത്തരം ഭക്ഷ്യവസ്തുക്കൾ മനുഷ്യനും പ്രകൃതിക്കും ദോഷം ചെയ്യുമെന്ന തിരിച്ചറിവിൽ കുറച്ച് കർഷകരെങ്കിലും പാരമ്പര്യമായി നാം വളർത്തിയിരുന്ന നാടൻ ജീവികളുടെ പരിപാലനം ഏറ്റെടുത്തിട്ടുണ്ട് എന്നത് ഇത്തരം കൃഷി രീതിക്ക് എതിരെ പാരമ്പര്യം സൃഷ്ടിക്കുന്ന ഒരു പ്രതിരോധമായി കണക്കാക്കാം. കൃഷിയുമായി ബന്ധപ്പെട്ട നിരവധി പഴഞ്ചൊല്ലുകളും കടങ്കഥകളും ജനസമൂഹത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്നുണ്ട്.

**പഴഞ്ചൊല്ലുകൾ**

"പാരമ്പര്യമായി പ്രയോഗത്തിലുള്ളതും ഉപദേശ സ്വഭാവമുള്ളതുമായ സംയുക്തപ്രസ്താവനയാണ് പഴഞ്ചൊല്ല്" (രാഘവൻ പയ്യനാട്, 1997: 275) വരുംതലമുറയിൽ മൂല്യബോധം ജനിപ്പിച്ച് സംസ്കാരസമ്പന്നമായ ജീവികളായി വളർത്താൻ പഴഞ്ചൊല്ലുകൾ സഹായിച്ചിട്ടുണ്ട്. തലമുറകളിലൂടെ ആർജ്ജിച്ച അറിവ് ഉചിതമായ സന്ദർഭത്തിൽ രസകരമായ രീതിയിൽ പഴഞ്ചൊല്ലിൽ അവതരിപ്പിക്കുന്നു. നിരവധി ആളുകളുടെ ജീവിതവീക്ഷണത്തിന്റെ ആകെ തുകയാണ് പഴഞ്ചൊല്ലുകളെന്ന് പൊതുവെ പറയാം.

സമൂഹത്തെയും അതിന്റെ ഓരോ ചലനത്തെയും വിമർശനബുദ്ധ്യാ

നോക്കിക്കാണുകയും അതിലെ സത്യത്തെ മനസ്സിലാക്കി ആ സത്യത്തെ വർത്തമാനകാലത്തിൽ ഉപയോഗപ്പെടുത്തുകയുമാണ് പഴഞ്ചൊല്ലിൽ ചെയ്യുന്നത്." (രാഘവൻ പയ്യനാട്, 1997: 275). "മുറുക്കിച്ചുവപ്പിച്ച് വെടി പറഞ്ഞും ചതുരംഗം കളിച്ചും കാലം കഴിക്കുന്ന നമ്പൂതിരിമാരും ഊട്ടന്വേഷിച്ചുനടക്കുന്ന പട്ടന്മാരും അധികാരവും ചെങ്കോലും ധരിച്ചു നാടുവാഴുന്ന രാജാക്കന്മാരും കാണംവിറ്റും ഓണമുണ്ണുന്ന ഇടത്തരക്കാരും എന്നും കുമ്പിളിൽ കഞ്ഞികുടിക്കുന്ന ദരിദ്രരും" (കർത്ത പി.സി, 1998: 12) പഴഞ്ചൊല്ലിൽ സ്ഥാനം പിടിക്കുമ്പോൾ അതു നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറുന്നു. പഴഞ്ചൊല്ലിന്റെ പ്രധാന സവിശേഷതകളിലൊന്നായി അതിന്റെ പാരമ്പര്യസ്വഭാവത്തെ പരിഗണിക്കാം. വാമൊഴിയായി പകർന്നുകിട്ടുന്ന വിശേഷബുദ്ധി ആവശ്യമുള്ള പഴഞ്ചൊല്ല് പാരമ്പര്യത്തിന്റെ സംവാഹകമാണ്. ഒരു ജനതയുടെ ചിന്ത, അറിവ് തുടങ്ങിയവയാണ് അടുത്ത തലമുറയിലേക്ക് പഴഞ്ചൊല്ല് രൂപത്തിൽ കൈമാറുന്നത്. "പ്രാക്തനമനുഷ്യന്റെ സന്തോഷവും സന്താപവും സൗന്ദര്യവും തത്വചിന്തയും സാമൂഹികബോധവും ക്ഷമയും ഔദാര്യവുമെന്നുവേണ്ട എല്ലാ വികാരങ്ങളും ചിന്തകളും പഴഞ്ചൊല്ലുകളിൽ നിഴലിച്ചുകാണാം." (വിഷ്ണു നമ്പൂതിരി, 1997: 61)

**നാടൻപാട്ടുകൾ**

വാമൊഴി പാരമ്പര്യത്തിൽ ഏറെ പ്രാധാന്യം അർഹിക്കുന്ന ഒരു സാഹിത്യരൂപമാണ് നാടൻപാട്ട്. നമ്മുടെ പൂർവ്വികരുടെ ജീവിതത്തെ യഥാതഥമായി മനസ്സിലാക്കാൻ നാടൻപാട്ടുകളെക്കാൾ ഉചിതമായ സാഹിത്യരൂപം വേറെയില്ലെന്നു കരുതാം. നാടൻപാട്ടിന്റെ ഉത്പത്തി ചരി

ത്തിന് പ്രാചീന മനുഷ്യന്റെ ചെയ്തികളോളം പഴക്കമുണ്ട്. മനുഷ്യൻ ജീവിതം കരുപ്പിടിപ്പിക്കാനായി നടത്തുന്ന പോരാട്ടത്തിന്റെ കഥകൂടിയാണ് നാടൻപാട്ടിന്റെ ശീലിലൂടെ ആവിഷ്കൃതമാകുന്നത്. അജ്ഞാതകർത്തൃകങ്ങളായ നാടൻപാട്ടുകൾ സമൂഹത്തിന്റെ സ്വത്തെന്ന നിലയിലാണ് ശ്രദ്ധാർഹമാകുന്നത്. കാലത്തിനനുസരിച്ച് മാറ്റത്തിനു വിധേയമാക്കുന്നവയാണ് അവ. ഉത്സവങ്ങൾ, ആഘോഷങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, മന്ത്രവാദം, വൈദ്യം, ജനനം, മരണം, ഭരണക്രമം, ഉച്ചനീചത്വങ്ങൾ, കാർഷികവൃത്തി, കളികൾ തുടങ്ങി മനുഷ്യജീവിതത്തിന്റെ സമസ്തത മേഖലകളെക്കുറിച്ചുമുള്ള അറിവ് പ്രദാനം ചെയ്യുവാൻ നാടൻപാട്ടുകൾക്ക് കഴിവുണ്ട്. “മാനവമനീഷയുടെ അകൃത്രിമവും ആത്മാർത്ഥവുമായ ഉത്പന്നമെന്ന നിലയിൽ നാടൻപാട്ടുകൾ സംസ്കാരത്തിന്റെ മൂലസ്രോതസ്സുകളായി വർത്തക്കുന്നു. തലമുറകളായി കടന്നുവരുന്ന അറിവിന്റെയും അനുഭവങ്ങളുടെയും സങ്കൽപ്പങ്ങളുടെയും രൂപരേഖകളെന്ന നിലയിൽ അവ എന്നെന്നും വിലപ്പെട്ടതാകുന്നു.” (വിഷ്ണു നമ്പൂതിരി, 1997: 61) മഹാപാരമ്പര്യം, ലഘുപാരമ്പര്യം എന്നീ സംസ്കാരധാരകളിൽ ലഘുപാരമ്പര്യത്തിന്റെ ഭാഗമാണ് നാടൻപാട്ടുകൾ. മഹാപാരമ്പര്യത്തിന്റെ സ്വാധീനത്തിൽപ്പെട്ട് അപ്രസക്തങ്ങളായ ലഘുപാരമ്പര്യത്തിന്റെ ആർജ്ജിതാനുഭവങ്ങളും അറിവുകളും സങ്കൽപ്പങ്ങളും വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോയി. ഫോക്‌ലോർ പഠനത്തിന്റെ ഭാഗമായി കേരളത്തിന് നഷ്ടമായിക്കൊണ്ടിരിക്കുന്ന നാടൻപാട്ടുകളെ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു. ഇതുവഴി നമ്മുടെ പാരമ്പര്യത്തെ കൂടി സംരക്ഷിക്കുകയാണ് ചെയ്യുന്നത്.

**അനുഷ്ഠാനങ്ങൾ**

പുരാതനകാലം മുതൽ ഭാരതത്തിൽ വ്യത്യസ്തമായ അനുഷ്ഠാനങ്ങൾ നിലനിന്നിരുന്നു. മതപരമായ ചടങ്ങുകൾ, കലാപരമായ ചടങ്ങുകൾ, ജനനം - മരണം എന്നിവയുമായി ബന്ധപ്പെട്ട ചടങ്ങുകളെല്ലാം ഇതിൽ ഉൾപ്പെടുന്നവയാണ്.

മതപരമായ ചടങ്ങുകളെ പരിശോധിക്കുകയാണെങ്കിൽ ഹിന്ദുമതാചാരത്തിൽ ഉൾപ്പെടുന്നവയാണ് അധികവും. ഒരു കുഞ്ഞിന് നൂലുകെട്ടുമുതൽ ആദ്യമായി ചോറ് കൊടുക്കുന്ന ചടങ്ങായ ചോറൂണിലൂടെ ഒരു വ്യക്തിയുടെ ജീവിതത്തിൽ അനുഷ്ഠാനങ്ങൾ കയറിക്കൂടുന്നു. അവൻ/അവൾ മുതിർന്നു കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനെ വിവാഹം എന്ന ചടങ്ങുമായി ബന്ധിപ്പിക്കുന്നു. മരണാനന്തരച്ചടങ്ങുകൾക്ക് വലിയ പ്രാധാന്യമാണ് ഭാരതീയർ കൽപ്പിക്കുന്നത്. മരണശേഷം അടുത്ത ജന്മത്തിലേക്ക് പോകുന്ന ആത്മാവിന് യാത്ര സുഗമമാക്കാനായി മൃതസംസ്കാരചടങ്ങുകൾ നടത്തുന്നു. ഇത്തരത്തിൽ നടത്തുന്ന ചടങ്ങുകളെല്ലാം അനുഷ്ഠാനത്തിന്റെ ഭാഗമാണ്.

ഇനി കലകളെ കുറിച്ചാണെങ്കിൽ കൂടിയാട്ടം, കഥകളി, ചാക്യാർകൂത്ത് തുടങ്ങിയവയെല്ലാം അനുഷ്ഠാനകലകളാണ്. ഇവക്കെല്ലാം ചടങ്ങുകളുമുണ്ട്. ഇത്തരത്തിൽ കൃത്യമായ ചട്ടക്കൂടുകളിൽ ഒതുങ്ങി നിൽക്കുന്നവയാണ് അനുഷ്ഠാനങ്ങൾ. ഇത് പാരമ്പര്യത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളെയാണ് കാഴ്ച വെക്കുന്നത്.

**ആചാരങ്ങൾ**

മനുഷ്യന്റെ സംസ്കാരം രൂപം കൊണ്ട കാലഘട്ടം മുതൽ ആരംഭിച്ച

വയാണ് ആചാരങ്ങൾ. വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ ആചരിച്ചു പോരുന്നതെന്തെല്ലാമാണോ അവയെ ആചാരങ്ങൾ എന്നാണു പറയുക. "വിശ്വാസങ്ങളും ആചാരങ്ങളുമൊക്കെ നമ്മുടെ നാട്ടുജീവിതത്തിന്റെ ഭാഗമാണ്. നഗരവത്കരണത്തോടെ നമുക്ക് നഷ്ടമാകുന്നത് കുറെയേറെ ആചാരങ്ങളും വിശ്വാസങ്ങളുമാണ്." (രാഘവൻ പയ്യനാട്, 1997: 350) പല മതങ്ങളിലും ആചാരങ്ങൾക്കടിസ്ഥാനമായിട്ടുള്ളത് മതഗ്രന്ഥങ്ങളിലെ സംഭവങ്ങളോ കഥകളോ ഉപദേശങ്ങളോ ആണ്. എന്നാൽ ഭാരതത്തിൽ നിലനിൽക്കുന്ന ആചാരങ്ങൾക്ക് വ്യക്തമായ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. ദേശ-കാലാടിസ്ഥാനത്തിൽ അനുഷ്ഠിക്കുന്ന ഈ ആചാരങ്ങളിൽ അന്തർലീനമായിരിക്കുന്ന സന്ദേശം വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ശാശ്വതമായ നന്മയും ഉയർച്ചയുമാണ്. നിത്യജീവിതത്തിൽ അറിഞ്ഞും അറിയാതെയും നാം അനേകം ആചാരങ്ങൾ അനുഷ്ഠിക്കുന്നുണ്ട്. വ്യക്തിയുടെ സമഗ്രമായ ആരോഗ്യമാണ് ആചാരങ്ങളുടെ ലക്ഷ്യം. മനുഷ്യൻ പലപ്പോഴും അറിയാതെ ചെയ്യുന്ന ആചാരങ്ങളിൽനിന്ന് മുക്തനല്ല. അതിനാൽ ശുദ്ധ ഭൗതികവാദികളും നിരീശ്വരവാദികളും ആചാരാനുഷ്ഠാനത്തിന്റെ വലയത്തിൽനിന്ന് പുറത്തല്ല. ആചാരങ്ങൾക്ക് ഉദാഹരണം പറയുകയാണെങ്കിൽ ഗുരുക്കന്മാർ, മുതിർന്നവർ തുടങ്ങിയവരോടുള്ള ആദരസൂചകമായ വന്ദനം, ഭൂമിയെ തൊട്ടുവന്ദിക്കുക, വിവാഹത്തിന് മാലയിടുക, കാലിൽ നമസ്കരിക്കുക തുടങ്ങിയവയെല്ലാം ആചാരമാണ്. അനേകം ആചാരങ്ങൾ ഈ കാലഘട്ടത്തിലും നാം അനുഷ്ഠിച്ചുപോരുന്നു. പുതിയവ രൂപം കൊള്ളുന്നു. സമൂഹജീവിതത്തിലെ അച്ചടക്കത്തിനും കെട്ടുറപ്പിനുമായി മനുഷ്യൻ മനുഷ്യനുവേണ്ടി

നിർമ്മിച്ചവയാണ് ആചാരങ്ങൾ എന്ന പൊതുവെ പറയാം.

ആചാരങ്ങളെ സദാചാരം, ദുരാചാരം, അനാചാരം എന്നിങ്ങനെ വേർതിരിക്കാറുണ്ട്. ആചാരങ്ങളെ വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം എന്നിവയിൽനിന്ന് ലഭിക്കുന്ന ഫലങ്ങളുടെ അടിസ്ഥാനത്തിൽ വിഭജിക്കാവുന്നതാണ്. ആധുനിക കാലഘട്ടത്തിലും ശാശ്വതമായ സത്ഫലം നൽകുന്ന ആചാരങ്ങളാണ് സദാചാരങ്ങൾ. താത്ക്കാലികമായ നന്മകൾ നൽകുകയും സ്ഥിരമായി മോശം അവസ്ഥ സൃഷ്ടിക്കുകയും ചെയ്യുന്ന ആചാരങ്ങളെ ദുരാചാരം എന്നുപറയുന്നു. അതത് ദേശത്തിനും കാലത്തിനും യോജിക്കാത്തതും, സമൂഹത്തിനു പ്രയോജനമില്ലാത്തതുമായ ആചാരങ്ങൾ മുൻകാലങ്ങളിൽ അനുഷ്ഠിച്ചിരുന്നു എന്നതുകൊണ്ടുമാത്രം ആചരിച്ചുപോരുകയാണെങ്കിൽ അതിനെ അനാചാരം എന്നുപറയുന്നു.

**ദേശീയതയും മലയാളസാഹിത്യവും**

ദേശരാഷ്ട്രത്തിനും ദേശീയതയ്ക്കും ആവശ്യം ക്രമീകൃതവും ചിട്ടപ്പെടുത്തിയതുമായ അനുഭൂതി വിശേഷണങ്ങളാണ്. ഈ ആവശ്യത്തെ തൃപ്തിപ്പെടുത്താനുള്ള ശ്രമങ്ങളാണ് സ്വാതന്ത്ര്യപ്രാപ്തിക്ക് തൊട്ടുമുൻപും പിൻപുമായുള്ള മലയാളസാഹിത്യം നടത്തുന്നത് മാനവികതാവാദം, സാർവ്വദേശീയത, സ്വാതന്ത്ര്യവാഞ്ഛ, പുരോഗമനപരം എന്നിങ്ങനെ ജ്ഞാനോദയാധുനികതയുടെ അടിസ്ഥാനങ്ങൾ തന്നെയാണ് ഈ കാലഘട്ടത്തിലെ കവിതയിൽ പ്രമേയതലത്തിൽ വർത്തിക്കുന്നത്.

മലയാളത്തിൽ ദേശീയതാ സാഹിത്യം കുമാരനാശാനിലൂടെ ആരംഭിച്ച് വള്ളത്തോളിലൂടെ ശക്തിപ്രാപിച്ചു. ഭാരതത്തിന്റെ സംസ്കാരവും ദേശീയബോധവും ഉയർത്തിപ്പിടിച്ച വള്ളത്തോൾ നാരായണമേനോൻ മലയാ

ളത്തിന്റെ ദേശീയകവിയായി മാറി.

വള്ളത്തോളിന്റെ ദിവാസ്വപ്നം എന്ന കവിതയിലെ

"ഭാരതമെന്ന പേർ കേട്ടാലഭിമാന-

പൂരിതമാകണമന്തരംഗം

കേരളമെന്നു കേട്ടാലോ തിളയ്ക്കണം

ചോര നമുക്ക് ഞരമ്പുകളിൽ"

എന്ന വരികളിലൂടെയാണ് ഒരു കാലത്ത് യുവജനത സ്വാതന്ത്ര്യം എന്ന സ്വപ്നം കണ്ടത്.

"വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ

വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ"

എന്നു തുടങ്ങുന്ന കവിതയിൽ തന്റെ രാജ്യം വെറുമൊരു രാജ്യമല്ലെന്നും അത് സ്വയം അമ്മയായി വണങ്ങേണ്ട ദിവ്യപ്രഭാവമാണെന്നും കവിതയിൽ എഴുതിയ അന്നത്തെ മഹാരഥന്മാർക്ക് ഒപ്പമാണ് വള്ളത്തോളും ജീവിച്ചിരുന്നത്. 'എന്റെ ഗുരുനാഥൻ' തുടങ്ങിയ ധാരാളം കവിതകളിൽ ദേശീയതാപരിപ്രേക്ഷ്യം ദൃശ്യമാകുന്നതുകാണാം. എന്നാൽ ഇന്നത്തെ കാലത്ത് ഈ കവിതകൾ വായിക്കപ്പെടുമ്പോൾ ഒരുപക്ഷേ ഈ വരികളുടെ (കവിതകളുടെ) ഉടമസ്ഥരെ ഭൂരിപക്ഷ സവർണ്ണ പ്രതിനിധി എന്നൊക്കെ വിശേഷിപ്പിക്കാം. എന്നാൽ സി.വി. രാമൻപിള്ളയിലും ഉള്ളൂരിലും രാജകേന്ദ്രിതമായ ഒരു തിരുവിതാംകൂർ ദേശീയതയാണ് നിലനിന്നിരുന്നത്. ദേശീയതയുടെ യഥാർത്ഥ വരേണ്യസ്വഭാവം ഇവരുടെ കൃതികളിൽനിന്ന് പ്രത്യക്ഷത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇവരിൽനിന്നും തികച്ചും വ്യത്യസ്തമായാണ് ദേശീയതയെ വള്ളത്തോൾ അവതരിപ്പിച്ച

ത്. സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ ഉപയോഗം തിരിച്ചറിയാൻ കഴിയുന്ന ഒരാൾക്ക് വള്ളത്തോൾ കവിതയെ വരേണ്യതരമായി വായിച്ചെടുക്കാൻ സാധിക്കും.

നവോത്ഥാനാധുനികതയുടെ ഭാവനാമണ്ഡലമാണ് ആധുനിക മലയാളസാഹിത്യത്തെ നിർമ്മിക്കുന്നത്. കാല്പനികതയുടെ അന്ത്യഘട്ടം എന്ന് അതിനെ വിളിക്കാം. കേരള രൂപവത്കരണത്തിന് തൊട്ടുമുൻപ് മുതൽ - നവോത്ഥാനത്തിന്റെ രണ്ടാംഘട്ടം തൊട്ട് 1960 വരെയുള്ള സാഹിത്യഘട്ടം പൊതുവിൽ സ്വീകരിച്ച വിചാരമണ്ഡലം ദേശീയവാദപരവും, കീഴാളജനകീയവുമായ ഭാവനയുടേതാണ്.

"തുടുവെള്ളാമ്പൽ പൊയ്കയല്ല ജീവിതത്തിന്റെ
കടലേ കവിതയ്ക്ക് ഞങ്ങൾക്ക് മഷിപ്പാത്രം
ഹാ വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ" (വൈലോപ്പിള്ളി)

മനുഷ്യജീവിതമാണ് കവിതക്ക് വിഷയമാകേണ്ടത് എന്ന് ഉറക്കെ വിളിച്ചോതുന്നതായിരുന്നു ഈ ഘട്ടം. വാസ്തവത്തിൽ ലിബറൽ സമൂഹത്തിന്റെ അടിത്തറ വ്യക്തിബോധമാണ്. ഇടതുപക്ഷ ചിന്താഗതിയായിരുന്നു ഇവരിൽ ഭൂരിഭാഗവും വെച്ചുപുലർത്തിയിരുന്നത്. നോവലിലും ചെറുകഥയിലും ഈ മാറ്റം കാണാമായിരുന്നു. പോത്തേരി കുഞ്ഞമ്പുവിന്റെ *സരസ്വതി വിജയ*ത്തിലും തകഴി ശിവശങ്കരപ്പിള്ളയുടെ *തോട്ടിയുടെ മകനി*ലും ബഷീറിന്റെ *ശബ്ദങ്ങളി*ലും വരേണ്യദേശീയത പാർശ്വവത്ക്കരിച്ച കീഴാളന്റെ ജീവിതരേഖ കാണാം. ചെറുകഥകളും ഈ ആശയങ്ങൾ ഉൾക്കൊണ്ടെഴുതിയവയായിരുന്നു. *തകഴിയുടെ* വെളുത്തകുഞ്ഞ്, സ്വത്തുകാരുടെ

നാട്ടിൽ, ദേവിന്റെ നിക്ഷേപം, ഘോഷയാത്ര, ആലപ്പുഴയ്ക്ക്, വർക്കിയുടെ ചാത്തന്റെ മകൾ, ഇടിവണ്ടി, വാഴവെട്ട്, അച്ഛൻ കൊമ്പത്ത് പൊറ്റെക്കാട്ടിന്റെ വിപ്ലവബീജം, വല്ലികാദേവി തുടങ്ങിയ കഥകളിലെല്ലാം കീഴാള ദേശീയതാപരിപ്രേക്ഷ്യം കാണാം.

നവോത്ഥാനകാലത്തിനുശേഷം ഉയർന്നുവന്നതാണ് 'ആധുനികതാവാദം' 1960 ന് ശേഷം വന്ന ഈ പ്രസ്ഥാനം ദേശരാഷ്ട്രീയത്തിൽ വിശ്വസിച്ച ദേശീയതയുടെ ലക്ഷ്യങ്ങളുമായി ഐക്യപ്പെട്ട ഈ വർഗ്ഗത്തിന്റെ പരാജയബോധത്തിൽനിന്നാണ് സാഹിത്യസൃഷ്ടികൾ രൂപം കൊണ്ടത്. അയ്യപ്പപ്പണിക്കരുടെ കുരുക്ഷേത്രമാണ് ഈ വിച്ഛേദത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത് എന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. കവിതയിൽ അയ്യപ്പപ്പണിക്കർ, എൻ.എൻ. കക്കാട്, മാധവൻ അയ്യപ്പത്ത്, ആറ്റൂർ രവിവർമ്മ, കടമ്മനിട്ട, സച്ചിദാനന്ദൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, കെ.ജി. ശങ്കരപ്പിള്ള എന്നിവരിലൂടെയും നോവൽ, ചെറുകഥ എന്നീ മേഖലയിൽ വി.കെ. എൻ., ഒ.വി.വിജയൻ, സേതു, പുനത്തിൽ കുഞ്ഞബ്ദുള്ള, സക്കറിയ, മുകുന്ദൻ, എം. സുകുമാരൻ, യു.പി. ജയരാജ് തുടങ്ങിയവരിലൂടെയും ആധുനികതാവാദത്തിന്റെ കലാപം പൊട്ടിപ്പുറപ്പെട്ടു.

വ്യക്തി, യുക്തി, സത്യം എന്നീ ആധുനികതയുടെ മൂന്ന് അടിസ്ഥാന പ്രമാണങ്ങളെയാണ് ആധുനികതാവാദം ചോദ്യം ചെയ്തത്. ഒ.വി. വിജയന്റെ *ഖസാക്കിന്റെ ഇതിഹാസം* എന്ന നോവലിൽ മിത്തുകളുടെയും, അന്ധവിശ്വാസങ്ങളുടെയും പ്രതിനിധിയായാണ് രവി എത്തുന്നത്. ഇവ തമ്മിലുള്ള സംഘർഷമാണ് ഒരിക്കലും വരാത്ത ബസ്സിനായി അയാൾ കാത്ത് കിടക്കുന്നത്. മുകുന്ദന്റെ നോവലുകളിലും വ്യക്തിബോധത്തെ ശി

ഥിലമാക്കാനുള്ള ശ്രമങ്ങൾ കാണാം. ആധുനിക ലോകത്തിന്റെ അക്രമങ്ങൾക്കെതിരായി നീങ്ങുന്ന തരത്തിലാണ് ആനന്ദിന്റെ നോവലുകൾ. എന്നാൽ വി.കെ.എന്നിനെ പോലെയുള്ളവർ ദേശീയത എന്ന വരേണ്യ വ്യവസ്ഥിതിയെ ഗ്രാമീണജനതയുടെ ചിഹ്നങ്ങൾക്കൊണ്ട് ഹാസ്യവത്ക്കരിക്കാനാണ് ശ്രമിച്ചത്.

ആധുനികതാവാദത്തിന്റെ രണ്ടാംഘട്ടത്തിൽ യൂറോപ്യൻ ഇടതുപക്ഷത്തെ അനുകരിച്ചുകൊണ്ടുള്ള ചുവന്ന ആധുനികത 1970 കളോടെ നമ്മുടെ സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു. ദേശരാഷ്ട്രത്തിന്റെയും ദേശീയതയുടെയും ഇടതുപക്ഷപ്രസ്ഥാനത്തിന്റെയും അപചയം ഇവിടെ വിഷയമായി. കെ.ജി.ശങ്കരപ്പിള്ള, ആറ്റൂർ, സച്ചിദാനന്ദൻ, പട്ടുത്തുവിള, കടമ്മനിട്ട, കെ.ജെ. ബേബി തുടങ്ങിയവർ ഈ രീതിയിൽ രചന നിർവ്വഹിച്ചവരാണ്. ആറ്റൂർ കവിതകളിൽ ദ്രാവിഡസൗന്ദര്യശാസ്ത്രത്തോടുള്ള ചേർന്നുനിൽപ്പും കെ.ജി.എസ്സിൽ പാരിസ്ഥിതികത മുതൽ അന്യതാബോധംവരെയുള്ള രാഷ്ട്രീയചോദ്യങ്ങളും നിറഞ്ഞുനിൽക്കുന്നു. കടമ്മനിട്ട ചൊൽക്കാഴ്ചകൾ കൊണ്ടിളക്കിമറിച്ചത് വരേണ്യമായ ഒരു സൗന്ദര്യസങ്കൽപ്പത്തെ തന്നെയായിരുന്നു. ഉത്തരാധുനിക ദേശീയതയിൽ ദേശം എന്നതിന്റെ പ്രാധാന്യം നഷ്ടപ്പെടുകയും സ്വത്വനിർമ്മിതി ബോധത്തിൽനിന്ന് അത് വിട്ടകന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. വ്യക്തി ഏറ്റവും ഔന്നത്യത്തിലേക്ക് കുതിക്കുമ്പോൾ ദേശീയത, രാഷ്ട്രം എന്നിവയൊക്കെ രണ്ടാംതട്ടിലേക്ക് താഴുന്നു. അപരനെ അടിച്ചമർത്താനുള്ള ഉപകരണമായി ദേശീയത പരിണമിക്കുമ്പോൾ ലോകം ആഗോളവത്ക്കരണത്തിലേക്ക് വളരുകയും ദേശീയതയുടെ പ്രാധാന്യം നഷ്ടമാകുകയും ചെയ്യുന്നു.

ആഗോളവത്ക്കരണം സോഷ്യൽ മീഡിയയിലൂടെയും നവലിബറൽ സാമ്പത്തികവത്ക്കരണത്തിലൂടെയും ദേശീയതയ്ക്ക് പ്രതിസന്ധികൾ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. ഈ ഘട്ടത്തിലാണ് മലയാളസാഹിത്യത്തിൽ മുകുന്ദന്റെ 'ആദിത്യനും രാധയും മറ്റു ചിലരും', എൻ. പ്രഭാകരന്റെ 'ആവേദകൻ', വി.എസ്. സുനിൽകുമാറിന്റെ 'പുതിയ ഇനം ജീവികൾ' സന്തോഷ് ഏച്ചിക്കാനത്തിന്റെ 'കൊമാല' തുടങ്ങിയ രചനകൾ കടന്നുവരുന്നത്. ഉത്തരാധുനിക സാഹിത്യത്തിൽ ദളിത്, കീഴാള, പാരിസ്ഥിതിക സ്ത്രീ സാഹിത്യങ്ങൾ വെവ്വേറെ വായിക്കപ്പെടുന്നു. വരേണ്യസൗന്ദര്യസങ്കൽപ്പങ്ങൾ ഭാവ-രൂപ-പ്രമേയപരമായി നേർക്കുനേർ ചോദ്യം ചെയ്യപ്പെടുന്നത് ആധുനികാനന്തര സാഹിത്യത്തിലാണ്. "വെള്ളം എത്ര ലളിതമാണെന്ന്" എസ്. ജോസഫ് എഴുതുമ്പോൾ തകർന്നുവീഴുന്നത് തീർത്ഥവും ജലവുമാണ്. പര്യായപദം എന്നതിലുപരി വരേണ്യമായ ചിഹ്നങ്ങളെയാണ് ആധുനികാനന്തര സാഹിത്യം പൊളിച്ചെഴുതുന്നത്.

സമകാലിക ചർച്ചകളിൽ ഇന്ത്യൻ സാമൂഹ്യവ്യവസ്ഥയിൽ 'ദേശീയത' എന്ന സംജ്ഞ വലിയരീതിയിൽ പ്രശ്നവത്ക്കരിക്കപ്പെടുന്നുണ്ട്. അത്തരം പ്രശ്നവൽക്കരണത്തിന്റെ സാഹചര്യത്തിൽ എൻ.വി.കവിതകളെ പുനർവായനയ്ക്ക് വിധേയമാക്കുക എന്നത് പ്രസക്തമാണ്.

## അദ്ധ്യായം 3

# സാഹിത്യവും പ്രതിരോധവും

ഒരു സമൂഹത്തിൽ സംസ്കാരത്തിന്റെ പ്രധാന ചിഹ്നങ്ങളാണ് ഭാഷയും സാഹിത്യവും. ഭാഷ, സാഹിത്യം, കല, ചരിത്രം എന്നിങ്ങനെയുള്ള സാംസ്കാരികധാരകൾ ഒരു സമൂഹത്തിന്റെ സർഗ്ഗാത്മക പ്രതിരോധത്തിന്റെ ഉറവിടങ്ങളാണ്. പ്രതിരോധം എന്ന പദം സാഹിത്യത്തിൽ ആദ്യമായി ഉപയോഗിച്ചുകാണുന്നത് പാലസ്തീനിയൻ എഴുത്തുകാരനും വിമർശകനുമായ ഘസ്സൻ കനഫാനി (Ghassan Kanafani) യുടെ 1966 ൽ പ്രസിദ്ധീകരിച്ച *Literature of Resistance in Occupied Palestine (1948-1966)* എന്ന പഠനത്തിലത്രേ. (സീന, 2014: 15). (അധിനിവേശക സാഹിത്യം, പ്രതിരോധ സാഹിത്യം എന്നിങ്ങനെ രണ്ടുതരം സാഹിത്യത്തെക്കുറിച്ചാണ് കനഫാനി പറയുന്നത്. 1987-ൽ 'ജൂൺ യുദ്ധ'ത്തിന് തൊട്ടുമുൻപാണ് ഈ പഠനം തയ്യാറാക്കുന്നത്. ഈജിപ്തിലെയും ജോർദ്ദാനിലെയും പട്ടാളക്കാരുടെ ഇസ്രയേലി പട്ടാളത്തിനുമുൻപിലുള്ള കീഴടങ്ങലും ജോർദ്ദാൻ പുഴയുടെ പടിഞ്ഞാറൻ തീരങ്ങളും, ഗാസാമേഖലകളും പിടിച്ചെടുത്ത് അധിനിവേശപ്രദേശങ്ങളാക്കി മാറ്റിയതും ആയിരുന്നു യുദ്ധത്തിന്റെ ഫലം. കനഫാ

നിയുടെ ഈ പഠനം അധിനിവേശത്തിന്റെയും നാട്ടുകടത്തലിന്റെയും കാലത്ത് വരുന്നതാണ്. അതുകൊണ്ടുതന്നെ ഔദ്യോഗിക നടപടികളിൽ കുടുങ്ങി അവഗണിക്കപ്പെട്ടതിനിടയിൽ അധിനിവേശ പാലസ്തീനിന്റെ അതിർത്തികൾക്കുള്ളിലായിരുന്നു ഈ രചന. ഇസ്രയേൽ അധിനിവേശത്തിനുകീഴിൽ പലസ്തീനിയൻ സാഹിത്യ നിർമ്മാണത്തിന്റെ നിലനില്പും ഭൗതിക സാഹചര്യങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ രചനകളിലെ പ്രധാന വിഷയം. സാംസ്കാരിക കോട്ട (Cultural Siege) എന്നാണ് ഈ അധിനിവേശത്തെ കനഫാനി വിളിച്ചിരുന്നത്.

"ഘസ്സൻ കനഫൻ ഒരു പ്രത്യേക ചരിത്രസാഹചര്യത്തിൽനിന്നുണ്ടായി എന്നതുകൊണ്ടുതന്നെ, പാലസ്തീനിയൻ സാഹിത്യം പ്രതിരോധ സാഹിത്യമാവുന്നതിന്റെ ചരിത്രസാഹചര്യത്തെപ്പറ്റി, ആഫ്രിക്കയിലേയും മദ്ധ്യ-തെക്കൻ അമേരിക്കയിലേയും, മദ്ധ്യവിദൂര കിഴക്കിലേയും പടിഞ്ഞാറൻ സാമ്രാജ്യത്വ അധിനിവേശങ്ങൾക്കെതിരെയുണ്ടായ സമകാലിക ദേശീയ വിമോചനസമരങ്ങളുടെ സാഹചര്യം എന്നാണ് പറയുന്നത്. ഈ ചരിത്രസാഹചര്യത്തിന്റെ വേഗതയും പ്രത്യേകതയും വെളിവാക്കിയത്, സാമാന്യമായും, കൃത്യമായും 'പ്രതിരോധ സാഹിത്യം', അല്ലെങ്കിൽ പൊതുവായി പറഞ്ഞാൽ 'മൂന്നാംലോക സാഹിത്യം' നിർവ്വഹിക്കേണ്ട പങ്കാണ്." (Althusser, 1967: 14)

നമുക്കുചുറ്റും നടക്കുന്ന അധികാരത്തിന്റെയും അനീതിയുടെയും അടയാളങ്ങളോടുള്ള പോരാട്ടം തന്നെയാണ് പ്രതിരോധം. സംസ്കാരങ്ങൾക്കിടയിലെ വ്യത്യസ്തകളെ അംഗീകരിക്കുക, അധീശത്വത്തിനെതിരായി സർഗ്ഗാത്മകമായി പ്രതികരിക്കുക, സംസ്കാരത്തിന്റെ ഉപദാനങ്ങളെയെല്ലാം

പ്രതികരണസജ്ജമാക്കി പുതുക്കുക എന്നിങ്ങനെ ഒട്ടനവധി ലക്ഷ്യങ്ങളാണ് ഭാഷയിലും സാഹിത്യത്തിലുമുള്ള പ്രതിരോധസംസ്കാരം മുന്നോട്ടുവെക്കുന്നത്.

"നമ്മുടെ ഓർമ്മയെയും ഭൂതകാലത്തെയും ചിതറിത്തെറിപ്പിക്കുകയാണ് പുതിയ അധികാരമുഖങ്ങൾ. മറവി, മുൻവിധി, വൈകാരികത, മനുഷ്യത്വരാഹിത്യം എന്നീ ഗുണങ്ങളിലാണ് ഫാസിസം നിലയുറപ്പിക്കുന്നതെന്നും അതിനെ ചെറുക്കാനുള്ള വഴി ഓർമ്മ, യുക്തിബോധം, മാനവികത, ചരിത്രപരമായ വിശകലനരീതി എന്നിവയാണെന്നും സംസ്കാരത്തിന്റെ സംഘർങ്ങൾ എന്ന ഗ്രന്ഥത്തിൽ കെ.ഇ.എൻ. (2012: ....) രേഖപ്പെടുത്തുന്നു."

ഇന്ത്യയെപോലൊരു രാജ്യത്ത് പ്രതിരോധത്തിന്റെ പൊതുവായ ലക്ഷ്യം ജനാധിപത്യത്തെ ജനാധിപത്യമായി നിലനിർത്തുക എന്നതാണ്. ഇന്നത് സർവ്വാധികാരവും പുരുഷാധികാരവും സവർണ്ണാധികാരവും മതാധികാരവും മൂലധനാധികാരവുമൊക്കെയായി ചേർന്നു പോകുന്ന അവസ്ഥയാണ്. അതിനെതിരായി സ്ത്രീകൾ, ദളിതർ, ആദിവാസികൾ, ന്യൂനപക്ഷങ്ങൾ, കർഷകർ, തൊഴിലാളികൾ, കലാകാരന്മാർ, എഴുത്തുകാർ തുടങ്ങി എല്ലാ വിഭാഗങ്ങളുടെയും ചെറുത്തുനിൽപ്പിന്റെ ആകെത്തുകയാണ് പ്രതിരോധം എന്ന് പൊതുവായി പറയാം. അടിസ്ഥാനപരമായി മനുഷ്യരെ ഒന്നിപ്പിക്കുന്ന പരികൽപ്പനയാണ് പ്രതിരോധം. അധികാരത്തോട് സത്യം പറയാനുള്ള പ്രയത്നമാണ് പ്രതിരോധത്തിന്റെ കാതൽ. ഈ പ്രതിജ്ഞാബദ്ധതയിൽനിന്നാണ് സാഹിത്യവും അതിന്റെ പ്രതിരോധ ഊർജ്ജം ആർജ്ജിക്കുന്നത്.

**പ്രതിരോധവും സിദ്ധാന്തവും**

അധികാരത്തിന്റെ വിനിയോഗം പലപ്പോഴും അത് പ്രയോഗിക്കപ്പെട്ടുന്നവരിൽ നിന്നും വ്യവസ്ഥിതിക്കെതിരെയുള്ള ഒരു കലാപം ഉൽപ്പാദിപ്പിക്കുന്നു. ഈ പ്രവർത്തനത്തെ പ്രതിരോധം എന്നുപറയുന്നു. ഫൂക്കോയുടെ അഭിപ്രായത്തിൽ അധികാരംതന്നെ പ്രതിരോധത്തെ സൃഷ്ടിക്കുന്നു, അതായത് അദ്ദേഹം നിരീക്ഷിക്കുന്നത് പ്രതിരോധം അധികാരത്തിനുള്ളിൽ തന്നെ അടങ്ങിയിരിക്കുന്നതായാണ്. അത് വ്യവസ്ഥയുടെ ഒരു ഭാഗവുമാണ്. ഫൂക്കോയെ സംബന്ധിച്ചിടത്തോളം അധികാരത്തിനു പുറത്തായി ഒന്നുമില്ല. ഫൂക്കോയുടെ സിദ്ധാന്തങ്ങളിൽ മാർക്സിയൻ ഡയലക്ടിസിലെ വർഗ്ഗസമരം, ചരിത്രത്തിന്റെ മുന്നോട്ടുള്ള ചലനം എന്നിവയൊക്കെ പ്രതിരോധ- അധികാരത്തിലടങ്ങിയിരിക്കുന്ന ഒന്നായതുകൊണ്ടുതന്നെ അപ്രസക്തമാണ് എന്ന് നിരീക്ഷിക്കുന്നു (Geoff Danaher, Tony Schirato, Jen Webb, 2001: 76). ഏറ്റവും ലളിതമായി പ്രതിരോധസംസ്കാരത്തെ ഇങ്ങനെ നിർവ്വഹിക്കാം. "സമൂഹത്തിലും ലോകത്തും നിലനിൽക്കുന്ന അധികാരത്തിന്റെയും അധിനിവേശത്തിന്റെയും അടയാളങ്ങളെ പ്രതിരോധിക്കുന്നതും പോരാട്ടത്തിന്റെ ശൈലി ഉൾക്കൊള്ളുന്നതുമായ സർഗാത്മകരീതികളെ പ്രതിരോധസംസ്കാരം എന്നുപറയാം.

പാരമ്പര്യ സാംസ്കാരികചിന്തകന്മാരായിരുന്ന മാത്യു ആർനോൾഡ്, ടി.എസ്. എലിയറ്റ്, എഫ്.ആർ. ലീവിസ് തുടങ്ങിയവർ സംസ്കാരത്തെ വിശകലനം ചെയ്തിരുന്നത് ഭാഷയിലും സാഹിത്യത്തിലും കലയിലുമുള്ള ഉദാത്ത മാതൃകകളെ അവലംബിച്ചായിരുന്നു.

കലയിലും സാഹിത്യത്തിലും ഉദാത്തഘടകങ്ങൾ നിർണ്ണയിക്കുന്നതിൽ സാമൂഹികാധീശത്വം പുലർത്തിയ സംസ്കാരങ്ങൾ ബോധപൂർവ്വമായ ഇടപെടലുകൾ നടത്തിയത് കാണാം. ഉദാഹരണത്തിന് ഇന്ത്യയിൽ ആര്യന്മാർ സാംസ്കാരികാധിനിവേശം നടത്തിയ കാലങ്ങളിൽ സംസ്കൃതം ദേവഭാഷയെന്ന നിലയിൽ മഹത്വം കൽപ്പിക്കപ്പെട്ടിരുന്നു. എന്നാൽ ഇന്ത്യ ബ്രിട്ടീഷ് അധിനിവേശത്തിനു കീഴിലായപ്പോൾ ഇംഗ്ലീഷ് ഭാഷ പ്രധാനഭാഷയായി. പിൽക്കാലത്ത് ഈ ഭാഷയിൽ വിദ്യാഭ്യാസം നടത്തേണ്ടത് അത്യാന്താപേക്ഷിതമായിമാറി. അതുപോലെത്തന്നെ അധിനിവേശാനന്തരം സാംസ്കാരികാന്തരീക്ഷത്തിൽ പല ഘടകങ്ങളും അധീശത്വത്തിന്റെയും പ്രതിരോധത്തിന്റെയും അടയാളങ്ങളായി മാറുന്നത് കാണാം. അതിലൊന്നാണ് മുഖ്യധാരാവ്യവഹാരം. പാർശ്വവത്കൃതവ്യവഹാരം എന്ന ശ്രേണീകരിക്കപ്പെട്ട ഘടനയിൽ അടങ്ങിയിരിക്കുന്നത്. പെരുമാറ്റരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, വേഷവിധാനങ്ങൾ, ശാരീരികചലനങ്ങൾ, ഭക്ഷണശീലങ്ങൾ എന്നുവേണ്ട സൂക്ഷ്മമായി പരിശോധിച്ചാൽ ഇനിയും ഏറെ ദർശ്ശിക്കാനാകും. ഇതിന് നല്ലത് -ചീത്ത, ചെറുത് -വലുത്, സമ്പന്നർ-ദരിദ്രർ എന്നിങ്ങനെ വേർതിരിവുകൾ നൽകുന്നു.

മേൽ/കീഴ്ബന്ധത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്ന സാംസ്കാരികചിഹ്നങ്ങളെ നിരസിക്കുകയും തുല്യതയിലൂന്നിയതും സ്വത്വാത്മകവും, മത്സരാധിഷ്ഠിതവുമായ ചിഹ്നങ്ങൾ സംസ്കാരത്തിൽ രൂപപ്പെടുത്തുകയുമാണ് പ്രതിരോധസംസ്കാരത്തിന്റെ ലക്ഷ്യം. അതിനാൽ പ്രതിരോധപ്രവർത്തനത്തെ സാമൂഹിക-സാംസ്കാരിക പ്രവർത്തനമെന്ന് പറയാം.

**പ്രതിരോധവും മാർക്സിസവും**

പ്രതിരോധത്തിന്റെ പ്രായോഗിക രാഷ്ട്രീയവുമായ വളരെ സുതാര്യമായ ബന്ധമാണ് മാർക്സിയൻ ദർശനത്തിനുള്ളത്. തൊഴിലിനെ അമൂർത്തവൽക്കരിക്കുക എന്ന മൂലധനത്തിന്റെ ജീവൽപ്രവർത്തനത്തിൽനിന്നാണ് മാർക്സിന്റെ മൂലധനത്തോടുള്ള വിമർശനം തുടങ്ങുന്നത്. തൊഴിൽ അമൂർത്തമെങ്കിലും ഒരു തുടക്കത്തിന് തൊഴിൽ സജീവമായ ഒന്നായി കണക്കാക്കുന്നു. തൊഴിലിന്റെ ഈ സജീവത, തൊഴിലിന്റെ ഒരു അളവിനെയല്ല മറിച്ച് തൊഴിലിനുള്ള കഴിവിനെയാണ് മുതലാളി വാങ്ങുന്നതെന്ന് ഉറപ്പിക്കുകയും ഇതേ സജീവതതന്നെ മുതലാളിത്തത്തിന്റെ അമൂർത്തവത്ക്കരണത്തിനെതിരെ 'പ്രതിരോധം' സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

"മാർക്സിയൻ ചിന്തകളുടെ സാഹചര്യങ്ങളിൽ ബലപ്രയോഗത്തിലൂടെയുള്ള അക്രമണങ്ങളിലൂടെ, നിലനിൽക്കുന്ന അധികാരം ബലകേന്ദ്രങ്ങളെ ഇല്ലാതാക്കുന്ന ഒരു പ്രവർത്തനമല്ല വിപ്ലവം എന്നതാണ്. ആത്യന്തികമായി ലക്ഷ്യത്തിനനുസരിച്ച് മാർഗ്ഗത്തെ മാറ്റാൻ പറ്റുന്നതരത്തിലുള്ള മാർഗ്ഗവും ലക്ഷ്യവും തമ്മിലുള്ള പരസ്പരബന്ധത്തിലാണ് വിപ്ലവത്തിന്റെ കാഴ്ചപ്പാടുകൾ അടിസ്ഥാനപ്പെട്ടിരിക്കുന്നത്. മാറ്റങ്ങൾക്കുവേണ്ടി സാഹചര്യങ്ങൾ പാകമായിട്ടില്ല എന്ന് സമ്മതിക്കുന്ന രാഷ്ട്രീയമാർഗ്ഗങ്ങളാണ് അധികാരത്തെക്കുറിച്ചുള്ള മാർക്സിന്റെ ധാരണകൾ കൃത്യമായ രാഷ്ട്രീയഘടനയിലൂടെയല്ല അധികാരം അവിടെ പ്രയോഗിക്കപ്പെടുന്നത്, പലപ്പോഴും അത് ഉപരിപ്ലവമാണ്, ആന്തരികമാറ്റത്തിന്റെ യുക്തികളിൽ തിരിച്ചറിയപ്പെട്ട പ്രവണതകളിൽ കുടുങ്ങിയിരിക്കുകയാണ് സാമൂഹ്യ-സാമ്പത്തിക വികസനം. ഭൗതിക അധികാരത്തിന്റെ ഭീഷണികളിലേക്ക് മടങ്ങിപ്പോ

കാതെ സാമൂഹ്യപ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങൾ അങ്ങനെ നേടിയെടു ക്കുന്നു. ഭരണകൂടവും പൗരസമൂഹവും തമ്മിലുള്ള ഭിന്നതയുടെ തീർപ്പാണ് സാർവ്വത്രിക വോട്ടവകാശം എന്നതുകൊണ്ടുതന്നെ സാർവ്വത്രിക വോട്ട വകാശത്തിലൂടെയാണ് വികസിത രാജ്യങ്ങളിൽ വിപ്ലവം സംഭവിക്കുക എന്ന് മാർക്സ് അനുമാനിക്കുന്നു." (Miller Richard.W, 1984: 117-8)

സാമൂഹ്യപ്രശ്നത്തെ അതിന്റെ കേന്ദ്രതലത്തിൽ വെച്ചുതന്നെ ചർച്ച ചെയ്യുന്നതാണ് പ്രതിരോധസംസ്കാരത്തിന്റെ രാഷ്ട്രീയ ഉള്ളടക്കം. ഒരു സമൂഹത്തിലും വിമോചനത്തിന് ആഗ്രഹിക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാ യിരിക്കും. അതിനനുസരിച്ച് പുതിയ പ്രതിരോധങ്ങൾ സൃഷ്ടിച്ചുകൊണ്ടേ യിരിക്കുന്നു. പ്രതിരോധം മാർക്സ് പറഞ്ഞതുപോലെ പ്രായോഗികരാഷ്ട്രീ യവുമായി പരിവർത്തനപ്പെടുന്ന സന്ദർഭമാണിത്. മാർക്സും ഗോർക്കി വിഭാവനം ചെയ്ത അന്യന്റെ ശബ്ദംപോലും സംഗീതംപോലെ ആസ്വദി ക്കുന്ന ഒരു കാലത്തെയും സാമൂഹികതയെയും സൃഷ്ടിക്കുന്ന സങ്കൽപ്പമാ ണ് പ്രതിരോധസംസ്കാരികതയുടെ ആത്യന്തികലക്ഷ്യം എന്നുപറയാം.

**പ്രതിരോധവും അപനിർമ്മാണവും**

1960-കളോടെ രൂപപ്പെട്ട ഫ്രാങ്ക്ഫർട്ട് ചിന്താപദ്ധതി സാഹിതീയ വി മർശനത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. ഘടനവാദ ത്തിന്റെ വിമർശനമായി കടന്നുവന്ന മിക്ക ചിന്തകളും രീതിശാസ്ത്രത്തിലും അപഗ്രഥനരീതിയിലും പാരമ്പര്യത്തിൽനിന്ന് വേറിട്ടുനിന്നു. ഗ്രന്ഥകാരൻ കൃതിയിലൊളിപ്പിച്ച ആശയത്തെ കണ്ടെത്തലല്ല ആസ്വാദകന്റെ ലക്ഷ്യം. തനിക്ക് പരിചിതമായ അനുഭവലോകത്തേക്ക് കൃതി ഉണ്ടാക്കുന്ന ചലന

ങ്ങളെയും അറിവുകളെയും ഒത്തുനോക്കി തന്റേതായ ഒരു വായനാനുഭവം രൂപപ്പെടുത്തുകയാണെന്ന വാദത്തിന് ഈ ചിന്തകൾ ശക്തിയേകി. അനുവാചകപ്രതികരണം (Readers Response) എന്ന സിദ്ധാന്തത്തിന് പ്രാമുഖ്യം ലഭിച്ചതോടെ വായനക്കാരന്റെ പ്രാധാന്യം വർദ്ധിച്ചു. 1978-ൽ റൊളാങ് ബാർത്ത് എഴുതിയ "ഗ്രന്ഥകാരന്റെ മരണം" (The Death of the Author) എന്ന ലേഖനം ഘടനാനന്തരവാദ ചിന്തകൾക്കിടയിൽ പരക്കെ സ്വീകരിക്കപ്പെട്ടു. ഗ്രന്ഥകാരന്റെ അപ്രമാദിത്വവും കർതൃകർതൃത്വ കേന്ദ്രീകരണവും തകർത്തുകൊണ്ടാണ് അപനിർമ്മാണ വായന സാഹിത്യത്തിലും സംസ്കാരപഠനത്തിലും വേരുറച്ചത്. പാഠം, വ്യവഹാരം, വായന, എഴുത്ത്, ഭാഷ എന്നിവയെക്കുറിച്ചുള്ള പാരമ്പര്യചിന്തകളെല്ലാം ഫ്രാങ്കഫർട്ട് പൊളിച്ചെഴുത്തിനു വിധേയമാക്കി. സാഹിത്യം, മാനസികാപഗ്രഥനം, ഭാഷാശാസ്ത്രം, സ്ത്രീവാദം എന്നീ വിഷയങ്ങളിൽ ഒന്നുംതന്നെ ഒറ്റതിരിഞ്ഞ് നിൽക്കേണ്ടവയല്ല. ശാസ്ത്രസാഹിത്യ വിഷയങ്ങൾക്ക് പരസ്പരം ബന്ധം പുലർത്താനുള്ള അനേകം മണ്ഡലങ്ങളുണ്ട്. സാമൂഹികഘടനയിലെ വ്യത്യസ്ത വിഭാഗങ്ങൾ, സാഹിത്യത്തിലെ വ്യത്യസ്തധാരകൾ, വ്യത്യസ്തവർഗ, വർണ്ണ, ലിംഗഭേദങ്ങൾ എന്നിവയ്ക്ക് മാനവികതയിലൂന്നിയ സമീപനം സ്വത്വാത്മകതിരിച്ചറിവുകളെ രൂപപ്പെടുത്തുവാൻ സഹായകരമായി. ഒരു സാഹിത്യകൃതിയും ഭാഷാപരമായ ചിഹ്നങ്ങളുടെ ഘടനയാണെന്നും ചിഹ്നങ്ങളുടെ അപനിർമ്മാണവായന സ്ഥിരമായ ഒരർത്ഥമല്ല നൽകുന്നത് എന്നും ഘടനാനന്തരവാദം സ്ഥാപിച്ചു. അപനിർമ്മാണത്തെ ഒരു അപഗ്രഥനരീതിയായി വികസിപ്പിച്ചത് ഴാക്ക് ദറീദ ആണ്. ഓരോ വ്യവഹാരവും വിപരീത വ്യവഹാരത്തിന്റെ സാന്നിദ്ധ്യത്തിലാണ് അർ

ത്ഥബോധം ജനിപ്പിക്കുന്നത്. 'കറുപ്പ്' എന്ന വ്യവഹാരം 'വെളുപ്പ്' എന്ന വിപരീത ദ്വന്ദ്വത്തിന്റെ സാന്നിദ്ധ്യംമൂലം അർത്ഥത്തെ പല നിലയ്ക്കും മാറ്റിത്തീർക്കും. കറുപ്പ് ഒരു നിറം മാത്രമല്ല. വെള്ളക്കാരിൽനിന്നും വ്യത്യസ്തരായ കറുത്തവർഗ്ഗത്തെ ചൂണ്ടിക്കാട്ടുന്നു. കറുപ്പ് നീഗ്രോയേയും ആഫ്രിക്കൻദേശീയതയേയും ചിഹ്നവത്ക്കരിക്കുന്ന രാഷ്ട്രീയമായ ഒരു പദമാണ്. ഇത്തരത്തിൽ വിപരീതദ്വന്ദ്വങ്ങളുടെ ശ്രേണീകരണത്തെ അപനിർമ്മിക്കുമ്പോൾ (തല തിരിച്ചിടുമ്പോൾ) നവീനമായ അർത്ഥങ്ങൾക്ക് ഇടയാക്കും. ഒരു സാഹിത്യകൃതിയുടെ അപനിർമ്മാണവായന രസകരമായ അനുഭവമാണ് എന്ന് ദറീദ പറയുന്നു. പാഠത്തിനുള്ളിലെ ഒഴുകി നടക്കുന്ന സൂചകങ്ങളിലൂടെ (Floating concept of signifiers) വായനക്കാരൻ സ്വതന്ത്രലീലയിലേർപ്പെടുകയാണ് (Free play) ചെയ്യുന്നത്. വികേന്ദ്രീകരണപ്പെട്ട വായനയ്ക്കും വികേന്ദ്രീകൃത വിഷയങ്ങൾക്കും ദറീദയുടെ അപനിർമ്മാണ അപ്രഗ്രഥനരീതി ഊർജ്ജം പകർന്നു. അധിനിവേശാനന്തര സാഹിത്യത്തിലെ ചിഹ്നങ്ങളെ അപനിർമ്മിക്കുക വഴി അധിനിവേശത്തിന്റെ സാംസ്കാരിക ചിഹ്നങ്ങൾ ഏതൊക്കെയാണെന്നും, പ്രതിരോധചിഹ്നങ്ങൾ എപ്രകാരമായിരിക്കണമെന്നുമുള്ള ചിന്തകളിലെത്തിച്ചു. വരേണ്യപക്ഷം, സവർണപക്ഷം, മുഖ്യധാരാപക്ഷം എന്നിങ്ങനെ അധീശത്വപക്ഷങ്ങളെ വെളിവാക്കാനും ജനകീയപക്ഷത്തെയും ന്യൂനപക്ഷത്തെയും ഉൾക്കൊള്ളാനും കഴിഞ്ഞത് ദറിദയുടെ അപനിർമ്മാണ അപഗ്രഥനത്തിന്റെ സവിശേഷതയാണ്. സാമൂഹികവും സാംസ്കാരികവുമായ പരിതോവസ്ഥകൾ ഒരു വ്യക്തിയെ, സാഹിത്യകൃതിയെ ഒരനുഭവത്തെ രൂപപ്പെടുത്തുന്നതിന് പിന്നിലുണ്ട്. ചരിത്രപരമായും സാമൂഹിക സാഹച

ര്യത്തിന് അനുസൃതമായും രൂപപ്പെട്ട പാഠത്തെ ബഹുവിധങ്ങളായ സൂചനകളിലൂടെ വിശകലനം ചെയ്യേണ്ടതുണ്ട്. പാഠബാഹ്യമല്ല പാഠത്തിനകത്ത് തന്നെയാണ് അപഗ്രഥനത്തിലുള്ള സൂചകങ്ങൾ നിലകൊള്ളുന്നത്. ഈ സൂചകങ്ങൾ (signifier) അനേകം സൂചിതങ്ങളിളിലേക്ക് (signified) വിരൽ ചൂണ്ടുന്നു. (സീന ഇ.കെ., 2014: 29-30)

കോളനിവത്ക്കരണത്തിനും സാമ്രാജ്യത്വത്തിനും എതിരായി നടന്ന വിമോചനസമരത്തിൽ പങ്കെടുത്ത അൾജീരിയ, ബ്രസീൽ, വിയറ്റ്നാം, എൽസാൽവദോർ, അംഗോള, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ വിവിധ രീതികളിലുള്ള പ്രതിരോധസമരങ്ങളും കലാവിഷ്ക്കാരങ്ങളും ഉണ്ടായിട്ടുണ്ട്. വൈവിധ്യപൂർണ്ണമായ ഈ പോരാട്ടത്തിന്റെ കാലത്തുണ്ടായ സാഹിത്യകൃതികളിലും പ്രമേയപരമായ ധാരാളം സമാനതകൾ കാണാൻ കഴിയും. എഴുത്ത് എന്നും പ്രതിരോധത്തിനുള്ള മാർഗ്ഗമായിരുന്നു. അതിനൊപ്പം എഴുത്തുകാരന്റെ സാമൂഹികപ്രതിബദ്ധതയും സ്വാതന്ത്ര്യാവബോധവുമാണ് അധികാരത്തെ വെല്ലുവിളിക്കുന്ന ബദൽ സാഹിത്യത്തിന് രൂപം കൊടുക്കുന്നത്. എഴുത്തുകാരൻ മാത്രമല്ല, വായനക്കാരനും ഇന്നു സാമൂഹിക ചേതസിലെ അധീശത്വരൂപങ്ങളെ അപനിർമ്മിതിക്കുവിധേയമാക്കുന്നുണ്ട്. എഴുത്തിനേക്കാൾ പ്രാധാന്യം വായനക്ക് കൈവന്ന ഉത്തരാധുനികകാലഘട്ടത്തിൽ കലയിലും സംസ്കാരത്തിലും അധിനിവേശസാഹിത്യം കോളനിവത്ക്കരണം കൊണ്ടുമാത്രം രൂപപ്പെട്ട ഒന്നല്ല. കവിത, കഥ, നോവൽ, ജയിൽ കുറിപ്പുകൾ, ജയിലിനെ കേന്ദ്രീകരിക്കുന്ന മറ്റ് ആഖ്യാനങ്ങൾ, ആത്മകഥ എന്നിവയിലും ഇത് ദൃശ്യമാകും. സാംസ്കാരിക സാഹചര്യങ്ങൾ വ്യത്യസ്തമാക്കുന്നുണ്ടെങ്കിലും ഇവയെയും പ്രതിരോധ സാഹിത്യത്തിൽ ഉൾപ്പെടുത്താം.

അധീശത്വസ്ഥാപനങ്ങൾക്കെതിരായ സായുധവിപ്ലവംപോലെ പ്രത്യക്ഷമല്ല സാഹിത്യത്തിലെ പ്രതിരോധം. സാഹിത്യം, ഭാഷ പ്രതിനിധാനമായിരിക്കുന്ന ഒരു ചിഹ്നവ്യവസ്ഥയാണ്. ഭാഷ, ആഖ്യാനം, രൂപം എന്നിങ്ങനെ ഒട്ടേറെ തലങ്ങളിൽ സാഹിത്യത്തിൽ പ്രതിരോധം രൂപമെടുക്കാം. ദേശം, ഭരണകൂടം, ജനത, വർണം, വർഗം, ലിംഗം, സംസ്കാരം, രാഷ്ട്രീയം എന്നീ ബഹുലതരമായ കാരണങ്ങളാണ് അധീശത്വത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതിനിധാനങ്ങളെ സാഹിത്യത്തിൽ സൃഷ്ടിക്കുന്നത്.

അടിമ/ഉടമ, കറുപ്പ്/വെളുപ്പ്, മൂന്നാംലോകം/ഒന്നാം ലോകം, സ്ത്രീ/പുരുഷൻ, അവർണൻ/സവർണൻ, കീഴാളർ/വരേണ്യർ എന്നീ ദ്വന്ദ്വകൽപ്പനകൾ രൂപപ്പെട്ട കാലം, സമൂഹം, സാഹചര്യം എന്നിവ പ്രതിരോധസാഹിത്യത്തിന്റെ ഘടനയെ നിർണ്ണയിക്കുന്നുണ്ട്. ഒരു കൃതിയുടെ ആന്തരികപാഠം നിലവിലുള്ള ചൂഷണവ്യവസ്ഥയെ എപ്രകാരമാണ് ന്യായീകരിക്കുന്നത് എന്നത് പ്രതിരോധസാഹിത്യം സവിശേഷം പഠിക്കുന്നു. ഒരു കൃതിയുടെ ആന്തരികപാഠത്തിൽ നിലവിലുള്ള ചൂഷണവ്യവസ്ഥയെ പ്രതിരോധിക്കാനുള്ള മുദ്രകൾ ഉൾക്കൊള്ളുന്നുണ്ടോ എന്ന അന്വേഷണവും പ്രധാനമാണ്. സാഹിത്യകൃതികൾ ചൂഷണവ്യവസ്ഥയേയും അധീശത്വവിധേയ ബന്ധത്തേയും ശ്രേണികരിക്കുന്ന പാഠത്തെ എപ്രകാരമൊക്കെ പുനരുത്പ്പാദിപ്പിച്ചു കൊണ്ടിരിക്കും എന്ന ജാഗ്രതവത്തായ അന്വേഷണം പ്രതിരോധസാഹിത്യത്തെയും അതിന്റെ രാഷ്ട്രീയത്തെയും സാമൂഹിക പ്രക്രിയയിലെ തുടർച്ചകളാക്കി നിലനിർത്തുന്നു.

പ്രതിരോധസാഹിത്യത്തിൽ ഏറ്റവും കൂടുതൽ പ്രസിദ്ധിയാർജ്ജിച്ചത് സ്ത്രീസാഹിത്യം, മൂന്നാം ലോകസാഹിത്യം, ദളിത്/കീഴാളസാഹിത്യം, പാരിസ്ഥിതിക സാഹിത്യം തുടങ്ങിയവയാണ്. പാരമ്പര്യത്തിന്റെ സൂക്ഷ്മമായവശങ്ങളെ ബഹുസ്വരവും ബഹുവിധവുമായ ലാവണ്യാത്മക ബോധത്തോടെ എതിരിടുന്ന ദേശ, വർഗ, ലിംഗ, ഭേദത്തിനതീതമായ പ്രത്യയശാസ്ത്രപരമായ കൂട്ടായ്മയാണ് ഇവയെ പ്രതിരോധസാഹിത്യവുമായി ബന്ധിപ്പിക്കുന്നത്. മുഖ്യധാരാ സംസ്കാരത്തിൽനിന്ന് പിൻതള്ളിപോകാതിരിക്കാൻ ഇത്തരം സാംസ്കാരിക ബദൽ കൂട്ടായ്മകൾ സംസ്കാരത്തിലും സാഹിത്യത്തിലും നവീനമായ ജനാധിപത്യരീതിയ്ക്ക് വഴിവെക്കും.

സാഹിത്യം എക്കാലവും ശക്തമായ പ്രതിരോധമാർഗ്ഗമായിരുന്നു. ചരിത്രത്തിന്റെ നിയമങ്ങൾക്ക് വഴങ്ങാത്ത ആഖ്യാനപാടവംകൊണ്ട് സ്വാതന്ത്ര്യനിഷേധത്തിനെതിരെ നമ്മുടെ എഴുത്തുകാർ പടവെട്ടിയിരുന്നു. മാനവിക മൂല്യങ്ങൾക്കുപരി അധികാരത്തെ പ്രതിഷ്ഠിക്കാൻ നടത്തുന്ന എല്ലാശ്രമങ്ങളെയും അനുകൂലിച്ചിരുന്ന ഒരു ഘട്ടത്തിൽപോലും ഒരു പുനർവായനക്ക് ഇടം നൽകിയാൽ അക്കാലത്തെ എഴുത്തിൽ പോലുമുള്ള പ്രതിരോധത്തിന്റെ ശക്തി മനസ്സിലാക്കാം.

ജനകീയസമരത്തിന്റെ കാര്യത്തിലും സർഗ്ഗാത്മകസാഹിത്യത്തിന്റെ കാര്യത്തിലും അധികാരദുർവിനിയോഗത്തിനെതിരെ ശക്തമായി പ്രതികരിക്കുന്ന നാടാണ് കേരളം. കേരളം കണ്ട ധീരനായകന്മാർ എല്ലാംതന്നെ പ്രതിരോധത്തിന്റെ ബാക്കിപത്രങ്ങളാണ്. ജാതീയതക്ക് എതിരെ നിലകൊണ്ട ശ്രീനാരായണഗുരുവും, അയ്യങ്കാളിയും, സഹോദരൻ അയ്യപ്പനും രാജ്യദ്രോഹത്തിനു എതിരെ നിലകൊണ്ട വേലുത്തമ്പിദളവ, ബ്രി

ട്ടിഷ് ഭരണത്തിന് എതിരെ നിലകൊണ്ട പഴശ്ശിരാജ തുടങ്ങിയ നീണ്ടനിരയുടെ നേതൃത്വത്തിൽ നടത്തിയ ഓരോ സമരങ്ങളും പ്രതിരോധങ്ങളുടെ മുഖപ്പുകളാണ്.

സാഹിത്യം പ്രതിരോധത്തിന്റെ ഭിന്നമുഖങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടിരുന്നു. കഥ, നോവൽ, കവിത, ലേഖനം, ആത്മകഥ എന്നിങ്ങനെയുള്ള വിവിധ സാഹിത്യശാഖകൾ മനുഷ്യനുവേണ്ടിയും ഭാഷയ്ക്കുവേണ്ടിയും, സംസ്കാരത്തിനുവേണ്ടിയും നിരന്തരം കലഹിച്ചുകൊണ്ടിരിക്കുന്നു. ഇന്നും എന്നും അതിന് മാറ്റം സംഭവിക്കാൻ പോകുന്നില്ല. സാഹിത്യം നിലനിൽക്കുന്നതുതന്നെ അത് പ്രതിരോധത്തിന്റെ ശക്തമായ ആയുധമായതുകൊണ്ടാണ്.

സാഹിത്യചരിത്രത്തെ ഒന്നടങ്കം തന്നെ വായനയുടെ പക്ഷത്തുനിന്ന് പ്രതിരോധത്തിന്റെ ചരിത്രമായി നിർവ്വചിക്കാൻ കഴിയും. കാരണം ഒരു കൃതിയെ പല രീതിയിൽ വായിക്കാൻ സാധിക്കുമെന്നതാണ്. ഉദാഹരണത്തിന് ക്ലാസിക് കൃതിയായ മഹാഭാരതം തന്നെയെടുക്കാം. അതിലെ ഏകലവ്യൻ എന്ന കഥാപാത്രത്തെ ദളിത് പക്ഷത്തുനിർത്തിക്കൊണ്ട് വായിക്കാം. അതുപോലെ രാമായണത്തിലെ സീതയെ മുൻനിർത്തി സ്ത്രീപക്ഷത്ത് നിന്നു വായിക്കാം. ഒരാളുടെ വായനയല്ല മറ്റൊരാളുടേത്. കൃതികൾ ബഹുസ്വരങ്ങളാണ്. അവയെ വിമോചനപക്ഷത്ത് നിന്നുകൊണ്ടും വായിക്കാം. മാർക്സ് അതിനായിരുന്നു ശ്രമിച്ചത്. ആധിപത്യസംസ്കാരത്തെ പ്രതിരോധിച്ച് പ്രതിസംസ്കാരം സൃഷ്ടിക്കാനുള്ള ശ്രമമായി സാഹിത്യത്തെ കാണാനാകും. അതിന് ഉത്തമ ഉദാഹരണം അവർണ്ണനായ, ശൂദ്രനായ എഴുത്തച്ഛൻ രാമായണം രചിച്ചതാണ്. ഒരിക്കലും സാധ്യമ

ല്ലെന്ന് അന്നത്തെ സമൂഹം വിധിയെഴുതിയ ഒന്നിനെ മാറ്റിയെഴുതിയിട ത്താണ് പ്രതിരോധം ശക്തി പ്രാപിക്കുന്നത്. യഥാർത്ഥത്തിൽ സാഹി ത്യത്തിൽ ഒരു ബദൽ സമൂഹത്ത കണ്ടുകൊണ്ടുകൂടിയാണ് രചനകൾ നിർവ്വഹിക്കപ്പെടുന്നത്. കാരണം പ്രതിരോധത്തിന് വേണ്ടി ബോധപൂർ വ്വം രചിക്കുന്ന കൃതികളും ഇന്ന് സുലഭമാണ്. സമകാലിക പ്രശ്നങ്ങളോ ടുള്ള നീരസങ്ങളെ പ്രതിരോധത്തിന്റെ രൂപത്തിൽ വായനക്കാരനിൽ എത്തിക്കാനാണ് ഇത്തരം കൃതികൾ ശ്രമിക്കുന്നത്. അതുകൊണ്ട് 'വി യോജിപ്പിന്റെ സാഹിത്യം'. എന്ന് അവയെ വിളിക്കാം. ഇത് എഴുത്തുകാ രൻ മനഃപൂർവ്വം സൃഷ്ടിക്കുന്നതല്ല. പലപ്പോഴും കൃതിയുടെ ആഴത്തിലുള്ള പരിശോധനയിൽ വായനക്കാരൻ സൃഷ്ടിക്കുന്നതാകാം. ഒരേ എഴുത്തുകാ രൻ തന്നെ എഴുതുന്ന എല്ലാകൃതികളും പ്രതിരോധത്തിന്റെ സാഹിത്യമാക ണമെന്നില്ല. ഉദാഹരണം ഇടശ്ശേരി 1948-52 വരെയുള്ള നാലു കൊല്ലത്തി ലാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കവിതകൾ എഴുതുന്നത്. പുത്തൻകലവും അരിവാളും, പണിമുടക്കം, ബുദ്ധനും ഞാനും നരിയും, നെല്ലുകുത്തുകാരി പാറുവിന്റെ കഥ തുടങ്ങിയവയൊക്കെ അക്കാലത്തെ രചനകളാണ്. ഈ കൃതികളെഴുതിയ കാലഘട്ടത്തിന്റെ പരമമായ പ്രത്യേ കത സ്വതന്ത്രഭാരതത്തിലിരുന്നു രചിച്ച കൃതികൾ എന്നതാണ്. രണ്ടാമ ത്തേത് മഹാത്മാഗാന്ധിയുടെ വധത്തെ തുടർന്നുള്ള അനിശ്ചിതത്വമാണ്. അന്നേരം തന്നെ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടു. ആ കാലത്ത് ഇടശ്ശേരി എഴുതിയ കവിതകളിൽ ആവർത്തിച്ചുവരുന്ന ത് നമ്മുടെ നാട്ടിലെ കമ്മ്യൂണിസ്റ്റുകാർ ഇന്ത്യൻ ജനതയോട് പറയണം എന്ന് ആഗ്രഹിക്കുകയും എന്നാൽ പറയാൻ കഴിയാതെ വരികയും ചെയ്ത

കാര്യങ്ങളാണ്. ഇടശ്ശേരി കമ്മ്യൂണിസ്റ്റല്ല. അദ്ദേഹം ഗാന്ധിയനായിരുന്നു.

കവിതയിൽ പ്രതിരോധമെന്നത് ഫ്രെഡറിക് ജെയിംസൺ പറയുന്നത് ചവിട്ടി താഴ്ത്തപ്പെട്ട ചരിത്രം അല്ലെങ്കിൽ വളച്ചൊടിക്കപ്പെട്ട ചരിത്രം തന്നെയാണ്. എഴുത്തുകാരന്റെ അബോധമായി കാലം സാഹിത്യത്തിൽ കടന്നുവരുന്നു. എഴുത്തുകാരൻ ബോധപൂർവ്വമല്ല 'അന്യതാചരിത്രയാഥാർത്ഥ്യം' എന്നാൽ അടിച്ചമർത്തപ്പെട്ട അഭിലാഷങ്ങൾ അബോധത്തിന്റെ മണ്ഡലത്തിൽ സ്വപ്നമായിട്ട് പ്രത്യക്ഷപ്പെടുന്നു. സാഹിത്യത്തിലും, കവിതയിലും ചെറുത്തുനിൽപ് എന്നുപറയുന്നത് കവി ബോധപൂർവ്വം നടത്തുന്ന ഒന്നല്ല. അത് എഴുത്തുകാരനറിയാതെ അദ്ദേഹത്തിന്റെ അബോധമനസ്സിൽ നിന്നുവരുന്നതാണ്.

സാഹിത്യത്തിന്റെ ചരിത്രത്തിൽ വലിയൊരു വഴിത്തിരിവ് സൃഷ്ടിച്ച പ്രസ്ഥാനമാണ് ജീവൽസാഹിത്യം. കേരളീയരുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ച നവോത്ഥാനകാലഘട്ടത്തിലാണ് ജീവൽസാഹിത്യം രൂപപ്പെട്ടത്. അതുവരെ സാഹിത്യം നിർവ്വഹിച്ചിരുന്ന കർമ്മങ്ങളിൽനിന്ന് തികച്ചും വ്യത്യസ്തമായ രചനാരീതിയാണ് ജീവൽസാഹിത്യം കൈകൊണ്ടത്. സാമൂഹിക പ്രശ്നങ്ങളെ സാഹിത്യത്തിന്റെ സഹായത്തോടെ ജനങ്ങളിലെത്തിക്കുന്നതിനോടൊപ്പം അതിനെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിക്കുകയുമായിരുന്നു ഈ സാഹിത്യത്തിന്റെ ലക്ഷ്യം. അക്കാലത്ത് കേരളത്തിൽ നിലനിന്നിരുന്ന നാടുവാഴിത്തത്തിന് എതിരെയും, മുതലാളിത്തത്തിനെതിരെയും, സാമ്രാജ്യത്വത്തിനെതിരെയും സാഹിത്യം വിമർശനാത്മകമായി പ്രതികരിച്ചു. മികച്ച എഴുത്തുകാരെല്ലാം ഇതിന്റെ ഭാഗമായിരുന്നു. കലയെയും ജീവിതത്തേയും ഒരേ സമയം പുതുക്കിയ.

സാഹിത്യം സമകാലിക പ്രശ്നങ്ങളെ സാഹിത്യത്തിന് വിഷയമാക്കി. സാഹിത്യത്തിന്റെ അതിർവരമ്പുകൾക്ക് അപ്പുറത്ത് നിന്നിരുന്നവർ കഥാപാത്രങ്ങളായി മാറി. സാധാരണജനത സാഹിത്യത്തിന്റെ ഭാഗമായി. പ്രാദേശിക ശൈലി സാഹിത്യത്തിന്റെ ഭാഷയായി. കവിതയിൽ സംസ്കൃതത്തിന്റെ സ്വാധീനം കുറഞ്ഞു. ധാരാളം പരിഭാഷകൾ വന്നു. ജനകീയ നാടകങ്ങൾ രൂപം പ്രാപിച്ചു. അനേകം മാറ്റങ്ങൾ ഈ കാലഘട്ടത്തിൽ സംഭവിച്ചെങ്കിലും അത് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തോടോ ലോക സാഹിത്യത്തോടോ സംവദിച്ചില്ല. യഥാർത്ഥ സാഹിത്യത്തിൽനിന്ന് പുറത്തുപോയില്ല. അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് പിന്നീട് ആധുനികസാഹിത്യം രൂപംകൊണ്ടത്. അവിടെ പുതിയ ഭാഷയും ശൈലിയും സമീപനവും സൗന്ദര്യബോധവുമെല്ലാം സൃഷ്ടിക്കപ്പെട്ടു. എൻ.വി., എം.ഗോവിന്ദൻ തുടങ്ങിയവർ ഈ രണ്ടു സാഹിത്യ പ്രസ്ഥാനങ്ങളുടെയും ഇടയിൽ നിന്നുകൊണ്ടാണ് കവിതാരചന നടത്തിയത്.

**കവിതയും പ്രതിരോധവും**

പ്രതിരോധം എന്നത് വിപ്ലവത്തിന്റെ മുൻപും പിൻപും സംഭവിക്കാവുന്ന മനുഷ്യന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ അതിജീവനത്തിന്റെ ജൈവസ്വഭാവമാണ്. വിപ്ലവം ഒരു സംഭവവും പ്രതിരോധം ഒരു അവസ്ഥയുമാണ്. പ്രതിരോധം ഒരു അർത്ഥത്തിൽ അടിസ്ഥാനപരമായി തന്നെ കലയുടെയും സാഹിത്യത്തിന്റെയും സ്വഭാവം കൂടിയാണ്. എല്ലാകാലത്തും ഉത്തമമായ കല നിലനിൽക്കുന്ന വ്യവസ്ഥയുടെ നീതികേടുകൾക്ക് എതിരെ അസ്വാതന്ത്ര്യങ്ങൾക്കെതിരെ, അടിച്ചമർത്തലുകൾക്കെതിരെ

ശബ്ദമുയർത്തിയിട്ടുണ്ട്. അത് ഭാഷയിലൂടെയും ശൈലിയിലൂടെയും അല്ലെങ്കിൽ ദാർശനികമായി നമ്മുടെ ചിന്തയെ മാറ്റിയെടുക്കുന്ന രീതിയിലുള്ള ഒരു സമീപനം സമൂഹത്തിൽ സൃഷ്ടിക്കുന്നതിലൂടെയാകാം, അല്ലെങ്കിൽ നിലനിൽക്കുന്ന സാഹിത്യത്തിന്റെയും കലയുടെയും സമ്പ്രദായങ്ങളെ ചോദ്യം ചെയ്യുന്നതിലൂടെയാകാം, നിലനിന്നുപോന്നിട്ടുള്ള സൃഷ്ടികളെ പുതിയ രീതിയിൽ വായിക്കുന്നതിലൂടെയുമാകാം അത് സംഭവിക്കുന്നത്. ആ വായനതന്നെ സൃഷ്ടികളിലേക്ക് നയിച്ചു എന്നുവരാം. പാട്ടിനെപ്പറ്റി പാട്ടിന്റെ വ്യാകരണം പാടെ നിഷേധിച്ച പാട്ടുകളെപ്പറ്റി അഡോർണോണിന്റെ ഒരു പഠനമുണ്ട്. അദ്ദേഹം പറയുന്നത് "പാട്ടിന്റെ വ്യാകരണം നിഷേധിക്കുന്ന പാട്ട് പാട്ടിന്റെ വ്യാകരത്തെ മാത്രമല്ല നിഷേധിക്കുന്നത്. പാട്ടിനെ ചുറ്റിപ്പറ്റി ലോകത്ത് നിൽക്കുന്ന വ്യവസ്ഥകളെക്കൂടി അതിലൂടെ നിഷേധിക്കുന്നു. സാഹിത്യത്തിന്റെ ആവിഷ്കാരപ്രകാരങ്ങളിലുണ്ടാക്കുന്ന മാറ്റം അട്ടിമറികൾ സാഹിത്യത്തിന്റെ ഘടനയെ മാത്രമല്ല അട്ടിമറിക്കുന്നത് അതിനെ ചൂഴ്ന്നുനിൽക്കുന്ന ലോകത്തിന്റെ വ്യവസ്ഥകളെക്കൂടി അട്ടിമറിക്കുന്നുണ്ട്.

ചീരാമനിൽ തുടങ്ങുന്ന പ്രതിരോധ പാരമ്പര്യം മലയാളകവിതക്ക് അവകാശപ്പെട്ടതാണ്. ഭാഷയുടെ ആരംഭദശയിൽ ശക്തമായ പ്രതിരോധം സൃഷ്ടിച്ചുകൊണ്ടാണ് അദ്ദേഹം കാവ്യരചന നടത്തുന്നത്. വേദഭാഷയായ സംസ്കൃതത്തിനുമാത്രം പ്രാപ്യമായിരുന്ന പുരാണകഥകൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുവേണ്ടി വേദഭാഷയിൽനിന്ന് തമിഴും മലയാളവും ഇടകലർന്ന സാധാരണഭാഷയിൽ കാവ്യരചന നടത്തുക എന്ന പ്രതിരോധമായിരുന്നു ചീരാമൻ ഏറ്റെടുത്തത്. അന്നത്തെ കാലഘ

ട്ടത്തിൽ അത് വലിയ വിപ്ലവമായിരുന്നു.

"ഊനമറ്റെഴുമിരാമചരിതത്തിലൊരു തെല്ല്

ഊഴിയിൽ ചെറിയവർക്കറിയുമാറുരചെയ്വാൻ"

(രാമചരിതം)

എന്ന് പറയുന്നതിലൂടെ കവി വളരെ വ്യക്തമായി ഊഴിയിലെ സാധാരണജനങ്ങൾക്കുവേണ്ടിയാണ് ഈ കാവ്യം രചിച്ചതെന്ന് മനസ്സിലാക്കാം. സംസ്കൃതത്തിന്റെയും ചെന്തമിഴിന്റെയും പിടിയിലായിരുന്ന സാഹിത്യങ്ങളെക്കുറിച്ച് താഴേത്തട്ടിലുള്ള ജനങ്ങൾക്കറിയില്ലായിരുന്നു. അതിനാൽ സംസ്കൃഭാഷയെയും ചെന്തമിഴിനെയും പ്രതിരോധിച്ചുകൊണ്ട് ചീരാമൻ എഴുതിയ കൃതിയാണ് രാമചരിതം എന്നുപറയാം. എഴുത്തച്ഛനിലേക്ക് വരുമ്പോഴേക്കും മലയാളകവിതാസാഹിത്യത്തിൽ ഭക്തി പ്രസ്ഥാനത്തിന്റെ കടന്നുവരവ് കൂടി കാണാൻ സാധിക്കും. ഭക്തിയെ പ്രതിരോധത്തിനുള്ള ഉപാധിയാക്കിക്കൊണ്ടാണ് അദ്ദേഹം കാവ്യങ്ങൾ രചിച്ചത്. കേരളീയജനതയുടെ അധഃപതിച്ചുപോയ ജീവിതത്തെ ഭക്തിമാർഗ്ഗത്തിലൂടെ വീണ്ടെടുക്കുവാനാണ് എഴുത്തച്ഛൻ ശ്രമിച്ചത്. ഭക്തിയെ ഒരു മാർഗ്ഗമാക്കിക്കൊണ്ട് എഴുത്തച്ഛൻ ഭാഷയിൽ പുതിയ പ്രതിരോധങ്ങൾ സൃഷ്ടിച്ചു. സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന മലയാളഭാഷയിലായിരുന്നു രചന എന്നതാണ് ആദ്യത്തെ പ്രതിരോധം.

എഴുത്തച്ഛനിൽനിന്ന് കുഞ്ചൻനമ്പ്യാരിലേക്കെത്തുമ്പോഴെക്കും ഭാഷയിൽ സാധാരണീയത ശക്തമായി കടന്നുവരുന്നത് കാണാം. കാരണം എഴുത്തച്ഛൻ സംസ്കൃതപദങ്ങളും മലയാള പദങ്ങളും ഇടകലർത്തി പ്രയോഗിച്ചപ്പോൾ നമ്പ്യാർ മലയാളഭാഷയിലെ പ്രാദേശികപദങ്ങ

ളെക്കൂടി കാവ്യത്തിൽ ഉൾപ്പെടുത്തി.

"ഭടജനങ്ങളെ നടുവിലുള്ളൊരു
പടയണിക്കിഹ ചേരുവാൻ
വടിവിയന്നൊരു ചാരുകേരള -
ഭാഷതന്നെ ചിതം വരൂ."

(സഭാപ്രവേശം- തുള്ളൽ)

എന്ന് പ്രഖ്യാപിച്ച നമ്പ്യാർ കവിതയിൽ ശക്തമായ പ്രതിരോധമാണ് തീർത്തത്. ഇത്തരം കാവ്യസന്ദർഭങ്ങളിൽനിന്ന് നമ്പ്യാർ തന്റെ കൃതികൾ സാധാരണജനങ്ങളിലേക്ക് എത്തിക്കാൻ ശ്രമിക്കുന്നത് വ്യക്തമായി കാണാം. ഇതെല്ലാം കൊണ്ടാണ് നമ്പ്യാർ സാഹിത്യം ജനകീയമായത്. പിന്നീട് വന്ന കവികളിലെല്ലാം തന്നെ ഇത്തരത്തിലുള്ള ഭാഷാപ്രതിരോധങ്ങൾ കാണാം.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്ന പെറ്റമ്മ തൻ ഭാഷതാൻ"

മാതൃഭാഷ പെറ്റമ്മയാണെന്നും അന്യഭാഷകളെല്ലാം പോറ്റമ്മയാണെന്നുമാണ് വള്ളത്തോൾ നാരായണമേനോൻ പറയുന്നത്.

അമ്മതാൻതന്നേ പകർന്നുതരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ്ത്തോന്നൂ'
ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരു കാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക്ത്രത്തിൽ നിന്നുതാൻ കേൾക്കവേണം (എന്റെ ഭാഷ)

ഏതുവേദവും ഏത് ശാസ്ത്രവും കൈകാര്യം ചെയ്യുവാനും ഇതിഹാസവിഷയങ്ങൾ അവതരിപ്പിക്കാനും മലയാളഭാഷയ്ക്ക് പ്രാപ്തിയുണ്ട് എന്ന് തെളിയിക്കുന്ന വരികളാണിവ.

അയ്യപ്പപ്പണിക്കരും, കടമ്മനിട്ടയുമെല്ലാം കാവ്യഭാഷയിൽ പ്രതിരോധം സൃഷ്ടിച്ചവരാണ്. അതുവരെ നിലനിന്നിരുന്ന ഭാഷാരീതിക്ക് പകരം ലളിതവും ഗദ്യാത്മകവുമായ, വൃത്തം ചേർക്കാത്ത കാവ്യങ്ങളാണ് അവർ കൂടുതലും രചിച്ചത്. സച്ചിദാനന്ദനിലേക്ക് എത്തുമ്പോഴേക്കും ഭാഷ മാനുഷികമാക്കുകയാണ് കവി. 'ഗാന്ധിയും കവിതയും' എന്നതിലെ വരികൾ തന്നെ ഉദാഹരണം.

ജനിച്ചത് കാട്ടിലായിരുന്നു
ഒരു നായാടിയുടെ വായിൽ
വളർന്നത് മുക്കുവത്തിയുടെ കുടിലിലും
എങ്കിലും പാട്ടല്ലാതെ ഒരു തൊഴിലും അറിയില്ല
കുറെക്കാലം പാട്ടുപാടി കൊട്ടാരങ്ങളിൽ കഴിഞ്ഞു
അന്ന് വെളുത്ത് കൊഴുത്തിരുന്നു
ഇപ്പോൾ തെരുവിലാണ് അരവയറിൽ

കവിത തന്റെ കഥ ഗാന്ധിജിയോട് പറയുന്ന രീതിയിലാണ് ഈ കവിതയുടെ ആഖ്യാനം. ഭാഷയുടെ വളർച്ചയും തളർച്ചയുമാണ് ഈ കാവ്യത്തിൽ ദർശിക്കാവുന്നത്. നാടൻപ്പാട്ടുകളിലൂടെ വളർന്ന് മണിപ്രവാളത്തിലെത്തി ശ്രേഷ്ഠത കൈവരിച്ചതിനുശേഷം തെരുവിലേക്ക് വലിച്ചെറിയപ്പെട്ട കവിത. സാധാരണക്കാരിലേക്ക് ഇറങ്ങിവന്ന കവിതയെയാണ് ഇവിടെ കാണാനാവുന്നത്.

ഗാന്ധി പുഞ്ചിരിച്ച് പറഞ്ഞു

ഈ ഒടുവിൽ പറഞ്ഞ കാര്യം നല്ലതുതന്നെ!

പക്ഷേ; സംസ്കൃതം പറയുന്ന ശീലം

മുഴുവനപേക്ഷിക്കണം

വയലിലേക്ക് ചെല്ലൂ...

കർഷകർ  സംസാരിക്കുന്നത് ശ്രദ്ധിക്കൂ

കവിത ഒരു വിത്തിനായി രൂപം മാറി

വയലിലെത്തി പുതുമഴ പെയ്തു

നിലമുഴുതു മറിയ്ക്കാൻ

കൃഷിക്കാരനെത്തുന്ന ദിവസവും-

കാത്ത് കിടന്നു...! (ഗാന്ധിയും കവിതയും)

സംസ്കൃതം പറയുന്നത് നിർത്തണം എന്ന് ഗാന്ധിജി പറയുന്നതിലൂടെ കവിതയുടെ ഭാഷ സാധാരണക്കാരിലേക്ക് ഇറങ്ങിവരണമെന്നും സാധാരണജനതയുടെ പ്രശ്നങ്ങൾ കവിതയ്ക്ക് വിഷയമാക്കണമെന്നുമാണ് ഇവിടെ പറയുന്നത്.

എൻ.വി. കൃഷ്ണവാരിയും കവിതയിൽ ഭാഷകൊണ്ട് ഇത്തരം പ്രതിരോധങ്ങൾ സൃഷ്ടിച്ച കവിയാണ്. കവിയുടെ വ്യക്തിത്വവും ജീവിതദർശനവും കാവ്യഭാഷയിൽ പ്രകടമാകുന്നുണ്ട്. എൻ.വിയുടെ കാവ്യഭാഷയെയും ഇത്തരത്തിൽ നോക്കിക്കാണാവുന്നതാണ്. ചങ്ങമ്പുഴക്കവിത നിർമ്മിച്ചെടുത്ത കാല്പനികാന്തരീക്ഷത്തിനെ പ്രതിരോധിച്ചുകൊണ്ടാണ് എൻ.വി. തന്റെ പരുക്കൻ കാവ്യഭാഷ കൊണ്ടുള്ള കവിതകൾ എഴുതുന്നത്.

എൻ.വി. കവിതയിൽ കാണപ്പെടുന്ന ഭാഷാപരമായ സവിശേഷത

കൾ ഒട്ടനവധിയാണ്. അതിൽ പ്രധാനമാണ് വിദേശഭാഷാപദങ്ങളുടെ ഉപയോഗം. കാല്പനികരുടെ മൃദുവും അലംകൃതവുമായ ഭാഷയ്ക്കെതിരെ 1940-കളുടെ അവസാനത്തിലാണ് എൻ.വി. കവിതകൾ രചിക്കുന്നത്. ആധുനികജീവിതസാഹചര്യങ്ങളെ അവതരിപ്പിക്കുന്നതിനായി അദ്ദേഹം വിദേശപദങ്ങൾ തന്നെ കവിതയിൽ നേരിട്ട് ഉപയോഗിച്ചു.

അഭ്യസ്തവിദ്യരായ നാഗരികമധ്യവർഗ്ഗത്തിന്റെ വികാരവിചാരങ്ങൾ, അവരുടെ ആംഗലേയ മലയാളഭാഷാമിശ്രമായ സംസാരഭാഷയിലൂടെ തന്നെ എൻ.വി. തുറന്നുകാണിച്ചു. കഥാപാത്രങ്ങളെ ഹാസ്യാത്മകമായി അവതരിപ്പിക്കുന്നതിനോടൊപ്പം നാഗരിക മദ്ധ്യവർഗ്ഗത്തിന്റെ ജീവിതമൂല്യച്യുതികളെയും എൻ.വി. കാവ്യഭാഷയിൽ കൊണ്ടുവന്നു.

മദിരാശിയിൽ ഒരു രാത്രി, മദിരാശിയിൽ ഒരു സായാഹ്നം, കൊച്ചുതൊമ്മൻ, കള്ളദൈവങ്ങൾ മുതലായ കവിതകളിലൂടെ ആധുനിക നാഗരികതയുടെ അപചയങ്ങളെ പരുക്കൻ കാവ്യശൈലികൊണ്ട് പ്രതിരോധിച്ചു.

**ജാതീയമായ പ്രതിരോധം**

ജാതിക്കെതിരായ പ്രതിരോധങ്ങൾ കവിതയുടെ ആദ്യഘട്ടം മുതൽ കാണാവുന്നതാണ്.. ഈശ്വരഭക്തി എല്ലാ ജാതിക്കും പ്രാപ്യമാകുന്നതാണ് എന്ന് പൂന്താനം ജ്ഞാനപ്പാനയിലൂടെ വ്യക്തമാക്കി. ഭക്തിക്ക് ജാതിയില്ല എന്നദ്ദേഹം പറയുന്നു.

ജാതിപാർക്കിലൊരന്ത്യജനാകിലും

വേദവാദിമഹീസുരനാകിലും

നാവു കൂടാതെ ജാതന്മാരാകിയ

മൂകരെയങ്ങൊഴിച്ചുള്ള മാനുഷർ  (ജ്ഞാനപ്പാന)

ശൂദ്രനും ബ്രാഹ്മണനും ഭക്തിയോടുകൂടി ഈശ്വരനെ സ്തുതിച്ച് സാക്ഷാത്ക്കാരം നേടാം. ഭക്തിയിലൂടെയുള്ള ഒരു പ്രതിരോധമാണ് ഇവിടെ സൃഷ്ടിക്കുന്നത്.

നവോത്ഥാനകാലത്ത് ജാതിയ്ക്കെതിരെ കവിതകളെഴുതി ജനങ്ങളെ ബോധവത്ക്കരിച്ച വ്യക്തിയാണ് ശ്രീനാരായണഗുരു. അദ്ദേഹത്തിന്റെ നിരവധി കവിതകളിൽ ജാതിക്കെതിരായ പ്രതിരോധശ്രമങ്ങൾ കാണാം.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി

ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്

എന്ന ദർശനം മുന്നോട്ട് വെക്കുന്നത് മനുഷ്യൻ എന്ന ഒരു ജാതിയേ സമൂഹത്തിലുള്ളൂ എന്നാണ്. മാനവികതയാണ് അവന്റെ മതം. സഹജീവി സ്നേഹമാണ് അവന്റെ ദൈവം എന്ന ആശയം ആര്യമതങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ടാണ് ഗുരു കവിതയിൽ ജാതീയമായ പ്രതിരോധം സൃഷ്ടിക്കുന്നത്.

ജാതിയുടെ ശക്തമായ ബിംബങ്ങളാണ് കുമാരനാശാന്റെ കവിതകളിലുള്ളത്.  ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി എന്നീ കാവ്യങ്ങളിൽ സമൂഹത്തിലെ ജാതി വിവേചനത്തിനെതിരെ കവി പ്രതിഷേധിക്കുന്നു.

തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ

ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ

കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ

യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ! (ദുരവസ്ഥ)

കേരളത്തിന്റെ ആദ്യകാല ജാതിവ്യവസ്ഥിതിയെക്കുറിച്ചുള്ള നേർച്ചിത്രമാണ് ദുരവസ്ഥ എന്ന കവിത. ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്ന ഒരു സമൂഹത്തിന്റെ ചരിത്രമാണ് ആശാൻ ഈ കവിതയിലൂടെ കാഴ്ചവെയ്ക്കുന്നത്.

നെല്ലിൻ ചുവട്ടിൽ മുളയ്ക്കും

കാട്ടുപുല്ലല്ല സാധു പുലയൻ (ചണ്ഡാലഭിക്ഷുകി)

എന്ന വരികളിലൂടെ സാധുജനങ്ങളുടെ ജീവിതത്തിന് നൽകേണ്ട വിലയെകുറിച്ച് കവി സമൂഹത്തെ ബോധവാന്മാരാക്കാൻ ശ്രമിക്കുകയാണ്.

മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ

മാറ്റുമതുകളീ നിങ്ങളെത്താൻ (ദുരവസ്ഥ)

എന്നാണ് കവി സമൂഹത്തിനോട് ആഹ്വാനം ചെയ്യുന്നത്. ഇത്തരം ജാതി, മത ചിന്തകളിൽ നിന്നെല്ലാം നാം പുറത്തേക്ക് വരേണ്ട സമയം എന്നേ അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു എന്നു പറയുന്നതിലൂടെ പുതിയ ഒരു പ്രതിരോധം ജാതിയിൽ സൃഷ്ടിക്കുകയാണ് കുമാരനാശാൻ.

ജാതിയുടെ ഉച്ചനീചത്വങ്ങളെ തുടച്ചുനീക്കേണ്ടത് സമൂഹത്തിന്റെ ആവശ്യകതയാണ് എന്ന വ്യക്തമായ ലക്ഷ്യബോധത്തോടെ ആശാൻ രചിച്ച നീണ്ട കാവ്യങ്ങളാണ് *ദുരവസ്ഥ*യും, *ചണ്ഡാലഭിക്ഷുകി*യും. ജാതിചിന്തയോടുള്ള പരിഹാസ്യത ഈ കവിതകളിൽ പ്രതിഫലിക്കുന്നു. അദ്ദേഹത്തിന്റെ ജാതിചിന്തയോടുള്ള പ്രതിഷേധവും വിപ്ലവാത്മകമായ പ്രതിരോധവും ഈ കവിതകൾക്ക് അടിസ്ഥാനമാക്കിയിരിക്കുന്നു.

ഇന്നലെ ചെയ്തോരബദ്ധം-മൂഢ-

ർക്കിന്നത്തെയാചാരമാവാം

നാളത്തെ ശാസ്ത്രമതാവാം-അതിൽ

മൂളായ്ക സമ്മതം രാജൻ

എന്തിനെന്നുമെങ്ങോട്ടെന്നു-സ്വയം

ഹന്ത! വിവരമില്ലാതെ

അന്ധകാര പ്രാന്തരത്തിൽ കഷ്ടം!

അന്ധരെയന്ധർ നയിപ്പൂ

വൃക്ഷമായും ചെടിയായും-പരം

പക്ഷിയായും മൃഗമായും....

..........................................

ഓട്ടും, മുയൽ കുറ്റനായും, - മരം-

ചാടിയായും പാഞ്ഞിരകൾ

തേടും കരിമ്പുലിയായും - വേട്ട

യാടുന്ന വേടനായും താൻ

ജന്തുക്കളൊക്കെയീവണ്ണം-ശ്രീമൻ

ഹന്ത! സഹജരെന്നല്ല

ചിന്തിക്കിലൊന്നായ് വരുന്നു - പിന്നെ

ന്തന്തരം മർത്ത്യർക്കു തമ്മിൽ?

വ്യാമോഹമാർന്നും സുഖത്തിൽ -പര

ക്ഷേമത്തിൽ വിപ്രിയമാർന്നും

പാമരചിത്തം പുകഞ്ഞും-പൊങ്ങും

ധൂമമാമീർഷ്യതൻ "ജാതി"

മനുഷ്യൻ സ്വയം നിർമ്മിച്ച അനാചാരങ്ങളാണ് ജാതീയതക്ക് അടി

സ്ഥാനമെന്ന നിഗമനത്തിലാണ് ആശാൻ എത്തിച്ചേരുന്നത്. 1908-ൽ 'തീയ്യക്കുട്ടിയുടെ വിചാരം' എന്ന ലഘു കവിതയിൽ വിദ്യ ലഭിക്കുന്നതി നുള്ള സൗകര്യം നിഷേധിക്കപ്പെട്ട അധഃകൃതജനങ്ങളെ ഓർക്കുമ്പോൾ ഈ നാടിന്റെ ഗതിയെങ്ങോട്ട് എന്ന് കവി ചോദിക്കുന്നു. ജാതി എന്ന സാമൂഹിക അനാചാരത്തിനെതിരെയുള്ള കവിതയിലെ പ്രതിരോധമായി ഈ കാവ്യങ്ങളെയെല്ലാം കണക്കാക്കാം.

ആശാനുശേഷം വന്ന മറ്റു കവികളിലും ജാതിചിന്തയോടുള്ള പ്രതിരോധം കാണാം. വള്ളത്തോൾ നാരായണമേനോൻ വൈക്കം സത്യാഗ്രഹം അവലംബമാക്കി രചിച്ച കവിതയിൽ

എന്തിനാണിത്തപം? മനുഷ്യരിൽ ചിലർ
ക്കെല്ലാർക്കുമുള്ള പെരുവഴികാട്ടുവാൻ
എത്ര ലജ്ജാകരം - പായുന്നില്ലയോ
മിഥ്യാഭിമാനമേ, നിൻ തലയിപ്പോഴും
മർത്ത്യനെ മർത്ത്യനെകൊണ്ടാട്ടിയോടിക്കു
മത്യുഗ്രപാപം വിടർത്തുകെൻ രാജ്യമെ (മോചനം)

ജാതിയുടെ അതിർവരമ്പ് കൽപിച്ചുകൊണ്ട് സാധാരണജനത്തിന് വഴി നടക്കാനുള്ള അവകാശംവരെ നിഷേധിക്കുന്ന ജാതിക്കോമരങ്ങൾക്ക് എതിരെയാണ് ഈ കവിത പ്രതിരോധം സൃഷ്ടിക്കുന്നത്.

'ശുദ്ധരിൽ ശുദ്ധൻ' (1924) എന്ന കവിതയിൽ ജാതിഭ്രമമുള്ള ഒരു നായരെ കവി പരിഹസിക്കുന്നത് കാണാം.

തീയങ്ങുതളർത്തുവാൻ

പാഞ്ഞുപാഞ്ഞണഞ്ഞു,

തീയരും പുലയരും മറ്റു 'ഹീന'രുമത്രെ.

വലിയൊരു നായർ തറവാട് കത്തുകയാണ്. കൂട്ടനിലവിളി കേട്ടുവന്ന അയൽവാസികൾ ഓടിക്കൂടി എന്നാൽ ഗൃഹനാഥൻ കിണറ്റിൽനിന്ന് വെള്ളംകോരി തീയണയ്ക്കാനുള്ള അവരുടെ ശ്രമം തടയുന്നു. അവർ കിണർ അശുദ്ധമാക്കുമെന്നാണയാളുടെ പരാതി.

"നായരേ, ഭവാൻ തന്നെ ശുദ്ധരിൽ ശുദ്ധൻ,

വീട്ടു പോയാലെന്താ,

നിർഗ്ഗലമാം ജാതിയെ രക്ഷിച്ചല്ലേ!"

എന്നു പറയുന്നതിലൂടെ കവി ജാതിചിന്തയിൽ അന്ധനായി മാറിയ നായരെ പരിഹസിക്കുന്നത് കാണാം.

'ഒരു തോണിയാത്ര' എന്ന കവിതയിൽ ഉറങ്ങിപ്പോയ കവിയോട് തോണിക്കാരൻ രാമായണം വായിക്കാൻ അനുമതി ചോദിക്കുന്നു. അധഃകൃതനായതുകൊണ്ട് അവൻ രാമായണം വായിക്കുമെന്ന് കവി ചിന്തിക്കുന്നില്ല. മണ്ണെണ്ണ വിളക്കിന്റെ അരണ്ടവെളിച്ചത്തിൽ അവൻ ഭക്തിമയസ്വരത്തിൽ അദ്ധ്യാത്മരാമായണം വായിക്കുന്നതിലൂടെ ഭക്തി എന്ന വികാരം സവർണ്ണനെന്നോ അവർണ്ണനെന്നോ വേർത്തിരിവില്ലാതെ അനുഭവിക്കുവാൻ കഴിയുന്നതാണെന്നും, ഭാഷ കൈകാര്യം ചെയ്യാൻ ഉന്നതകുലജാതനാവേണ്ടതിന്റെ ആവശ്യമില്ലെന്നും കവി കവിതയിലൂടെ വ്യക്തമാക്കുന്നു. ജാതീയമായ വേർത്തിരിവുകളുടെ മാനദണ്ഡം എന്താണെന്നത് ഇവിടെ തെളിയിക്കാൻ പറ്റാത്തിടത്തോളം കാലം ജാതി അനാവശ്യമായ ഒന്നുതന്നെയാണ്. അതിനെതിരെ പ്രതിരോധം സൃഷ്ടിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണെന്ന് ഊന്നിപറയുന്ന കവിതകളാണ് വള്ളത്തോൾ നാരായണമേനോൻ രചിച്ചിട്ടുള്ളത്.

ഇടശ്ശേരി ഗോവിന്ദൻനായർ എഴുത്തച്ഛനെക്കുറിച്ച് എഴുതിയ ഒരു പ്രധാനകവിതയുണ്ട്. 'പ്രണാമം'. അതിൽ എഴുത്തച്ഛന്റെ കവിത എങ്ങനെയുണ്ടായി എവിടെനിന്നുണ്ടായി എന്നതിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഉൾക്കാഴ്ച്ചയുണ്ട്. ആ വരികൾ ഇങ്ങനെയാണ്.

'വിഴുപ്പുഹേസാം നമ്പൂരാരുടേത്
എൻ വർഗ്ഗത്തിൻ എഴുത്തും പഠിപ്പും
കൊല്ലാത്തതെന്നല്ലോ ചട്ടം
ആ വിലങ്ങ് ആദ്യം വെട്ടി
കാരിരുമ്പെഴുത്താണിയാൽ ആര്യൻ
പിന്നിടത്രേ കുറിച്ച രാമായണം" (പ്രണാമം)

അതായത് ശൂദ്രന് വേദം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലത്ത് ഒരു ശൂദ്രൻ സാഹിത്യ പണ്ഡിതനായി ഉയർന്നതിന്റെ ചരിത്രം കൂടിയാണ്. എഴുത്തച്ഛന്റെ രാമായണരചനയുടെ ചരിത്രം. രാമായണരചനയിലൂടെ തന്നെ അദ്ദേഹം നിലനിന്ന വ്യവസ്ഥിതിയുടെ ഒരു പ്രധാനപ്പെട്ട നിയമത്തെ ചോദ്യം ചെയ്തു. കാരിരുമ്പെഴുത്താണികൊണ്ട് ആ വിലങ്ങിനെ വെട്ടി എന്നാണ് ഇടശ്ശേരി പറയുന്നത്. ശൂദ്രന് വേദം പഠിച്ചുകൂടാ എന്ന വിലക്ക് ഇല്ലാതായി ഇത്തരത്തിലുള്ള ജാതിക്കെതിരെയുള്ള പ്രതിരോധമാണ് ഇടശ്ശേരി കവിതയിൽ സൃഷ്ടിച്ചത്.

**വിപ്ലവങ്ങളിലൂടെയുള്ള പ്രതിരോധം**

ഇരുപതാം നൂറ്റാണ്ടിൽ കേരളീയസമൂഹത്തിൽ പൊട്ടിപ്പടർന്ന പ്രതിഷേധങ്ങൾക്ക് സാമ്പത്തിക അസമത്വമായിരുന്നു അടിത്തറ. മാർക്സിയൻ

തത്ത്വശാസ്ത്രത്തിന്റെ പ്രേരണയിൽ അന്ന് പല പ്രസ്ഥാനങ്ങളും രൂപം കൊണ്ടു. പുരോഗമന സാഹിത്യത്തിന്റെ ചുവടുപിടിച്ചുവന്ന പ്രതിഷേധങ്ങളും വിപ്ലവങ്ങളും പിന്നീട് പ്രതിഷേധ പ്രസ്ഥാനങ്ങൾക്ക് രൂപം നൽകി. ജി ശങ്കരക്കുറുപ്പിനെപോലെയുള്ള പുരോഗമനവാദികളായ കവികൾ ആ കാലഘട്ടങ്ങളിൽ വിപ്ലവാത്മകമായ ധാരാളം കവിതകൾ രചിക്കുകയുണ്ടായി. സമൂഹത്തിന്റെ ദയനീയാവസ്ഥകളെ പച്ചയായി അവതരിപ്പിച്ച കവിതകളാണ് ഏഴകൾ, കൊടുങ്കാറ്റ്, കവിയുടെ കത്ത്, കാലിപ്പാട്ട്, തുടങ്ങിയവ.

"ഏഴകൾ പൊറുക്കുന്ന
മാടങ്ങളിമ്മട്ടെത്ര?
പാഴത്രേ നവപരിഷ്-
കാരത്തിൻ ജയോൽഘോഷം
മാദകസുഖസ്വപ്നം
ധനിക്കു, പൊറുക്കേണ്ട
വേദന പാവങ്ങൾക്കു
ലോകജീവിതം ചിത്രം!" (ഏഴകൾ)

ഏഴകളായിട്ടുള്ള സാധുജനത്തിന്റെ ജീവിതസാഹചര്യങ്ങളെയാണ് കവി കവിതയ്ക്കു വിഷയമാക്കിയത്. സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുന്നതിനുവേണ്ടി എഴുതിയ ഇത്തരം കവിതകൾ വിപ്ലവാത്മക പ്രതിരോധത്തിന് ഉത്തമ ഉദാഹരണമാണ്.

"കൊടുങ്കാറ്റ്" എന്ന കവിതയിൽ 'ഇന്നലെയെപ്പിച്ചിച്ചീന്തി നിന്നലറുന്നു" കൊടുങ്കാറ്റിനെ കവി സ്വാഗതം ചെയ്യുന്നത് കാണാം. കവിതയിലൂടെ

സമൂഹത്തിലേക്കും സമൂഹത്തിൽനിന്ന് മാനവികതയിലേക്കുമുള്ള യാത്ര യാണ് ഈ കാവ്യങ്ങളിൽ ദർശിക്കാൻ കഴിയുന്നത്.

'നാളെ' എന്ന കവിത മർദ്ദിതവർഗ്ഗത്തിന്റെ വക്താവെന്ന നിലയ്ക്കുള്ള വ്യക്തിത്വധർമ്മത്തെ എല്ലാത്തിനേക്കാളുമുയരത്തിൽ കാട്ടിത്തരുന്ന, പ്രഭുവർഗ്ഗത്തെ ഒന്നാകെ ധിക്കരിക്കുന്ന കവിതയാണ്. 'നാളെ' വിപ്ലവ ത്തിന്റെ ഉദയത്തെയാണ് കുറിക്കുന്നത്. വ്യാവസായിക വിപ്ലവത്തിനല്ല കാർഷിക വിപ്ലവത്തിനാണ് തുടക്കം കുറിക്കുന്നത്. ഇത്തരം കവിതക ളിലൂടെ സമത്വവും, സാഹോദര്യവും, സ്വാതന്ത്ര്യവുമുള്ള ഒരു സാമൂഹിക വ്യവസ്ഥിതി കൈവരണം എന്ന അതിയായ ആഗ്രഹമുള്ള കവിയായി ജി.ശങ്കരക്കുറുപ്പിനെ കണക്കാക്കാം.

സമത്വം എന്ന സ്വപ്നം വെച്ചുപുലർത്തിയ കവിയാണ് ചങ്ങമ്പുഴ കൃഷ്ണ പിള്ള. എന്നാൽ വിപ്ലവം മനസ്സിലുണ്ടെങ്കിലും കവിതയിൽ ശക്തമായ ഒരു ആയുധമായി സമത്വത്തെ പ്രയോഗിക്കുന്നതായി കാണുന്നില്ല. അദ്ദേ ഹത്തിന്റെ *വാഴക്കുല* എന്ന കവിതയിൽ പുലയന്റെ സങ്കടത്തിന് കാരണ മാകുന്ന ജന്മിയോടു കവിയ്ക്ക് അതിയായ അമർഷം തോന്നുന്നുണ്ട്.

ഇതിനൊക്കെ പ്രതികാരം ചെയ്യാതിരിക്കുമോ

പതിതരേ നിങ്ങൾതൻ പിൻമുറക്കാർ (വാഴക്കുല)

എന്നുപറയുന്നിടത്ത് വിപ്ലവബോധമില്ലാത്ത പുലയകുടുംബത്തിനെയാ ണ് കാണിക്കുന്നത്. കാരണം ഈ തലമുറയിൽ വിപ്ലവം സാധ്യമാകു മെന്ന പ്രതീക്ഷയില്ലാത്തതുകൊണ്ടുതന്നെ അടുത്ത തലമുറ ഇതിന് പ്രതി കാരം ചെയ്യും എന്നുപറഞ്ഞാണ് കവി ആശ്വസിക്കുന്നത്. അതിനാൽ 'വാഴക്കുല' എന്ന കൃതിയിൽ കവി സമത്വത്തിനെതിരായ സാമൂഹിക വ്യ

വസ്ഥിതിയെ പ്രതിരോധിക്കുന്നത് വ്യക്തമാണ്.

ഇടശ്ശേരി ഗോവിന്ദൻ നായരിലേക്ക് വരുന്നതോടുകൂടി വിപ്ലവകവിതകളുടെ അവതരണരീതിയിൽ വലിയമാറ്റം കടന്നുവരുന്നു. 'പുത്തൻകലവും അരിവാളും' 'പണിമുടക്കം' തുടങ്ങിയ കവിതകൾ വിപ്ലവത്തിന്റെ വീര്യം തെളിയിക്കുന്ന പ്രമുഖ കൃതികളാണ്.

'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ കേന്ദ്രകഥാപാത്രമായ കോമൻ ആരിയൻ വിത്ത് വിതച്ച് രാപ്പകലില്ലാതെ കഷ്ടപ്പെട്ടു എന്നു കവി പറയുന്നു.

"ആരെപ്പോയ പുകിൽക്കി, പ്പാട-

ത്തരിമയോടാരിയൻ വിത്തിട്ടു"

"കോമനുഴുതുമറിച്ചപാടം

കോമൻ വിതച്ച പൊന്നാര്യൻ" (പുത്തൻകലവും അരിവാളും)

"കോമൻ പൂട്ടി വിതച്ചതിപ്പാടം

കോമൻ പൊൻവിളയിച്ചതിപ്പാടം" (പുത്തൻകലവും അരിവാളും)

വിളവെട്ടപ്പിനായി പാടത്തിറങ്ങിയപ്പോൾ

"കോമനുമല്ല പണിക്കാരുമല്ല ഒരു

കോടതിയാമീനമാൾക്കാരും! വിളജപ്തി (പുത്തൻകലവും അരിവാളും)

കോടതി ഉത്തരവിനുമുന്നിൽ വിറങ്ങലിച്ചുപോയ കോമനുവേണ്ടി സമൂഹം (നാട്ടുകാർ) ഇടപെടുന്നത് കാണാം. വിപ്ലവങ്ങൾ ഇത്തരത്തിലാണ് രൂപപ്പെടുന്നത്. അവർ നിയമം കൈയ്യേറ്റം നടത്തുകയാണ്. കൃഷി ഭൂമി കർഷകന് കിട്ടത്തക്കവണ്ണം നിയമം മാറ്റിയെഴുതാതെ തരമില്ല എന്ന് അവർ തിരിച്ചറിയുന്നു.

'അധികാരം കൊയ്യണമാദ്യം നാം

അതിനു മേലാകട്ടെ പൊന്നാര്യൻ' (പുത്തൻകലവും അരിവാളും)

എന്ന് മുദ്രവാക്യം മുഴക്കിക്കൊണ്ട് വിപ്ലവം സൃഷ്ടിക്കുന്ന ഒരു ജനതയെയാണ് കവിതയിൽ കാണുന്നത്. ഫ്യൂഡലിസ്റ്റ് സമ്പ്രദായത്തെ എതിർക്കുന്ന ഇടശ്ശേരി എപ്പോഴും അടിസ്ഥാനവർഗ്ഗത്തോടൊപ്പമാണ് നിലകൊണ്ടത്. ഈ കവിതയിൽ അന്നുനിലനിന്നിരുന്ന നിയമത്തെ കവിതകൊണ്ട് പ്രതിരോധിക്കുകയാണ് കവി ചെയ്തത്.

'പണിമുടക്കം' എന്ന കവിതയിൽ മുതലാളിത്ത വ്യവസ്ഥയോടുള്ള എതിർപ്പ് ഏറ്റവും ശക്തമായി കാണാവുന്നതാണ്. തുണിമില്ലിൽ പണിമുടക്കം, രാമനും കുടുംബവും പട്ടിണിയിലായി. എന്നിട്ടും അവൻ കരിങ്കാലിപ്പണിക്കുപോയില്ല. തോക്കും ലാത്തിയുമെല്ലാം വന്നു, പലരും മൃതപ്രായരായി, ഈ സമയത്ത് മുതലാളിയും ഭാര്യയും സന്താനലാഭത്തിനുവേണ്ടി യാഗം നടത്തുകയാണ്. അതിന്റെ ഭാഗമായി പാവങ്ങൾക്ക് മധുരവും നൽകി. ഏറെ നാളായി പട്ടിണിയിലായിരുന്ന രാമന്റെ മക്കൾ വെറും വയറ്റിൽ മധുരം കഴിച്ചു. ലാത്തിയുടെ അടികൊണ്ട് മുറിവും ഒലിപ്പിച്ചു രാമൻ വീട്ടിലെത്തിയപ്പോൾ തന്റെ മക്കൾ ഓരോരുത്തരായി മരിച്ചുവീണു. പത്താമത്തെ മകനും മരിച്ചുമണ്ണോടടിഞ്ഞപ്പോൾ അവർ ഇടനെഞ്ചത്തടിച്ചു ഗർജ്ജിച്ചു.

'പൊട്ടുതൊറ്റുക്കുന്നും

കുടിലദുർമ്മർത്ത്യതേ, നിൻ കടയ്ക്കൽ" (പണിമുടക്ക്)

എന്ന് അപ്പോൾ തൊഴിലാളികളുടെ സമരഗാനം ഉയർന്നുവന്നുയ അതു കേട്ട് അവർ അത് ഏറ്റുപാടി.

“കുഴിവെട്ടിമൂടുക വേദനകൾ

കുതികൊൾക ശക്തിയിലേക്ക് നമ്മൾ” (പണിമുടക്ക്)

പണിമുടക്കം എന്ന കവിതയിലെ തൊഴിലാളി പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ കരുത്തുള്ളവനാണ്. രോഗം, ദാരിദ്ര്യം, പട്ടിണി, മരണം തുടങ്ങി ഏറെ പ്രതിബന്ധങ്ങൾ അയാൾക്ക് മുൻപിൽ വന്നെങ്കിലും തളർന്നുപോകാതെ നാളത്തെ തലമുറയ്ക്ക് ഈ ഗതി വരാതിരിക്കാനായി പൊരുതാൻ തീരുമാനിക്കുന്ന തൊഴിലാളിവർഗ്ഗത്തെയാണ് കവിതയിൽ കാണുന്നത്. സാമൂഹ്യശക്തികൊണ്ട് വ്യവസ്ഥിതികളെ അക്രമരഹിതമായി പ്രതിരോധിക്കാം എന്ന് ഈ കവിതയിലൂടെ കവി പ്രഖ്യാപിക്കുന്നു.

ഇടശ്ശേരിയുടെ ‘പൂതപ്പാട്ട്’ എന്ന കവിതയിൽ അമ്മയാണോ പൂതമാണോ അന്തിമ വിജയം നേടുന്നത് എന്ന് സംശയിച്ചുപോകും. ഒറ്റ വായനയിൽ അമ്മതന്നെ എന്നു തോന്നുമെങ്കിലും അമ്മയോളം തന്നെ പൂതത്തിനും പ്രാധാന്യം ലഭിക്കുന്നു. കാരണം പൂതത്തിന്റെ ദയനീയാവസ്ഥ അതിനോട് അനുതാപം സൃഷ്ടിക്കുന്നു. പൂതപ്പാട്ടിലും, പുത്തൻകലവും അരിവാളും, പുളിമാവ് വെട്ടി, ഇങ്ങനെ ചിലത് പരിസ്ഥിതിയുമായി ബന്ധപ്പെട്ടതും, സ്ത്രീകളുമായി ബന്ധപ്പെട്ട ‘പെങ്ങൾ’, “നെല്ലുകുത്തുകാരി പാറുവിന്റെ കഥ’ എന്നീ കവിതകളെല്ലാം പിൽക്കാലത്ത് സമൂഹത്തിൽ വലിയ പ്രശ്നങ്ങളായും, പ്രസ്ഥാനങ്ങളായും മാറിയ കാവ്യങ്ങളാണ്. പരിസ്ഥിതി പ്രസ്ഥാനം, സ്ത്രീ വിമോചന പ്രസ്ഥാനം, ഇതെല്ലാം മുൻകൂട്ടി കണ്ടു എന്നപോലെ ആ കാലത്തെ സമൂഹത്തിന്റെ വൈരുദ്ധ്യങ്ങളെ അതിരൂക്ഷവും വൈകാരികവുമായി ആവിഷ്കരിച്ച കവിയായിരുന്നു ഇടശ്ശേരി. ഇങ്ങനെ പിന്നീടുള്ള കവിതകളിൽ അവർ നിലനിൽക്കുന്ന സമൂഹത്തിന്റെ ദുർനി

യമങ്ങളെ നിരന്തരമായി ചോദ്യം ചെയ്തുവന്നിട്ടുണ്ട്. പുതുതലമുറയിലെ കവികൾ വരെ നാഗരികത നമ്മളിൽനിന്ന് എന്നാണ് എടുത്തുകളയുന്നത് അല്ലെങ്കിൽ എടുത്തുമാറ്റുന്നത് എന്ന രീതിയിലുള്ള ആധുനിക സംസ്കാരത്തിനെതിരായ അഥവാ പാശ്ചാത്യ ആധുനികതക്ക് എതിർ നിൽക്കുന്ന തരത്തിലുള്ള സംസ്കാരസങ്കൽപ്പം, നമുക്ക് നഷ്ടപ്പെട്ടതിനെ തിരിച്ചുപിടിക്കാനുള്ള ഒരു ആഗ്രഹം ഇതെല്ലാം കവികൾ വ്യക്തമായിത്തന്നെ വെളിപ്പെടുത്തുന്നുണ്ട്.

വൈലോപ്പിള്ളിയുടെ കവിതകൾ അധ്വാനത്തിന്റെ മഹാപ്രകീർത്തനങ്ങളാണ്. മനുഷ്യരെല്ലാവരും തുല്യരാകുന്ന കാലത്തിന്റെ ഒരു സ്വപ്നമാണ്. ഓണപ്പാട്ടുകാർ പോലുള്ള കവിതയിലൂടെ വൈലോപ്പിള്ളി മുന്നോട്ട് വെക്കുന്നത്. ആസാംപണിക്കാർ എന്ന കവിത, മധ്യവർഗ്ഗത്തിന്റെ കുറ്റബോധത്തെ അതിരൂക്ഷമായി ആവിഷ്ക്കരിക്കുന്നു. കുടിയൊഴിക്കൽ പോലുള്ള കവിത വ്യത്യസ്തമായ പ്രതിരോധങ്ങളെയാണ് സൃഷ്ടിക്കുന്നത്.

ഇന്ത്യൻ ദേശീയസമരത്തിന് സമരാവേശം പകർന്ന് കവിതയിൽ വിപ്ലവാത്മകമായ പ്രതിരോധം സൃഷ്ടിച്ച വ്യക്തിയാണ് എൻ.വി. കൃഷ്ണവാരിയർ. ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ ഒരു പോരാളിയെപോലെ അദ്ദേഹം കവിതകൾ രചിച്ചു. സമരത്തിന്റെ സജീവധാരയിൽ അദ്ദേഹം അംഗമായിരുന്നു. ഉണരുക, എഞ്ചിനീയർ, ആഗസ്റ്റ് കാറ്റിൽ ഒരില, എലികൾ, മോഹൻദാസ് ഗാന്ധിയും നാഥൂറാംഗോഡ്സെയും, ജീവിതവും മരണവും തുടങ്ങിയ കവിതകളിലെല്ലാം തന്നെ വിപ്ലവം ജ്വലിച്ചുനിൽക്കുന്നത് കാണാവുന്നതാണ്.

"ഉണർന്നെണീക്കുവിനടിമച്ചങ്ങല
പൊറുത്തിടാത്തോരേ
ഉണർന്നെണീക്കുക, തൻ നാടിനായ്
സമരം ചെയ്യോരേ!
ഉണർന്ന നാല്പതുകോടി നമ്മുടെ
യെല്ലാൽ, മാംസത്താലുരുക്കുകോട്ടകൾ നീളെയുയർത്തുക
നാടിതു രക്ഷിപ്പാൻ!" (ഉണരുക)

നാടിന്റെ അടിമത്തം അവസാനിപ്പിക്കാൻ എല്ലാവരും ജാതിമതഭേദമന്യേ അടിമത്തത്തിനെതിരെ പ്രതിരോധം സൃഷ്ടിക്കുന്ന കവിതയാണിത്.

"അടക്കിയേക്കാം കോൾകൊണ്ടലറീട്ടു-
മലകടലിനെയെന്നാ-
ലടക്കുവാനാരെൻ രാജ്യത്തിൻ സ്വാതന്ത്ര്യാവേശം." (എഞ്ചിനീയർ)

എന്ന വാക്കുകൾ നിഷ്ഠൂരമായ അധീശശക്തിയോടുള്ള പകയും വെല്ലുവിളിയുമാണ്. എഞ്ചിനീയർ എന്ന കവിതയും വിദേശാധിപത്യത്തോടുള്ള പ്രതിഷേധമാണ്.

അധികാരത്തോടും അധിനിവേശത്തോടുമുള്ള എതിർപ്പും വെല്ലുവിളിയുമാണ് പ്രതിരോധം. സാംസ്കാരികബഹുലതയെ അംഗീകരിച്ച് അധികാരത്തോടും അധിനിവേശത്തോടും കലഹിക്കാനാണ് ഭാഷയിലും സാഹിത്യത്തിലുമുള്ള പ്രതിരോധം ലക്ഷ്യം വെക്കുന്നത്. സാംസ്കാരികചിഹ്നങ്ങളെന്ന നിലയിൽ ഭാഷയിലും സാഹിത്യത്തിലുമുള്ള ഇത്തരം പ്രതിരോധയത്നങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. ജനാധിപത്യസംസ്കാരത്തിന്റെ തനത് സ്വത്വത്തെ വീണ്ടെടുക്കലാണ് പ്രതിരോധത്തിന്റെ

പൊതുലക്ഷ്യം. മതം, ജാതി, ലിംഗം, സമ്പത്ത് തുടങ്ങി നിലനിൽക്കു ന്ന അധികാരപരമ്പരകളെ ഉടച്ചുവാർക്കാൻ പ്രതിരോധം ശ്രമിക്കുന്നു. അടിസ്ഥാനപരമായി മാനവികതയാണ് അതിന്റെ സത്ത. അതുകൊ ണ്ടുതന്നെ പ്രതിരോധപ്രവർത്തനമെന്നത് സാംസ്കാരികപ്രവർത്തനം തന്നെയാണ്. ആര്യാധിനിവേശകാലത്തും കൊളോണിയൽകാലത്തും സ്വാതന്ത്ര്യനിഷേധത്തിനെതിരെ മലയാളകവികൾ പ്രതിരോധം തീർ ത്തിരുന്നു. ചീരാമനിൽ തുടങ്ങുന്ന ഈ പ്രതിരോധപരമ്പര എൻ.വി. കൃ ഷ്ണവാരിയരിലേക്കെത്തുമ്പോഴേക്കും വിപുലമാകുന്നു. ഭാഷയിലും സാഹി ത്യസമീപനത്തിലും ഒരുപോലെ പ്രതിരോധം സൃഷ്ടിക്കാൻ എൻ.വി.ക്ക് സാധിക്കുന്നു. ആംഗലപദങ്ങൾ ചേർത്ത് ഉപയോഗിക്കുന്ന രീതി, നായി കാനായകൻമാരുടെ അവതരണത്തിലുള്ള വ്യത്യസ്തകൾ, ആഖ്യാനത്തി നുപയോഗിക്കുന്ന വേറിട്ട തന്ത്രങ്ങൾ, നിലനിൽക്കുന്ന വ്യവസ്ഥയോടുള്ള കലഹം, പൗരാണിക മിത്തുകളെയും പുരാണേതിഹാസങ്ങളെയും അപ നിർമ്മിക്കൽ, ഗാന്ധിസത്തിന്റെ സ്വീകരണം, ദേശീയതയെ അംഗീകരി ക്കുന്നതോടൊപ്പം തന്നെ വിശ്വമാനവികതയുടെ സ്വാംശീകരണം തുടങ്ങി വിവിധ തലങ്ങളിലുള്ള പ്രതിരോധങ്ങൾ എൻ.വി. കൃഷ്ണവാരിയർ അവത രിപ്പിക്കുന്നു. അത്തരത്തിൽ

എൻ.വി. കൃഷ്ണവാരിയരുടെ കവിതകളിൽ പ്രത്യക്ഷപ്പെടുന്ന പാരമ്പര്യ ത്തെയും അതിനെതിരായ പ്രതിരോധശ്രമങ്ങളെയും അനാവരണം ചെ യ്യാനാണ് അടുത്ത അധ്യായത്തിൽ ശ്രമിക്കുന്നത്.

## അദ്ധ്യായം 4

# പാരമ്പര്യവും പ്രതിരോധവും എൻ.വിയുടെ കവിതയിൽ

പാരമ്പര്യം പഴമയെ സൂചിപ്പിക്കുന്നു എന്നാണ് അതിനെ കുറിച്ചുള്ള സാമ്പ്രദായികധാരണകൾ പ്രസ്താവിക്കുന്നത്. എന്നാൽ പുതുപഠനങ്ങൾ സൂചിപ്പിക്കുന്നത് പാരമ്പര്യം തെരഞ്ഞെടുക്കലുകളും കണ്ടെത്തലുകളുമാണെന്നാണ്. അതായത് വർത്തമാനകാല ആവശ്യങ്ങൾക്കുവേണ്ടി പഴമയിൽനിന്ന്, ചരിത്രത്തിൽനിന്ന്, ചിലത് കാണാൻ ശ്രമിക്കുന്നു. ഉള്ളത് കാണുകയല്ല, ആഗ്രഹമുള്ളത് കണ്ടെടുക്കുകയാണ്. അതായത് 'പാരമ്പര്യം' എന്നുപറയുന്നത് ചില ഘടകങ്ങളെ ഏറ്റെടുക്കുന്നതിലൂടെയാണ് സാധ്യമാകുന്നത്. അങ്ങനെയാകുമ്പോൾ പാരമ്പര്യം ഒരു നിർമ്മിതിയാകുന്നു. നിർമ്മിത പാരമ്പര്യങ്ങൾ സൃഷ്ടിക്കുമ്പോഴും അവയെ പ്രതിരോധിക്കുമ്പോഴും കവിതയുടെ രാഷ്ട്രീയം വെളിപ്പെടുകയാണ് ചെയ്യുന്നത്. കവിതയിലെ പാരമ്പര്യഘടകങ്ങളെ വിശകലനവിധേയമാക്കുകയും അതിന്റെ പ്രതിരോധസ്വഭാവത്തെ അപഗ്രഥിക്കുകയും ചെയ്യുന്നതുവഴി കവിത ഉൾവ്വഹിക്കുന്ന രാഷ്ട്രീയത്തെ മനസ്സിലാക്കാനും സാധിക്കും. ഏത് സാ

ഹിത്യസൃഷ്ടിയും എഴുതപ്പെട്ട കാലത്തോട് സംവദിക്കുന്നവയാണ്. നില നിൽക്കുന്ന വ്യവസ്ഥകൾക്കെതിരെ കലഹിക്കാനും പ്രതിരോധിക്കാനും ശ്രമിക്കുമ്പോഴാണ് അവ അതിന്റെ സാംസ്കാരികദൗത്യം സാർത്ഥകമാക്കുന്നത്. എൻ.വി. കൃഷ്ണവാരിയർ തന്റെ കവിതകളിലൂടെ നിറവേറ്റുന്നതും ഈ ദൗത്യം തന്നെയാണ്. പാരമ്പര്യത്തെയും അതിനെതിരായുള്ള പ്രതിരോധ ശ്രമങ്ങളെയും ഒരേസമയം ചേർത്തുവെച്ച് പരിചരിക്കാൻ എൻ.വി. കവിതകൾ ശ്രമിക്കുന്നു. മിത്ത്, ഗാന്ധിസം, ദേശീയത മുതലായ സംവർഗ്ഗങ്ങളെ പ്രതിരോധത്തിനുള്ള ഉപാദാനങ്ങൾ എന്ന നിലയിൽ എൻ.വി. ഉപയോഗിക്കുന്നുണ്ട്.

മിത്തുകളെ അപനിർമ്മിക്കുകയും ദൈവമെന്ന സങ്കൽപ്പത്തെ കുറിച്ചുള്ള ധാരണകൾ തിരുത്തിക്കുറിക്കുകയും ഇതിഹാസങ്ങളെ പുനരാഖ്യാനം ചെയ്യുകയും ചെയ്തുകൊണ്ട് കവിതയെ ശക്തമായ പ്രതിരോധ ഉപാധിയാക്കിത്തീർക്കാൻ എൻ.വി.കൃഷ്ണവാരിയർ ശ്രമിക്കുന്നുണ്ട്. അക്കാലത്ത് സാഹിത്യത്തിൽ ശക്തമായ കാല്പനികതയെ യാഥാർത്ഥ്യബോധങ്ങൾ കൊണ്ട് പ്രതിരോധിക്കാനും അദ്ദേഹം തയ്യാറാകുന്നുണ്ട്. അതിലൂടെ നിർമ്മിതപാരമ്പര്യങ്ങൾക്കെതിരെ കലഹിക്കാൻ എൻ.വി. കവിതകൾ എത്രമാത്രം പ്രാപ്തമാണ് എന്ന് അന്വേഷിക്കാനാണ് ഈ അദ്ധ്യായത്തിൽ ശ്രമിക്കുന്നത്.

### മിത്തുകളുടെ പ്രതിരോധം എൻ.വി. കൃഷ്ണവാരിയരുടെ കവിതകളിൽ

പ്രപഞ്ചത്തെയും മനുഷ്യനെയും കൂട്ടിയിണക്കുന്ന കണ്ണികളാണ് മിത്തുകൾ. അതിനാൽ മിത്ത് സമൂഹത്തിൽനിന്ന് ഒഴിച്ചുകൂടാനാവാത്ത ഒരു

ഘടകമായി ലയിച്ചുകിടക്കുന്നു. മിത്തുകൾ കെട്ടുകഥകളായല്ല വ്യാഖ്യാനിക്കപ്പെടുന്നത്. പകരം ചരിത്രാതീത ചരിത്രമായി അത് മാറിയിരിക്കുന്നു. ഇന്നില്ലാത്തതും ഒരുകാലത്ത് സംഭവിച്ചുവെന്ന് വിശ്വസിക്കുന്നതുമായ കഥയാണ് മിത്ത്.

സാഹിതീയ സന്ദർഭങ്ങളെ പുഷ്ടിപ്പെടുത്താനും മനുഷ്യന്റെ അവസ്ഥാന്തരങ്ങളെ രേഖപ്പെടുത്താനും, മനുഷ്യമനസ്സിന്റെ അടിത്തട്ടിൽ വിശ്രമിക്കുന്ന നാടോടി സംസ്കാരത്തെ ഉണർത്തി പുതിയ മേച്ചിൽ പുറങ്ങളിലെത്തിക്കാനും സാഹിത്യകാരൻ മിത്തുകളെ പ്രയോജനപ്പെടുത്തുന്നു.

മലയാളത്തിലെ സാഹിത്യമേഖലകളിൽ പ്രസിദ്ധിനേടിയ ഒട്ടുമിക്ക കൃതികളും മിത്തിന്റെ നിർമ്മിതികളാണ്. *ഖസാക്കിന്റെ ഇതിഹാസം,* നിയതമായൊരു വളർച്ചയില്ലാത്ത കഥകളും മിത്തുകളും അന്ധവിശ്വാസങ്ങളും മെനഞ്ഞുണ്ടാക്കിയ നിലനിൽപ്പിനെക്കുറിച്ചുള്ള ഭീതിയും ആശങ്കകളുമാണ് കാഴ്ചവെക്കുന്നത്. കാലത്തിനും സ്ഥലപരിമിതികൾക്കും അതീതമായി ഒരു ജനതയുടെ സംസ്കാരവുമായുള്ള ഏറ്റുമുട്ടലുകളാണ് മിത്തുകളിലൂടെയും കഥകളിലൂടെയും ഒ.വി.വിജയൻ നടത്തുന്നത്. ബഷീറിന്റെ കൃതികൾ ഇസ്ലാമിക മിത്തുകളുടെയും കഥകളുടെയും കാവ്യാത്മകമായ ആവിഷ്ക്കാരമാണ്. എൻ.പി. മുഹമ്മദിന്റെ *എണ്ണപ്പാടം, ദൈവത്തിന്റെ കണ്ണ്* തുടങ്ങിയ കൃതികളും ഇവിടെ ചേർത്തുവായിക്കാം. കേരളത്തിലെ മുസ്ലിം സമുദായത്തിന്റെ സാംസ്കാരിക ജീവിതത്തിൽ ആര്യദ്രാവിഡ പാദമുദ്രകളാണ് എൻ.പി.മുഹമ്മദ് തന്റെ കൃതികളിലൂടെ തിരഞ്ഞുകൊണ്ടിരിക്കുന്നത്. എം.ടി.യുടെ *രണ്ടാമൂഴം*, പി.കെ. ബാലകൃഷ്ണന്റെ *ഇനി ഞാൻ ഉറങ്ങട്ടെ* തുടങ്ങിയവ മഹാഭാരതകഥക്ക് പുതിയ മാനങ്ങൾ നൽകുന്നു.

പാറപ്പുറത്തിന്റെ *അരനാഴികനേരം*, എൻ.എസ്.മാധവന്റെ *ലന്തൻബത്തേരിയിലെ ലുത്തിനിയകൾ*, ബെന്യാമിന്റെ *അക്കപ്പോരിന്റെ ഇരുപത് നസ്രാണി വർഷങ്ങൾ*, സാറാ ജോസഫിന്റെ *ആലാഹയുടെ പെൺമക്കൾ, ആളോഹരി ആനന്ദം*, തുടങ്ങിയ കൃതികളെല്ലാം ബൈബിൾ മിത്തുകളിൽനിന്നും ഊർജ്ജം സ്വീകരിച്ചവയാണ്.

"മിത്ത് അർത്ഥത്തിലും ഘടനയിലും സ്വപ്നസമാനമാണ്. സ്വപ്നം വ്യക്തികളുടെ മനസ്സിൽ തെളിയുന്ന സ്വാനുഭവത്തിന്റെ സമസ്യാപൂരണമാണെങ്കിൽ കൂട്ടായ്മയുടെ സ്വപ്നമായ മിത്ത് സമൂഹത്തിന്റെ അബോധമനസ്സിൽ അടിഞ്ഞുകിടക്കുന്ന പ്രകൃതിപ്രതിഭാസങ്ങളുടെ സമസ്യാപൂരണമാകുന്നു. പ്രകൃതിയിലും കൂട്ടായ ജീവിതത്തിലും തങ്ങളെ അമ്പരപ്പിച്ച അസാധാരണ പ്രതിഭാസങ്ങൾക്കു ഭൂതകാലസമൂഹങ്ങൾ നൽകിയ വ്യാഖ്യാനങ്ങൾ മിത്തുകളായി കല്ലിച്ചുകിടക്കുന്നു. പ്രകൃതിയുടെ സംഹാരശക്തിയിൽനിന്ന് നിത്യമോചനം നേടിയെന്നും ജീവിതത്തിന്റെ ഗൂഢരഹസ്യങ്ങൾ കണ്ടെത്തിയെന്നും വൈരുദ്ധ്യപൂർണ്ണമായ സാമൂഹികജീവിതത്തിൽനിന്നും യാതനാബദ്ധമായ മനുഷ്യാവസ്ഥയിൽനിന്നും എന്നെന്നേക്കുമായി രക്ഷപ്രാപിച്ചെന്നും സ്വപ്നം കണ്ട പ്രാക്തനസമൂഹങ്ങളുടെ മോഹസാക്ഷാത്ക്കാരമായ മിത്തുകൾ ഒരു കാലഘട്ടം അംഗീകരിച്ച വിജ്ഞാനമായിരുന്നു" (രാഘവവാരിയർ, രാജൻ ഗുരുക്കൾ, 2013: 3) എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

മിത്തും കാവ്യവും തമ്മിലുള്ള ബന്ധം സ്ഥിരവും സങ്കീർണ്ണവും ബഹുമുഖവുമാണ്. അഭേദ്യകൽപ്പനയും പ്രതീകവത്ക്കരണവും മിത്തിന്റെയും കവിതയുടെയും സാമാന്യമായ പ്രത്യേകതയാണ്. പ്രാചീനജനതയുടെ

ഭാഷ കാവ്യാത്മകമായിരിക്കുന്നതിന് കാരണം അതാണ്. ഭാഷയുടെ ആ പഴയ നിലപാട് പാലിക്കുന്നത് കവിത മാത്രമാണ്. അതുകൊണ്ടാണ് കവി ഇന്നും മിത്തുകളെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

മലയാളത്തിലെ സാഹിതീയ വ്യവഹാരങ്ങളെല്ലാം മിത്തുകളെ പലതരത്തിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവയിൽനിന്നും വ്യത്യസ്തമായി മിത്തുകളെ പരിചരിക്കുകയും അവയെ പ്രതിരോധ ഉപാധിയായി വളർത്തിയെടുക്കുകയുമാണ് എൻ.വി. കവിതകൾ ചെയ്യുന്നത്. അമ്മദൈവത്തെക്കുറിച്ചുള്ള മിത്തുകൾ, ബലിയുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന മിത്തുകൾ എന്നിവയെ അപനിർമ്മിക്കാൻ എൻ.വി. ശ്രമിക്കുമ്പോൾ മനുഷ്യമനസ്സിൽ കാലങ്ങളായി നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളുടെ തിരസ്കാരം കൂടിയാണ് സംഭവിക്കുന്നത്. അദ്ദേഹത്തിന്റെ ഒരു പഴയപാട്ട്, മലിന്ത്സിൻ, എന്നീ കവിതകൾ ഇത്തരം മിത്തുകളുടെ നിസ്സാരതയെ വെളിപ്പെടുത്തുന്നവയാണ്.

**പഴയപാട്ട്**

മിത്ത് ഒരു കാലഘട്ടത്തിന്റെ സാംസ്കാരത്തിലേക്കാണ് വെളിച്ചം വീശുന്നത്. ആദിമകാലത്തുതന്നെ ലോകത്തിന്റെ നാനാഭാഗത്തും വ്യത്യസ്തമായ മിത്തുകൾ നിലനിന്നിരുന്നു. ആദിമവർഗ്ഗം അവയുടെ പരിഷ്കൃതിയെ സൂചിപ്പിക്കുന്ന അവശിഷ്ടങ്ങളിൽ നിന്ന് അനുമാനിക്കുന്നതുപോലെ, നായാട്ടിൽ നിന്ന് കൃഷിയിലേക്ക് മാറിക്കൊണ്ടിരുന്ന ഒരു സമൂഹമായിരുന്നു എന്ന് ഉപദർശിക്കപ്പെട്ടിട്ടുണ്ട്. ഉപജീവന സമ്പ്രദായത്തിന്റെ സ്വഭാവമനുസരിച്ച് ജനങ്ങളുടെ ആചാരാനുഷ്ഠാനങ്ങളിലും വ്യത്യാസമുണ്ടാവുക

സാധാരണമാണ്. നായാട്ടുകാരന്റെ സങ്കൽപ്പവും വിശ്വാസവുമല്ല കച്ചവട ക്കാരന്റേത്. ഉപജീവനമാർഗ്ഗത്തിന് അനുസൃതമായി അത് വ്യത്യസ്തപ്പെട്ടു കൊണ്ടിരിക്കും. ഒരു സമൂഹത്തിൽ തൊഴിലിന്റെ പേരിലുള്ള വേർതിരിവ് അവരുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും പിന്നീട് അടിഞ്ഞുകൂടുകയും പരിവർത്തനത്തിന് വിധേയമാക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ വിഭവങ്ങളുടെ സമ്പാദനത്തിൽ പ്രാകൃതത്വം പുലർത്തിപ്പോന്ന സമൂഹങ്ങ ളുടെ ആരാധനാരീതികളും പ്രാകൃതമായി കാണപ്പെടുന്നു. പ്രകൃതിശക്തി കളുടെ ദയാദാക്ഷിണ്യങ്ങളെ മാത്രം ആധാരമാക്കിയുള്ള സമൂഹങ്ങളുടെ ജീവനോപാധികളാണ് പ്രാകൃതികമൂലകങ്ങളായ മണ്ണ്, വെള്ളം, വൃക്ഷം എന്നിവയേയും അവയുടെ പ്രതീകങ്ങളേയും ആരാധിക്കുന്ന സമ്പ്രദാ യത്തിലേക്ക് അവരെ നയിക്കുന്നത്. മൃഗാരാധനയും, വൃക്ഷാരാധനയും ഗോത്ര സംസ്കാരത്തിന്റെ കാലം തൊട്ടേ നിലനിന്നിരുന്നു. അനുഷ്ഠാനപ രമായ സ്ത്രീ-പുരുഷ സംയോഗം ഭൂമിയുടെ ഫലപുഷ്ടി വർദ്ധിപ്പിക്കും എന്ന വിശ്വാസവും അതിൽനിന്നും മുളച്ചുണ്ടാകുന്ന മറ്റ് ഉർവ്വരപൂജകളും എല്ലാം മു ളപൊട്ടുന്നത് ഇത്തരം പ്രാകൃത സമൂഹങ്ങളുടെ വളക്കൂറുള്ള സങ്കൽപ്പങ്ങളി ലാണ്. പിൽക്കാല സാഹിത്യത്തിലും ഉർവ്വരതാ-അമ്മദൈവസങ്കൽപ്പം വ്യക്തമാകുന്നുണ്ട് എന്ന് രാഘവവാരിയർ (2013: 4) പറയുന്നു.

ദ്രാവിഡരുടെ ആരാധനാമൂർത്തികളിൽ ഏറ്റവും പ്രധാനം അമ്മദൈവം എന്ന സങ്കൽപ്പനമാണ്. ഒരേസമയം വാത്സല്യനിധിയും അതേസമയം വീരയും ശക്തയുമായാണ് ദ്രാവിഡർ അമ്മദൈവത്തെ ആരാധിക്കുന്നത്. സംഘകാലം മുതൽ ഇത്തരം ആരാധനാരീതികൾ കാണാവുന്നതാണ്. യുദ്ധത്തിന്റെ അധിദേവതയായി 'കൊറ്റവൈ' യെ ആരാധിക്കുന്ന രീതി

തന്നെ ഉദാഹരണം. അമ്മദൈവവുമായി ബന്ധപ്പെട്ട ആരാധനകൾ പല തരത്തിലുള്ള മിത്തുകളുടെ സൃഷ്ടിക്ക് കാരണമായിട്ടുണ്ട്. പാലിക്കുന്നതോ ടൊപ്പം സംഹരിക്കുകയും ചെയ്യുന്ന ദേവി കോപിഷ്ഠയായാൽ നാടുമുടിയും എന്നതരത്തിലുള്ള മിത്തുകൾ പ്രചരിക്കപ്പെടുന്നുണ്ട്. ദേവതയെ പ്രീതി യാക്കാൻ ബലി നൽകണമെന്ന ചിന്ത അന്ധമായ ഇത്തരം മിത്തുകളെ വിശ്വസിക്കുന്നതിൽ നിന്നുണ്ടാകുന്നതാണ്. എന്നാൽ അവയുടെ അനാ ചാരതലങ്ങളെ ചോദ്യം ചെയ്യാതെ അവയെ അതേപടി നിലനിർത്താ നുള്ള ശ്രമങ്ങളാണ് മലയാളകവിതയിൽ കാണുന്നത്. ഇടശ്ശേരിയുടെ കാവിലെ പാട്ട് തന്നെ ഉദാഹരണം 'ഒരു പഴയപാട്ട്' എന്ന കവിതയിലൂ ടെ എൻ.വി. കൃഷ്ണവാരിയർ മിത്തിനെതിരെ മാനവികയുടെ പ്രതിരോധ രാഷ്ട്രീയം കൊണ്ടുവരുന്നു. അനീതിയ്ക്കും അന്ധവിശ്വാസത്തിനും എതിരെ പടനയിക്കുന്ന ഒരു പോരാളിയായാണ് കവിതയിലെ വേടയുവാവിനെ എൻ.വി. ചിത്രീകരിക്കുന്നത്.

അമ്മദൈവവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന മിത്തുകൾ ജനതയുടെ മനസ്സിൽ സൃഷ്ടിക്കുന്ന അന്ധവിശ്വാസങ്ങളെ ശാസ്ത്രീയ യുക്തികൊണ്ട് നിരാകരിക്കുകയാണ് എൻ.വി. ഈ കവിതയിലൂടെ ചെയ്യുന്നത്. കവി തയുടെ പരമമായ ലക്ഷ്യം സമൂഹത്തിന്റെ മനസ്സിലടിഞ്ഞുകൂടി കിടക്കു ന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വേരോടെ ഉന്മൂലനം ചെയ്യുക എന്നതാണ്. അതിനുവേണ്ടി അന്ധവിശ്വാസത്തെ തന്നെ കവി തയ്ക്ക് വിഷയമാക്കുന്നു. ഏഴു സിംഹങ്ങളും ഏഴു കാട്ടാനകളും കരടികളും കാവൽ നിൽക്കുന്ന ഭദ്രകാളിയാണ് ഏഴിമലമുകളിൽ കുടികൊള്ളുന്ന മലയരുടെ പരദൈവം. ദേവിയ്ക്ക് നരബലി നൽകിയില്ലെങ്കിൽ ദേവിയുടെ

കോപം നിമിത്തം തങ്ങളുടെ വംശം തന്നെ അറ്റുപോകുമെന്നതായിരുന്നു മലയരുടെ വിശ്വാസം.

"ഒരു നാളിലിരുണ്ട കറുത്തവാവി-
ലിരവിൽപ്പകുതിയും പോയനേരം,
കരിമുകിലെമ്പാടും മൂടി, വാനി-
ലിടിമുഴങ്ങീ, മിന്നൽ മിന്നി നീളെ
ഇളകീല പാതിരയോരിപോലും,
ഇളകീല കാറ്റുമിലകൾ പോലും" (ഒരു പഴയ പാട്ട്)

എന്നിങ്ങനെ ഭയാനകമായ അന്തരീക്ഷസൃഷ്ടി നടത്തിക്കൊണ്ടാണ് കവിത ആരംഭിക്കുന്നത്. മലയരെല്ലാം കറുത്ത വാവിൻനാൾ രാത്രി നരബലിക്ക് തയ്യാറായി എത്തി. പ്രകൃതിപോലും നരബലിക്ക് അനുമതി നിഷേധിക്കുന്ന തരത്തിലായിരുന്നു ഇടിയിലൂടെയും മിന്നലിലൂടെയും പ്രതികരിച്ചുകൊണ്ടിരുന്നത്. നരബലിക്കുള്ള 'ഉരു'വിനെ ദേവി തന്നെയാണ് തിരഞ്ഞെടുക്കുക. ആരാണോ കലികൊണ്ടു തുള്ളുന്നത് ആ ആളെ കാളി തിരഞ്ഞെടുത്തു എന്നാണ് വിശ്വാസം. എല്ലാവരുടെയും കലിയടങ്ങിയിട്ടും അരചന്റെ ആണും പെണ്ണുമായുള്ള ഒരേ ഒരു പൈതൽ കലികൊണ്ടു തുള്ളിയാടി.

"കരിനീലക്കണ്ണു ചുകന്നുകൊണ്ടും
മയിൽപ്പീലിക്കുന്തലഴിഞ്ഞുകൊണ്ടും
മലവാകപ്പൂമാലയാടിക്കൊണ്ടും
മുലമൊട്ടുമാറിൽത്തുളുമ്പിക്കൊണ്ടും
അരചന്റെ മകൾ മാത്രം നൃത്തമാടി" (ഒരു പഴയ പാട്ട്)

പതിനാറു വയസ്സുപോലും ഇല്ലാത്ത തന്റെ ഒരേയൊരു പൈതലിനെ ബലി നൽകേണ്ടിവരുമല്ലോയെന്നോർത്ത് അരചൻ ഏറെ വിഷമിച്ചു. അതുവരെ നിലനിന്നിരുന്ന ഭക്തിയുടെ ഭാവമല്ല ദേവിയോടുള്ള വെറുപ്പാണ് പിന്നീട് അരചന്റെ വാക്കുകളിൽ തെളിയുന്നത്. വൈയക്തികദുഃഖത്തിനു മുന്നിൽ അതുവരെ ഉണ്ടായിരുന്ന ഭക്തി ഇല്ലാതാകുന്നതാണ് പിന്നീട് കാണുന്നത്. ഭക്തിപ്രസ്ഥാനകവികൾ മുന്നോട്ടുവെച്ച ആത്മീയഘോഷങ്ങളെ പുറന്തള്ളിക്കൊണ്ട് മനുഷ്യബന്ധങ്ങളുടെ സങ്കീർണ്ണതകളെയും ആർദ്രമായ വികാരങ്ങൾക്ക് ജീവിതത്തിലുള്ള സ്ഥാനത്തെയും കുറിച്ച് മാറിചിന്തിക്കുകയാണ് എൻ.വി. ഇവിടെ. അച്ഛന് മകളോടുള്ള വാത്സല്യത്തിന് മുന്നിൽ ദൈവത്തോടുള്ള ഭക്തി ഒന്നുമല്ലാതാവുകയും അത് വെറുപ്പായി രൂപാന്തരപ്പെടുകയും ചെയ്യുന്നു.

“പതിനാറു പൂക്കണി കാണാത്തോരി
പ്പുതുചോര ദേവി കുടിക്കുകെന്നോ?
ഇതുവരെ പൂജിച്ചുപോന്നതിന്റെ
ഫലമിതുതന്നെയോ ഭദ്രകാളി!” (ഒരു പഴയ പാട്ട്)

എന്ന് അരചൻ ചോദിക്കുന്നത് അതുകൊണ്ടാണ്. പക്ഷേ മലവേടവംശത്തിന് അതുമൂലം നാശം സംഭവിക്കുന്നു എന്ന ചിന്ത അയാളെ അസ്വസ്ഥനാക്കുന്നുണ്ട്. മനസ്സിൽ രൂഢമൂലമായ വിശ്വാസങ്ങൾക്കെതിരെ ചിന്തിക്കാൻ തുടങ്ങുന്നുണ്ടെങ്കിലും അതിനെ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാത്തതാണ് അയാളുടെ പ്രശ്നം. തന്റെ കൈകൊണ്ടുതന്നെ മകളെ ബലി നൽകാനുള്ള ശ്രമത്തിലേക്ക് ആ ചിന്ത അയാളെ നയിക്കുന്നു.

ആനയുടെ തുമ്പിക്കൈപോലെ ഉഗ്രമായ തന്റെ വലം കൈകൊണ്ട് മഴവെട്ടുത്തുയർത്തി അരചൻ ഓമനമകളെ ബലിദാനം കൊടുക്കാൻ പോകുകയാണ്.

"അരചൻ മഴ ചെറ്റയർത്തുകയായ്

മലവേടർ മിഴിയിണ പൂട്ടകയായ്

മലയുടെ താഴ്ന്ന വയറ്റിൽ നിന്നും

പെരിയൊരലർച്ച പുറത്തു കേൾക്കായ്" (ഒരു പഴയ പാട്ട്)

അരചൻ മകളെ ബലി നൽകുന്ന കാഴ്ച മലവേടർക്കെന്നല്ല പ്രകൃതിക്കുപോലും കണ്ടുനിൽക്കാനാകുന്നില്ല. മലയുടെ താഴ്ന്ന വയറ്റിൽനിന്ന് അലർച്ച കേൾക്കുന്നത് അതുകൊണ്ടാണ്. ഈ ഹീനകൃത്യം കണ്ടുനിൽക്കാനാകാതെ പ്രകൃതിപോലും അലറി കരയുകയാണ്. അപ്പോഴേക്കും ഒരുത്തൻ അരചന്റെ മുന്നിൽ ചാടി വീണു. പൂശാരിത്തലവന്റെ ഓമൽകിടാത്തൻ അവന്റെ വാളൂരികൊണ്ട് അലറിപറഞ്ഞു.

"ഭഗവതിക്കായാലുമാർക്കായാലു-

മരചന്റെയോമനപ്പെൺമകളെ

പതിനാറു പൂക്കണി കാണാത്തോരീ-

പ്പുതുവീട്ടിപ്പാവയെപ്പൂമെയ്യാളെ

തൊടുവാനൊരുത്തൻ തുടങ്ങുകിലെ-

ന്നുടവാളിന്നുണവനില്ല തർക്കം."

ഇതും പറഞ്ഞുതിരിഞ്ഞ് അവൻ ഭഗവതിയുടെ ബിംബത്തെ ചവിട്ടിമറിച്ചു. പെട്ടെന്നു ഭൂമി മുഴുവൻ കുലുങ്ങി, ഒരു മിന്നൽ മിന്നി, മൂന്നുലോകങ്ങളും കത്തുന്നപോലെ തോന്നി.

“മലയുയിരാർന്നതുപോലെ തോന്നി,

ശിലകൾ കീഴ്പ്പോട്ടു പിടഞ്ഞുരുണ്ടു,

അരയാലു രണ്ടായ്പ്പിളർന്നു വീണു,

മലമുടി രണ്ടായ്പ്പിളർന്നുവീണു.

കടൽപോൽ, പ്പിളർപ്പിന്നടിയിൽ നിന്നും

ചുടുവെള്ളം പൊന്തിത്തിളച്ചൊഴുകി....

ഉരുൾപ്പൊട്ടൽ സംഭവിക്കുകയാണ്. മൂന്നുലോകങ്ങളും ഒന്നിച്ചിരമ്പുന്നപോലെ പെട്ടെന്നു മലമുടി രണ്ടായി പിളർന്നുവീണു. തിളച്ചുപൊന്തിയ ലാവ പരന്നൊഴുകി. വേടരും, അരചനും, ഭഗവതിയും സിംഹവും, കരടിയും മലയകിടാത്തനും, അരചന്റെ മകളും എല്ലാം അതിനടിയിലായി. ആദ്യവായനയിൽ ഈ കവിതയെ ആഖ്യാനം ചെയ്യുമ്പോൾ ബലി മുടക്കിയതിനു ദേവിയുടെ ശിക്ഷയാണ് ആ പ്രകൃതിക്ഷോഭത്തിന് കാരണമെന്നേ തോന്നൂ. എന്നാൽ കൃഷ്ണവാരിയർ ഇപ്രകാരമല്ല ആഖ്യാനം ചെയ്യുന്നത്. പ്രകൃതിക്ഷോഭത്തിന്റെ ശാസ്ത്രീയകാരണങ്ങളെ അവതരിപ്പിക്കുകയും അന്ധവിശ്വാസം സൃഷ്ടിക്കുന്ന അബദ്ധധാരണകളെ മറനീക്കി പുറത്തുകൊണ്ടുവരികയുമാണ് അദ്ദേഹം ചെയ്യുന്നത്. മനഃശാസ്ത്രപരമായി കവിതയെ അപഗ്രഥിക്കുമ്പോൾ ഈ വസ്തുത വ്യക്തമാവുന്നുണ്ട്.

“പതിനാറു തികയാത്ത പ്രായം; ലോലമായ മനസ്സ്; കറുത്തവാവിൻ നാളത്തെ ഇരുണ്ട പാതിരാവ്; ഭയാനകമായ അന്തരീക്ഷം, ഭൂകമ്പത്തിന്റെ ഫലമായുണ്ടായ പ്രകമ്പനങ്ങൾ; കൂട്ടത്തിലൊരാൾ ഉരുവായി തെരഞ്ഞെടുത്തുവെന്ന വിശ്വാസം. എല്ലാവരും കൂടി അവളുടെ സമനില തെറ്റിച്ച” അതാണ് അരചന്റെ മകൾ കലികൊണ്ടുതുള്ളാനുണ്ടായ കാരണമെന്ന

എം.ലീലാവതിയുടെ (2008:273) നിരീക്ഷണം ഈ സന്ദർഭത്തിൽ പ്രസക്തമാണ്.

വേടയുവാവ് ദേവിയെ ധിക്കരിച്ചതുകൊണ്ടല്ല ഉരുൾ പൊട്ടിയത്. ആ പ്രക്രിയ മുമ്പേ തുടങ്ങിയിരിക്കുന്നു. ബലി നടന്നാലും ഉരുൾപൊട്ടൽ അടുത്തനിമിഷം സംഭവിക്കുമായിരുന്നു. എങ്കിലും വേടയുവാവ് ദേവീബിംബം ചവിട്ടി മറിച്ചപ്പോൾ തന്നെ അത് സംഭവിച്ചു. പ്രകൃതിക്ഷോഭത്തെ മാതൃക്ഷോഭമായി കാണുന്ന പ്രാകൃതജനതയെയാണ് കവി അനാവരണം ചെയ്യുന്നത്. എന്നാൽ അവരുടെ അബോധത്തിൽ രൂഢമൂലമായി കിടക്കുന്ന അന്ധവിശ്വാസത്തെ ശാസ്ത്രയുക്തികൊണ്ട് എതിർക്കുകയും ചെയ്യുന്നു. അന്ധവിശ്വാസങ്ങൾ അനാചാരങ്ങളായി മാറുന്നതും, ഭക്തി പീഡകവൃത്തിയായി മാറുന്നതും, തന്മൂലം ഉണ്ടായിത്തീരുന്ന നിസ്സഹായതയും ദൈന്യവും സൗന്ദര്യാത്മകമായി കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. ശാസ്ത്രീയബോധത്തിന്റെയും യുക്തിവിചാരത്തിന്റെയും ഫലമാണ് ഇത്തരത്തിൽ പ്രാകൃത സങ്കൽപ്പങ്ങളെ പൊളിച്ചെഴുതാൻ എൻ.വിയെ പ്രേരിപ്പിച്ചത്.

**മലിന്ത്സിൻ**

കേരളത്തിന്റെ നാലു ചുവരുകളിൽ കവിതയെ ഒതുക്കി നിർത്താൻ എൻ.വി. കൃഷ്ണവാരിയർ തയ്യാറായിരുന്നില്ല. പകരം ലോകചരിത്രത്തിൽ നിന്നും നാനാദേശങ്ങളിൽ നിന്നും അവലംബിച്ച പ്രമേയങ്ങൾ കവിതയിലാവിഷ്കരിച്ചു. അത്തരത്തിൽ ലോകചരിത്രത്തിന്റെ ഭൂതകാലത്തിൽ നിന്നും കണ്ടെത്തിയ കവിതയാണ് 'മലിന്ത്സിൻ'. മിത്തിനെ പ്രതിരോ

ധിച്ചുകൊണ്ട് ബലിയെ നിരാകരിക്കാനുള്ള ശ്രമം ഈ കവിതയിലും ദർശിക്കാവുന്നതാണ്.

എ.ഡി. 1519-ൽ ഹെർണാൻഡോ കോർട്ടെസ് (Hernando Cortex) എന്ന സാഹസികന്റെ നേതൃത്വത്തിൽ ഏകദേശം അറുനൂറു ഭടന്മാരും പതിനെട്ടു കുതിരകളുമടങ്ങിയ ഒരു സ്പാനിഷ് സൈന്യം മെക്സിക്കോവിലെ 'ആസ്റ്റെക്'' (Astek) വർഗ്ഗക്കാരുടെ വൻപിച്ച സാമ്രാജ്യത്തെ കീഴടക്കുകയും അവരുടെ ചക്രവർത്തിയായിരുന്ന 'മൊണ്ടേസുമാ' (Mondezuma) യെ തടവിലാക്കുകയും ആസ്റ്റെക് പരിഷ്കാരത്തെ വേരോടെ പിഴുതു കളയുകയും ചെയ്തു. ചരിത്രത്തിലെ അത്ഭുത സംഭവങ്ങളിലൊന്നായ ഈ വിധ്വംസനം നിർവ്വഹിക്കുവാൻ സ്പെയിൻകാർക്കു കഴിഞ്ഞത്, അവർ 'മറീന' (Marina) എന്നും ആസ്റ്റെക്കുകൾ മലിന്ത്സിൻ (Malitnzin)എന്നും വിളിച്ചുവന്ന ഒരു മെക്സിക്കൻ അടിമപ്പെണ്ണിന്റെ സഹായത്താൽ കൂടിയാണ്. അവൾക്ക് ആസ്റ്റെക്കുകളുടെയും മധ്യഅമേരിക്കയിലെ മറ്റൊരു പ്രാചീന വർഗ്ഗമായ 'മായ' (Maya) ന്മാരുടെയും ഭാഷകൾ അറിയാമായിരുന്നു. അവൾ സ്പാനിഷ് ഭാഷ വേഗം അഭ്യസിക്കുകയും ക്രമേണ കോർട്ടെസിന്റെ ദ്വിഭാഷിയും, കാര്യദർശിയും, വെപ്പാട്ടിയുമായി തീരുകയും ചെയ്തു. വളരെയധികം തന്റേടവും ബുദ്ധിശക്തിയുമുണ്ടായിരുന്ന അവൾ പല ആപത്തുകളിൽ നിന്നും സ്പെയിൻകാരെ രക്ഷിക്കുകയും, കോർട്ടെസിന്റെ എല്ലാ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. (കൃഷ്ണവാരിയർ, 2006: 160)

നൂറ്റാണ്ടുകൾക്ക് മുൻപ് നടന്ന ഒരു സംഭവത്തെയാണ് എൻ.വി. ഈ കവിതയിലൂടെ പുനർവായിക്കുന്നത് (പുനർനിർമ്മിക്കുന്നത്) അതുകൊണ്ടുതന്നെ അത് പഴമയെ കണ്ടെത്തലാണ്. പഴമയും പാരമ്പര്യവുമെല്ലാ

മായി ഇഴുകി ചേർന്നാണ് മിത്ത് നിലകൊള്ളുന്നത്. 'മലിന്ത്സിൻ' എന്ന അടിമപ്പെണ്ണിന്റെ കഥ പറയുന്ന കവിതയിൽ ധാരാളം മിത്തിക്കൽ ഇമേജുകൾ കാണാൻ സാധിക്കും. ഒരു കാലത്തെ അപരിഷ്കൃതരായ മനുഷ്യർ നിർമ്മിച്ചെടുത്ത മിത്തുകൾ വരും തലമുറകൾ പാരമ്പര്യമായി അനുവർത്തിച്ചുപോരുന്നു. ഇത്തരത്തിൽ നരബലി, ശിശുബലി, അടിമത്തം, തുടങ്ങിയവയെ ഈ കവിതയിൽ കാണാൻ സാധിക്കും. "ദേശത്തെയും കാലത്തെയും അതിക്രമിച്ചുവളരുന്ന പീഡനകഥയാണ് 'മലിന്ത്സിൻ'. മറീന അഥവാ മലിന്ത്സിൻ, താൻ ഉൾപ്പെട്ട അടിമവർഗ്ഗത്തെ ചിരകാലമായി മർദ്ദിച്ചുപോന്ന ആസ്റ്റെക്കുകളെ ധ്വംസിക്കാൻ വേണ്ടുന്ന വിവരങ്ങൾ സ്പെയിനിലെ ഒരു ധീരസാഹസികനു നൽകി. തലമുറകളിലൂടെ ഈട്ടം കൂടിയ, ഊട്ടി മൂർച്ചകൂട്ടിയ പകയാണ് അവളെ പ്രേരിപ്പിച്ചത്. ആ പകയാണ് കവിതയുടെ ജീവൻ." (ലീലാവതി, 2008: 290).

പ്രാചീന മെക്സിക്കോ ക്ഷേത്രനഗരിയായിരുന്നു. അന്ന് ദേവപ്രീതിക്കായി മനുഷ്യബലി നടത്തുന്നത് അവിടെ സർവ്വസാധാരണമായ കാഴ്ചയായിരുന്നു. ഓരോ ദേവന്മാർക്കും വ്യത്യസ്തമായ ബലികളാണ് നൽകിയിരുന്നത്. സമരദേവതയ്ക്ക് ബലി നൽകാൻ വേണ്ടി മാത്രം ആസ്റ്റെക്കുകൾ യുദ്ധത്തിൽ ഏർപ്പെടാറുണ്ടായിരുന്നു. മലിന്ത്സിന്റെ പിതാവിനെ ആസ്റ്റെക്കുകൾ അവരുടെ ദൈവത്തിനു കുരുതികൊടുത്ത കാഴ്ച അവൾ നേരിൽ ദർശിച്ചിരുന്നു. കരിമരപ്രതിമക്കുമുന്നിൽ അവർ അച്ഛനെ മലർത്തികിടത്തി. വേദവാക്യങ്ങൾ തുന്നിപ്പിടിപ്പിച്ച കറുത്ത ഉടുപ്പണിഞ്ഞ, അഞ്ചു പുരോഹിതന്മാർ.

“ഉടലിളകാതെ തലയും കരങ്ങളും

തുടയുമമർത്തിപ്പിടിക്കുകയായ്” (മലിന്ത്സിൻ)

ബലി നടത്താൻ അവരുടെ രാജാവ് ‘മോണ്ടേസുമ’ എത്തിയതോടെ കര ഘോഷങ്ങൾ ഉയർന്നു. ജനക്കൂട്ടം ആർത്തലറി. മനുഷ്യനെ നിഷ്കരുണം കൊന്നൊടുക്കുന്നതിന് ബലിയെ മറയാക്കി പിടിക്കുകയാണിവിടെ.

“മാറിൽ, അച്ഛന്റെയിടത്തുഭാഗത്തുള്ള

വാരിയെല്ലിൽക്കത്തി താഴ്ത്തീടുന്നു.

ഒരു കൈ, നിണം ചീറിയൊഴുകും മുറിക്കുള്ളിൽ-

ത്തിരുകി, ത്തുടിക്കും ഹൃദയപിണ്ഡം

കടയോടുകൂടെപ്പറ്റിച്ചവനാദിത്യ-

നെതിരെയുയർത്തിപ്പിടിച്ചിരുന്നു.

തറയിൽജനങ്ങൾ നമിക്കവേ, കരളവ-

നെറിയുന്നു ദേവന്റെ കാൽച്ചുവട്ടിൽ.

ഇങ്ങനെയെത്രയെത്ര കുരുതികൾക്കാണ് ആ നാട് സാക്ഷിയായത്. പി ഞ്ചുകുഞ്ഞുങ്ങളെ ബലിനൽകിക്കൊണ്ടുനടത്തുന്ന നീചപ്രവൃത്തിയെ മലി ന്ത്സിൻ ഒരു പ്രാകൃതമിത്തിന്റെ പേരുപറഞ്ഞുനടത്തുന്ന നരവേട്ടയായി കണക്കാക്കുന്നു. അവിടെ ബലി ഒഴിവാക്കാനാകാത്ത ഒരു അനുഷ്ഠാനമാ ണ്. അത്തരം അനുഷ്ഠാനങ്ങളിലെ വ്യർത്ഥത മലിന്ത്സിൻ അവതരിപ്പി ക്കുന്നുണ്ട്. ഇവിടെ അമ്മദൈവസങ്കല്പത്തിനുപകരം ദേവനാണ് ബലി നൽകുന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്.

“അപകൃപൻ’ ‘ത്ളാലോക്കി’ നു ബലി നൽകാൻ കുട്ടിക-

ളനവധി’യാസ്റ്റെക്കു’കൾക്കു വേണം!

അവരെ നറുംപൂക്കൾ ചിതറിയ പല്ലക്കി-

നകമെടുത്തുള്ളൊരു ഘോഷയാത്ര.

ചതുരശ്രുപർവ്വതപ്രാംശു മഹാക്ഷേത്രം

ചുഴലെപ്പുരോഹിതൻ കൊണ്ടുപോണം

നടയിൽക്കുറുത്ത ബലിക്കല്ലിലവരുടെ

ചുടുചോര കുത്തിയൊലിച്ചിടേണം"(മലിന്ത്സിൽ)

ഈ പുരാതന നഗരത്തിൽ അടിമത്വം ശക്തമായിരുന്നു. മോണ്ടേസുമ എന്ന രാജാവിന്റെ ദുർഭരണത്തിൽ മനംനൊന്തു ജീവിച്ചിരുന്നവരായിരുന്നു അവിടത്തെ ജനത. പ്രായപൂർത്തിയായ പെൺകുട്ടികളെ അവർ ക്ഷേത്രങ്ങളിലെ വേശ്യമാരാക്കി. മലിന്ത്സിനും ആ അവസ്ഥ നേരിടേണ്ടി വന്നു. അടിമയായ് മാറിയതോടെ അവൾക്ക് വേശ്യാവൃത്തി ചെയ്യേണ്ട സാഹചര്യമുണ്ടായി.

ഭാരതത്തിൽ നിലനിന്നിരുന്ന ദേവദാസി സമ്പ്രദായത്തെ ഓർമ്മിപ്പിക്കുംവിധമാണ് മലിന്ത്സിന്റെ ജീവിതകഥ. ദേവന്റെ ദാസിയാകുക എന്ന പ്രബലമായ മിത്ത് ഇന്ത്യയിൽ മാത്രമല്ല മറ്റു രാജ്യങ്ങളിലും ഉണ്ടായിരുന്നു എന്നതിന്റെ തെളിവായും രാജ്യം കടന്നുള്ള മിത്തുകളുടെ പ്രചാരത്തെയും കൂട്ടിച്ചേർത്ത് ഇത് വായിച്ചെടുക്കാം.

ഒട്ടും പരിഷ്കൃതമായ ഒരു സമൂഹമായിരുന്നില്ല മലിന്ത്സിൻ ജീവിച്ചിരുന്ന കാലഘട്ടത്തിലെ മെക്സിക്കോ. സ്പെയിൻകാരുടെ വരവോടെ അവരതു ശരിക്കും തിരിച്ചറിയുകയായിരുന്നു. ഇരുമ്പുകൊണ്ട് നിർമ്മിച്ച ആയുധങ്ങളാണ് സ്പെയിൻകാർ യുദ്ധത്തിനായി ഉപയോഗിച്ചിരുന്നത്. അന്ന് മെക്സിക്കോ ജനതക്ക് ഇരുമ്പ് എന്താണെന്നുപോലും അറിയില്ലാ

യിരുന്നു. അവർ ആ ലോഹം കണ്ടെത്തിയിരുന്നില്ല. തോക്കും വെടിമരുന്നും, പായ്ക്കപ്പലും, എന്തിന് കുതിരയെപോലും അവർ ആദ്യമായാണ് കാണുന്നത്.

"അവരുടെ കൂടെ കൊടുങ്കാറ്റുപോൽ ച്ചീറു-

മതിലോഗ്ര നാല്ക്കാലിരൂപം"

എന്നാണ് കുതിരയെ കുറിച്ച് പറയുന്നത്. ഇത്തരത്തിൽ അടഞ്ഞ സാമൂഹികജീവിതമുള്ള ജനതയിലാണ് മിത്ത് ഏറ്റവും കൂടുതൽ കാണപ്പെടുന്നതും അത് പ്രചരിപ്പിക്കപ്പെടുന്നതും. ഇത്രയേറെ മിത്തുകളുടെ ആധിക്യം ഈ കവിതയിൽ കാണാമെങ്കിലും അവസാന വരിയിലൂടെ എൻ.വി. യാഥാർത്ഥ്യത്തിലേക്ക് വിരൽച്ചൂണ്ടുന്നത് കാണാം.

"പഴമ നടുങ്ങി വിറയ്ക്കട്ടെ, തീഷ്ണമാം പുതുമ പെരുമ്പറ താക്കിടട്ടെ" എന്ന പ്രബുദ്ധതയുടെ പ്രഖ്യാപനങ്ങൾ മിത്തിനെ പഴയതും യാഥാർത്ഥ്യത്തെ പുതിയതുമാക്കി തീർക്കുന്നു. മിത്തുകൾ സൃഷ്ടിക്കുന്ന പാരമ്പര്യധാരണകളിലെ വ്യർത്ഥത കൃത്യമായി അനാവരണം ചെയ്യുകയാണ് ഈ കവിതയിൽ.

**ദൈവസങ്കൽപം പാരമ്പര്യവും പ്രതിരോധവും**

ആരാധനാസങ്കൽപ്പങ്ങൾക്കു വ്യക്തവും സജീവവുമായ രൂപകൽപ്പന നൽകിയതിന്റെ ഭാഗമാണ് ദൈവമെന്ന ഭാവനയുടെ മൂർത്തരൂപം. ജന്തുരൂപമോ, മനുഷ്യരൂപമോ, നൽകുമ്പോൾ മാത്രമേ ദൈവസങ്കൽപ്പം മൂർത്തമാകൂ. എങ്കിലും മനുഷ്യനുൾപ്പെടുന്ന സർവ്വചരാചരങ്ങളെയും നിയന്ത്രിക്കുന്ന അമാനുഷികനായാണ് ദൈവത്തെക്കുറിച്ചുള്ള പാരമ്പര്യസങ്കൽപ്പങ്ങൾ

നിലനിൽക്കുന്നത്. ഒരേസമയം ഈ പാരമ്പര്യസങ്കൽപ്പത്തെ അംഗീകരിക്കുകയും അതിന്റെ ലംഘനം സംസ്കാരവിനാശത്തിന് കാരണമാകുകയും ചെയ്യുന്നുവെന്നു കരുതുന്ന കവിതകളും എന്നാൽ അതോടൊപ്പം തന്നെ അവയെ ശാസ്ത്രീയയുക്തികൊണ്ട് നിരാകരിക്കുന്ന രീതിയിലുള്ള കവിതകളും എൻ.വി.രചിച്ചിട്ടുണ്ട്. ദൈവത്തെകുറിച്ചുള്ള പാരമ്പര്യങ്ങളെ സ്വീകരിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്ന വിരുദ്ധസ്വഭാവം ഇത്തരം കവിതകളിൽ കാണാവുന്നതാണ്. ഭഗവാൻ ഉറങ്ങുന്നു, ചന്ദ്രൻ എന്നീ കവിതകളിൽ 'ദൈവം' എന്ന സങ്കൽപ്പത്തിന്റെ പാരമ്പര്യം അംഗീകരിക്കുന്ന സമീപനമാണ് എൻ.വി.യുടേത്. എന്നാൽ മഴവില്ലും ചൂരൽവടിയും എന്ന കവിതയിലേക്കെത്തുമ്പോൾ ദൈവം എന്ന സങ്കൽപ്പത്തിനുള്ളിൽ നിഴലിക്കുന്ന അമാനുഷികതകളെ ഒഴിവാക്കി സാധാരണത്വത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമം പ്രകടമാണ്.

**ഭഗവാൻ ഉറങ്ങുന്നു**

ഭഗവാൻ ഉറങ്ങുന്നു എന്ന കവിത 'ദൈവം' എന്ന പാരമ്പര്യം മനുഷ്യന്റെ മറവിയിലേക്ക് ആണ്ടുപോയി എന്ന് ഓർമ്മിപ്പിക്കുന്ന കവിതയാണ്. ഒരു കാലഘട്ടത്തിൽ മനുഷ്യന്റെ സർവ്വ ഉയർച്ചയുടെയും നിദാനം ദൈവമാണെന്ന് വിശ്വസിച്ചിരുന്ന ഒരു തലമുറ ശാസ്ത്രത്തിന്റെ പുരോഗതിയാണ് ജീവിതത്തിന്റെ ഉന്നതിക്ക് കാരണമെന്ന തിരിച്ചറിവിൽ എത്തിച്ചേരുന്നു. അതോടെ ക്ഷേത്രങ്ങളെ ഭയപ്പാടോടെ നോക്കിയിരുന്ന ജനത അവയെ ശ്രദ്ധിക്കാതെയായി എന്നാണ് കവി പറയുന്നത്.

“മണ്ണോടുചേർന്നുപോയ്ച്ചുറ്റമ്പലച്ചുമർ;

കാണ്മാനില്ല താഴിക കോവിലിന്മേൽ”

മനുഷ്യൻ ദൈവമെന്ന പാരമ്പര്യത്തെ മറന്നുകഴിഞ്ഞുവെന്ന് കവിതയിൽ ഓർമ്മിപ്പിക്കുന്നു. സംരക്ഷിക്കപ്പെടാത്ത ക്ഷേത്രങ്ങൾ കവിയെ ആശങ്കാകുലനാക്കുന്നുണ്ട്. ഇവിടെ ക്ഷേത്രസംസ്കാരത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന ഒരു പാരമ്പര്യത്തിന്റെ കണ്ണിയായി നിലനിൽക്കുന്ന എൻ.വി.യെ കാണാം. അദ്ദേഹം ശാസ്ത്രത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തിയാണെങ്കിലും ചില പാരമ്പര്യങ്ങളെ പ്രതിരോധിക്കാൻ അദ്ദേഹത്തിനാകുന്നില്ല.

“ആയിരം നെയ്ത്തിരി കത്തിച്ചു രാവുക-

ളേകും വിശേഷദീപാർച്ചനകൾ;

ആടിമഴക്കാറിടയ്ക്കുതിഘോഷമാ-

യാട്ടും സഹസ്രകലശതീർത്ഥം;

മാനവർ പൂജ മുടക്കിയാലെന്ത്?

'വാനവർ പൂജ തുടർന്നീടുന്നു.

മേൽപ്പുര പോയൊരിക്കോവിലിൽപ്പാർക്കുന്ന-

തോർക്കിൽബ്ഭഗവാന്റെ നല്ലകാലം!” (ഭഗവാൻ ഉറങ്ങുന്നു)

എന്നിങ്ങനെ മനുഷ്യൻ ദൈവങ്ങൾക്കുള്ള പൂജ മുടക്കിയാലും പ്രകൃതി അതു തുടർന്നുകൊണ്ടിരിക്കുന്നുവെന്ന് കവി പറയുന്നത് അതുകൊണ്ടാണ്. തന്റെയുള്ളിൽ ദൃഢമൂലമായി കിടക്കുന്ന ദൈവിക പാരമ്പര്യത്തെ പ്രതിരോധിക്കാനാകാതെ നിൽക്കുന്ന കവിയെ ഇവിടെ ദർശിക്കാം.

**ചന്ദ്രൻ**

'ചന്ദ്രൻ' എന്ന കവിതയിലേക്ക് വരുമ്പോൾ എൻ.വി. പാരമ്പര്യത്തെ പ്രതിരോധിക്കുകയല്ല മറിച്ച് അംഗീകരിക്കുകയാണ് ചെയ്യുന്നത്. പല കവിതകളിലും ശാസ്ത്രയുക്തിയെ പ്രകീർത്തിക്കുന്ന കവി ഇവിടെയെത്തുമ്പോൾ അതിൽനിന്ന് മറിച്ചുചിന്തിക്കുന്നുണ്ട്.

"പാകമായ് മനുഷ്യ, നീ-
യെന്നിലേക്കെത്താനെന്നോ!
സ്വാഗതം! വിഴുങ്ങാമെൻ
ജീർണ്ണചർമ്മത്താൽ നിന്നെ!
ഗന്ധശബ്ദവർണ്ണസ്പർ-
ശ്വാസ്വാദസ്പെക്ടപ്രതി-
സ്പമാനമാം ജാഗ്ര-
ദിന്ദ്രിയപ്രപഞ്ചവും" (ചന്ദ്രൻ: 382)

മനുഷ്യൻ ചന്ദ്രനിൽ കാലുകുത്തുന്നു എന്നുപറയുന്നത് ഒരു വിജയമായിട്ടല്ല എൻ.വി. കാണുന്നത്. മറിച്ച് ചന്ദ്രനിലേക്ക് എത്തുവാൻ ഒരുപാട് കാതം സഞ്ചരിക്കേണ്ടതുണ്ട്. മനുഷ്യൻ നന്നാവാതെ ഒരിക്കലും ചന്ദ്രനിലെത്താൻ സാധിക്കില്ല എന്ന് പറയുന്നിടത്ത് വ്യക്തമാകുന്നത് ചന്ദ്രനെ അവിടെ ദൈവമായാണ് എൻ.വി. കണക്കാക്കുന്നത് എന്നാണ്. അതായത് പ്രതിരോധിക്കുമ്പോഴും കീഴടങ്ങിനിൽക്കുന്ന കവിയെയാണ് ഇവിടെ ദർശിക്കാനാവുന്നത്.

**പൂരം**

ദൈവസങ്കല്പം കടന്നുവരുന്ന എൻ.വിയുടെ മറ്റൊരു കവിതയാണ് പൂരം.

"ആയിരം ദേവരും ഞങ്ങളുമന്യോന്യം

തോളുരുമ്മിക്കണ്ടതീപ്പൂരം!" (പൂരം)

ഇവിടെ കവി പൂരക്കാല ഓർമ്മകൾ പങ്കുവെക്കുന്നതോടൊപ്പം ദൈവിക സങ്കൽപ്പത്തെ എതിർക്കാതെ കവിതയിൽ കൊണ്ടുവരുന്നു. ദൈവം സാധാരണക്കാരിലേക്ക് ഇറങ്ങിവന്ന് അവരുമായി ചേർന്നുകൊണ്ട് ഉത്സവം വീക്ഷിക്കുന്നു എന്നിടത്ത് ദൈവത്തിനുമുന്നിൽ ഊഴിയിൽ ചെറിയവനെന്നും വലിയവനെന്നും അധഃകൃതനെന്നും വ്യത്യാസമില്ല എന്നത് ശക്തമായ പ്രതിരോധമായി കണക്കാക്കാം.

പ്രതിരോധം ഒരു ഭാഗത്ത് നിലകൊള്ളുമ്പോഴും മറുവശത്ത് പാരമ്പര്യധാരണകൾക്കും പാരമ്പര്യബോധങ്ങൾക്കും കീഴടങ്ങിനിൽക്കുന്ന ഒരു ദ്വന്ദ്വസങ്കൽപ്പം എൻ.വി. വെച്ചുപുലർത്തുന്നതായി കാണാം.

**മഴവില്ലും ചൂരൽവടിയും**

മനുഷ്യന്റെ വിജ്ഞാനമണ്ഡലം വളർന്നുകൊണ്ടിരിക്കുകയാണ്. ഭൗതികത വികസിക്കപ്പെട്ടുമ്പോൾ അവന്റെ ദൗർബല്യങ്ങളെകുറിച്ചും നിസ്സഹായതയെകുറിച്ചും ഉത്തമബോധ്യം ഓരോ മനുഷ്യനും ഉണ്ടാകുന്നു. ഭൂമിയല്ല പ്രപഞ്ചത്തിന്റെ കേന്ദ്രം എന്ന് റസ്സൽ ഓർമിപ്പിച്ചതോടെ ആരംഭിച്ചതാണ് ഈ ബോധോദയം. ശാസ്ത്രവും, സാങ്കേതികതയും, പണ്ഡിതന്മാരുടെ സംഭാവനകളും അതിനെ ഉത്കൃഷ്ടമാക്കി.

'മഴവില്ലും ചൂരൽവടിയും' എന്ന കവിതയിലൂടെ എൻ.വി. മനുഷ്യന്റെ

നിസ്സാരതയെ പഴയനിയമം പശ്ചാത്തലമാക്കിക്കൊണ്ട് വിവരിക്കു ന്നു. പഴയനിയമത്തിൽ ദൈവം നൽകുന്ന വാഗ്ദാനമാണ് ഈ കവിത യിൽ മിത്തായി രൂപാന്തരം പ്രാപിക്കുന്നത്. ആദി പ്രളയത്തിനുശേഷം ഭൂമിയെയും അതിലെ ചരാചരങ്ങളെയും നോഹക്ക് നൽകിയശേഷം ദൈവം ഒരു ശപഥം ചെയ്യുന്നു. താൻ വീണ്ടുമൊരു പ്രളയം വരുത്തുകയി ല്ലെന്ന്. ആ കരാറിന്റെ സാക്ഷ്യമാണ് മഴവില്ല്. മഴവില്ല് പ്രത്യക്ഷപ്പെട്ടാൽ മഴപെയ്യുകയോ പ്രളയം ഉണ്ടാവുകയോ ചെയ്യില്ല എന്നാണ് ദൈവത്തി ന്റെ ഉറപ്പ്. ദൈവവും അദ്ദേഹത്തിന്റെ വാഗ്ദാനവും കവിതയിൽ പ്രബല മായ ഒരു മിത്തിനെ സൃഷ്ടിക്കുകയാണ്. എന്നാൽ കൃഷ്ണവാരിയർ ദൈവ ത്തിന്റെ കഥ ഒന്നു മാറ്റിയെഴുതുവാൻ ശ്രമിക്കുകയാണ് ഇവിടെ.

“വെയിൽ താഴ്ന്നപ്പോൾ ദൈവം
നടക്കാൻ കടലോര-
വഴിയിൽക്കൂടേ പുറ
പ്പെട്ടു പോയന്നാളിലും
ഉലയും കുപ്പായവും,
സിൽക്കുധോത്തിയും, ചൂരൽ-
വടിയും: പെൻഷൻ താസീൽ-
ദ്ദാരെന്നേ നണ്ണി ജനം (മഴവില്ലും ചൂരൽവടിയും)

നായകസങ്കൽപ്പങ്ങളെ മാറ്റിമറക്കുന്നതുപോലെയാണ് എൻ.വി.ദൈവം എന്ന സങ്കൽപ്പത്തെ ഉടച്ചുവാർക്കുന്നത്. സാധാരണ മനുഷ്യരെപോലെ സമൂഹമധ്യത്തിൽ ഇറങ്ങിനടക്കുന്ന ദൈവം നാം കണ്ടുപരിചയിച്ച രാജാ രവിവർമ്മയുടെയും ഹുസൈന്റെയും എണ്ണഛായങ്ങളിൽ കണ്ടുപഴകിയ

ദൈവമല്ല മറിച്ച് ജൂബ്ബയും, സിൽക്ക് ധോത്തിയും ധരിച്ച, വാളിനും ഗദയ്ക്കും പകരം മനുഷ്യനെ വിദ്യാഭ്യാസകാലം തൊട്ട് മെരുക്കിയെടുക്കുന്ന ചൂരൽ വടിയും കയ്യിലേന്തിയാണ് ദൈവം കടലോരവഴിയിലൂടെ നടക്കുന്നത്. അതുകൊണ്ടുതന്നെ പെൻഷൻപറ്റിയ ഏതോ തഹസിൽദാരാണെന്നാണ് ജനം കരുതുന്നത്. ഇന്നത്തെ ജനജീവിതത്തെയും സമൂഹത്തെയും പരിസരത്തെയും ദൈവത്തിന്റെ കണ്ണിലൂടെ വിശദീകരിക്കുകയാണ് കവിതയിൽ.

കാറുകൾ മേൽക്കേറായ്‌വാ-
നൊരുങ്ങി, പ്പൊങ്ങുംപൊടി
പേടിച്ച മൂക്കിൽക്കർച്ചീ
ഫമർത്തി, പ്പോയീ ദൈവം (മഴവില്ലും ചൂരൽവടിയും)

മനുഷ്യന്റെ ജീവിതനിലവാരം ഉയർന്നതും, അത് പ്രകൃതിയ്ക്ക് ദോഷമായി വളരുന്നതും, സഹജീവി സ്നേഹം നഷ്ടപ്പെടുന്നതുമെല്ലാം ദൈവം തന്റെ യാത്രയിലുടനീളം വീക്ഷിക്കുന്നുണ്ട്. ആകാശത്ത് കാർമേഘം പരക്കുന്നതും അതിനെ തടഞ്ഞുകൊണ്ട് ഇന്ദ്രായുധം പോലെ മഴവില്ല് പ്രത്യക്ഷപ്പെടുന്നതും ദൈവം കാണുന്നു.

"ഓർത്തുപോയ്ദൈവ,മാദി-
പ്രളയം കഴിഞ്ഞനാ-
ളദ്ദേഹം നോഹയ്ക്കായി
നൽകിയ വാഗ്ദാനത്തെ," (മഴവില്ലും ചൂരൽവടിയും)

ഇനിമേൽ ഒരിക്കലും പ്രളയം ഭൂമിയിലെ ജീവജാലങ്ങളെ നശിപ്പിക്കുകയില്ലെന്നും ഭൂമിയെ നശിപ്പിക്കുംവിധമുള്ള ജലപ്രളയം ഇനി ഉണ്ടാകയില്ലെന്ന' മാണ് ഉടമ്പടി.

"ഞാൻ എന്റെ വില്ല് മേഘത്തിൽ വയ്ക്കുന്നു. ഇത് ഞാനും ഭൂമിയും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിയുടെ അടയാളം ആയിരിക്കും. (പഴയ നിയമം, ഉല്പത്തി, 9, മലയാളം ബൈബിൾ, പുറം-7)

അല്പപ്രാണരായ മനുഷ്യന്റെ അഹങ്കാരവും സ്വാർത്ഥതയും കണ്ട ദൈവം ഇവരെ രക്ഷിക്കേണ്ട ബാധ്യത തനിക്കില്ലെന്ന് മനസ്സിലാക്കി ശിക്ഷിക്കാനുള്ള ചൂരൽ വലിച്ചെറിഞ്ഞു. രക്ഷിക്കാനുള്ള മഴവില്ല് മടക്കി യെടുത്ത് തിരികെ യാത്രയായി, പക്ഷേ,

"വഴിയോരത്തിൽ കണ്ട

ചൂരൽ ചെന്നെടുത്തപ്പോൾ

മഴവില്ലെങ്ങന്നോർത്തീ-

ലാഹ്ലാദമത്തൻ മർത്ത്യൻ "(മഴവില്ലും ചൂരൽവടിയും)

പരസ്പരം തല്ലി നശിക്കാൻ പുതിയൊരു ആയുധം കിട്ടിയ ആഹ്ലാദത്തിലായി രുന്നു മനുഷ്യൻ. എന്നാൽ തങ്ങളെ രക്ഷിക്കാനുള്ള മഴവില്ല് നഷ്ടപ്പെടുത്തി യത് മൂഢസ്വർഗ്ഗത്തിലിരിക്കുന്ന മാനവൻ അറിയുന്നില്ല. ദൈവം മനുഷ്യനെ കൈവിട്ടിരിക്കുന്നു. ഭൂമിയിൽ ഏതുനിമിഷവും പ്രളയം വരാം. നോഹ നേരിട്ട മഹാപ്രളയം ഭൂമിയിലെ ജീവജാലങ്ങൾ പിന്നെയും നേരിട്ടുകൊണ്ടിരിക്കുന്നു. 'ദൈവം' എന്ന അമാനുഷിക മിത്തിനെ വളരെ സമർത്ഥമായി കവിതയിൽ ആവിഷ്കരിക്കാൻ എൻ.വി.യ്ക്ക് കഴിഞ്ഞു. മിത്തുകൾ എന്നും യുക്തിക്ക് അതീ തമാണ്. ദൈവം എന്നത് ഒരു ബിംബം മാത്രമാണ്. അതിന്റെ ശക്തിയിൽ ലോകത്ത് മാറ്റങ്ങൾ സംഭവിക്കും എന്ന് വിശ്വസിക്കുന്ന ഒരു വിഭാഗത്തിന് ഈ മിത്തിൽ വിശ്വാസ്യത ഏറും. മനുഷ്യന്റെ പ്രവർത്തിയോടുള്ള പ്രതിരോ ധം എന്ന നിലയിലാണ് ദൈവം പ്രവർത്തിക്കുന്നത്.

**ജ്ഞാനമെന്ന പ്രതിരോധം**

അറിവ് നേടുകയെന്നത് വരേണ്യസമൂഹത്തിനുമാത്രം പ്രാപ്യമായ ഒന്നായിരുന്നു. കാലക്രമത്തിൽ ആ വ്യവസ്ഥക്ക് മാറ്റം സംഭവിച്ചുവന്നു. എങ്കിലും സംസ്കൃതമാണ് ഏറ്റവും ശ്രേഷ്ഠമായ ഭാഷയെന്നുള്ള വാദം പലപ്പോഴും മാതൃഭാഷയായ മലയാളത്തിന്റെ ഉയർച്ചക്ക് തടസ്സമായിരുന്നു. നവോത്ഥാന സാഹിത്യത്തിലേക്ക് കടന്നുവരുന്നതോടെ സംസ്കൃതത്തിന്റെ ആധിക്യം കുറയുകയും മലയാളഭാഷയിൽ കൂടുതൽ രചനകൾ എഴുതപ്പെടുകയും ചെയ്തു. ഭാഷയുടെ ഗുണഫലങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുകയായിരുന്നു ഇത്തരം സാഹിത്യങ്ങളുടെ ലക്ഷ്യം. എൻ.വി. കൃഷ്ണവാരിയരെപ്പോലുള്ള കവികൾ ഭാഷയിൽ പുതുസങ്കേതങ്ങൾ സൃഷ്ടിച്ചുകൊണ്ട് കവിതകൾ രചിച്ചിട്ടുണ്ട്. സവർണർക്കുമാത്രം ലഭ്യമായ ഭാഷാപാരമ്പര്യം കീഴാളരിലേക്ക് എത്തിക്കുന്ന തരത്തിലുള്ള പ്രതിരോധമാണ് കവി ഇവിടെ സാധ്യമാക്കുന്നത്.

'രാമൻ അക്ഷരം പഠിച്ച കഥ' എന്ന കവിതയിലൂടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് കവി പരാമർശിക്കുന്നത്. വിദ്യാഭ്യാസമില്ലായ്മ ഒരു കുറവായി കണക്കാക്കാവുന്ന തരത്തിലാണ് കവിതയുടെ അവതരണം. രാമൻ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന യുവതിയിൽനിന്നും ഉയരുന്ന പ്രതികരണമാണ് രാമന് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്നത്.

"അക്ഷരമൊന്നും പഠിക്കാത്ത മൂഢന്റെ

കൊച്ചിന്റെ തള്ളയാമ്മീരണോ ഞാൻ?" (രാമൻ അക്ഷരം പഠിച്ച കഥ)

അക്ഷരം പഠിക്കാത്തവൻ മൂഢനാണ് എന്ന് നായിക പറയുന്നതോടെ

രാമന്റെ ഉള്ളിലെ അപകർഷതാബോധം പുറത്തേക്കുവരുന്നു. അയാൾ പറയുന്നു.

"നാലാഴ്ചകൊണ്ടു പഠിക്കും ഞാനക്ഷരം

വായിച്ചീടാനുമെഴുതുവാനും

വായനശാലയിൽ ക്ലാസ്സു നടക്കുന്നു;

ചേരുകയാണു ഞാനിന്നുതന്നെ,"(രാമൻ അക്ഷരം പഠിച്ച കഥ)

എന്ന് അയാൾ തീരുമാനിക്കുന്നു. തുടർന്ന് രാമൻ അക്ഷരം പഠിക്കുകയും പിന്നീട് സീത(നായിക)യെ വിവാഹം കഴിക്കുകയും ചെയ്യുന്നതുമാണ് കഥാസാരം. ഇതിൽ ജ്ഞാനത്തിലൂടെയാണ് വളർച്ചയുണ്ടാവുക എന്ന യാഥാർത്ഥ്യത്തെ അവതരിപ്പിക്കുകയാണ് കവി. എൻ.വി. വരേണ്യരായവരുടെ മാത്രം കുത്തകയായിരുന്ന വിദ്യാഭ്യാസം സാധാരണക്കാരിലേക്കും എത്തുന്നുവെന്ന് മാത്രമല്ല അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയുമാണ്. ഒപ്പം കവി നായികാനായകന്മാർക്കായി സ്വീകരിച്ച പേരും കവിതയെ വ്യത്യസ്തമാക്കുന്നു. പ്രതികരണശേഷിയുള്ള സ്ത്രീകളുടെ പ്രതിനിധിയാണ് സീത. വിദ്യാഭ്യാസം സ്ത്രീകളിൽ ആത്മവിശ്വാസം നിറയ്ക്കുകയും തെറ്റുകൾക്കുനേരെ പ്രതികരിക്കാനുള്ള ശേഷിയുണ്ടാക്കി നൽകുകയും ചെയ്യുന്നു. അതുകൊണ്ടാണ് വിദ്യാഭ്യാസം ലഭിച്ച ഇന്ദുലേഖയും സാഹിത്യത്തിൽ വേറിട്ടുനിൽക്കുന്നത്.

'കുട്ടൻ അക്ഷരം പഠിച്ച കഥ' എന്ന കവിതയിലും സമാനമായ ചില സന്ദർഭങ്ങൾ കടന്നുവരുന്നതുകാണാം. വിദ്യ അഭ്യസിക്കുന്നതിൽ പുറകിലായ കുട്ടൻ ജീവിതവിജയം നേടുന്നില്ല. പണ്ട് തന്റെ കൂടെ പഠിച്ചവരെല്ലാം ഉയർന്ന നിലകളിൽ എത്തിച്ചേരുന്നത് കുട്ടനിൽ അപകർഷതാബോധം

ഉണർത്തുന്നു. അവൻ അക്ഷരം പഠിക്കാൻ തീരുമാനിക്കുകയും വായനശാലയിലെ ക്ലാസ്സിലൂടെ സാക്ഷരത നേടുകയും പത്താംതരം പാസ്സാകുകയും ചെയ്യുന്നു. വിദ്യാഭ്യാസം നേടിയതിലൂടെ തൊഴിലും ലഭിക്കുന്നു.

"ജോലി കഴിയേണ്ടതാമസം നിത്യവും
വായനശാലയിൽ കുട്ടനെത്തും.
അക്ഷരജ്ഞാനം മുതിർന്ന നിരക്ഷരർ-
ക്കെത്തിക്കയാണവന്നേകലക്ഷ്യം.
കുട്ടൻ വയോജനക്ലാസ്സെടുക്കുന്നതും
കേട്ടിരിക്കാൻ രസമെത്രയെന്നോ!
ആവുംപടി ദേശസേവനം ചെയ്യുവൻ
ആനന്ദപൂർണ്ണനായ് വാണിരുന്നു."

ഈ കവിതയിലൂടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ഉയർത്തിക്കാണിക്കുകയാണ് കവി. വിദ്യ നേടിയാൽ മാത്രമെ നല്ല തൊഴിലവസരങ്ങൾ ലഭിക്കുകയുള്ളൂവെന്ന വിധത്തിലുള്ള ബോധവത്ക്കരണം നൽകുകയാണിവിടെ. അന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു ഇത്തരം കവിതകൾ.

ജ്ഞാനാർജ്ജനത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് രചിച്ച കവിതയാണ് 'പുസ്തകങ്ങൾ'.

"പുസ്തകങ്ങളിലെന്തൊക്കെയുണ്ട്?
പുസ്തകങ്ങളിൽ വിസ്മയമുണ്ട്;
പുസ്തകങ്ങളിലാനന്ദമുണ്ട്;
പുസ്തകങ്ങളിൽ വിജ്ഞാനമുണ്ട്!"

ഇത്തരത്തിൽ ശാസ്ത്രം, കല, സാഹിത്യം, വാർത്ത, സംസ്കാരം എല്ലാം പുസ്തകങ്ങൾക്കുള്ളിൽ അടങ്ങിയിരിക്കുന്നു. വായന അറിവിന്റെ വികാസത്തിന് സഹായകഘടകമാണെന്ന് കവി വ്യക്തമാക്കുന്നുണ്ട്.

"ജ്ഞാനപൂർത്തിയിൽ ജീവിതസത്യം

മാനവൻ കാണുമെന്നുള്ള കാര്യം;

പുസ്തകങ്ങളിൽ സഞ്ചിതമെത്രെ

മർത്ത്യവിജ്ഞാനസാരസർവ്വസ്വം!" (പുസ്തകങ്ങൾ)

എന്നുപറയുന്നിടത്ത് വികലമായ പാരമ്പര്യധാരണകളെ വിദ്യകൊണ്ട് അതിലംഘിക്കാൻ കഴിയുമെന്ന് സമർത്ഥിക്കുകയാണ് കവി.

**ഇതിഹാസപുരനാഖ്യാനങ്ങളിലെ പ്രതിരോധതലം**

ഒരു സവർണ്ണന്യൂനപക്ഷം ചിട്ടപ്പെടുത്തിയെടുത്ത, സാമാന്യജനതക്ക് എതിരായി നിൽക്കുന്ന വിശ്വാസസംഹിതകളായിരുന്നു വേദങ്ങൾ. അന്ധവിശ്വാസങ്ങൾ പരത്തുകയും, ബ്രാഹ്മണ മേധാവിത്തം സ്ഥാപിക്കുകയും, അപക്വചിന്തയ്ക്ക് ആധികാരികതയുടെ ഭാവംനൽകുകയും, കിരാതമായ വിശ്വാസാചാരങ്ങൾ അവതരിപ്പിക്കുകയും ചെയ്ത അവ ചൂഷണത്തിലധിഷ്ഠിതമായ സാമൂഹികവ്യവസ്ഥക്ക് വഴിതെളിച്ചു. അതായത് വേദങ്ങളും ഇതിഹാസങ്ങളും ഒരു വരേണ്യവിഭാഗത്തിന്റെ മാത്രം കൈമുതലായിരുന്നു. അതുകൊണ്ടുതന്നെ ഇത്തരം ഗ്രന്ഥങ്ങൾ ഒരു നിക്ഷിപ്തവർഗ്ഗത്തിന്റെ മാത്രം കുത്തകയായി നിലനിന്നു. അത് പലപ്പോഴും കീഴാളന് അപ്രാപ്യമായിരുന്നതോടൊപ്പം അവർക്ക് എതിരുമായിരുന്നു.

വേദങ്ങളും ഇതിഹാസങ്ങളും വരേണ്യസംസ്കാരത്തിന്റെ നേർക്കാഴ്ചക

ളാണ്. ഇതിൽ രൂഢമായിരിക്കുന്ന അറിവാണ് ഏറ്റവും സമ്പന്നമായത്, ഇതാണ് സത്യം ബാക്കിയെല്ലാം മിഥ്യ എന്നിങ്ങനെയുള്ള ധാരണകൾ വളർത്തിയെടുക്കുന്നതിൽ ആ കാലഘട്ടം വിജയം കണ്ടിരുന്നു. അതിന്റെയൊക്കെ ഫലമായിട്ടാണ് 'രാമായണം' പോലെയുള്ള ഗ്രന്ഥങ്ങൾ നിത്യപാരായണഗ്രന്ഥമായി നമ്മുടെ നാട്ടിൽ പ്രചരിച്ചുപോരുന്നത്. ഇതിഹാസങ്ങളിലെ വരേണ്യസങ്കൽപ്പങ്ങളെ എതിർക്കാനും, ജനപക്ഷത്തുനിന്നുകൊണ്ട് മാനവികതാബോധത്തോടുകൂടി അതിനെ നോക്കിക്കാണാനും വേണ്ട സന്ദർഭങ്ങളിൽ എതിർക്കാനുമൊക്കെയുള്ള ഒരു ശ്രമം എൻ.വി. നടത്തുന്നത് കാണാൻ സാധിക്കും. ഇതിഹാസങ്ങൾക്കെതിരെയുള്ള എൻ.വി. നടത്തുന്ന പ്രതിരോധങ്ങൾ അതിനടയാളങ്ങൾ ആണ്. രാവണവധാന്തത്തിലെ വിഭീഷണൻ, കൃഷ്ണവധം, അമ്മയും മകനും തുഞ്ചനും തുടങ്ങിയ കവിതകളാണ് പഠനവിധേയമാക്കുന്നത്.

**രാവണവധാന്തത്തിലെ വിഭീഷണൻ**

എൻ.വി. കൃഷ്ണവാര്യർ മലയാളകവിതാ സാഹിത്യരംഗത്തേക്ക് കടന്നുവരുന്നത് 1936 മെയ് 11 ന് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച 'രാവണവധാന്തത്തിലെ വിഭീഷണൻ' എന്ന കവിതയിലൂടെ.യാണ്. രാമരാവണയുദ്ധത്തിൽ രാവണന്റെ അന്ത്യം സംഭവിക്കുന്നതിനോടു അനുബന്ധിച്ച് നടക്കുന്ന സംഭവവികാസങ്ങളാണ് ഈ കവിതയിൽ ചിത്രീകരിക്കുന്നത്.

"ഏകാന്തമ,പ്പോർനിലത്തിലാ രാത്രീയി-
ലേകാകിയായ് നിന്നിരുന്നൂ വിഭീഷണൻ

രാവണശോണിതശോണഹസ്തങ്ങളാൽ

രാമനണിയിച്ച പൊൻകിരീടത്തോടും

അക്കിരീടത്തിൻ കനത്താൽ കുനിഞ്ഞതാം

മസ്തകം വിശ്രാന്തി കൈക്കൊൾവതെങ്ങനെ? (രാവണവധാന്തത്തിലെ വിഭീഷണൻ)

രാമായണകഥയനുസരിച്ച് വിഭീഷണന്റെ സഹായത്തോടെയാണ് രാമൻ രാവണനെ വധിക്കുന്നത്. എന്നാൽ തന്റെ സഹോദരന്റെ മരണത്തോടെ അധികാരമേൽക്കുന്ന വിഭീഷണൻ കുറ്റബോധത്തോടെ നീറുന്ന രംഗം കവിതയിൽ കാണാം. സഹോദരന്റെ രക്തം പുരണ്ട കിരീടം രാമൻ വിഭീഷണന്റെ ശിരസ്സിൽ അണിയിക്കുമ്പോൾ ദുഃഖഭാരത്താൽ അദ്ദേഹം തലകുനിക്കുന്നു. ബാല്യത്തിലേക്കും കൗമാരത്തിലേക്കും അദ്ദേഹത്തിന്റെ ചിന്തകൾ സഞ്ചരിക്കുന്നു.

ഒട്ടുമേ സ്പർദ്ധിച്ചിടാതെയാ മൂവരു-

മൊറ്റമാതാവിൻ മുലപ്പാൽ കുടിപ്പതും

തുല്യവാത്സല്യഭരതൊഴും തായയാ-

ളെല്ലാവരേയുമെടുത്തോമനിപ്പതും

ഓർമ്മതൻ നിർമ്മലജ്യോത്സനാ പ്രവാഹത്തി

ലമ്മാതിരിക്കു കണ്ടമ്പരന്നാനവൻ

“ആ മുലപ്പാലിൻ കളങ്കമിയറ്റി നീ

ആ മുലപ്പാലിൻമഹിമ മറന്നു നീ”

സ്വന്തം കൂടെപിറപ്പുകളെയെല്ലാം കൊലയ്ക്ക് കൊടുത്ത, മാതാവിന്റെ മുലപ്പാലിന്റെ മഹിമ മറന്ന രാജദ്രോഹിയായ വ്യക്തിത്വമായാണ് വിഭീഷ

ണൻ നിലകൊള്ളുന്നത്. ഇത്തരത്തിൽ കവിതയിൽ സംഘർഷാവസ്ഥ സൃഷ്ടിച്ചുകൊണ്ടാണ് എൻ.വി. സാമ്രാജ്യത്വതൃഷ്ണ എന്ന ആശയം അവതരിപ്പിക്കുന്നത്. വിഭീഷണന്റെ സാമ്രാജ്യത്വതൃഷ്ണയാണ് അദ്ദേഹത്തെ ജ്യേഷ്ഠനെ വധിക്കാൻ കൂട്ടുനിൽക്കാൻ പ്രേരിപ്പിക്കുന്നത് എന്ന് ഓർമ്മപ്പെടുത്തുന്നു.

ശാന്തമാക്കാൻ ശ്രമിക്കേണ്ട നിൻ മാനസം
ശാന്തമാകില്ലതു നാളെത്ര നീങ്ങിലും
നിന്റെ കൃത്യങ്ങളിൽ സാമ്രാജ്യതൃഷ്ണതൻ
നീണ്ട നിഴൽപ്പാട്ടു കാണ്മാൻ കഴിഞ്ഞീടും." (രാവണവധാന്തത്തിലെ വിഭീഷണൻ)

"കവിതയുടെ അവസാനഭാഗത്തുവെച്ച് വിഭീഷണൻ ഇത് തിരിച്ചറിയുന്നുമുണ്ട്. അറിഞ്ഞോ അറിയാതെയോ താൻ സാമ്രാജ്യമോഹത്തിന് അടിമപ്പെട്ടിരുന്നു എന്ന ഉത്തമബോധ്യം വരുന്ന വിഭീഷണൻ വിലപിക്കുകയാണ്.

"സാമ്രാജ്യതൃഷ്ണ! ഹാ ഞെട്ടി വിഭീഷണൻ
സാമ്രാജ്യതൃഷ്ണയോ മൽക്കർമ്മകാരണം!
തത്ത്വവേഷം ധരിച്ചെൻ ഹൃത്തിൽവാഴ്വതു
രാഷ്ട്രതൃഷ്ണാവേശമാകും പിശാചിയോ?"

ഇതിഹാസങ്ങളിൽ വരുന്ന ശൂദ്രരെന്നു വിളിക്കപ്പെടുന്ന കഥാപാത്രങ്ങളെ മനഃശാസ്ത്രദൃഷ്ട്യാ വിശകലനം ചെയ്യുകയും പാരമ്പര്യമായി അടിയുറച്ചുപോയ ധാരണകളെ പ്രതിരോധിച്ചുകൊണ്ട് അവരുടെ മനസ്സിന്റെ സൂക്ഷ്മരാഷ്ട്രീയം അപഗ്രഥിക്കുകയുമാണ് രാവണവധാന്തത്തിലെ വിഭീഷണൻ

എന്ന കവിത. രാമായണത്തിലെ ഭക്തനായ വിഭീഷണന്റെ ഭക്തിക്കുപിന്നിലെ സാമ്രാജ്യത്വമോഹം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. ഇന്ത്യയിൽ സാമ്രാജ്യത്വതൃഷ്ണ ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് എൻ.വി. കൃഷ്ണവാരിയർ ഈ കവിത രചിക്കുന്നത്. എന്ന വസ്തുത കവിതയുടെ കാലികപ്രസക്തി വിളിച്ചോതുന്നു.

**കൃഷ്ണവധം**

കംസവധം എന്ന് കേട്ടുപരിചയിച്ച ഒരു സമൂഹത്തിലേക്കാണ് എൻ.വി. കൃഷ്ണവധം എന്ന കവിത കൊണ്ടുവരുന്നത്. കൃഷ്ണൻ സാധാരണക്കാരന്റെ പ്രതിനിധിയായാണ് കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. അധികാരവർഗ്ഗത്തിന്റെ മൂർത്തിമദ്ഭാവമായാണ് കംസനെ അവതരിപ്പിക്കുന്നത്. എൻ.വി.യുടെ 'ഗാന്ധിയും ഗോഡ്സെ'യും എന്ന കവിത ഏകദേശം ഇതേ മാർഗ്ഗത്തിലൂടെ തന്നെയാണ് സഞ്ചരിക്കുന്നത്. കവിതയുടെ വായനാവഴിയിൽ കൃഷ്ണനും ഗാന്ധിയും സമാന്തരമായി നിലകൊള്ളുന്നതായി തോന്നും. കവിത ആരംഭിക്കുന്നത് തന്നെ കംസന്റെ ശക്തിയെ പ്രകീർത്തിച്ചുകൊണ്ടാണ്.

"ചീർത്തുവെളുത്ത കൊഴുത്തുയർ,ന്നാരോഗ്യ-
മൂർത്തിമത്ഭാവമാം കംസദേഹം
കട്ടിയായ്ക്കൂരിരുമ്പാലേ ചമച്ചുള്ള
ചട്ടയിൽപ്പാടേ മറഞ്ഞിരുന്നു.
നീളുമവന്റെ വലതുകൈയേന്തിയ
വാളിന്റെ വായ്ത്തല മുട്ടിമുട്ടി,

മസ്തകമറ്റു പതിച്ചിരുന്നു മന്നി-

ലത്യൂർജ്ജ സൂക്ഷ്മാണു സംഗതികൾ"

കംസന് അതിഗംഭീരമായ വരവേൽപ്പാണ് കവി നൽകുന്നത്. കംസൻ അതിബലവാനാണെന്ന് മുൻകഥകളിലെല്ലാം വ്യക്തമാണ്. തന്റെ അനന്തിരവൻ (സഹോദരീപുത്രൻ) തന്നെ വധിക്കുമെന്ന ഭയമാണ് അയാളെ ക്രൂരനാക്കുന്നത്. ശക്തിക്ഷയമല്ല ബുദ്ധിഭ്രമമാണ് കംസനെ പിടികൂടിയിരുന്നത്. ബാലനായി ഇരിക്കുമ്പോൾ തന്നെ സഹോദരീപുത്രൻ കംസനെ വധിക്കും എന്ന അശരീരിയെ തുടർന്നാണ് പൂർവ്വകഥയിലെ അനിഷ്ടസംഭവങ്ങൾ എല്ലാം അരങ്ങേറുന്നത്.

ഒരു ബാലനെ ഭയക്കുന്ന അതിശക്തനായ രാജാവ്. എന്നാൽ യാഥാർഥ്യം എന്തായിരിക്കും. അതിനെയാണ് കൃഷ്ണവർണ്ണനയിലൂടെ എൻ.വി. ചിത്രീകരിക്കുന്നത്. നിലവിലുള്ള സങ്കൽപ്പങ്ങളുടെ പൊളിച്ചെഴുത്താണ് എൻ.വി. ഇവിടെ നിർവ്വഹിച്ചിരിക്കുന്നത്.

"വാടി, ക്കറുത്തോരവന്റെയുടലിലെ

വാരിയെല്ലെല്ലാമുയർന്നുകാണായ്

കണ്ടിട്ടുപോലുമില്ലല്ലോ കിടാവവ-

നാണ്ടുകളേറെയായ്പ്പാലും തൈരും

കാണായ് മെലിഞ്ഞുള്ള കൈകളിലപ്പൊഴും

കോലക്കുഴലുമക്കാലിക്കോലും

അക്കുഞ്ഞിൻ നഗ്നതയേറുകയേ ചെയ്തു

മുക്കാലും കീറിയ മഞ്ഞമുണ്ടാൽ" (പുറം 251)

ഇങ്ങനെ തുടരുന്നു വർണ്ണന. ചെറുശ്ശേരിയുടെയും മറ്റും കൃഷ്ണവർണ്ണനക

ളിൽ കാണുന്ന സൗന്ദര്യാതിരേകംകണ്ട് പുളകിതരായ അനുവാചകർക്ക് ഇത്തരമൊരു വർണ്ണനാനുഭവം വ്യത്യസ്തതയുണർത്തുന്നു. ദൈവികതയെ സാധാരണത്വത്തിലേക്ക് കൊണ്ടുവരികയാണിവിടെ. അതിമാനുഷിക പരിവേഷങ്ങൾ തച്ചുടക്കപ്പെടുന്നു. ദാരിദ്ര്യം കൊണ്ട് മെലിഞ്ഞുണങ്ങിയ കൃഷ്ണൻ. ഈ കൊച്ചുബാലനാണ് കംസനെ വധിക്കാൻ എത്തിയിരിക്കുന്നത്. വിരോധാഭാസം എന്നുതോന്നിപോകും. ഇവിടെയാണ് 'കംസവധം' വെറും മിത്തായി പരിണമിക്കുന്നത്. മിത്ത് എന്നും യാഥാർത്ഥ്യത്തിൽ നിന്ന് ഒരു പടി അകലെയായി നിലകൊള്ളുന്നു. മിത്തിനെ പൂർണ്ണമായി തകർത്തെറിയുംവിധമാണ് 'കൃഷ്ണവധം' കവി പൂർത്തീകരിക്കുന്നത്.

"മുട്ടയുടയുന്ന മാതിരി കൃഷ്ണന്റെ
മസ്തകം പൊട്ടിത്തകരുകയായ്
ഇത്തിരി ചോരയു,മിത്തിരി ചോറു,മാ-
എത്തിൽക്കുഴഞ്ഞു കുതിരുകയായ്" (പുറം 252)

കൃഷ്ണൻ എന്ന ദൈവികസ്വരൂപത്തെ വളരെ നിസ്സാരവത്ക്കരിക്കുകയാണിവിടെ. തിന്മ ആകാശത്തോളം ഉയർന്ന ഒരു സമൂഹത്തിൽ നന്മ കാലിനടിയിൽ ഞെരിഞ്ഞുടയുന്ന വെറും മുട്ടപോലെയാണ്. കൃഷ്ണവധം ഇനിയും ആവർത്തിച്ചുകൊണ്ടിരിക്കും. മിത്ത് എന്ന പാരമ്പര്യത്തെ കവി പ്രതിരോധത്തിന്റെ മാർഗ്ഗത്തിലേക്ക് കൊണ്ടുവരുന്നത് ഇപ്രകാരമാണ്.

**അമ്മയും മകനും തുഞ്ചനും**

ഒരേസമയം ഇതിഹാസങ്ങളെ എതിർക്കുമ്പോഴും അതേസമയം തന്നെ അതിന്റെ മതപരമായ ധാരണകളിൽനിന്നും വിച്ഛേദം ലഭിക്കാത്ത

വിരുദ്ധസ്വഭാവം എൻ.വി. കവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. 'അമ്മയും മകനും തുഞ്ചനും' എന്ന കവിത രാമായണാദികളുടെ നിത്യപാരായണ ത്തിലൂടെ ലഭ്യമായ സാംസ്കാരിക പാരമ്പര്യം പുതുതലമുറക്ക് അന്യമാകു ന്നതിന്റെ വ്യഥ ചിത്രീകരിക്കുന്നുണ്ട്.

"അമ്മ കണ്ടിരിക്കുന്നു
തുഞ്ചനെ, പ്പക്ഷേ, മകൻ
അമ്മയ്ക്കായക്കാർന്നോരെ-
യെങ്ങുപോയ്ക്കിരക്കേണ്ടു?" (അമ്മയും മകനും തുഞ്ചനും)

എന്നു ചോദിക്കുന്നിടത്ത് 'സാംസ്കാരിക പൈതൃക'ങ്ങളെ നിലനിർത്തേ ണ്ടതിന്റെയും പുതുതലമുറയെ അതിലേക്കെത്തിക്കാൻ ഉദ്ബുദ്ധരാക്കേണ്ട തിന്റെയും ആവശ്യകത വെളിപ്പെടുത്തുന്നുണ്ട്.

**സംസ്കൃതവിജ്ഞാനം**

'സംസ്കൃതവിജ്ഞാനം' എന്ന കവിത ആർഷഭാരതം എന്ന സങ്കല്പന ത്തിന്റെ സംസ്ഥാപനം നിർവ്വഹിക്കുന്നുണ്ട്. ക്രൂരമായ ജീവിതയുദ്ധങ്ങളി ലെരിഞ്ഞും കരിഞ്ഞും ഭാരതത്തിന്റെ സനാതനസംസ്കാരം നശിക്കരുത് എന്ന് കവി ഇവിടെ പ്രഖ്യാപിക്കുന്നു. ഋഷിമാർ തങ്ങളുടെ അന്തഃപ്രജ്ഞ കൊണ്ട് കണ്ടത് സത്യമായിരുന്നുവെന്ന് എൻ.വി. പറയുന്നു. അതാണ് വേദം, ഇതിഹാസം, പുരാണം, ശാസ്ത്രം, കാവ്യം, സ്തോത്രം, ഐതിഹ്യം എന്നിവയായി രൂപപ്പെട്ടത്.

"പാവനമീപ്പൈതൃകം നമ്മുടെതെന്നോർക്കുവിൻ
പ്രാവീണ്യം വരിപ്പിനീസംസ്കൃതവിജ്ഞാനത്തിൽ"

എന്നിടത്ത് ഇന്ത്യൻ പൈതൃകം പാവനമാണെന്നും സംസ്കൃതവിജ്ഞാന ത്തിലുള്ള പ്രാവീണ്യം ശ്രേഷ്ഠമാണെന്നുമുള്ള ധാരണ എൻ.വി. മുന്നോട്ടു വെക്കുന്നതായി കാണാം. എങ്കിലും

"പാവനം ഋഷികുലവിജ്ഞാനം നിത്യം ജന-

ജീവിതസിരകളിൽ ചോരയൊലിക്കായ്കിൽ" (സംസ്കൃതവിജ്ഞാനം)

എന്നിങ്ങനെ മത തീവ്രവാദങ്ങൾ യുദ്ധങ്ങളിലേക്ക് കലാശിക്കുന്നതിനെ വിമർശിക്കാനും കവി ശ്രമിക്കുന്നുണ്ട്. ഇവിടെ ഇതിഹാസപാരമ്പര്യത്തി നെതിരായ പ്രതിരോധശ്രമങ്ങൾ നടത്തുന്ന എൻ.വി. പാരമ്പര്യങ്ങൾക്ക് കീഴ്പ്പെട്ടുപോകുന്നത് കാണാൻ സാധിക്കും.

**ഋഗ്വേദവിൽപന**

ഋഗ്വേദവിൽപ്പന എന്ന കവിത ഋഷിപ്രോക്തമായ ഭാരതദർശനത്തി ന്റെ വിനാശത്തെക്കുറിച്ച് ആകുലപ്പെടുന്നതാണ്. പുതിയ കാലഘട്ടത്തിൽ പണത്തിനുപിന്നാലെ പോകുന്ന ജനത പഴയ സാംസ്കാരിക പാരമ്പര്യ ങ്ങളെ തമസ്കരിക്കുന്നത് കവിയെ സംബന്ധിച്ചിടത്തോളം ആശങ്ക ഉണർ ത്തുന്നതാണ്.

"വിലകിട്ടിയാൽപ്പോരും ഇന്നാട്ടിൽപ്പണക്കാർക്കു

വിവരം നൽകാൻ വള്ളത്തോളിനുമാവില്ലല്ലോ!" (ഋഗ്വേദവിൽപ്പന)

എന്നിങ്ങനെ ഋഗ്വേദത്തിലാണ് വിജ്ഞാനസാരം കുടികൊള്ളുന്നതെന്ന് പ്രഖ്യാപിക്കുന്ന കവി അബോധമായി ആർഷഭൂവിനോട് പുലർത്തുന്ന കൂറ് വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്.

'രാമൻ അക്ഷരം പഠിച്ച കഥ' എന്ന കവിതയിൽ വിദ്യാഭ്യാസത്തിന്റെ

പ്രാധാന്യത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെങ്കിലും കവിതയുടെ അവസാനഭാഗത്തെത്തുമ്പോൾ വിദ്യാഭ്യാസം നേടിയെടുക്കുന്ന രാമൻ ഭാര്യയായ സീതയുമൊത്ത് രാമായണം വായിക്കുന്ന രംഗമുണ്ട്.

"രണ്ടുപേരും ചേർന്നിരുന്നരാമായണം
സന്ധ്യക്കുവായിച്ചീടുന്നു നിത്യം!
എന്തുസന്തോഷമാണെന്തുസംതൃപ്തിയാ-
നെന്തൈശ്വര്യമാണാകുടിലിൽ! "(രാമൻ അക്ഷരം പഠിച്ച കഥ)

എന്ന വരിയിലൂടെ ഇതിഹാസത്തെ പ്രതിരോധിക്കുന്നതിനുപകരം അനുകൂലിക്കുകയാണ് കവി. രാമായണം വായിച്ചാൽ വീട്ടിൽ ഐശ്വര്യം ഉണ്ടാകുമെന്ന ധാരണ കവിയുടെ ഉള്ളിൽ രൂഢമൂലമായിരിക്കുന്നതുകൊണ്ടാണ് ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ നടത്തുന്നത്. ഒരേസമയം പാരമ്പര്യവിരോധിയും പാരമ്പര്യ അനുകൂലിയുമായി നിലകൊള്ളുന്ന എൻ.വിയെ ഇവിടെ കാണാം.

**കാല്പനികതാവിമർശനം എൻ.വി. കവിതയിൽ**

1798-1832 കാലഘട്ടത്തിലാണ് കാല്പനികത പാശ്ചാത്യസാഹിത്യത്തിൽ ശക്തി പ്രാപിക്കുന്നത്. അത് കാല്പനികതയുടെ സുവർണ്ണദശയായി എന്നാൽ 1832 നുശേഷം അതിന്റെ അപചയത്തിന് നാന്ദി കുറിക്കപ്പെട്ടു. കവിതയിൽ മിഥ്യയും ഭാവനയും കൂട്ടിച്ചേർത്ത് കാവ്യലോകങ്ങൾ സൃഷ്ടിക്കുകയായിരുന്നു കാല്പനിക കവികൾ ചെയ്തത്. അത്തരം അവിശ്വസനീയങ്ങളായ വിചിത്രകാവ്യങ്ങൾ പൊള്ളത്തരത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും കവിതയെ തള്ളിവിട്ടു. പുതുമ തേടിയ റൊമാന്റിക് കവിത

വിഡ്ഢിത്തത്തിന്റെയും അതിഭാവുകത്വത്തിന്റെയും ലോകം സൃഷ്ടിച്ചപ്പോൾ യഥാർത്ഥജീവിത ദർശനങ്ങൾക്ക് സ്ഥാനമില്ലാതായി. "നൈമിഷിക വികാരങ്ങൾക്കും അനുഭൂതികൾക്കും മാത്രം പ്രാധാന്യം കൊടുത്ത റൊമാന്റിക് കവികൾ പാണ്ഡിത്യത്തെ എതിർത്തിരുന്നു." (തരകൻ, 1983: 183) കാല്പനികർ പ്രതിഭയ്ക്കാണ് പ്രാധാന്യം നൽകിയത്. എന്നാൽ പിൻകാല കവികൾ കാല്പനിക കവിതകളുടെ വികലമായ അനുകരണങ്ങളാണ് സൃഷ്ടിച്ചത്. നിരർത്ഥകമായ കാവ്യങ്ങൾ രചിച്ചുകൊണ്ട് അവർ കാല്പനികതയുടെ അന്ത്യം കുറിച്ചു. "അഹന്ത, അഹംഭാവത്തിൽ മുഴുകൽ, തന്നോട് തന്നെയുള്ള അനുകമ്പ, താൻ മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാണെന്നുള്ള അഹങ്കാരം, സമൂഹത്തോടുള്ള പ്രതിഷേധം, ഒളിച്ചോട്ടം, നഗ്നയാഥാർത്ഥ്യങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു സ്വപ്നലോകത്തിന്റെ സൃഷ്ടി. അതിഭാവുകത്വം, യുക്തിരാഹിത്യം, ഉദ്വേഗമുളവാക്കൽ, മരണത്തെക്കുറിച്ചുള്ള മായ്ക്കാനാകാത്ത ചിന്ത എന്നിവയാണ് റെമാന്റിസത്തിന്റെ നിയമനിഷേധപ്രവർത്തനം". ഇതൊക്കെയായിരുന്ന റൊമാന്റിസിസത്തെ അപചയത്തിലേക്ക് നയിച്ച കാരണങ്ങളെന്ന് കെ.എം. തരകൻ (1983:184) നിരീക്ഷിക്കുന്നുണ്ട്.

ആധുനികശാസ്ത്രം ശക്തിപ്രാപിച്ചതോടെ കാല്പനികതയുടെ അജ്ഞതയും നിയമനിഷേധവും സ്വപ്നാടനവും എല്ലാംതന്നെ അപഹാസ്യങ്ങളായി മാറി. റൊമാന്റിസിസത്തിന്റെ അപചയം റിയലിസത്തിന്റെ വരവിന് സഹായിച്ചു. ശരിക്കും യാഥാർത്ഥ്യജീവിതവുമായുള്ള ബന്ധം നഷ്ടപ്പെട്ട സാഹിത്യത്തെ ശരിക്കും യാഥാർത്ഥ്യങ്ങളിലേക്ക് കൊണ്ടുവരികയായിരുന്നു റിയലിസ്റ്റിക്ക് കവികളുടെ ലക്ഷ്യം.

റൊമാന്റിസിസത്തിനോടുള്ള പ്രതിഷേധത്തിന്റെ ഭാഗമായി പല സാഹിത്യപ്രസ്ഥാനങ്ങളും പാശ്ചാത്യ സാഹിത്യത്തിൽ ഉടലെടുത്തു. അത്തരത്തിൽ ഉണ്ടായവയാണ് നാച്വറലിസം, സിംബലിസം, ഇമേജിസം, ദാദായിസം, ഹ്യൂമനിസം, സർ റിയലിസം, ഇംപ്രഷനിസം തുടങ്ങിയവ. മലയാളത്തിലും കാല്പനികതക്ക് ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവന്നിട്ടുണ്ട്. മലയാളകവിതയിലെ കാല്പനിക അതിഭാവുകത്വങ്ങളെ നിശിതമായി വിമർശിച്ചവരിൽ പ്രധാനിയാണ് എൻ.വി. കൃഷ്ണവാരിയർ. അദ്ദേഹം തന്റെ കവിതകളിലൂടെയും ലേഖനങ്ങളിലൂടെയും കാല്പനികതക്കെതിരായ ശക്തമായ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. മലയാള കാല്പനികതയുടെ പുഷ്കലത കൂടുതൽ പ്രകടമാകുന്നത് ചങ്ങമ്പുഴയുടെ കവിതകളിൽ ആയതുകൊണ്ട് ആ കവിതകളാണ് എൻ.വിയുടെ മുഖ്യവിമർശനങ്ങൾ ഏറ്റുവാങ്ങിയത്.

നൂതനമായ പ്രമേയങ്ങളാണ് ആ കാൽപ്പനിക കവികൾ തങ്ങളുടെ കവിതക്ക് വിഷയമാക്കിയത്. ദുർബലമായ വൈയക്തികാനുഭവങ്ങൾക്ക് പകരം ശാസ്ത്ര സംബന്ധിയും വൈജ്ഞാനികവുമായ പ്രമേയങ്ങൾ സ്വീകരിച്ചുകൊണ്ട് പുരോഗമനാത്മകമായ കവിതകൾ രചിച്ചു. അത്തരത്തിൽ റിയലിസ്റ്റിക് കവിത രചിച്ചവരിൽ പ്രമുഖസ്ഥാനമാണ് ഇടശ്ശേരി ഗോവിന്ദൻ നായർക്ക്. 'തനിക്ക് ആവിഷ്ക്കരിക്കാനുണ്ടായിരുന്ന ഗൗരവപ്പെട്ട ദർശനങ്ങൾക്ക് പശ്ചാത്തലമായി നിത്യജീവിത സംഭവങ്ങളെയോ സാധാരണ വസ്തുക്കളെയോ സരളമാനുഷബന്ധങ്ങളെയോ ഉപയോഗിച്ചു. അതുകൊണ്ട് ഏറ്റവുമധികം മണ്ണിനോടു പറ്റിച്ചേർന്നുനിൽക്കുന്ന ഒരു നവശാദ്വലമാണിവിടെയുള്ളത്. ഭാരതീയമനസ്സിന്റെയും കേരളീയമനസ്സി

ന്റേയും സമ്മിശ്രമായ അടിവേരുകൾ ഈ കാലഘട്ടത്തിന്റെ ദാർശനി കവ്യഥകൾ, ഭാവിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ, മാനുഷബന്ധങ്ങളുടെ മൂല്യങ്ങൾ മുതലായ എല്ലാതലങ്ങളിലും വ്യാപിച്ച ഉറുതയാർന്ന ശില്പങ്ങ ളാണ് അദ്ദേഹത്തിന്റെ കൃതികൾ." എന്ന് എം ലീലാവതി (1988: 295-6) മലയാള കവിതാസാഹിത്യചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (യഥാതഥ സാഹിത്യം കവിതയിൽ അവതരിപ്പിച്ച മറ്റൊരു കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ.

"ഉടുവെള്ളാമ്പൽപ്പൊയ്കയല്ല ജീവിതത്തിന്റെ

കടലേ കവിതയ്ക്കു ഞങ്ങൾക്കു മഷിപാത്രം." (യുഗപരിവർത്തനം)

എന്ന് പ്രഖ്യാപിക്കുന്ന യഥാർത്ഥ റിയലിസ്റ്റ്. സമകാലിക സാമൂഹിക ജീവിതദർശനങ്ങളോട് സംവദിക്കുകയും സംഭവങ്ങളോട് സ്വന്തം ആദർ ശങ്ങളിലൂടെ പ്രതികരിക്കുകയും ചെയ്യുന്നതിന്റെ ചിഹ്നങ്ങൾ വൈലോപ്പി ള്ളിയുടെ കവിതയിൽ സമൃദ്ധമായി കാണാം.

ജീവിതത്തിന്റെ കടലിനെ മഷിപ്പാത്രമായി പ്രഖ്യാപിച്ചത് വൈലോ പ്പിള്ളി ആണെങ്കിലും ആ തത്വം യാഥാർത്ഥ്യമാക്കിയത് ഇടശ്ശേരിയും എൻ.വി. കൃഷ്ണവാരിയരുമാണ്. എൻ.വി. യഥാർത്ഥജീവിതത്തെയാണ് കവിതയിൽ ആവിഷ്കരിക്കാൻശ്രമിച്ചത്. വർണ്ണപ്പകിട്ടില്ലാത്ത നിറം മങ്ങിയ ജീവിതങ്ങൾ, സ്വാതന്ത്ര്യസമരം, പട്ടിണി, ദാരിദ്ര്യം, അടിമത്തം എന്നിങ്ങനെ കാൽപ്പനികതയ്ക്ക് വഴങ്ങി കൊടുക്കാത്ത സാമൂഹിക പ്ര ശ്നങ്ങളെ എൻ.വി. തന്റെ കവിതയിൽ ആവിഷ്കരിച്ചു. മറ്റൊരുതരത്തിൽ ചിന്തിച്ചാൽ ഇവയെല്ലാം വൈയക്തിമായ ആശയാവിഷ്കാരങ്ങൾ എന്ന നിലയിൽ കാല്പനികതയോട് കണ്ണിചേരുന്നുമുണ്ട്.

"കൃഷ്ണവാരിയർ തികച്ചും സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിന്റെ കവിയാണ്. ചങ്ങമ്പുഴശൈലിയുടെ അടിച്ചുകയറുന്ന റൊമാന്റിക് തരംഗങ്ങൾക്കിടയിൽ പരുപരുക്കൻ ശൈലിയിലൂടെ സാമൂഹിക വിമർശനം നിർവ്വഹിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ശുദ്ധ റൊമാന്റിക് ശൈലിക്ക് സ്വപ്ന പ്രേമ ദുഃഖ സമിശ്രമായ വ്യക്തിജീവിതത്തെ മാത്രമേ ആവിഷ്കരിക്കാൻ കഴിവുള്ളൂ. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ അതിന് കരുത്തില്ല. പരുക്കൻ യാഥാർത്ഥ്യങ്ങൾക്ക് പരുക്കൻ ഭാഷ തന്നെ ആവശ്യമാണ്. ഈ ആവശ്യബോധത്തിന്റെ കവിതയാണ് എൻ.വിയുടേത്" (ബാലൻ, പൂനലൂർ, 1988: 101-2).

അതിവൈകാരികതയുടേയും അതിഭാവുകത്വത്തിന്റേയും സമ്മിശ്രസമ്മേളനമായിരുന്നു കാല്പനിക മലയാളകവിത. ആ ശോചനീയാവസ്ഥയിൽനിന്ന് അതിനെ മോചിപ്പിക്കുന്നതിനായാണ് എൻ.വി. കവിത രചിച്ചത്. "എന്റെ കവിതയിൽ വളരെ എണ്ണത്തിൽ ശുദ്ധമായ ഭാവാത്മകത കാണാം. ഞാൻ എതിർത്തത് ദുർബലമായ അർത്ഥശൂന്യമായ രോഗാതുരമായ അതിഭാവുകത്വത്തെ (sentimentalism) ആയിരുന്നുവെന്ന് എൻ.വി. തന്നെ പറയുന്നുണ്ട്. (ആർസു, 1987, 180)

മലയാളകവിതയുടെ പുരോഗതിയിൽ ആരോഗ്യകരമായ പരിവർത്തനം വരുത്താൻ എൻ.വിക്ക് കഴിഞ്ഞു. വികാരങ്ങൾക്ക് അടിമപ്പെട്ടു കിടന്നിരുന്ന കവിതയ്ക്ക് പുതുജീവൻ നൽകി ഉയർത്തെഴുന്നേൽപ്പിച്ചത് എൻ.വി. കൃഷ്ണവാരിയരാണ്.

**കൊച്ചുതൊമ്മൻ**

കാല്പനികതയെ വളരെ നിശിതമായി പരിഹസിക്കുന്ന എൻ.വിയുടെ കവിതയാണ് കൊച്ചുതൊമ്മൻ. ചങ്ങമ്പുഴയുടെ 'രമണനെ' പ്രതിരോധി ക്കാനായി എൻ.വി. രചിച്ച കാവ്യമാണ് 'കൊച്ചുതൊമ്മൻ' എന്നു തോ ന്നിപ്പോകും. കാരണം ചങ്ങമ്പുഴയുടെ പ്രണയസങ്കൽപ്പത്തിന് തികച്ചും വിപരീതമായ പ്രണയമാണ് അദ്ദേഹം കവിതയിൽ ആവിഷ്ക്കരിച്ചിരിക്കു ന്നത്. കാല്പനികതയോട് വളരെ സൂക്ഷ്മമായാണ് പ്രതിരോധം സൃഷ്ടിച്ചി രിക്കുന്നത് എന്ന് കാവ്യത്തിലെ കഥാപാത്രങ്ങളെ പരിശോധിച്ചാൽ മന സ്സിലാകും. രമണൻ- കൊച്ചുതൊമ്മൻ. രമണൻ എന്ന പേരിനെക്കുറിച്ച് എം.എൻ. കാരശ്ശേരി (2004: 27) പറയുന്നത് ഇങ്ങനെയാണ് "നമ്മുടെ ഭാഷയിൽ അമ്പരപ്പിക്കുന്ന ജനപ്രീതി നേടിയ പ്രണയകാവ്യത്തിൽ ചങ്ങ മ്പുഴ കാമുകന് കൊടുത്ത പേര് ആ കാല്പനികയുടെ മായികലോകത്തിന് ഏറെ ചേർന്നതാണ് 'രമണൻ'. ആപേര് ഇറങ്ങിയ കാലത്ത് (1936) കേ രളത്തിലെവിടെയും സ്വാഭാവികമായി വരാവുന്ന ഒന്നല്ല. രമണൻ ജീവി ത്തിൽനിന്ന് കാവ്യത്തിലേക്ക് എത്തിപ്പെട്ടുകയല്ല- കാവ്യത്തിൽനിന്ന് ജീവിതത്തിലേക്ക് എത്തിപ്പെട്ടുകയാണ് ഉണ്ടായത്." എന്നാൽ രമണിൽ നിന്ന് തികച്ചും വ്യത്യസ്തമായ എല്ലാവർക്കും പരിചിതമായ പേരാണ് കൊച്ചുതൊമ്മൻ. നായിക ക്ലാര ക്ലർക്ക് പ്രണയനായികക്ക് ഒട്ടും ചേരാത്ത പേരുപോലെ അത് കവിതയുടെ മറ്റൊരു പ്രതിരോധമുഖം കാണിച്ചുതരു ന്നു. പ്രതിരോധത്തിന്റെ മറ്റൊരു തലമാണ് പരിഹാസം. ആദ്യകാലകൃതി കൾ. സാമൂഹിക വിമർശനത്തിന് പരിഹാസം നിറഞ്ഞ സാഹിത്യത്തി ലൂടെയാണ് മറുപടി കൊടുത്തിരുന്നത്. കുഞ്ചൻ നമ്പ്യാരുടെ തുള്ളലുകളിൽ

തുടങ്ങി നാടകങ്ങളും പ്രഹസനങ്ങളും വരെ അതിനു ധാരാളം ഉദാഹരണങ്ങളുണ്ട്. ഇവിടെ എൻ.വി. കൃഷ്ണവാരിയരും കാല്പനികതയെ പ്രതിരോധിക്കുന്നത് പരിഹാസം കലർന്ന വിമർശനത്തിലൂടെയാണ്.

"ഞാൻ തലശ്ശേരിക്കാരി-യമ്മയില്ലാത്തോൾ; പപ്പ-

ഗിണ്ടിയിൽ ടിക്കറ്റ് ചെക്ക,റിന്നലെജ്ജയിലിലായ്

മദ്യവർജ്ജനക്കുറ്റം മൂല;മീയനാഥയെ

ക്കാത്താലും നിൻ ദാസിയെ, പ്രേയാനേ, ദയാവാനേ (പുറം 217)

എന്ന നായികയുടെ വെളിപ്പെടുത്തലിലൂടെ നായിക ഒരു കുബേരപുത്രിയാണെന്നുള്ള നായകന്റെ മിഥ്യാധാരണ തകരുകയാണ്. കാല്പനികകാലത്തെ ആദർശനായികക്ക് പകരം തന്റെ നിസ്സഹായതകൊണ്ട് മാത്രം പ്രേമിക്കാൻ തയ്യാറാവുന്ന നായികയെ പരിഹാസജന്യമായാണ് കവി അവതരിപ്പിക്കുന്നത്. "പ്രണയത്തിന്റെ പേരിൽ വിദ്യാഭ്യാസവും ജീവിതവും ഹോമിച്ച് 'കൊച്ചുതൊമ്മ' ന്റെ ചുമലിൽ ഒടുവിൽ 'ക്ലക്ല' വന്നു വീഴുന്നത് ഒരു ബാധ്യതയായിട്ടാണ്. പ്രണയമല്ല സാഹചര്യം സൃഷ്ടിച്ച നിസ്സഹായതയാണ് അവളെ ഈ തീരുമാനത്തിൽ എത്തിച്ചത്. പ്രണയത്തിന്റെ നിസ്സീമമായ പാരവശ്യങ്ങൾ പ്രകടിപ്പിക്കുന്ന കൊച്ചുതൊമ്മൻ, അനുവാചകന്റെ സഹാനുഭൂതിയല്ല പരിഹാസമാണ് അവസാനംവരെ പിടിച്ചുപറ്റുന്നത്. (ബഞ്ചമിൻ, 2000: 53) എന്ന നിരീക്ഷണം ശരിവെക്കാവുന്നതാണ്.

കാല്പനികകാവ്യനീതിയായ ഭാവഗീതം ഇതിൽ തിരസ്കരിക്കപ്പെടുന്നുണ്ട്. സൂക്ഷ്മവും അവ്യക്തസുന്ദരവുമായ ഭാവത്തെ സംഗീതാത്മകമായി വ്യഞ്ജിപ്പിക്കുകയാണ് ഭാവഗീതത്തിൽ ചെയ്യുന്നത്. എന്നാൽ ആദിമദ്ധ്യാന്ത

സുഘടിതമായ ഒരു കഥ പറയുകയാണ് എൻ.വി. 'കൊച്ചുതൊമ്മ'നിൽ. "കഥയുടെ വിശദാംശങ്ങൾ വിശദീകരിക്കുന്നതിലൂടെ കവിതയെ സ്ഥൂലവും മൂർത്തവും വിവരണാത്മകവുമാക്കുന്നു. ആവശ്യത്തിൽ കവിഞ്ഞ വിശദാംശങ്ങൾ പറയുകയും ഭാവൈകാഗ്ര്യത്തിന് കോട്ടം തട്ടുമാറ് ശാഖാചംക്രമണം നടത്തുകയും ചെയ്യുന്നു." (ബെഞ്ചമിൻ, 2000: 53) എസ്റ്റേറ്റ് റൈറ്ററുടെ ജീവിതത്തിന്റെ സുദീർഘമായ വിവരണം ഇവിടെ ഓർമ്മിക്കാവുന്നതാണ്. ഇത്തരം വസ്തുനിഷ്ഠവിവരണങ്ങൾ വികാര തീവ്രത കെടുത്തിക്കളയുകയും കവിത ഒരു ജൈവഘടനയാണെന്നുള്ള കാല്പനിക കാഴ്ചപ്പാടിനെ തിരസ്കരിക്കുകയും ചെയ്യുന്നു. കാല്പനിക പ്രണയം അസ്തമിച്ചു എന്ന് 'കൊച്ചുതൊമ്മൻ' എന്ന കവിത പരസ്യമായി പ്രഖ്യാപിക്കുന്നു എന്ന് ഹരികുമാർ എസ് *മലയാളത്തിന്റെ അകാല്പനിക കവിത എൻ.വി., ഇടശ്ശേരി എന്നിവരെ ആസ്പദമാക്കിയ പഠനം* എന്ന ഗവേഷണ പ്രബന്ധത്തിൽ പ്രസ്താവിക്കുന്നുണ്ട്. പുതിയ കാലത്തെ പ്രണയത്തെ ഹാസ്യാത്മകമായാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഒപ്പം തന്നെ കാല്പനിക പ്രണയത്തിന്റെ പൊള്ളത്തരങ്ങളും വെളിച്ചത്തുകൊണ്ടുവരുന്നു. പ്രണയത്തിന് കാല്പനികർ നൽകിയ നിർവ്വചനങ്ങളെല്ലാം എൻ.വി. തന്റെ കവിതയിലൂടെ പൊളിച്ചെഴുതുന്നു. കൊച്ചുതൊമ്മൻ ആദർശവത്ക്കരിച്ച് മനസ്സിൽ കൊണ്ടുനടക്കുന്ന 'ക്ലക്ല' എന്ന ക്ലാര നിരലാംബയായി അവന് മുന്നിൽ കേണപേക്ഷിച്ചുനിൽക്കുന്നത് ആധുനികകാലഘട്ടത്തിൽ കാല്പനിക പ്രണയത്തിനേറ്റ ശക്തമായ പ്രഹരമാണ്. ഇത്തരത്തിലുള്ള പ്രഹരങ്ങളെയാണ് കാല്പനികതയ്ക്ക് എതിരെയുള്ള പ്രതിരോധത്തിന് സ്വീകരിച്ചിരുന്നത്.

**കള്ളദൈവങ്ങൾ**

ഒറ്റവായനയിൽ കാല്പനിക കവിതയാണെന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ കാല്പനിക വിരുദ്ധ കവിതയാണ് എൻ.വിയുടെ കള്ള ദൈവങ്ങൾ. "കാല്പനികധാരയുടെ മുഖ്യ ആവിഷ്ക്കരണരീതിയായ ഭാവഗീതത്തിന്റെ വിരുദ്ധദിശയിൽ നിൽക്കുന്ന ഈ സ്ഥൂലകാവ്യം സൂക്ഷ്മഭാവ വ്യഞ്ജകത്വത്തിന് പകരം ജീവിതയാഥാർത്ഥ്യങ്ങളുടെ ബൃഹദാഖ്യാനം നടത്തി ഈ കവിത ഭാവഗീതപ്രവണതയെ പ്രതിരോധിക്കുന്നു" (ഹരികുമാർ, 2007: 87).

എൻ.വിയുടെ കവിതകളിൽ സാധാരണ സ്വീകരിക്കാറുള്ള കഥന രീതിയിൽനിന്നും സ്വൽപം ഭിന്നമായ ആഖ്യാനസമ്പ്രദായമാണ് കവി ഈ കവിതയിൽ സ്വീകരിച്ചിരിക്കുന്നത്. മറ്റു കവിതകളിൽ പലപ്പോഴും ശ്രോതാവായി മാറിനിൽക്കുന്ന കവി ഈ കവിതയിൽ- "ഞാനായാ'ണ് ഇതിവൃത്തം അനാവരണം ചെയ്യുന്നത്. 'എന്റെ' കണ്ണിലൂടെയാണ് എല്ലാം കാണുന്നത്. അതുകൊണ്ട് വക്താവിന്റെ ഹൃദയത്തിനുള്ള കുളിരും ചൂടും ഈ കഥനരീതിയിൽ കലർന്നുകാണാം. ഭാവഗാനത്തിനുണ്ടെന്നവകാശപ്പെടുന്ന അനുഭവബോധത്തിന്റെ അംശം അങ്ങനെ അതിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. ഈ കവിതയ്ക്ക് സാമാന്യത്തിൽ കവിഞ്ഞ് ജീവിതോഷ്മാവ് നൽകുന്നതത് ഞാനെന്ന അനുവാചകന്റെ ഭാവപ്പകർച്ചകളാണ്." (ശങ്കരൻ തായാട്ട്, 2007, 127). ഇങ്ങനെയൊക്കെ ആണെങ്കിലും ആഖ്യാതാവിന്റെ വൈയക്തികാനുഭവങ്ങളല്ല കവിതയിൽ പ്രകാശിതമാവുന്നത്. മറിച്ച് ഡോ. മിസ് പ്രഭാറാണി എന്ന സമ്പന്നയും, സുന്ദരിയും, അതിലുപരി പ്രശസ്തയുമായ ഒരു സ്ത്രീയുടെ ജീവിതത്തിലെ ഓരോ ഘട്ടങ്ങളാണ്.

"വിജയം, ധനം, മാനം, ശക്തിയും, സുരക്ഷയും

വിലയുറ്റതായ് ലോകം വാഴ്ത്തുമീ പുമർത്ഥങ്ങൾ" (പുറം 355)

ഇതിൽ ഒന്നെങ്കിലും അവൾക്ക് വഴങ്ങാതിരുന്നില്ല. എന്നിട്ടും ഉറക്ക ഗുളിക കഴിച്ച് അവർ ആത്മഹത്യ ചെയ്യുന്നു. അവരുടെ ജീവിതത്തിൽ നേരിട്ട അസംതൃപ്തിയാണ് ആഖ്യാതാവ് തന്റെ കാഴ്ചയിലൂടെ അവതരിപ്പിക്കുന്നത്. ഒന്നിലും തൃപ്തി ലഭിക്കാതെ മറ്റൊന്നിനെ അന്വേഷിച്ചുപോകുന്ന ഡോ. മിസ് പ്രഭാറാണി കാല്പനികകാലനായികയുടെ നേർചിത്രമാണ്. ഇന്ദ്രിയപരതയിൽ കവിഞ്ഞ ജീവിതബോധം അവൾക്കുണ്ടായിരുന്നില്ല. എന്നാൽ ഇതിൽനിന്ന് തികച്ചും വിപരീതമായി വ്യക്തിത്വമാണ് ആഖ്യാതാവിന്റേത്. ജീവിതത്തെ ഒരുതരം നിസ്സംഗതയോടെ മാറിനിന്ന് പരിഹാസപൂർവ്വം നോക്കിക്കാണുകയാണ് അയാൾ.

പ്രഭാറാണിയാവട്ടെ തന്റെ കലാസപര്യകൊണ്ട് നഗരത്തിന്റെ മുഴുവൻ ആരാധനയും പിടിച്ചെടുത്തു, സാമൂഹിക പ്രവർത്തനരംഗത്തിലിറങ്ങി. വെള്ളപ്പൊക്കത്തിന്റെ ദുരിതാശ്വാസനടപടികളിൽ അധികൃതരോടൊപ്പം കൂടി, അവളുടെ പ്രവർത്തനങ്ങൾ കണ്ട് പ്രഭാറാണിയ്ക്ക് "പത്മശ്രീ" ലഭിക്കുമെന്നുവരെ ജനസംസാരമുണ്ടായിരുന്നു. പിന്നീട് അവൾ "ആദ്ധ്യാത്മികസാധാനാ നിലീനയായ,ദ്ധ്യാത്മ പ്രബുദ്ധയായ്" (351) അത്ഭുതസിദ്ധിയുള്ള സന്ന്യാസിക്കൊപ്പം കൂടി. "ക്ഷീരശുഭ്രമാം പുടവയാൽ" തലയും മെയ്യും മൂടി. എന്നാൽ ഗുരുവിന്റെ കൂടെയും അധികനാൾ കഴിയാൻ അവൾക്ക് സാധിച്ചില്ല. വീണ്ടും പഴയജീവിതചുറ്റുപാടിലേക്ക് തിരിച്ചുപോയി. എങ്കിലും അവിടെയും അവൾക്ക് സ്വസ്ഥത ലഭിച്ചില്ല. ഇതെല്ലാം പരിഹാസഭാവത്തിലാണ് കവി ചിത്രീകരിക്കുന്നത്. എല്ലാത്തിനോടും വിരക്തി

തോന്നിയ നായിക അവസാനം ഉറക്കഗുളിക കഴിച്ച് ആത്മഹത്യ ചെയ്യു ന്നു. ലഭ്യമായ സൗകര്യങ്ങളിലുള്ള സംതൃപ്തിയല്ല മറിച്ച് അലഭ്യമായവയോ ടുള്ള അടങ്ങാത്ത ആസക്തിയാണ് പ്രഭാറാണിയെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നത്. സാധാരണ ഇത്തരം സന്ദർഭങ്ങളിൽ പുരുഷകഥാപാ ത്രങ്ങളെയാണ് മറ്റുകവിതകളിലെല്ലാം ദർശിച്ചിട്ടുള്ളത്. എന്നാൽ ഒരു സ്ത്രീകഥാപാത്രത്തെ ഇപ്രകാരം എൻ.വി. അവതരിപ്പിച്ചത് നിലവിലുള്ള കാല്പനിക സ്വഭാവത്തിനോടുള്ള പ്രതിരോധമായിട്ടാണ്. ഇതിലെ ആഖ്യാ താവായ പുരുഷകഥാപാത്രമാവട്ടെ ജീവിതത്തിന്റെ പാരുഷ്യമാർന്ന വശ ത്തെയാണ് എപ്പോഴും പ്രതിനിധീകരിക്കുന്നത്. അയാൾക്ക് പ്രഭാറാണി യോടു തോന്നിയ പ്രണയംപോലും പറയാൻ ധൈര്യപ്പെടുന്നില്ല. അവളുടെ മരണവാർത്ത പത്രത്തിൽ കണ്ടു നടുങ്ങിയിരിക്കുന്ന ഒരു സാധാരണ മനു ഷ്യൻ. കൗമാരത്തിൽ തനിക്ക് തോന്നിയ പ്രണയം അവൾക്കും തോന്നി യിരുന്നെങ്കിൽ ഇന്ന് ഈ സ്ഥിതി വരില്ലായിരുന്നുവെന്ന് മനസ്സ് പറയുന്നു ണ്ട്. എങ്കിലും അങ്ങനെ ചിന്തിക്കാൻ തന്നെ അയാൾക്ക് ഭയമായിരുന്നു.

കാവ്യസമാപനം ആരംഭത്തേക്കാൾ കൂടുതൽ അർത്ഥഗംഭീരമാണ്. പ്രഭാറാണിയുടെ സംസ്കാരത്തിൽ സംബന്ധിച്ചശേഷം, ജ്വരസന്നിയാലെ ന്നപോലെ വീട്ടിലെത്തി പഴയ അഴിക്കൂട്ടിൽ കണ്ണടച്ചിരിക്കയാണയാൾ.

"...തോളിൽ.

തൊടുന്നു കുടുംബിനി! കാപ്പിയാണല്ലോ കൈയിൽ

കടയിൽ പോയീ, കിട്ടീ പഞ്ചസാര! എന്താനന്ദം!

മധുരിക്കുമാ സ്മിതം ഞാൻ മോന്തിക്കുടിക്കുന്നു." (പുറം-357)

അദ്ദേഹത്തിന്റെ പ്രിയപത്നിയുടെ വെറുമൊരു സ്പർശനം മതി അയാളെ

ജാഡ്യത്തിൽ നിന്നുണർത്താൻ. ആ ചുണ്ടിലെ നറുംപുഞ്ചിരി, ജീവിതത്തിന്റെ കയ്പുകഷായത്തെ മധുരമുള്ളതാക്കുന്നു. പ്രഭാറാണിമാരുടെ അവസാനിക്കാത്ത തൃഷ്ണയൊന്നും ഈ വീട്ടമ്മയെ തൊട്ടുതീണ്ടിയിട്ടില്ല. ഒരു നല്ലപഞ്ചസാരയിൽ ഒരു ജീവിതോത്സവത്തെ മുഴക്കെ നുകരാൻ അവർക്കു കഴിയും. ഈ നശ്വരമായ ജീവിതം അവരെ സംബന്ധിച്ചിടത്തോളം, ശൂന്യതയിലല്ല ചെന്നവസാനിക്കുന്നത്.

മൂത്തവൻ സ്കൂൾ വിട്ടെത്തും ഘോഷങ്ങൾ കേൾക്കാകുന്നു.

കൊച്ചുമോൻ ഉൾക്കിൽ കൈക്കാൽ കുടഞ്ഞുണ്ടുണരുന്നു?

പിന്നെ സംത്രാസമെവിടെ? ശൂന്യതയെവിടെ? (പുറം-357)

സംത്രാസമോ ശൂന്യതയോ ഇല്ലാത്ത ഈ പുരുഷ കഥാപാത്രം കാല്പനികതയുടെ എല്ലാ ശാഠ്യങ്ങളുടെയും എതിർപക്ഷത്താണ് സ്ഥിതി ചെയ്യുന്നത്.

**തീവണ്ടിയിലെ പാട്ട്**

കാല്പനിക പ്രസ്ഥാനത്തിലെ അനാരോഗ്യകരമായ പ്രവണതകളെ, പ്രത്യേകിച്ച് പ്രണയസങ്കൽപ്പത്തിന് എതിരെയുള്ള എൻ.വിയുടെ ശക്തമായ പ്രതിരോധമായിരുന്നു 'തീവണ്ടിയിലെ പാട്ട്' എന്ന കവിത. റൊമാന്റിക് ഭാവനയുടെ മാദകശക്തി പ്രയോഗിക്കാൻ കെൽപ്പുള്ളവനും എന്നാൽ ചില പരിമിതികൾകൊണ്ട് വിഹ്വലനായി അത് വലിച്ചെറിയുന്നവനുമായ കവിയുടെ കഥയാണ് തീവണ്ടിയിലെ പാട്ട്' (ശങ്കുണ്ണിനായർ, 1974: 107) ആധുനിക ജീവിതസാഹചര്യങ്ങളിലും ശാസ്ത്രവ്യവസായയുഗത്തിന്റെ പശ്ചാത്തലത്തിലും ആരംഭിക്കുന്ന ഈ കവിത ഇഹവും പരവും സമ്മേളിക്കുന്നു എന്നു വിശ്വസിക്കുന്ന രാമേശ്വരം കടൽത്തീരത്തെ അന്തരീക്ഷ

ത്തിലാണ് രൂപം പ്രാപിക്കുന്നത്. മൂന്ന് ഖണ്ഡങ്ങളായാണ് ഈ കവിത രചിച്ചിരിക്കുന്നത്. ശാസ്ത്രവ്യവസായയുഗത്തിന്റെ പ്രതീകങ്ങളായ ആവി വണ്ടി, കരിനിലം, കുഴൽ പൊങ്ങുന്ന യന്ത്രശാല, ബ്ലാക്കൗട്ട്, താർമഷി തുടങ്ങിയവയോടുകൂടിയാണ് കവിത ആരംഭിക്കുന്നത്.

"വേഗം കുറകയായ് വണ്ടിക്കട്ടത്തൊരു
താവളം ചേർന്നത് നിൽക്കുകയായ്" (പുറം-100)

എന്ന പ്രയോഗത്തിലൂടെ വ്യവസായയുഗത്തിന്റെ സ്വാഭാവിക പശ്ചാത്ത ലം രൂപപ്പെടുന്നു. സ്വപ്നാത്മകവും മായികവും സംഗീതാത്മകവുമായ രൂപ ഭാവങ്ങൾ നിറഞ്ഞ പ്രണയകഥയെ യാഥാർത്ഥ്യങ്ങൾക്കിടയിൽ നിർത്തി കവി നിയന്ത്രിതമാക്കിയിരിക്കുന്നു. കാല്പനികതയുടെ മായികലോകത്തി ന് കടിഞ്ഞാണിട്ടുകൊണ്ടാണ് കവിതയിൽ പ്രതിരോധം സൃഷ്ടിക്കുന്നത്. പാട്ട് നിർത്തിയാലും തുടർന്നാലും മരണം സംഭവിക്കുന്ന പ്രണയിനി, യഥാർത്ഥലോകത്ത് പിടിച്ചുനിൽക്കാൻ കഴിയാത്ത കവിതയാണിത്. 'കാവ്യനർത്തകി'യായി കനകച്ചിലങ്ക കിലുക്കി വരുന്ന കാല്പനികകവിത 'തീവണ്ടിയിലെ പാട്ടി'ൽ കുറവ യുവാവിന്റെ സംഗീതത്തോടൊപ്പം ചുവ ടുവെയ്ക്കുന്ന പ്രണയിനിയായി കടന്നുവന്ന് അരങ്ങത്ത് പിടിച്ചുനിൽക്കാ നാകാതെ വിഷമിക്കുന്ന കാഴ്ചയിവിടെ ദർശിക്കാം. കാല്പനികതയുടെ അടിസ്ഥാനം പ്രണയം തന്നെയാണ്. എന്നാൽ ആ പ്രണയം പുത്തൻ ജീവിതസാഹചര്യങ്ങളിൽ നിലനിൽക്കില്ലെന്ന് വെളിവാക്കുന്ന കവിത യാണ് 'തീവണ്ടിയിലെ പാട്ട്' കാല്പനികകാവ്യങ്ങളിലെ അയഥാർത്ഥ്യ സങ്കൽപ്പങ്ങളോട് പ്രതിരോധം സൃഷ്ടിക്കുകയാണ് ഇത്തരം കാവ്യങ്ങൾ.

**അലക്സിസ് പുണ്യാളൻ**

ലൗകികജീവിതം ഉപേക്ഷിച്ച് ആത്മീയജീവിതം സ്വീകരിക്കുന്ന തിലെ നിരർത്ഥകത വെളിപ്പെടുത്തുന്ന എൻ.വി.യുടെ കവിതയാണ് അലക്സിസ് പുണ്യാളൻ. "ലൗകികജീവിതത്തെ വെല്ലുവിളിക്കുന്ന ആത്മീ യസ്നേഹമെന്ന മനോഹര കാല്പനികസ്വപ്നം ആകാശകുസുമംപോലെ അദൃശ്യമായിട്ടാണെങ്കിലും കല്യാണസൗഗന്ധികംപോലെ ദിവ്യപരിമളം കൊണ്ട് ആകർഷിച്ചുവിരാജിച്ചിരുന്ന കാലത്ത് ആ മിഥ്യയെ തകർക്കാൻ വാരിയർ തന്റെ ശാസ്ത്രീയവീക്ഷണത്തെ ഉപയോഗിച്ചു. നളിനി, നാഗില മുതലായവരെല്ലാംകൂടി സൃഷ്ടിച്ചുവെച്ചിരുന്ന ആത്മീയസ്നേഹപ്രഭാപരി വേഷത്തിൽനിന്ന് സ്നേഹത്തിന്റെ ലൗകികതയ്ക്കും ലൈംഗികതയ്ക്കുമുള്ള പകൽവെളിച്ചത്തിലേക്കു മലയാളകവിതയെ കണ്ണുമിഴിപ്പിച്ചത് അലക്സി സ് ആയിരുന്നു". (ലീലാവതി, 2008, 267) കാല്പനികത ഉയർത്തിക്കാട്ടിയ ആത്മീയത, ആത്മപീഡനപരമായ ഇന്ദ്രിയസംയമനം എന്നിവയെ പരി ഹസിക്കുകയും ശാസ്ത്രീയമായി അപഗ്രഥനം നടത്തുകയും ചെയ്യുന്ന കവി തയാണ് 'അലക്സിസ് പുണ്യാളൻ'.

വികാരങ്ങളുടെ വിസ്ഫോടനമാണ് ഈ കവിതയിൽ സംഭവിക്കുന്നത്. അടിച്ചമർത്തപ്പെട്ട ഓരോ വികാരങ്ങളും ഇരട്ടിശക്തിയിൽ തിരിച്ചടിക്കു ന്നു. അലക്സിസ് വിവാഹം കഴിച്ച വധുവിന് തന്റെ അമ്മയുടെ മുഖച്ഛായയും കന്യാമേരിയുടെ മുഖച്ഛായയും ഒരേസമയം തോന്നുന്നു. അതിനാൽ തന്റെ കാമാസക്തിയോടെ അവളെ സമീപിക്കാൻ അയാളുടെ പാപബോധം അനുവദിക്കുന്നില്ല. തികച്ചും ലോലഹൃദയനായ അലക്സിന്റെ മനസ്സിൽ നട ക്കുന്ന സംഘർഷങ്ങൾ അയാളുടെ പിന്നീടുള്ള ജീവിതത്തെ ട്രാജഡിയി

ലേക്ക് തള്ളിവിടുന്നു. ഒപ്പം ഈഡിപ്പസ് കോംപ്ലക്സും അയാളെ വേട്ടയാടു ന്നു. ഇത്തരം സാഹചര്യങ്ങളെ എല്ലാം തികച്ചും മനഃശാസ്ത്രപരമായാണ് കൃഷ്ണവാരിയർ വിവരിക്കുന്നത്.

"മഴവിപ്പൊഴേ മരത്തായ് വേരിൽ പതിക്കുന്ന
മരണം പാപത്തിന്റെ നീക്കില്ലാസ്സമ്പാദ്യമാം;
സ്വർഗ്ഗരാജ്യത്തിന്നായ് നീ ക്രൂശിക്ക നിന്മെമാംസം
മുക്തിതൻ മാർഗ്ഗം ചേരു,കിന്നത്രേ രക്ഷാദിനം" (പുറം-114)

എന്ന് അലക്സിസിന്റെ ഗുരു ഉപദേശിക്കുന്നതോടുകൂടി അയാൾ പരിണയി ച്ച ഭാര്യയെപോലും ഉപേക്ഷിച്ചുപോകാൻ വേണ്ടിടത്തോളമുള്ള വിഭ്രാന്തി യിൽ അകപ്പെടുന്നു. പിന്നീട് ഇന്ദ്രിയനിഗ്രഹത്തിനായുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുകയായിരുന്നു അയാൾ. അയാൾ ഏറെക്കാലം തപസ്സുചെ യ്തു. എല്ലാത്തരം പീഡനങ്ങൾക്കും ശരീരത്തെ വിധേയമാക്കി. എന്നിട്ടും ആത്മസംതൃപ്തി നേടിയില്ല. ആശ്രമത്തിലെ മറ്റു ബലിപ്പശുക്കളുടെ മനോ വൈകൃതം കണ്ടുമടുത്ത് അദ്ദേഹം ആശ്രമം ഉപേക്ഷിച്ച് മടങ്ങി. പാലസ്തീ നിലെത്തി 'മൂവട്ടം നക്ഷത്രങ്ങൾ ഭൂമിയെ ചുറ്റുംവരെ' ധ്യാനത്തിലാണ്ടു. പിന്നീട് അയാൾ കാണുന്നത് വെട്ടുകിളികളെയാണ്. ആകാശം മൂടിയ കാർമേഘംപോലെ പരക്കുന്ന വെട്ടുകിളികൾ. പച്ചപിടിച്ച പലസ്തീൻ മരു ഭൂമിയായി മാറി. തുടർന്ന് വെട്ടുകിളികളുടെ ആക്രമണം, ഭൂകമ്പം, യോർ ദാനിലെ വെള്ളപ്പൊക്കം, ചുഴലിക്കാറ്റ്, ചുഴലിയിൽപ്പെട്ട വെട്ടുകിളികൾ വീണടിഞ്ഞ് ഒഴുക്കുനിലച്ച യോർദാൻ നദി, ചീഞ്ഞളിഞ്ഞ വെട്ടുകിളികൾ മൂലം പരന്ന സാംക്രമിക രോഗങ്ങൾ-

"ചെകുത്താൻ തുള്ളുന്നോരീ ദൈവത്തിൻ രാജ്യം വിട്ടു

തിരിച്ചാലെക്സിസ്സ ശൂന്യനായ്, നിർല്ലക്ഷ്യനായ്" (പുറം-120)

ജ്വരബാധിതനായിത്തീർന്ന അലെക്സിസ് ഒരിക്കൽ, തളർന്ന് വീണ പ്പോൾ ഉണ്ടായ ഒരു സ്വപ്നത്തെ തുടർന്നാണ് അദ്ദേഹത്തിന് ദൈവത്തി ന്റെ വെളിപാടുണ്ടായത്.

"ദേഹത്തെത്തളർത്തിയോ, നിർദ്ദയവിദേശത്തിൽ
ജീവിതനീർ ചോർത്തിയോ, കിട്ടിടാ സമാധാനം
സ്നേഹവും, മിത്രങ്ങളും, പത്നിയും, പുത്രന്മാരും,
വേലയും, വിശ്രാന്തിയും... ഇതുതാൻ ദൈവാദേശം.
അന്യരെസ്സഹായിച്ചും, ദ്വേഷിക്കാതെയും ലോക-
സൗന്ദര്യം നിരീക്ഷിച്ചും, സംതൃപ്തിയാർന്നും തന്നിൽ,
ക്ഷണികാനന്ദം നൽകുമെണ്ണമ,റ്റസാരമാം
പണികൾക്കുള്ളിൽ സ്വയംസത്തയെ സ്മരിക്കാതെ,
ശാന്തനായ്, സ്സാമാന്യനായ് വാഴ്മതിനാലീ ലോകം
സ്വർഗ്ഗമാം, വിണ്ണിൻരാജ്യം മണ്ണിൽ വന്നിറങ്ങീടാം." (പുറം- 121-2)

എന്നാണ് അദ്ദേഹത്തിന് ലഭിച്ച ദൈവോപദേശം. ഇത്രയൊക്കെ പീഡകൾ അനുഭവിച്ചിട്ടും താൻ ഒരു ധന്യതയും നേടിയില്ല എന്നു ബോധ്യ പ്പെട്ടപ്പോൾ അലക്സിസ് പത്നിയുടെ അടുത്തേക്ക് മടങ്ങി. പക്ഷേ അവൾ അയാളെ തിരിച്ചറിഞ്ഞില്ല. രോഗിയും വൃദ്ധനുമായ അലെക്സിസിനു നേരെ നോക്കുമ്പോൾ അവൾക്ക് വെറുപ്പായിരുന്നു. ഒരു ഭിക്ഷാടകനോട് കാണി ക്കുന്ന ദാക്ഷിണ്യം മാത്രമേ അവൾ കാണിച്ചുള്ളു. അവൾ രണ്ട് ചിത്രങ്ങൾ പൂജിക്കുന്നുണ്ടായിരുന്നു. ഒന്നു യേശുവിന്റെയും രണ്ടാമത്തേത് യൗവ്വന ത്തിൽ തന്നെ വിട്ടുപിരിഞ്ഞ അലെക്സിസിന്റേതും. അവർ ആരാധിക്കുന്ന

അലെക്സിസ് ഇന്ന് വൃദ്ധനായിരിക്കുന്നു. താൻ ആരാണെന്ന് വെളിപ്പെടു ത്തുന്നതോടുകൂടി അവളുടെ മനസ്സിലെ ദിവ്യപീഠത്തിൽനിന്ന് തന്നെ പുറ ന്തള്ളുമെന്ന് അയാൾക്ക് ബോധ്യമായി. ഇവിടെ കവി യാഥാർത്ഥ്യത്തെ യും സാങ്കൽപിക സ്വർഗ്ഗത്തെയും ഒരേസമയം കാണിക്കുന്നു. 'ശാശ്വത നിഷ്ഫലതയുടെ 'സപ്രാണസ്മൃതിസ്തംഭ' മായി ജീവിച്ച് മരണംവരെ തിരിച്ച റിയപ്പെടാതെ ദുഃഖിക്കുകയാണവർ. ജീവിതത്തെ ഊഷരഭൂമിയാക്കിയ അലെക്സിസിനോടും വിഡ്ഢിസ്വർഗ്ഗത്തിൽ വാഴുന്ന പത്നിയോടും പരിഹാസ മാണ് തോന്നുക. കാല്പനികത ദിവ്യമാണെന്ന് പുകഴ്ത്തിയ സാഹിത്യത്തി നെതിരെ ഐന്ദ്രിയജീവിതനിഷേധം വെറും മൃഗതൃഷ്ണയാണെന്ന് ബോധ്യ പ്പെടുത്തുംവിധമുള്ള പ്രതിരോധമാണ് ഈ കവിത കാഴ്ചവെയ്ക്കുന്നത്.

**മദിരാശിയിൽ ഒരു സായാഹ്നം**

'സങ്കലിത കവിതയിലെ വിരുദ്ധഭാവസങ്കലന പ്രക്രിയയ്ക്ക് കൃഷ്ണവാരി യരുടെ പല കവിതകളും നിദർശനമാണ്. ഒരു ശുദ്ധകാല്പനിക കവിത യിൽ, 'വിരുദ്ധ വിഭാവാദിഗ്രഹണം, പണ്ടത്തെപ്പോലെ, ഒരു രസദോഷ മായാണ് പരിഗണിക്കപ്പെടുക. എന്നാൽ, സങ്കലിത കവിതയ്ക്ക് അതാണ് മൗലിക സ്വഭാവം. ശൃംഗാരത്തിന്റെ കൂടെ ബീഭത്സവും ശാന്തത്തിന്റെ കൂടെ രൗദ്രവും വീരത്തിന്റെ കൂടെ ഭീരുതയും കോർത്തിണക്കുന്നത് യാഥാർത്ഥ്യ ത്തിലേക്കു കൂടുതൽ അടുപ്പിക്കാൻ വേണ്ടിയാണ്. പരുഷവും മൃദുലവുമായ ജീവിതഭാവങ്ങളെ അടുപ്പിച്ചുനിർത്തുന്നത് അവയുടെ അന്യോന്യാപേ ക്ഷ എത്രത്തോളം ശക്തിമത്താണെന്നു ബോധ്യപ്പെടുത്തിത്തരാനാണ്" (ലീലാവതി, 2008: 269).

"മദിരാശിയിൽ ഒരു സായാഹ്നം" ഇത്തരത്തിലുള്ള കവിതയാണ്. ഈ കവിതയിൽ സർവ്വാലങ്കാരഭൂഷിതരായി ഹോസ്റ്റലിന്റെ പടിവാതിക്കൽ കണ്ടുമുട്ടുന്ന നായികാനായകന്മാർക്കിടയിൽ,

"നഗ്നനായ്, ദീനനായ്,നാറിയായ്, രുഗ്ണനായ്,

നായ്പോലെ മോങ്ങി കിതയ്ക്കുന്ന ചാകാനടുത്ത" (പുറം-138)

വൃദ്ധനേയും അവതരിപ്പിക്കുന്നു. മൃദുലഭാവത്തിനടുത്തുതന്നെ അതിന്റെ വിപരീതമായ പരുഷയാഥാർത്ഥ്യം മറനീക്കി കടന്നെത്തുകയാണ്. കാല്പനികതയുടെ മസൃണതയ്ക്ക് പ്രതിരോധം സൃഷ്ടിക്കുകയാണ് ഈ പാരുഷ്യം.

നായകൻ നിഷ്കർഷമായി ഉടുപ്പിട്ട്, ഭംഗിയിൽ പൗഡറണിഞ്ഞ് നന്നായി തലചീകി, ഗന്ധഹൃദ്യമായ കൈലേസെടുത്ത് ട്വീഡുകൊണ്ടുള്ള കാല്വറ, പോപ്ലിൻതുണികൊണ്ട് തയ്ച്ച ഷർട്ട്, പട്ടുകൊണ്ടുമിനുത്ത പാപ്പാസ്, തിളങ്ങുന്ന കോട്ട്, കറുകറെ മിന്നുന്ന ബൂട്ട്സ്, സ്വർണ്ണനിറമാർന്ന വാച്ച്, സ്വർണ്ണവർണ്ണമാർന്ന ഫ്രെയിം ഉള്ള കണ്ണട; തുടങ്ങിയവ ധരിച്ചുനിൽക്കുമ്പോൾ നായികയാകട്ടെ, രജത പുഷ്പോജ്ജ്വലമായ നീല ചീനസിൽക്ക് സാരിയും, പട്ടുജാക്കറ്റും, കാഞ്ചനച്ചങ്ങലകെട്ടിയ വാച്ചും, മൂർഖസർപ്പത്തോൽകൊണ്ട് ഉണ്ടാക്കിയ ബാഗും ധരിച്ച് ക്യൂട്ടക്സ് കൊണ്ട് നഖം ചുവപ്പിച്ച്, ചെങ്കവിൾ ചെമ്പകപ്പൂവിൽ ക്യൂട്ടിക്കുറയ്ക്ക് മേൽ റൂഷ് പുരട്ടി, മോഹനച്ചുണ്ടിൽ കോടീസ് ലിപ്സ്റ്റിക് തേച്ച്, നീളൻ കഴുത്ത് പിണച്ച ഹംസങ്ങളെ കൊത്തിയ പൊൻവളകൾ കൈയ്യിലും മുത്തുകൾ കൊണ്ടൊരു മുന്തിരിങ്ങാക്കുല കാതിലും അണിഞ്ഞുകൊണ്ട് വരുന്നത് നായകനെ ആകർഷിക്കാനാണ്. എന്നാൽ അവർക്ക് മുന്നിൽ പ്രണയഭംഗം സൃഷ്ടിക്കുമാറ് ആ വൃദ്ധൻ കിടന്നു.

“പോകനാമോമനേ, ചാകുവാനിത്തന്ത

പാതവക്കല്ലാതെ കണ്ടില്ല മറ്റിടം” (പുറം-138)

എന്നുംപറഞ്ഞ് അവർ കോഫി ഹൗസിലേക്ക് യാത്രയാകുന്നു.

കത്തിയാൽ ‘കട്ലറ്റ്’ കണ്ടിച്ച്, മുൾകൊണ്ടു

കുത്തി, പ്പവിഴവായ്ക്കുള്ളിലർപ്പിക്കവേ,

ആഭാസനഗ്നനത്തന്തതന്നോർമ്മ നി-

ന്നാർദ്രഹൃദന്തത്തിൽ വേദന ചേർത്തുവോ?

ചൊല്ലി നീ: “പാവമക്കാരണോ,രുണ്ണുവാ-

നില്ലാതെയാകാം മരിപ്പതപ്പാതയിൽ.”

പ്രേമാനുഭൂതിയുടെ മാധുര്യം നുകരുമ്പോഴും നായികാനായകന്മാരിൽ വഴിയിൽ കിടക്കുന്ന വൃദ്ധന്റെ ഓർമ്മ തികട്ടിവരുന്നു. ഇവിടെ കവി ഒരു തട്ടിൽ രതിയെയും മറ്റേതിൽ ബീഭത്സത്തേയും സന്തുലനം ചെയ്യുകയാണ് എന്ന് എം. ലീലാവതി നിരീക്ഷിക്കുന്നുണ്ട്.

“കൃഷ്ണവാരിയരുടെ കവിത സംവരണാത്മകമല്ല, സംഗ്രഥനാത്മകമാണ്. നിലാവു മാത്രമായ സങ്കൽപ്പമല്ല, നിഴലും നിലാവും കൂടിപ്പിണഞ്ഞ യാഥാർത്ഥ്യമാണ്. മദിരാശിയിലെ സായാഹ്നത്തിലെ പ്രേമം കേവലം ഭൗമികമായ ഒരു സ്ത്രീപുരുഷബന്ധം മാത്രം; താൽക്കാലികവും. ശാശ്വത പ്രണയം, അന്തരാത്മികസ്നേഹം മുതലായ സങ്കൽപ്പങ്ങൾ കവിയെയെന്നല്ല കഥാപാത്രങ്ങളെയും കീഴടക്കുന്നില്ല. ‘ഇന്നിൽ’ എന്നുപറഞ്ഞാൽപ്പോലും പോരാ, ‘ഈ നിമിഷത്തിൽ’ മാത്രം ജീവിക്കുന്ന പ്രണയം തന്റെ പ്രണയഭാജനം തന്നെ മാത്രമെ പ്രണയിക്കുന്നുള്ളൂ എന്ന വിചാരത്തിന്റെ മൂഢസ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കാനുള്ള കാല്പനികതപോലും അതിനില്ല”

(ലീലാവതി, 2008: 263). അവർ സിനിമ കാണുകയാണ്. സിനിമയിൽ ജൂലിയറ്റിന്റെ ഭാഗം അഭിനയിക്കുന്ന 'നോർമ'യിൽ നായകൻ ദർശിക്കുന്നത് തന്റെ പ്രണയിനിയെയാണെങ്കിലും റോമിയോയുടെ ഭാഗം അഭിനയിക്കുന്ന 'ലസ്ലി'യിൽ അവൾ കാണുന്നത് ഏത് യുവാവിനെയായിരിക്കും? എന്നാണ് അയാൾ ചിന്തിക്കുന്നത്. ആ മാനസികസ്ഥിതിയിലുള്ള നായകൻ നായികയെ ചുംബിച്ചപ്പോൾ

എൻചുണ്ടിലൊട്ടിടയ്ക്കുറിയ മാധുരി

നിൻചുണ്ടിനുള്ളതോ, ലിപ്സ്റ്റിക്കിനുള്ളതോ? (പുറം-141)

എന്ന് ചോദിക്കുന്നതിൽ അസ്വാഭാവികത ഒന്നും തന്നെയില്ല. കാല്പനിക പ്രണയസങ്കല്പങ്ങൾ തച്ചുടച്ചുകൊണ്ടാണ് ഈ കവിത പ്രതിരോധത്തിന്റെ വിലങ്ങുകൾ തീർക്കുന്നത്. അയാളിൽ വൃദ്ധന്റെ ചിത്രം വീണ്ടും വേട്ടയാടുന്നു.

"ഇല്ലാഞെരക്കവും നിശ്വാസശബ്ദവും,

എല്ലാംസമാഹിതം ശാന്തം, ശിവം, സുഖം" (പുറം-143)

ഈ ക്രൂരമായ പരിഹാസത്തിലൂടെയാണ് എൻ.വി. സാമൂഹിക വിമർശനം നടത്തുന്നത്. മടങ്ങിപ്പോകാൻ കീശയിൽ കാശുവല്ലതുമുണ്ടോ എന്ന് നായകൻ പരിശോധിക്കുമ്പോൾ കിട്ടുന്ന കത്തിൽ പണം ധൂർത്തടിക്കാൻ പാടില്ലെന്നും ജൂണിൽ ഒരു ധനികപുത്രിയുമായി വിവാഹം ഉറപ്പിച്ചിരിക്കുന്നു എന്നും അച്ഛൻ എഴുതുമ്പോൾ ഈ പ്രണയകാവ്യം പരിഹാസകാവ്യമായി മാറുന്നു. പ്രണയത്തിന്റെ വ്യത്യസ്തമുഖങ്ങൾ കവി പരിഹാസത്തിന്റെ ചുവടുറപ്പിച്ചിട്ട് ശക്തമായ പ്രതിരോധസങ്കൽപ്പങ്ങളെ മുൻനിർത്തിക്കൊണ്ട് അവതരിപ്പിക്കുന്നു.

**ഗാന്ധിയൻ സ്വാധീനം എൻ.വിയുടെ കവിതകളിൽ**

ഇന്ത്യൻ നവോത്ഥാനത്തിന് അടിത്തറ പാകിയത് ഇരുപതാം നൂറ്റാണ്ടിലെ ദേശീയബോധത്തിന്റെ വികാസമായിരുന്നു. ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ദേശഭക്തി ആഞ്ഞടിച്ചത് ഭാരതജനതയിൽ ദേശീയബോധം വളർത്തുന്നതിന് സഹായകമായി. ഓരോ ഇന്ത്യക്കാരന്റെയുള്ളിലും ആഴത്തിൽ അടിഞ്ഞുകിടക്കുന്ന ദേശസ്നേഹത്തെ ഉണർത്തിയെടുത്താൽ മാത്രമേ ബ്രിട്ടീഷ് സാമ്രാജ്യത്തെ നാടുകടത്താൻ സാധിക്കൂ എന്ന് ഉറപ്പിക്കപ്പെട്ടു. സ്വാതന്ത്ര്യസമരരംഗത്തേക്ക് ഗാന്ധിജിയുടെ കടന്നുവരവോടെ ഇന്ത്യൻ ജനതയിൽ മാറ്റങ്ങൾ സംഭവിച്ചുതുടങ്ങി. ജനങ്ങളുടെ ദേശീയബോധത്തെ ബ്രിട്ടീഷ് സാമ്രാജ്യത്വശക്തിയെ തുരത്തുന്നതിനുള്ള ആയുധമാക്കി മാറ്റുന്നതിൽ ഗാന്ധിജി വിജയിച്ചു. അഹിംസയിലൂടെ മനുഷ്യസ്നേഹത്തിനുദാഹരണമായി മാറിയ ഗാന്ധിജി. ആധുനിക സമൂഹത്തിന്റെ സംസ്കാരത്തെയും മൂല്യബോധത്തെയും നിർണ്ണായകമായി സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഗാന്ധിജിയുടെ ദർശനത്തിനും ഗാന്ധിസത്തിനും കാലം ചെല്ലുംതോറും പ്രസക്തി ഏറിവരുന്നു.

ഇന്ത്യാചരിത്രത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു കാലഘട്ടമാണ് 20-ാം നൂറ്റാണ്ട്. ഇന്ത്യൻ ജനത സ്വന്തം സത്തതേടി അലഞ്ഞത് 19-ാം നൂറ്റാണ്ടിലാണ്. അക്കാലത്ത് അഹിംസയും സ്നേഹവും നിറഞ്ഞ സമരമാർഗ്ഗങ്ങളിൽക്കൂടി, രാഷ്ട്രീയവും സാമൂഹികവുമായ സ്വാതന്ത്ര്യം ലഭിക്കാനായി സ്വാതന്ത്ര്യസമരത്തെ പ്രകീർത്തിച്ചുകൊണ്ട് കവിതകൾ എഴുതുന്ന വിവിധഭാഷകളിലെ സാഹിത്യകാരന്മാർ രംഗത്തുവന്നു. ദേശീയ നവോത്ഥാനത്തിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും പ്രഭാവം ഭാരതീയ സാഹിത്യ

ത്തിൽ പ്രത്യക്ഷമായിരുന്നു. ജനഹൃദയങ്ങളിൽ ദേശീയബോധം വളർത്തി സമരമുഖത്തേക്ക് ആനയിക്കുകയായിരുന്നു ദേശീയകവികളുടെ ലക്ഷ്യം.

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലും മലയാള കവിതാസാഹിത്യലോകത്തും ദേശീയതാബോധം ഉണർത്തുന്ന കവിതകൾ രചിക്കപ്പെട്ടു. സർഗ്ഗാത്മകമായ ഈ മാറ്റത്തിന് നേതൃത്വം കൊടുത്തത് കുമാരനാശാൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, വള്ളത്തോൾ നാരായണമേനോൻ തുടങ്ങിയവരായിരുന്നുവെങ്കിലും ഗാന്ധിദർശനവും ദേശീയബോധവും പ്രധാന വിഷയമാക്കി കവിത രചിച്ചത് വള്ളത്തോളായിരുന്നു.

ഗാന്ധിജിയുടെ സ്വാതന്ത്ര്യചിന്തകളെ തന്റെ കവിതകളിലൂടെ വായനക്കാരനിൽ എത്തിച്ചുകൊണ്ട് കേരളീയരിൽ ദേശീയതാബോധം ഉണർത്തുന്നതിൽ വള്ളത്തോൾ വിജയം കണ്ടിരുന്നു. "പാരമ്പര്യത്തിന്റെ ഉദാത്തത, അടിമത്തത്തിന്റെ ജാള്യത എന്നീ വിപരീതദ്വന്ദ്വങ്ങളെ അവതരിപ്പിച്ച് ദേശീയബോധത്തെ വളർത്താനുള്ള ശ്രമമാണ് വള്ളത്തോൾ കവിതകൾ" എന്ന് കെ. പ്രദീപൻ (2007:16) പറയുന്നു.

വള്ളത്തോളിന്റെ കവിതകളെല്ലാം തന്നെ സമരവീര്യം പകരുന്നവയായിരുന്നു. അവ സമരമുഖത്തേക്ക് കൂടുതൽ പേരെ ആകർഷിക്കാനും സമരരംഗത്ത് പ്രവർത്തിക്കുന്ന പോരാളികൾക്ക് സമരവീര്യം കൂട്ടുന്നതിനും സഹായമായി. *സാഹിത്യമഞ്ജരി*യിലെ ഒട്ടുമിക്ക കവിതകളും ഗാന്ധിദർശനങ്ങളാൽ സമ്പുഷ്ടമാണ്. വള്ളത്തോൾ കവിതയുടെ ആത്മാവ് ദേശീയബോധവും ഗാന്ധിദർശനവുമാണ്.

മാതൃവന്ദനം, എന്റെ ഗുരുനാഥൻ, നൈവേദ്യം, കർഷകജീവിതം,

ബാപ്പുജി തുടങ്ങിയ കവിതകളിലെല്ലാം തന്നെ നമുക്ക് അത് ദർശിക്കാവുന്നതാണ്.

ദേശസ്നേഹനിർഭരമായ കവിതകളെഴുതിക്കൊണ്ടാണ് മലയാളസാഹിത്യത്തിൽ ജി ശങ്കരക്കുറുപ്പ് രംഗപ്രവേശം ചെയ്തത്. എന്നിരുന്നാലും സഹജമായ സമസൃഷ്ടിസ്നേഹവും അവരുടെ നേരെയുള്ള അനുകമ്പയുമാണ് ജിയുടെ കവിതയിൽ ഉടനീളം കാണാൻ കഴിയുന്നത്.

"ലോകത്തെവിടെയുമുണ്ടാകുന്ന ഏതു സംഭവവും പെട്ടെന്നു പിടിച്ചെടുക്കാൻ പോന്ന ആന്റിനയുള്ള ഭാവനയായിരുന്നു ജി. ശങ്കരക്കുറുപ്പിന്റേത്. നാട്ടിൽ നടന്നുകൊണ്ടിരുന്ന സ്വാതന്ത്ര്യപ്രക്ഷോഭങ്ങളും സമരപരിസരങ്ങളുമെല്ലാം കുറുപ്പ് ശ്രദ്ധിച്ചിരുന്നു. കുറുപ്പ് ഒരു നാഷണലിസ്റ്റ് ആയത് ഇന്ത്യൻ ദേശീയതയുടെ മഹോന്നതമായ ആശയങ്ങൾ കവിതയിൽ പ്രതിഫലിപ്പിച്ചാണെന്ന്"പി.വി. വേലായുധൻപിള്ള (2003:11) അഭിപ്രായപ്പെടുന്നു. ജി.ശങ്കരക്കുറുപ്പ് തന്റെ പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ഭാരതത്തിന്റെ ഐക്യം പ്രചരിപ്പിക്കുന്നതിനോടൊപ്പംതന്നെ അദ്ദേഹത്തിന്റെ കവിതകളിലൂടെ ഗാന്ധിജിയുടെ ആദർശങ്ങളെ സാഹിത്യലോകത്തിന് പരിചയപ്പെടുത്തുകയും ചെയ്തു. വന്ദനം (1936), രാജഘട്ടിൽ (1970) ജാതിഭേദം (1923) തുടങ്ങിയ കവിതകളിലെല്ലാം ഗാന്ധിസത്തിന്റെ ദർശനങ്ങൾ കാണാം.

പ്രകൃതി ഉപാസകനായ കവിയാണ് പി. കുഞ്ഞിരാമൻനായർ. "ആസ്തിക്യബോധം ശ്രീ കുഞ്ഞിരാമൻനായരുടെ ജീവവായുവാണ്. വ്യക്തിത്വത്തിന്റെ ആന്തരമിഴികൾ ആദ്യമായി തുറന്നുകിട്ടിയപ്പോൾ ആ സത്യാന്വേഷി കൺമുന്നിൽ കണ്ടത്, മണ്ണും വിണ്ണും വിളക്കി ജ്വലിക്കുന്ന ഗാന്ധിയുഗ

ത്തിന്റെ പ്രകാശപ്പൊലിമയാണ്. ഗാന്ധിജിയുടെ ഓരോ കർമ്മത്തിലും ആത്മാവിന്റെ അശാന്തത സ്പന്ദിച്ചിരുന്നു." (പി. കുഞ്ഞിരാമൻനായർ, 1972: 2). കിടപ്പറയിലെ കരിനാഗം, തുംബുരുനാദം, പിറന്ന മണ്ണിൽ... തുടങ്ങിയ കവിതകളിൽ ഗാന്ധിസം പ്രതിഫലിക്കുന്നത് കാണാം.

ഗാന്ധിജിയുടെ ആദർശങ്ങൾ പാലാനാരായണൻനായരുടെ കവിതകളെയും ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ ആത്മകഥയെ അവലംബമാക്കി പാലാ രചിച്ച ഖണ്ഡകാവ്യമാണ് ഗാന്ധിഭാരതം. പന്ത്രണ്ട് സർഗ്ഗങ്ങളായി രചിച്ചിട്ടുള്ള ഈ കൃതിയെ മഹാകാവ്യമെന്ന് വിശേഷിപ്പിക്കാം.

സ്വാതന്ത്ര്യസമരത്തിന് മുൻപും ശേഷവും എന്തായിരുന്നു ഗാന്ധി എന്ന വ്യക്തമായ ചിത്രം വരച്ചിടുന്ന കവിതകളാണ് എൻ.വി. കൃഷ്ണവാരിയരുടേത്. അദ്ദേഹത്തിന്റെ ആദ്യകാല കവിതകളിലെല്ലാം തന്നെ ഗാന്ധിജി ശക്തമായ ആദിബിംബമായി പുനർജ്ജനിക്കുന്നുണ്ട്. ഉണരുക, സൂര്യന്റെ മരണം, മഹാത്മാഗാന്ധി, സ്വാതന്ത്ര്യത്തിൻ സവിതാവേ, ജീവിതവും മരണവും തുടങ്ങി ഗാന്ധിജിയുടെ ആദർശങ്ങളെയും ദേശീയബോധത്തെയും ഉണർത്തുന്ന ധാരാളം കവിതകൾ അദ്ദേഹം രചിച്ചിട്ടുണ്ട്.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപും അതിനുശേഷവും, ഗാന്ധിയുടെ മരണത്തെ തുടർന്നും മലയാളത്തിൽ രചിക്കപ്പെട്ട ഒട്ടുമിക്ക കവിതകളും ഒരേ സ്വഭാവം വെച്ചുപുലർത്തുന്നവയായിരുന്നു. ഈ കവിതകളുടെ പൊതുവായ ലക്ഷ്യം സ്വാതന്ത്ര്യവും അതു നേടിത്തരുന്നതിനായി ശ്രമിച്ച മഹാത്മാവിനോടുള്ള ആദരവുമായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം രാഷ്ട്രീയ - സാമൂഹികസ്ഥിതിയിൽ മാറ്റങ്ങൾ സംഭവിക്കുന്ന

ണ്ട്. അത്തരം ഒരു മാറ്റത്തിന് തുടക്കം കുറിച്ച കവിയാണ് എൻ.വി. കൃഷ്ണ വാരിയർ.

ഗാന്ധിസത്തിന്റെ ശക്തി അഹിംസയാണ്. സത്യസ്വരൂപനായ ഈശ്വരനെ കണ്ടെത്താൻ ഒരുങ്ങുന്നവന് ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണ് അഹിംസ എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. ഇന്ത്യൻ സമൂഹത്തിൽ സാമ്പത്തികമായി, സാംസ്കാരികമായി, സാമൂഹികമായി ഉണ്ടാകുന്ന വ്യത്യാസങ്ങൾ മറികടക്കാൻ ഒരു ആദർശം എന്ന നിലയ്ക്കാണ് അഹിംസയെ ഗാന്ധിജി മുന്നോട്ട് വെച്ചത്. ഗാന്ധിജിയുടെ അഹിംസാ സിദ്ധാന്തം എൻ.വി. തന്റെ കവിതകളിൽ സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹം എഴുതിയ 'മഹാത്മാഗാന്ധി' എന്ന കവിതയിൽ അഗാഖാൻ കൊട്ടാരത്തിൽ തടവിൽ കിടക്കുന്ന ഗാന്ധിജിയെ സ്മരിക്കുന്നു. ഗാന്ധി ആദി ബിംബമായി വരുന്ന എൻ.വി. കവിതകളിൽ സുപ്രധാനമായതാണ് മഹാത്മാഗാന്ധി എന്ന കവിത. ഗാന്ധിജിയുടെ മരണശേഷം രചിക്കപ്പെട്ട കവിതയിൽ 'ഗാന്ധി'എന്ന വ്യക്തി ഇന്ത്യൻ സമൂഹത്തെ എങ്ങനെ സ്വാധീനിച്ചുവെന്നതാണ് വിവരിക്കപ്പെടുന്നത്.

ഗാന്ധിജി ഒരു വികാരമായി നിലകൊള്ളുന്ന സമൂഹത്തെയാണ് എൻ.വി. കൃഷ്ണവാരിയർ ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്. ഹിംസയും ദാരിദ്ര്യവും നിറഞ്ഞ ഈ ലോകത്ത് ഗാന്ധിജി മാത്രമാണ് തങ്ങൾക്ക് ഏക ആശ്രയമെന്ന് ഭാരത ജനത ഒന്നിച്ചുപറയുന്നു. ഗാന്ധിയുടെ വാക്കുകൾ കേട്ടിട്ടാണ് ജനങ്ങൾ അക്രമത്തിൽനിന്ന് പിന്തിരിഞ്ഞതെന്ന് കവി പ്രഖ്യാപിക്കുന്നു. ഗാന്ധിജിയുടെ ആദർശങ്ങളിലൊന്നായ അഹിംസയെ ഈ കവിത ഉയർത്തിക്കാട്ടുന്നു.

"അങ്ങയെ ചിന്തിക്കവേ, നൈരാശ്യം ചൂഴന്നാലും

ഞങ്ങളിൽ നവാശതന്നങ്കുരം സ്പന്ദിക്കുന്നു."

ഗാന്ധിജിയെന്ന നാമം തങ്ങൾ കേട്ടില്ലായിരുന്നുവെങ്കിൽ ഈ ഭാരതത്തിന്റെ പുലരി ഇരുൾ മൂടിപ്പോയേനെയെന്നും അഹിംസാമന്ത്രം കേട്ടില്ലെങ്കിൽ ഇവിടെയെത്ര തലകൾ തങ്ങൾ കൊയ്തേനെയെന്നും കവി ആവർത്തിക്കുന്നു.

ഒടുവിൽ താവക പദങ്ങളെത്തുടരാനരുക്കുകൊ-

ണ്ടാവട്ടേ സേനാപതേ, ഞങ്ങൾ തൻ ഞെരമ്പുകൾ!"

എന്ന് കവി പ്രാർത്ഥിക്കുന്നതിൽനിന്ന് ഗാന്ധിയുടെ പാത പിൻതുടരാനുള്ള അദ്ദേഹത്തിന്റെ അഭിനിവേശത്തെ വ്യക്തമാക്കുന്നു.

എൻ.വിയുടെ 'ഗ്രാമം' എന്ന കവിത 'ഗ്രാമസ്വരാജ്' എന്ന ഗാന്ധിയൻ സങ്കൽപ്പത്തിന്റെ പ്രാധാന്യം അവതരിപ്പിക്കുന്നതാണ്.

ഗാന്ധിജിയുടെ സങ്കല്പത്തിലുള്ള സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ജന്മിയെന്നും കുടിയാനെന്നുമുള്ള ഭേദമില്ലായിരുന്നു. ജനസേവനം ലക്ഷ്യമാക്കിയുള്ള ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലൂടെ ജനങ്ങളെ സ്വയം പര്യാപ്തരാക്കുകയായിരുന്നു ഗ്രാമസ്വരാജിന്റെ ഉദ്ദേശ്യം. ഓരോരുത്തരും അവനവന്റെ ഭരണകർത്താവാണ്. അതുകൊണ്ട് തന്നെ അവിടെ ചൂഷണത്തിനു സ്ഥാനമില്ല.

"ദേശ്യവും വിദേശ്യവു-

മായ ചൂഷണത്താൽ വൈ

വശ്യവും വ്യഥയും വായ്-

ച്ചെമ്മട്ടോ ജീവിക്കുവോർ

നികുതി, പാട്ടം, ജപ്തി

ലേലവുമൊഴിപ്പിക്കൽ

ഇവരെ ച്ചതയ്ക്കുന്നു

ജന്മിയും വ്യാപാരിയും (ഗ്രാമം)

ജന്മിത്വത്തിനു എതിരായും എൻ.വി. കവിതയിൽ പ്രതികരിക്കുന്നത് കാണാം

"നിങ്ങൾ ജന്മിമാരുണ്ണാൻ

പട്ടിണി കിടക്കുവോർ

നിങ്ങൾ മാളികയേറാൻ

ചാളയിൽപ്പുലരുവോർ

നിങ്ങൾ സുഖിപ്പാനായ്-

ദുഃഖിപ്പോ,രിപ്പാവങ്ങൾ

നിങ്ങളോടിതിന്നെന്നു-

മുത്തരം ചോദിക്കാതോ? (ഗ്രാമം)

സാധാരണക്കാരായ ഓരോ ഗ്രാമീണനും സ്വതന്ത്ര്യനായി നിലകൊള്ളുന്ന ഒരു കർമ്മപദ്ധതിയായിരുന്നു ഗ്രാമസ്വരാജിലൂടെ ഗാന്ധിജി ലക്ഷ്യമിട്ടത്. അധികാരം ചിലരിൽ മാത്രം നിക്ഷ്പിതമായി നിലകൊള്ളുന്നത് ഗാന്ധിയുടെ ആദർശത്തിന് എതിരായിരുന്നു.

സ്വയംപര്യാപ്തതയും ഉപജീവനമാർഗ്ഗവും കണ്ടെത്തുന്നതിനുവേണ്ടിയാണ് ഗാന്ധിജി 'സ്വദേശി' എന്ന ആശയം മുന്നോട്ടുവെച്ചത്. വൻകിട വ്യവസായങ്ങളെക്കാൾ ഗ്രാമീണ കുടിൽവ്യവസായത്തിനാണ് അദ്ദേഹം

പ്രാതിനിധ്യം നൽകിയത്. സ്വദേശിപ്രസ്ഥാനം എൻ.വി.കവിതകളെയും സ്വാധീനിച്ചിട്ടുണ്ട്.

'അവയുടെ അർത്ഥം' എന്ന കവിതയിൽ വളരെ പരിശ്രമിച്ച് നേടിയ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുകയും അതിന്റെ മഹത്വം മറന്നുപോവുകയും ചെയ്ത ഭാരതീയരെ കവി ചോദ്യം ചെയ്യുന്നു. സ്വദേശീവ്രതം സാമ്പത്തികമേഖലയിൽ മാത്രം ഒതുക്കേണ്ട ഒന്നല്ലെന്നും അത് വിദ്യാഭ്യാസം, രാഷ്ട്രീയം, മതം എന്നീ രംഗങ്ങളിലെല്ലാം നിലനിർത്തേണ്ട ജീവിതമാണാവശ്യമെന്നും ഗാന്ധിജി കരുതി. എന്നാൽ ഇവിടെ അക്ഷരം വായിക്കാൻ അറിയാത്ത നാൽപ്പതുകോടി പൗരരാണുള്ളതെന്നും ഇതൊരു സോഷ്യലിസമാണെന്നും കവി അതിശയപ്പെടുന്നു. ജനാധിപത്യത്തിന്റെ ഇന്നത്തെ അവസ്ഥയെ കവി വളരെ വ്യക്തമായി ഈ കവിതയിൽ അവതരിപ്പിക്കുന്നുണ്ട്.

"അഞ്ചാണ്ടു കൂടിടുമ്പോൾ ഒരു ദിനം
നമ്മൾക്ക് ബൂത്തിലെത്താം.
ചിത്രത്തിൽ വോട്ടുകുത്താം - ഇതെന്തൊരു
ഗോഷ്ഠി ജനാധിപത്യം" (അവയുടെ അർത്ഥം)

ഇത്തരത്തിൽ ഇന്ത്യൻ ജനാധിപത്യത്തെ കവി പുച്ഛിക്കുന്നു.

"ജാതി ചോദിക്കരുതേ! മതാചാര്യൻ
ഓതിപോൽപ്പണ്ടൊരിക്കൽ
ജാതിയല്ലാതെയൊന്നും-മതേതര-
ഭാരതം ചോദിപ്പീല!" (അവയുടെ അർത്ഥം)

ഇത്തരത്തിൽ സാംസ്കാരിക അധഃപതനം സംഭവിച്ചുകൊണ്ടിരിക്കുന്ന

ഭാരതത്തിന്റെ ഭാവിയെക്കുറിച്ച് കവി ആശങ്കപ്പെടുകയാണ്. ഗാന്ധിജി വിഭാവനം ചെയ്ത ഭാരതം ഇന്ന് വിദൂരമാണ്. അദ്ദേഹത്തിന്റെ ആദർശങ്ങളെല്ലാം തിരസ്കരിച്ചുകൊണ്ടുള്ള ഭാരതത്തിന്റെ പ്രയാണത്തെയാണ് കവി സൂചിപ്പിക്കുന്നത്.

ജാതിമതവർണ്ണഭേദമന്യേ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തിയായിരുന്നു ഗാന്ധിജി. അയിത്തം എന്ന ഉച്ചനീചത്വം കൊടികുത്തി വാണിരുന്ന കാലത്ത് അദ്ദേഹം പിന്നാക്ക വിഭാഗത്തിൽപ്പെട്ട സാധാരണജനങ്ങൾക്ക് താങ്ങും തണലുമായി. ജാതിചിന്തയുടെ നീരാളിപിടുത്തത്തിൽനിന്ന് മാനവസമൂഹത്തെ മോചിപ്പിക്കാൻ ഗാന്ധിജി തന്റെ ജീവിതംതന്നെ സമർപ്പിച്ചു. 'ഐക്യകേരളം' എന്ന കവിതയിലൂടെ എൻ.വി. കേരളത്തിലെ ജാതി-മതവർഗ്ഗഭേദങ്ങളെ തുടച്ചുനീക്കാൻ ആഹ്വാനം ചെയ്യുന്നത് കാണാം.

"ഭേദഭാവത്തിന്നിരുട്ടി തഴപ്പിച്ച
ജാതിമതാചാരമുൾച്ചെടിക്കാടുകൾ
സംസ്കാര സൂര്യപ്രകാശം തടുക്കയാൽ
ചുക്കിക്കുരുടിയ്ക്കുമാത്മാക്കളെത്രയോ
ഇന്നിമേലീയെനിക്കില്ല കേരള-
മന്നിലിടമെന്നുറപ്പു നൽകുന്നു നാം" (ഐക്യകേരളം)

ഭാരതത്തിന്റെ മാത്രം പ്രത്യേകതയാണ് നാനാത്വത്തിൽ ഏകത്വം. ജീവിതത്തിന്റെ നാനാതുറകളിലും ഏകത്വം കാണാൻ കവിയും ശ്രമിക്കുന്നു. പട്ടിണിയും ദാരിദ്ര്യവുംമൂലം പ്രയാസം അനുഭവിക്കേണ്ടി വന്ന പാവപ്പെട്ട കേരളജനതയെയും, കേരളത്തിലെ വിഭവങ്ങൾ ചൂഷണം ചെയ്ത പണസ

ഞ്ചി വീർപ്പിക്കുന്ന വിദേശികളെയും കവിതയിൽ ചൂണ്ടിക്കാണിക്കുന്നു. ഇത്തരത്തിലുള്ള അവസ്ഥകൾ ഇനി അനുവദിച്ചുകൂടാ. ഈയവസരത്തിൽ നാം ഇതിനെതിരെ പ്രതികരിക്കണമെന്നാണ് കവി ആഹ്വാനം ചെയ്യുന്നത്. ഐക്യകേരളമെന്ന സ്വപ്നം സാക്ഷാത്ക്കരിക്കുവാനായി ഓരോ മലയാളികളും കൈയിൽ മഴുവേന്തണമെന്നും കവി ആഹ്വാനം ചെയ്യുന്നു.

ഉണരുക എന്ന കവിത സ്വാതന്ത്ര്യത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണ്.

"ഉണർന്നെണീക്കുവിനടിമച്ചങ്ങല
പൊറുത്തിടാത്തോരേ!
ഉണർന്നെണീക്കുക, തൻ നാടിനായ്
സമരം ചെയ്യോരെ!
ഉണർന്ന നാല്പത് കോടികൾ നമ്മുടെ
യെല്ലാൽ, മാംസത്താ-
ലുരുക്കു കോട്ടകൾ നീളെയുണർത്തുക
നാടിതു രക്ഷിപ്പാൻ!
ഹിന്ദു, മുസൽമാൻ, ശിവനും, ക്രിസ്ത്യൻ
പാഴ്സിയുമൊന്നിച്ചീ-
ഹിന്ദുസ്ഥാനം സ്വതന്ത്രമാക്കും
പടയ്ക്കുണഞ്ഞാവൂ" (ഉണരുക)

എന്നിങ്ങനെ കവി ജനങ്ങളോട് ഉണർന്നെഴുന്നേൽക്കാൻ ആഹ്വാനം ചെയ്യുകയാണ്. നമ്മുടെ നാടിനെ രക്ഷിക്കാൻ ഇന്ത്യക്കാരായ നമ്മൾ ഓരോരുത്തരും ബാധ്യസ്ഥരാണ്. നമ്മൾ ഉണർന്നെഴുന്നേറ്റേ മതിയാകൂ.

അതിനായി എല്ലാമതങ്ങളും ഒന്നിച്ചുനിൽക്കണം. ജാതി, മത ചിന്തകൾ ഉപേക്ഷിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി ഏകോദര സഹോദരങ്ങ ളെപ്പോലെ ഒത്തൊരുമിച്ചുനിൽക്കണമെന്നും എങ്കിൽ മാത്രമേ ഹിന്ദു സ്ഥാനം സ്വതന്ത്രമാകുവെന്നും കവി പ്രഖ്യാപിക്കുന്നു. എല്ലാമതങ്ങളെയും ബഹുമാനിക്കാൻ പഠിക്കണം എങ്കിൽ മാത്രമേ സ്വാതന്ത്ര്യം നേടിയാലും അത് നഷ്ടപ്പെടുത്താതെ കാത്തുസൂക്ഷിക്കാൻ സാധിക്കൂ. ഗാന്ധിയുടെ സർവ്വമതസമഭാവന എന്ന ആശയം പൂർണ്ണമായി ഉൾക്കൊള്ളുന്ന കവിത യാണ് 'ഉണരുക'

ഗാന്ധിജിയുടെ ആദർശങ്ങളെ വാഴ്ത്തിപാടിയിരുന്ന ഒരു തലമുറ സ്വാ തന്ത്ര്യം നേടിയപ്പോൾ അതിന്റെ ലഹരിയിൽ മതിമറന്നു കൈമോശം വന്ന ചിന്താശകലങ്ങളെ വരച്ചുകാട്ടുന്ന കവിതയാണ് "ആഗസ്റ്റിലെ കാ റ്റിലൊരില"

"സ്വാതന്ത്ര്യത്തിനു പൊരുതുമഹിംസക-
യോധമഹാദ്ഭുത ചരിതങ്ങൾ,
ഉപ്പുകുറുക്കാൻ കടലിൻകരകളി-
ലെത്തും ജനജയഘോഷങ്ങൾ
ചീറിട്ടുമീയത്തീമഴയത്തും
ചൂളാതുള്ളൊരു ധൈര്യങ്ങൾ
ഹൃദയച്ചോരയിലെൻ നാട,വളുടെ-
യിതിഹാസം നവമെഴുതുമ്പോൾ.
പിന്നിൽബ്ബെഞ്ചിലിരുന്നെൻ തക്ലിയി-
ലന്നു പിരിച്ചേനവികൽപം,

എൻ തലമുറയുടെ കൈപ്പന്തം, ഞാ-

നേന്തിടുമെന്നൊരു സങ്കൽപം" (ആഗസ്റ്റിലെ കാറ്റിലൊരില)

ഗാന്ധി എന്ന ധീരനേതാവിന്റെ ചരിതങ്ങൾ കേട്ടുവളർന്ന ഒരു തലമുറയെയാണ് കവി ഇവിടെ ചിത്രീകരിക്കുന്നത്. നഗരങ്ങളും തെരുവുകളും ഗ്രാമങ്ങളും സ്വാതന്ത്ര്യത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിച്ചു. ജനങ്ങൾ ഒറ്റക്കെട്ടായി നിന്നുകൊണ്ട് പൊരുതി. ബ്രിട്ടീഷ് സൈന്യത്തെ ഇന്ത്യയിൽനിന്ന് തുരത്തിയോടിച്ചു. ഇത്തരത്തിലുള്ള വീര ഇതിഹാസങ്ങൾ ചരിത്രങ്ങളിൽ രേഖപ്പെടുത്തി. എന്നാൽ സ്വാതന്ത്ര്യത്തിന്റെ സമരാവേശം ഞരമ്പിൽ തിളക്കുന്ന ഒരു തലമുറയുടെ പ്രതിജ്ഞകൾ സ്വാതന്ത്ര്യത്തിന്റെ ലഹരിയിൽ മുങ്ങിപ്പോയി.

"അമ്പലമുന്നിലണഞ്ഞാ, ലഞ്ജലി

കുമ്പുകയില്ലാ തൊഴുവാനായ്,

എൻസഹജാതനകത്തു കടക്കരു-

തെന്നു ശഠിക്കും ദൈവത്തെ." (ആഗസ്റ്റിലെ കാറ്റിലൊരില)

ഹിംസാത്മകമായ ജീവിതം നയിക്കുന്ന സ്വാർത്ഥരായ, അസത്യം പറയുന്ന ഒരു ജനതയെയാണ് പിന്നീട് ഇന്ത്യയിൽ കണ്ടത്. അവർ ജാതിയുടെയും മതത്തിന്റെയും പേരിൽ പരസ്പരം കലഹിച്ചുകൊണ്ടിരുന്നു. തന്റെ സഹജാതന് കയറാൻ അനുവാദമില്ലാത്ത ക്ഷേത്രങ്ങളിലെ ദൈവങ്ങളെ തൊഴുന്നതിനെകുറിച്ചും വാഗ്വാദങ്ങളുണ്ടായി. ഇത്തരത്തിൽ സ്വാതന്ത്ര്യം പലവിധത്തിൽ ദുരുപയോഗം ചെയ്യപ്പെട്ടു. സ്വാതന്ത്ര്യം നേടിത്തന്ന രാഷ്ട്രപിതാവിനെ നിറയൊഴിച്ചു കൊന്നതോടുകൂടി സ്വാതന്ത്ര്യം എന്ന മന്ത്രത്തിന്റെ അർത്ഥം തന്നെ നശിച്ചുപോയി എന്ന് കവി പരിഹസിക്കുന്നു.

എങ്കിലും പുതിയ തലമുറ മാറ്റം സൃഷ്ടിക്കും എന്ന് അദ്ദേഹം ഉറച്ചുവിശ്വസിക്കുന്നു. അവരിൽ ആശ്വാസത്തിന്റെ പ്രകാശകിരണങ്ങൾ കണ്ടെത്തുന്നു.

"ആശാതിഗനവഭാസ്വരഭാവികൾ
മൂശപിടിക്കും നരയത്നം.
ഇല്ലാ വീഴ്ചയിടക്കു മനുഷ്യൻ
തെല്ലിടയിടറാമെന്നാലും,
മുന്നോട്ടാഞ്ഞു കുതിക്കാനായ്,ച്ചുവ-
ടൂന്നാനത്രേ നിൽക്കുന്നു.
പോവുക മാനവ, മുന്നോട്ടേയ്ക്കേ;
ഭാവുകമാവുക നിൻമാർഗ്ഗം
ഇതിലും വിസ്തൃതതരഗഗനങ്ങളെ
വിരിയാവൂ നിന്നുന്മേഷം." (ആഗസ്റ്റിലെ കാറ്റിലൊരില)

പുതിയ ലോകത്തെ സൃഷ്ടിക്കാനായി ജനത ഉണർന്നു പ്രവർത്തിച്ചുതുടങ്ങി. അവർ പോയ തലമുറയുടെ എല്ലുകൊണ്ട് ഏണിചമച്ച് കയറാൻ തുടങ്ങി. ഇനി ഒരു തിരിച്ചുപോക്കില്ല. താമരപൂപോലെ വിടരാനും മധുവും മണവും പരത്താനും ക്രിസ്തുവിനെപ്പോലെ കല്ലറ വിട്ടുയിർത്തെഴുന്നേൽക്കാനും കവി ജനതയോട് ആഹ്വാനം ചെയ്യുകയാണ്. ഉണ്മയും അഴകും നന്മയുമുള്ള ഒരു പുതുതലമുറ ഉയർന്നുവരും എന്ന് കവി പ്രത്യാശിക്കുന്നു. ഗാന്ധിജിയുടെ ആദർശങ്ങളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട ഒരു പുതുതലമുറയുടെ സൃഷ്ടിയാണ് ഈ കവിത സ്വപ്നം കാണുന്നത്.

ദാരിദ്ര്യമാണ് ഒരു രാജ്യത്തിന്റെ ദുരന്തം. അതുകൊണ്ടുതന്നെ അത് നിർമ്മാർജ്ജനം ചെയ്യപ്പെട്ടാൽ മാത്രമേ രാജ്യം പൂർണ്ണവളർച്ച പ്രാ

പിക്കു. ഉള്ളവൻ ഇല്ലാത്തവൻ എന്നീ വേർത്തിരിവ് ഇല്ലാതാക്കാനായിരുന്ന ഗാന്ധിയുടെ പരിശ്രമം. അയിത്തം, തൊട്ടുകൂടായ്മ, ദാരിദ്ര്യനിർമ്മാർജ്ജനം തുടങ്ങിയ ഉച്ചനീചത്വങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള പ്രവർത്തനങ്ങളാണ് ഗാന്ധി മുന്നോട്ട് വെച്ചത്. സ്വാതന്ത്ര്യദുർവ്വിനിയോഗം പോലെതന്നെ സങ്കീർണ്ണമായ ഒരവസ്ഥയാണ് നേടിയ സ്വാതന്ത്ര്യം ഉപയോഗിക്കാനാവാത്തതും. "മദിരാശിയിൽ ഒരു രാത്രി" എന്ന കവിതയിൽ ഇതു ദർശിക്കാം.

"അരികി,ലാവിരുന്നിന്റെയവശേഷം കിട്ടുമെന്നു
കരുതിക്കാത്തിരിക്കുന്നുണ്ടൊട്ടു പിച്ചക്കാർ,
വഴിയുടെയിരുളാർന്ന വക്കിലേക്കു നീങ്ങി,ക്കുപ്പ-
ക്കുഴിയോടു ചേർന്നു, വീപ്പമറവിലായി" (മദിരാശിയിൽ ഒരു രാത്രി)

സ്വാതന്ത്ര്യാഘോഷം ഉള്ളവനിൽ ഒതുങ്ങിപോകുന്നതും ഇല്ലാത്തവൻ അസ്വാതന്ത്ര്യത്തിൽ കൈപ്പുനീർകുടിക്കുന്നതും വളരെ സ്പഷ്ടമായി കവി കവിതയിൽ കാണിച്ചു തരുന്നു. തെരുവിലെ പട്ടിണിക്കോലങ്ങൾ ഓർമ്മപ്പെടുത്തുന്നത് വിശപ്പിൽ നിന്നുള്ള മോചനമാണ്. ഏറ്റവും വലിയ സ്വാതന്ത്ര്യം എന്നാൽ ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ആദർശത്തിനെ വളരെ ശക്തമായി ഉപയോഗിച്ചിരിക്കുന്ന ഒരു കാവ്യമാണിത്.

വിദ്യാഭ്യാസം നേടിയ ഒരു സമൂഹത്തിന് മാത്രമേ രാജ്യത്തിന്റെ അഖണ്ഡതയും കെട്ടുറപ്പും നിലനിർത്താൻ സാധിക്കൂ. രാജ്യത്തെ സാമൂഹികമായും സാമ്പത്തികമായും ഉണർത്തിക്കൊണ്ടു വരണമെങ്കിൽ വിദ്യാസമ്പന്നരായ ഒരു തലമുറയെ സൃഷ്ടിച്ചേപറ്റൂ എന്ന് ഗാന്ധിജിക്ക് ഉറപ്പായിരുന്നു. അതുകൊണ്ട് തന്നെ വിദ്യാഭ്യാസത്തിന് അദ്ദേഹത്തിന്റെ ആദർശങ്ങ

ളിൽ വലിയ പ്രാധാന്യം ഉണ്ടായിരുന്നു.

എൻ.വിയുടെ "പഠിപ്പുതീർന്നാൽ" എന്ന കവിത മൂല്യാധിഷ്ഠിതവും പ്രവർത്തനോന്മുഖവുമായ നവീന വിദ്യാഭ്യാസത്തെ കുറിച്ച് എഴുതിയതാണ്. കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും പഠിപ്പ് തീർന്നാൽ നേടേണ്ട തൊഴിലിനെക്കുറിച്ചും ഇതിൽ പ്രതിപാദിക്കുന്നുണ്ട്. വിദ്യയാണ് നഷ്ടപ്പെടാത്ത ഏറ്റവും വലിയ ധനം; അത് നേടാൻ ആഗ്രഹിക്കുന്നവർക്ക് വിദ്യ നൽകും എന്ന് അധ്യാപകൻ കൂടിയായ കവി പറയുന്നു.

ഗാന്ധിജി വിഭാവനം ചെയ്ത സർവോദയത്തിൽ എല്ലാവരും തുല്യരായിരുന്നു. "സ്വാതന്ത്ര്യത്തിൻ സവിതാവെ" എന്ന കവിതയിൽ ഭാരതത്തിനെ ബാധിച്ച അന്ധകാരത്തെ ഗാന്ധിജിയുടെ ചൈതന്യം തുടച്ചുനീക്കും എന്നാണ് കവി വിശ്വസിക്കുന്നത്.

"സ്വാതന്ത്ര്യത്തിൻ സവിതാവേ, ജയ!
നിന്റെ വരേണ്യപ്രഭയിൽ ജീവിത-
സുന്ദരസൂനം വിടരാവൂ!
എല്ലാവർക്കും സമമാമവസര-
മെല്ലാവർക്കും സന്തോഷം,
എല്ലാവരിലും പൂർണ്ണവികസ്വര
മഞ്ജുള മധുരമനുഷ്യത്വം
എന്നും വളരുക, പുലരുക മേന്മേൽ
മംഗള ലോകസമാധാനം!"

എല്ലാവർക്കും എന്നെന്നും തൊഴിലും, ആഹാരവും, വിദ്യാഭ്യാസവും നൽകാൻ കഴിയുന്ന ഗാന്ധിജിക്ക് അഭിവാദ്യമർപ്പിക്കുകയാണിവിടെ.

സർവോദയം നിലനിൽക്കുന്ന സമൂഹത്തിൽ എല്ലാവരും സമന്മാരാണ്. ജനങ്ങളുടെ നന്മയ്ക്കും ഉയർച്ചയ്ക്കും ഗാന്ധിജിയുടെ സാമീപ്യം സഹായകമാണെന്ന് കവി വിശ്വസിക്കുന്നു.

സാമൂഹികചൂഷണത്തെയും വഞ്ചനയെയും അനാവരണം ചെയ്തിരിക്കുന്ന കവിതയാണ് 'ജീവിതവും മരണവും' അനീതിക്കും അക്രമത്തിനും നേരെ കൈചൂണ്ടുന്ന ഈ കവിതയിൽ അധർമ്മത്തിന് എതിരെ പോരാടുന്ന കവിയെ കാണാം. ഗാന്ധിയുടെ പ്രതിപുരുഷനായാണ് കവി ഇതിൽ നിലകൊള്ളുന്നത്. ഫലം ഇച്ഛിക്കാതെ സേവനം ചെയ്യലാണ് ഗാന്ധിയുടെ പാത. അതുകൊണ്ടുതന്നെ അധർമ്മത്തിനെതിരെ പോരാടിക്കൊണ്ടിരിക്കുകയും ചൂഷണമില്ലാത്ത ലോകം സൃഷ്ടിക്കുകയുമാണ്. എൻ.വിയുടെ സ്വപ്നം. എന്നാൽ ആ സ്വപ്നം സാക്ഷാത്ക്കരിക്കാൻ കവിയ്ക്ക് കഴിയുന്നില്ല. അവസാനം കവി മനസ്സിലാക്കുന്നു.

"അറിയുന്നേൻ പക്ഷേ
ഇതാകുന്നു മൃത്യൂ!
മഹാപാപത്തിന്നു മരണമേ കൂലി!"

പാപത്തിന്റെ കൂലി മരണമാണ്. സത്യത്തിനും ധർമ്മത്തിനും നീതിക്കും, ത്യാഗത്തിനും മാത്രമേ ഈ ലോകത്തു നിലനിൽപ്പുള്ളൂ. ബാക്കിയെല്ലാം നൈമിഷികങ്ങളാണ്. അവ നമ്മെ നാശത്തിലേക്ക് നയിക്കും എന്ന് കവി ഉറച്ചുവിശ്വസിക്കുന്നു.

എൻ.വിയുടെ "അഹിംസകസൈന്യം" എന്ന കവിതയിൽ ഗാന്ധിയുടെ സത്യാഗ്രഹസിദ്ധാന്തത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. അഹിംസയിലൂടെ പല മാറ്റങ്ങളും സൃഷ്ടിക്കാൻ സാധിക്കും. സത്യത്തിനുവേണ്ടി

പ്രവർത്തിക്കുന്നവർ തിന്മയ്ക്ക് എതിരെ പ്രതികരിക്കണം എന്ന് ഗാന്ധി പറയുന്നു. ഗാന്ധിജിയുടെ ആദർശത്തിന്റെ പാഠം ഉൾക്കൊണ്ട ജനത പിന്നീട് സത്യത്തിനും ത്യാഗത്തിനുംവേണ്ടി പോരാടുന്ന ചിത്രം കവിതയിൽ ദർശിക്കാം.

മൃത്യു വിതച്ചു പറക്കും കഴുകുകൾ
പത്രങ്ങൾ കൂട്ടി നിലത്തോടമർന്നുപോയ്.
വിശ്രാന്തിതൻ നെടുവീർപ്പിട്ട പാർത്തലം
വീണ്ടും ചെവിക്കൊണ്ടതീശന്റെ വാക്കുകൾ
"നിൽക്കുവിൻ! ഹിംസയിലൂടെയോ തേടുന്നു
സൗമ്യം? ഇതെന്തൊരുന്മാദം സഹജരേ?
കൂടപ്പിറപ്പിൻ കഴുത്തിലെ ച്ചോരയോ
തേടുന്നു, നിങ്ങൾ കൊടുംദാഹമാറ്റുവാൻ?"

അക്രമത്തിന്റെയും രക്തച്ചൊരിച്ചലിന്റെയും ഇടയിലേക്ക് സ്നേഹത്തിന്റെ സന്ദേശവുമായാണ് ഗാന്ധി കടന്നുവരുന്നത്. കൂടപ്പിറപ്പിനെപ്പോലും കൊന്നൊടുക്കുന്ന, ഹിംസയിലൂടെ സൗഖ്യം നേടുന്ന, ചോരകൊണ്ട് ദാഹമടക്കുന്ന ആളുകളുടെ ക്രൗര്യംകണ്ട് ഗാന്ധിയുടെ ഹൃദയം നോവുന്നതായി കവി പറയുന്നു. അദ്ദേഹം ജനതയോട് മൗഢ്യം വെടിഞ്ഞു എഴുന്നേറ്റു ജ്യേഷ്ഠാനുജന്മാരെ കെട്ടി പുണരുവിൻ എന്നും എവിടെയും ശാന്തിയും സ്നേഹവും പരത്താൻ ക്രോധം വെടിഞ്ഞ് ക്ഷമ ശീലിക്കുവാനും ഗാന്ധിയെകൊണ്ട് ആഹ്വാനം ചെയ്യിപ്പിക്കുന്നു.

"സത്യമേ ലക്ഷ്യം, മഹിംസയെ മാർഗ്ഗം! ഈ
സ്തുത്യർഹമാം മതം കൈക്കൊൾക സർവരും!

എങ്കിൽ നാം മർത്ത്യരാം ഭ്രവിതു ഭ്രമിയാം;

എങ്കിലീശൻ കൃതോകൃത്യനാം നമ്മളാൽ"

'മോഹൻദാസ് ഗാന്ധിയും-നാഥുറാം ഗോഡ്സെയും' എന്ന കവിതയിൽ ഗാന്ധിജിയുടെ ധാർമിക ഔന്നത്യവും ഗോഡ്സെയുടെ ക്ഷുദ്രതയും വെളിച്ചത്തു കൊണ്ടുവരുന്നു. ഗാന്ധിയൻ ആദർശങ്ങളുടെ തകർച്ച വളരെ വ്യക്തമായി കാവ്യത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

"അരി വാങ്ങുവാൻ ക്യൂവിൽ

ത്തിക്കി നിൽക്കുന്നു ഗാന്ധി

അരികെ ക്ലറ്റൻ കാറി-

ലേറി നീങ്ങുന്നു ഗോഡ്സെ"

എന്നുപറഞ്ഞുകൊണ്ടാണ് കവിത തുടങ്ങുന്നത്. അത് മുന്നോട്ടുവെക്കുന്നത് രണ്ടുതരം കാഴ്ചപ്പാടുകളാണ്. ഗാന്ധിയെ സാധാരണക്കാരിൽ സാധാരണക്കാരനായാണ് കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്. വൃദ്ധനായ ഗാന്ധി, ദരിദ്രനായ ഗാന്ധി, ഒരു നേരത്തെ അന്നത്തിന് വഴിയില്ലാത്ത റേഷൻ കടയിൽ ക്യൂ നിൽക്കുന്ന ഗാന്ധി. ഇന്ത്യക്കാരുടെ മനസ്സിലെ ഗാന്ധിയുടെ ബിംബത്തെ (ചിത്രത്തെ) തകർത്തെറിയുന്ന വിധത്തിലാണ് എൻ.വി. ഗാന്ധിയെ അവതരിപ്പിച്ചിരിക്കുന്നത്. ഗോഡ്സെ ഇന്നത്തെ സമൂഹത്തിന്റെ പ്രതീകമാണ്. ഗോഡ്സെ സമ്പന്നനാണ്. വേഗമാണ് മുഖമുദ്ര, ജനസേവനം എന്ന വ്യാജേന സുഖലോലുപജീവിതം രാഷ്ട്രീയം എന്ന സംജ്ഞയിൽ ഇന്ന് ഗാന്ധിയൻ കാഴ്ചപ്പാടുകൾക്ക് ഒരു പ്രസക്തിയുമില്ല. പകരം ഗോഡ്സെയുടെ കാഴ്ചപ്പാടുകളും നിലപാടുകൾക്കുമാണ് ഇന്ന് പ്രാമുഖ്യം.

“ചത്ത ഹിന്ദുവിന്നാർഷ

സംസ്കാരമേകാൻ വേണ്ടി

യൊത്തു തര്വകെന്നു

കൈപ്പാട്ട നീട്ടി ഗോഡ്സെ”

ഇത്തരത്തിൽ ജനസേവനം എന്ന വ്യാജേന ജനങ്ങളെ പറ്റിച്ച് ഗോഡ്സെമാർ അധികാരത്തിലേറുന്നു. ഗാന്ധി വിഭാവനം ചെയ്ത രാമരാജ്യം (സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും രാജ്യം) എന്ന സ്വപ്നം ഇതോടെ തകർന്നടിയുകയാണ്.

ഗാന്ധിയെ ആരാധ്യപുരുഷനായി കാണുകയും എന്നാൽ അദ്ദേഹത്തിന്റെ ആദർശങ്ങളെ സ്വീകരിക്കാതിരിക്കുകയുമാണ് സ്വാതന്ത്ര്യാനന്തര ഭാരതം ചെയ്തത്. ആ മഹാത്മാവിനെ അപമാനിക്കുന്നതിന് തുല്യമാണിത്. കൂട്ടത്തിൽ ഗോഡ്സെയെ പോലുള്ളവരെ വളർത്തുകയും ചെയ്യുന്നു. സ്നേഹവും സാഹോദര്യവും നിറഞ്ഞ ഒരു നാളെ ഉണ്ടാവണമെങ്കിൽ ഗോഡ്സെയെ പോലുള്ള ക്ഷുദ്രശക്തികളെ സമൂഹത്തിൽനിന്ന് അകറ്റി നിർത്തിയേ മതിയാവൂ. എങ്കിൽ മാത്രമേ ഇവിടെ ഗാന്ധിയുടെ രാമരാജ്യം സംഭവ്യമാകൂ എന്ന് ഈ കവിതയിൽ എൻ.വി. ഊന്നിപ്പറയുന്നു.

ആധുനികലോകത്തിന്റെ കാപട്യങ്ങളിൽ നിന്നൊരു മോചനത്തിനായി എൻ.വി. കണ്ടെത്തിയ മാർഗ്ഗം ഗാന്ധിജിയുടെ പാത പിന്തുടരുക എന്നതാണ്. ഗാന്ധിയൻ മാർഗ്ഗത്തിന്റെ സ്വീകരണം സമഭാവനയുടെ ഒരു കാലത്തെ സൃഷ്ടിക്കുമെന്ന ധാരണ എൻ.വി. വെച്ചുപുലർത്തുന്നതിന് അദ്ദേഹത്തിന്റെ കവിതകൾതന്നെ സാക്ഷ്യങ്ങളാണ്. വ്യവസായവത്ക്കരണവും തെറ്റായ ജീവിതരീതികളും ഇന്നത്തെ ജനതയെ എത്രത്തോളം

അധഃപതിപ്പിച്ചിരിക്കുന്നുവെന്നും കവി ചിന്തിക്കുന്നുണ്ട്. ഗാന്ധിജിയുടെ സത്യം അഹിംസ, സ്നേഹം, ത്യാഗം, എന്നീ ആദർശങ്ങൾക്ക് ഇന്നത്തെ സമൂഹത്തെ എത്രത്തോളം സ്വാധീനിക്കാൻ കഴിയുമെന്ന് വ്യക്തമാക്കി ത്തരുന്നതായിരുന്നു എൻ.വി. കൃഷ്ണവാരിയരുടെ കവിതകൾ.

**ദേശീയതയുടെ പ്രശ്നവത്ക്കരണം**

പാശ്ചാത്യ രാജ്യങ്ങളിലാണ് ദേശീയത എന്ന ആശയം ആദ്യമായി ഉടലെടുത്തത്. യൂറോപ്യൻ ദേശീയതയിലൂടെ അത് ശക്തിപ്രാപിച്ചു. ഇന്ന് ദേശീയത എന്നുപറയുന്നത് വിപുലമായ ഒരു ആശയമാണ്. തീവ്രമായ ദേശീയത കൊടിയ വിദ്വേഷങ്ങൾക്കും മതമാത്സര്യങ്ങൾക്കും യുദ്ധത്തി നുംവരെ വഴിവെയ്ക്കുമെന്ന് അന്നേതന്നെ തിരിച്ചറിഞ്ഞ പല ക്രാന്തദർശി കളും ദേശീയത എന്ന ആശയത്തെ തിരസ്കരിച്ചിരുന്നു. ഐൻസ്റ്റയിനും, ബർട്രാന്റ് റസ്സലും, ജോർജ്ജ് ബർണാഡ് ഷായും മുതൽ രവീന്ദ്രനാഥ ടാഗോറും കേസരി ബാലകൃഷ്ണപിള്ളയും വരെയുള്ളവർ ദേശീയത അതിർ വരമ്പുകളെ മറികടന്നുപോകുന്ന മനുഷ്യവംശത്തിന്റെ ഏകതയെ കുറി ച്ചാണ് സംസാരിച്ചിരിന്നത്. ദേശീയതയെന്നല്ല, കേവലമായ രാജ്യസ്നേ ഹം എന്ന ആശയംപോലും തനിക്ക് സ്വീകാര്യമല്ലെന്നാണ് ഐൻസ്റ്റീൻ പറഞ്ഞത്. (I am against any nationalism, even in the guise of mere patriotism...) “രത്നങ്ങളുടെ വിലകൊടുത്ത് കുപ്പിച്ചില്ലുകൾ വാങ്ങുന്നതുപോ ലെയാണ്. മനുഷ്യവംശസ്നേഹത്തിനു പകരം രാജ്യസ്നേഹത്തെ പ്രതിഷ്ഠി ക്കുന്നത്.” എന്ന് ടാഗോറും പറഞ്ഞു. എന്നാൽ ഇത്തരം വിവേകപൂർവ്വ മായ സ്വരങ്ങൾക്കൊന്നും ചരിത്രത്തിൽ കാര്യമായ സ്ഥാനം ലഭിച്ചില്ല.

മനഃപൂർവ്വം അവരുടെ വാദങ്ങളെ തൃണവത്ഗണിച്ചു. അവർ ചിന്തിച്ചപോലെ തന്നെ ദേശീയത 20-ാം നൂറ്റാണ്ടിനെ വേട്ടയാടി. കൂട്ടക്കൊലകൾ, ലോകയുദ്ധങ്ങൾ, അഭയാർത്ഥി പ്രവാഹം. എന്നിങ്ങനെ വിവിധ രൂപഭാവങ്ങളിൽ ദേശീയത പ്രസരിച്ചു. വ്യവസായവത്ക്കരണത്തിന്റെ ഉത്പന്നമാണ് ദേശീയത. വ്യവസായവത്ക്കരണം ലോകവ്യാപകമായതോടെ യൂറോപ്യൻ രാജ്യങ്ങൾ മൂന്നാം ലോകരാജ്യങ്ങളിലേക്ക് വ്യാവസായികലക്ഷ്യത്തോടെ കുടിയേറുകയും കോളനികൾ സൃഷ്ടിക്കുകയും ചെയ്തു. പിന്നീട് മൂന്നാം ലോകരാജ്യങ്ങളായ ഇന്ത്യ, ചൈന, കൊളംബിയ, അഫ്ഗാനിസ്ഥാൻ.... തുടങ്ങിയ രാജ്യങ്ങളെ അവരുടെ അധീനതയിലാക്കി. മൂന്നാം ലോകരാജ്യങ്ങളിലേക്ക് ദേശീയതയുടെ കടന്നുവരവ് സാമ്രാജത്വശക്തികളുടെ കടന്നാക്രമണത്തോടെയാണ്. അതിനെ എതിരിടണമെങ്കിൽ ഇന്ത്യപോലുള്ള മൂന്നാംലോകരാജ്യങ്ങൾക്ക് ദേശീയതയുടെ പിൻബലം കൂടിയേ തീരൂ. അതിനാൽതന്നെ ദേശീയത എന്നത് കൃത്രിമമായി നിർമ്മിച്ചെടുത്ത ആശയമാണ്.

ദേശീയത ഒരു ഭ്രാന്തമായ വികാരമായി ജനങ്ങളിൽ വളർത്തിയെടുക്കുകയായിരുന്നു ദേശീയവാദികളുടെ ലക്ഷ്യം. ഒരു ദേശസ്നേഹിക്കു മാത്രമേ തന്റെ രാജ്യത്തോട് കൂറും സ്നേഹവും ഉണ്ടാകൂ എന്ന് അവർ കരുതി. ഇത്തരത്തിൽ ഇന്ത്യൻ ജനതയിൽ ദേശസ്നേഹം വളർത്തിയെടുക്കാൻ സാഹിത്യവും മുഖ്യമായ പങ്കുവഹിച്ചു. നോവലിലും, കവിതയിലും, കഥയിലും, നാടകത്തിലും, നിരൂപണത്തിലുമെല്ലാം ദേശീയത ഇടംപിടിച്ചു. കവിത, കഥ, നാടകം മുതലായ സാഹിത്യരൂപങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമായി ദേശീയതയുമായി ഗാഢബന്ധം പുലർത്തുന്ന സാഹിത്യരൂപമാണ്

നോവൽ. യൂറോപ്പിൽ ദേശീയത ശക്തിപ്രാപിച്ച കാലത്ത് തന്നെയാണ് നോവൽ എന്ന സാഹിത്യരൂപവും രൂപപ്പെട്ടത്.

മഹാകാവ്യങ്ങൾ ദേശത്തെ എഴുതിയ രീതിയിലല്ല നോവലുകൾ ദേശ സ്വത്വത്തെ ആവിഷ്കരിച്ചത്. (Timothy Brennan in Homi Bhabha, 1990: 49-69) മഹാകാവ്യങ്ങൾ അതീത-ഭൂതകാലത്തെ സംബോധനചെയ്തപ്പോൾ നോവലുകൾ സമകാലീനസമൂഹത്തെ സംബോധനചെയ്തു. ദൈവീകപരിവേഷമുള്ള ക്ലാസിക്കൽ ഭാഷകൾ പ്രാദേശികഭാഷകൾക്കു വഴിമാറികൊടുക്കുന്നതോടെ ദേശഭാഷ ഒരു പ്രത്യേക ഭൂവിഭാഗത്തിന്റെ സ്വത്വചിഹ്നമായി മാറുന്നു. വർഗ്ഗവംശവ്യത്യാസങ്ങളുള്ള അത്തരം ദേശസമൂഹങ്ങൾ ഭാഷകളിലും അത്തരം അകലം കാത്തുസൂക്ഷിച്ചു. പക്ഷേ നോവലിൽ ഈ ലോകങ്ങൾ ഒന്നിക്കുന്നു. ദേശരാഷ്ട്രത്തിന്റെ ബഹുഭാഷീയതയും ബഹുസ്വരതയും വംശവർഗ്ഗവൈവിധ്യങ്ങളും നോവലെന്ന സാഹിത്യരൂപം സ്വാംശീകരിച്ചു എന്ന് ഇ.വി. രാമകൃഷ്ണൻ (2000: 88) വിശദമാക്കുന്നുണ്ട്.

**ദേശീയതയും സാഹിത്യവും**

ദേശീയത നിർമ്മിച്ചെടുക്കുന്നതിൽ സാഹിത്യത്തിനുള്ള പങ്ക് പ്രധാനമാണ്. ലോകസാഹിത്യത്തിലും, ഇന്ത്യൻ സാഹിത്യത്തിലും ഇത്തരത്തിൽ രൂപപ്പെട്ട കൃതികൾ കാണാം. ദേശീയതയെ മനഃപൂർവ്വം സാഹിത്യത്തിൽ കൊണ്ടുവന്നവരും, യാദൃശ്ചികമായി അവതരിപ്പിച്ചവരുമായ സാഹിത്യകാരന്മാരുണ്ട്.

ഇന്ത്യയിലെ ബ്രിട്ടീഷ് വിരുദ്ധപ്രവണതയാണ് ദേശീയതയെ സാഹിത്യത്തിൽ ആവിഷ്കരിക്കാൻ കാരണമായത്. ദേശീയത ഒരു സങ്കൽ

പ്പനമാണെന്ന് ബെനഡിക് ആന്റേഴ്സൺ പറയുന്നത് അത് കൃത്രിമമായി നിർമ്മിച്ചെടുക്കുന്നതുകൊണ്ടാണ്. യഥാർത്ഥത്തിൽ ദേശീയത എന്നത് ദേശ-രാഷ്ട്രത്തിൽ ഒതുക്കി നിർത്താവുന്ന ഒന്നല്ല. അത് കോളനീയാനന്തരം ലോകമെമ്പാടും വ്യാപിച്ച ഒന്നാണ്. ഓരോ രാഷ്ട്രത്തിന്റെയും ദേശീയത വ്യത്യാസപ്പെട്ടിരിക്കും. ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ ദേശത്തിന്റെ പാരമ്പര്യത്തിൽ അധിഷ്ഠിതമായിരിക്കും അവിടത്തെ ദേശീയതാസങ്കൽപ്പങ്ങൾ.

ഇന്ത്യയിൽ ദേശീയതാചർച്ച സ്വാതന്ത്ര്യസമരകാലത്താണ് ആവിർഭവിച്ചത്. അതുവരെ നിലനിന്നിരുന്ന പ്രാചീന ദേശീയത ബ്രിട്ടീഷ് അധിനിവേശത്തെ തുരത്താൻ മാത്രം കഴിവുള്ളതായിരുന്നില്ല. അതുകൊണ്ടുതന്നെ പുതിയ ഒരു ദേശീയത കൃത്രിമമായി നിർമ്മിക്കപ്പെടുകയായിരുന്നു. രാഷ്ട്രത്തിന്റെ പ്രൗഢസംസ്കാരങ്ങളെ സംസ്കരിച്ച് എടുക്കുകയും അതിന്റെ പിൻബലത്തിൽ ദേശീയതയെ വികസിപ്പിക്കുകയും ചെയ്തു.

മലയാളസാഹിത്യത്തിലും ദേശീയതയുടെ നിർമ്മിതി കാണാവുന്നതാണ്. വള്ളത്തോൾ മുതൽ അത് ആരംഭിക്കുന്നു. ഇടശ്ശേരി, പി.കുഞ്ഞിരാമൻനായർ, എൻ.വി.കൃഷ്ണവാരിയർ, എം.ഗോവിന്ദൻ തുടങ്ങിയവരുടെ കവിതകളിലെല്ലാം തന്നെ ദേശീയതയുടെ വിവിധതലങ്ങൾ പ്രത്യക്ഷപ്പെടുന്നത് കാണാം.

സമൂഹത്തിൽ ദേശീയതാബോധം സൃഷ്ടിച്ചെടുക്കുന്നതിന് സാഹിത്യകാരന്മാരും മുഖ്യ പങ്കുവഹിച്ചിട്ടുണ്ട്. കവികൾ നാടുതോറും ദേശഭക്തിഗാനങ്ങൾ പാടിക്കൊണ്ട് പ്രചാരണം നടത്തി ജനങ്ങളിൽ ദേശീയതാബോധം നിർമ്മിച്ചെടുത്തു. ദേശവാസികൾ ഒന്നിച്ച് ഒറ്റക്കെട്ടായി നിന്നാൽ മാത്രമേ

ബ്രിട്ടീഷ് അധിനിവേശത്തിൽനിന്ന് മുക്തി ലഭിക്കുകയുള്ളൂ എന്ന് ഊന്നി പറഞ്ഞുകൊണ്ട് ദേശഭക്തി എന്ന വികാരം സാധ്യമാക്കി. ദേശത്തിനു വേണ്ടി മരിക്കാൻപോലും തയ്യാറാകുന്ന ഒരു തലമുറയെ സൃഷ്ടിച്ചെടുത്തു. ഇന്ത്യയിലെമ്പാടും ജനങ്ങളിൽ ദേശഭക്തിയും രാജ്യസ്നേഹവും - ബ്രിട്ടീഷ് വിദ്വേഷവും ആളിക്കത്തിക്കുന്ന വിധത്തിലുള്ള കവിതകൾ രചിക്കപ്പെട്ടു. കേരളത്തിലും ഇതിന്റെ ഭാഗമായി കവിതകൾ ഉണ്ടായി. വള്ളത്തോളും, ഉള്ളൂരും, അംശി നാരായണപിള്ളയും, ഇടശ്ശേരിയും, എൻ.വി.കൃഷ്ണവാരിയരും ഇത്തരത്തിലുള്ള കവിതകളെഴുതി.

വള്ളത്തോൾ കേരളീയരിൽ ദേശഭക്തി വളർത്തിയെങ്കിൽ എൻ.വി. കേരളീയരെ സമരമുഖത്തേക്കിറങ്ങാൻ പ്രാപ്തരാക്കി. എൻ.വി.യുടെ 'ഉണരുക' എന്ന കവിത ഇതിന് ഉത്തമോദാഹരണമാണ്.

"ഉണർന്നെണീക്കുവിനടിമച്ചങ്ങല
പൊറുത്തിടാത്തോരേ!
ഉണർന്നെണീക്കുക, തൻ നാടിനായ്
സമരം ചെയ്വോരേ!
ഉണർന്ന നാല്പതുകോടികൾ നമ്മുടെ
യെല്ലാൽ, മാംസത്താ
ലുരുക്കുകോട്ടകൾ നീളെയുയർത്തുക
നാടിതു രക്ഷിപ്പാൻ!
ഹിന്ദു മുസൽമാൻ ശിഖനും, ക്രിസ്ത്യൻ
പാഴ്സിയുമൊന്നിച്ചി-
ഹിന്ദുസ്ഥാനം സ്വതന്ത്രമാക്കും
പടയ്ക്കണഞ്ഞാവൂ!

എന്നിങ്ങനെ നാടിന്റെ അടിമത്തത്തെ ഇല്ലാതാക്കാൻ മതഭേദങ്ങളില്ലാ

തെ ഒത്തൊരുമിച്ച് ജീവൻ വെടിയുംവരെ പൊരുതാൻ ആഹ്വാനം ചെയ്യുകയാണ് കവി. ഇത്തരത്തിൽ ജനങ്ങളിൽ സമരവീര്യം നിറക്കുന്ന കവിതകളാണ് ആ കാലഘട്ടത്തിൽ എൻ.വി. രചിച്ചത്. അത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ദേശീയത സ്വാതന്ത്ര്യശേഷവും ഇന്ത്യയിൽ നിലനിൽക്കുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുൻപ് ജനങ്ങളെ ഒന്നിച്ചുനിർത്താൻവേണ്ടി നിർമ്മിച്ചെടുത്ത ദേശീയതയുടെ രൂപമല്ല ഇന്നുള്ളത്. മറിച്ച് ദേശീയതയിൽ വിഭജനം സംഭവിച്ചിരിക്കുന്നു. ഇന്ന് ഒന്നിലധികം ദേശീയതകൾ ഇന്ത്യയിലുണ്ട്. കീഴാളദേശീയത, ഭക്ഷണദേശീയത, മതദേശീയത, ജാതിദേശീയത ഇങ്ങനെ ദേശീയതയ്ക്ക് പുതുമാനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ദേശീയത മാറി വർഗ്ഗീയത ഉടലെടുക്കുന്നു. രാഷ്ട്രത്തിന്റെത്തന്നെ നിലനിൽപ്പിന് ഭീഷണിയാകുംവിധത്തിലാണ് ഇന്ന് ദേശീയത പ്രശ്നവത്ക്കരിക്കപ്പെടുന്നത്.

മദിരാശിയിൽ ഒരു രാത്രി, ജീവിതവും മരണവും, ഗാന്ധിയും ഗോഡ്സെയും തുടങ്ങിയ കവിതകളും ഇതിനോട് ചേർത്തുവായിക്കാവുന്നതാണ്. സ്വാതന്ത്ര്യലബ്ധിക്കുമുൻപ് എഴുതപ്പെട്ട കവിതയാണ് 'മദിരാശിയിൽ ഒരു രാത്രി' - ബ്രിട്ടീഷ് കോളനി വാഴ്ചയ്ക്ക് എതിരായി എഴുതപ്പെട്ട കവിതയാണിത്. തീവ്രദേശീയതാപക്ഷവാദിയായ കവി തന്നെയാണ് കവിതയിലെ നായകൻ. കോളനിവാഴ്ചയുടെ ഫലമായി ഇന്ത്യയിൽ പട്ടിണിയും ദാരിദ്ര്യവും രോഗവും മൂലം ദുരിതമനുഭവിക്കുന്നവരെ കവിതയിൽ കാണാം.

"കുഷ്ഠരോഗം പിടിപെട്ടോർ, കാവിവസ്ത്രമുടുക്കുവോർ
പട്ടിണിക്കാർ, പനങ്കള്ളിൽ പ്പുളച്ചിടുന്നോർ,

വീടെഴാത്തോർ, നാടെഴാത്തോ,രാശയറ്റോ,രങ്ങു തിങ്ങി-

കൂട്ടുകയാണൊട്ടനേകം സ്ത്രീപുരുഷന്മാർ"

ഇങ്ങനെയാണ് ഇന്ത്യൻ ജനതയെ ചിത്രീകരിച്ചിരിക്കുന്നത്. ദേശഭക്തിയും ബ്രിട്ടീഷുകാരോടുള്ള അമർഷവും കവിതയിൽ പ്രതിഫലിക്കുന്നു. വെള്ളക്കാരന്റെ സങ്കേതത്തിൽ സൽക്കാരം നടക്കുകയാണ്. അവിടെനിന്നും ഭക്ഷണത്തിന്റെ അവശേഷം കിട്ടുമെന്നുകരുതി കാത്തിരിക്കുന്ന പിച്ചക്കാർ. ദാരിദ്ര്യത്തിന്റെ മൂർദ്ധന്യാവസ്ഥയാണ് ഈ സന്ദർഭത്തിൽ കവി ചിത്രീകരിച്ചിരിക്കുന്നത്. അദ്ദേഹം സായിപ്പിനോട് തന്റെ അമർഷം പ്രകടിപ്പിക്കുന്നത് ഇപ്രകാരമാണ്.

"കുടിച്ചാലും സായ്പ്പേ, കുടിക്കാനല്ലോ
കടുത്ത തോക്കു നീ പേറി?
നടിച്ചാലും സായ്പ്പേ, നടിക്കാനല്ലയോ
നടന്നു നാടു നീ വെന്നു?
മുകർന്നാലും സായ്പ്പേ, മുകരാനല്ലയോ?
മുതിർന്നു ദൂരെ നീ വന്നു?"

ഈ വരികളിലെല്ലാം ബ്രിട്ടീഷ് അധിനിവേശത്തോടുള്ള കവിയുടെ അമർഷമാണ് വെളിപ്പെടുന്നത്. ഇതിൽനിന്നും വ്യത്യസ്തമാണ് സ്വാതന്ത്ര്യലബ്ധിക്കുശേഷം രചിച്ച 'ജീവിതവും മരണവും' എന്ന കവിത. 'മദിരാശിയിൽ ഒരു രാത്രി' യെന്ന കവിതയുടെ തുടർച്ചയാണ് ഇത് എന്നുപറയാം.

"വരാത്തൊരെച്ചിലിൻ വരവിനായ് നോറ്റു
തെരുവിൽ ത്തെണ്ടികൾ തിരക്കി നിൽക്കവേ,
പെരിയ ഹോട്ടലിൻ ടെറസ്സിൽ മദ്യത്തിൻ-
നിരയും മാംസത്തിൻ വറവും..."

എന്ന് തുടങ്ങുന്ന കവിത സ്വാതന്ത്ര്യം ലഭിച്ച ശേഷവും ഇന്ത്യൻ ജീവിതത്തിന് അത്ഭുതമൊന്നും സംഭവിച്ചില്ല എന്ന് മനസ്സിലാക്കിത്തരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടിട്ടും ഇന്ത്യക്കാർ പാശ്ചാത്യരെ അനുകരിക്കുകയാണ്. മുൻപ് കവി ഇത്തരം പ്രവൃത്തികൾ വെള്ളക്കാർ ചെയ്യുന്നതുകണ്ട് തന്റെ മനസ്സിൽ എത്രയോ തവണ വിഷം പുരട്ടിയ കൂർത്ത കത്തികൊണ്ട് അവരുടെ ബീഭത്സമുഖങ്ങൾ കുത്തിക്കീറിയിട്ടുണ്ട്. ഇന്ന് അതേ വെള്ളക്കാരുടെ സ്ഥാനത്ത് ഇന്ത്യക്കാരായി മാറിയിരിക്കുന്നു.

'അപേക്ഷയൊന്നുതാൻ: കടിക്കുമാ റൊട്ടി
തികച്ചും തിന്നൊല്ലേ സായ്പ്പേ?
അപേക്ഷയൊന്നുതാൻ; ഇറച്ചി തിന്നുമ്പോൾ
കുറച്ചു ശേഷിക്കു, സായിപേ!" (മദിരാശിയിൽ ഒരു രാത്രി)

എന്ന് 'മദിരാശിയിൽ ഒരു രാത്രി'യിൽ വികൃതരൂപനായ ഒരു ദരിദ്രൻ സായിപ്പിനോട് പറയുന്നുണ്ട്.

ഇന്ത്യക്കാരുടെ പാശ്ചാത്യവത്ക്കരണത്വര കവിയെ ആശങ്കപ്പെടുത്തുന്നുണ്ട്. സ്വാതന്ത്ര്യശേഷം എഴുതിയ 'ജീവിതവും മരണവും' എന്ന കവിതയിൽ അത് വീണ്ടും ആവർത്തിക്കുകയാണ്. സ്വാതന്ത്ര്യത്തിന് മുൻപ് "തങ്ങൾ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നവരാണെന്നും തങ്ങൾക്കു പൊതുവായി ചിലതുണ്ടെന്നും സ്വയം അംഗീകരിക്കുന്ന സമൂഹമാണ് ദേശീയത എന്ന വ്യത്യസ്തമായൊരു സ്വത്വബോധത്തിലേക്കു പരിണമിക്കുന്നത്" (രാമകൃഷ്ണൻ, ഇ.വി., 2001: 19) എന്ന് പറഞ്ഞുവെച്ചിരിക്കുന്നതിന് വിപരീതമായാണ് സ്വാതന്ത്ര്യലബ്ധിയ്ക്ക് ശേഷം ഇന്ത്യയിൽ സംഭവിക്കുന്നത്. ഇന്ത്യൻ ദേശീയത ഒരു പ്രഹസനമായി മാറുകയാണ്. "ദേശീയത

പ്രശ്നമേഖലയാവുന്നത് അത് രാഷ്ട്രത്തിലെ എല്ലാ ജനവിഭാഗങ്ങളെയും വ്യക്തികളെയും ഒരുപോലെ ഉൾക്കൊള്ളുന്നില്ല എന്നിടത്താണ്." (മഹേഷ്, 2012: 24) "ജീവിതവും മരണവും" എന്ന കവിതയിലൂടെ എൻ.വി. ദേശീയതയോടും ഭരണകൂടത്തിനോടുമുള്ള തന്റെ അമർഷം വ്യക്തമായി പ്രകടിപ്പിക്കുന്നുണ്ടെങ്കിലും കവി സായിപ്പിനോടെന്നപോലെ പ്രതികരിക്കുന്നില്ല.

"പുകയുന്നില്ലിപ്പോൾ സിരകളിൽപ്പക;
മുരളുന്നില്ല ചൊടികളിൽ പുച്ഛം;
കരളിന്റെയുള്ളിൽ കനലെരിവീല;
കനലിരുന്നേടം മലിനമാക്കിക്കൊ-
ണ്ടിവിടെയുണ്ടിപ്പോളൊരു പിടിച്ചാരം
നനഞ്ഞിരുണ്ടതാമൊരു പിടിച്ചാരം!"

ഈ വരികളിൽ കവിയുടെ നിർവികാരത സ്പഷ്ടമാകുന്നുണ്ട്.

"അറിഞ്ഞു ഞാൻ സത്യം:
അതാണു ജീവിതം"

ഇത് ഒരു ബോധ്യപ്പെടലാണ്. സ്വാതന്ത്ര്യം വെളുത്ത സായിപ്പിൽനിന്ന് കറുത്ത സായിപ്പിലേക്ക് മാറ്റപ്പെട്ടുമ്പോഴും തെരുവിലെ തെണ്ടികളുടെ ജീവിതത്തിൽ ഒരു മാറ്റവും സംഭവിക്കുന്നില്ല. അവർ ഇന്നും ദാരിദ്ര്യം കൊണ്ട്, പട്ടിണികൊണ്ട് ഒരിക്കലും വരാത്ത എച്ചിലിനായി കാത്തിരിക്കുകയാണ്. ഈ സന്ദർഭത്തിലാണ് 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിതയുടെയും പ്രസക്തി. സ്വാതന്ത്ര്യലബ്ധിക്കുശേഷം അരി വാങ്ങാൻ ക്യൂവിൽ നിൽക്കുന്ന ഗാന്ധിയേയും കാറിലേറി പാഞ്ഞുപോകുന്ന ഗോഡ്സെയെയും ചിത്രീകരിക്കുന്നതുവഴി സ്വാതന്ത്ര്യാനന്തരം ഭാരതത്തിനു

സംഭവിച്ച അപചയങ്ങളെ എൻ.വി. വെളിപ്പെടുത്തുന്നു.

ഇന്ന് തെരുവിലെ ദരിദ്രരുടെ കൂട്ടത്തിലാണ് ഗാന്ധിയുടെ സ്ഥാനം. ഗോഡ്സേ ഭരണവർഗ്ഗത്തിന്റെ പ്രതിനിധിയായി ഉയരുകയാണ്. ദേശത്തിന്റെ ഉടമസ്ഥാവകാശം ഗോഡ്സെമാർ ഏറ്റെടുക്കുമ്പോൾ ദേശീയതയെ അവർ നിർവ്വചിക്കുന്നു. ഇവിടെ ഗാന്ധി തെരുവിലെ വെറും നോക്കുകുത്തിയായി മാറുകയാണ്.

"ചത്ത ഹിന്ദുവിനാർഷ

സംസ്കാരമേകാൻ വേണ്ടി

യൊത്തു തരുകെന്നു

കൈപ്പാട്ട നീട്ടി ഗോഡ്സേ"

ഇങ്ങനെ ജനസേവനമെന്ന വ്യാജേന ഗോഡ്സേമാർ തിരഞ്ഞെടുപ്പിൽ വിജയിച്ചു. അവർ പുതിയ അരികുവത്ക്കരിക്കപ്പെട്ട ദേശീയത സൃഷ്ടിക്കുകയാണ്. ഇന്നത്തെ സമകാലിക സംഭവവികാസങ്ങളുമായി ചേർത്തുവായിക്കാവുന്ന കവിതയാണിത്. ദേശീയതയുടെ നാനാമുഖങ്ങളെ തുറന്നു കാണിക്കുന്ന ഇത്തരം കവിതകൾ രചിച്ചുകൊണ്ടാണ് എൻ.വി. തന്റെ ദേശീയതാപരിപ്രേക്ഷ്യം സാഹിത്യത്തിൽ വ്യക്തമാക്കിയത്. സ്വാതന്ത്ര്യത്തിനുമുൻപുള്ള ദേശീയതയും സമകാലിക ദേശീയതയുംവെച്ചു പുലർത്തുന്ന ആശയങ്ങൾ വ്യത്യസ്തധ്രുവങ്ങളിൽ നിലകൊള്ളുന്നവയാണ്. ദേശീയത പ്രശ്നവത്ക്കരിക്കേണ്ടതിന്റെ ആവശ്യകത ഉണ്ടാകുന്നത് ഈ സന്ദർഭത്തിലാണ്.

**ദേശീയതയ്ക്ക് എതിരെ അന്തർദേശീയതയുടെ പ്രതിരോധ സ്വത്വങ്ങൾ**

അന്തർദേശീയത എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വ്യത്യസ്ത രാജ്യങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കിടയിൽ തങ്ങളുടെ രാജ്യാതിർത്തികൾക്ക് അപ്പുറത്ത് ഭാഷാപരമായ, മതപരമായ, തത്വചിന്താപരമായ എല്ലാ വ്യത്യാസങ്ങൾക്കുമപ്പുറം മനുഷ്യൻ എന്ന രീതിയിൽ നാം എല്ലാം ഒന്നാണ് എന്ന ചിന്ത സൃഷ്ടിക്കുക എന്നതാണ്. ഇത് ദേശീയതയിൽനിന്ന് ഒരുപാട് അകലെയാണ് വർത്തിക്കുന്നത്. ഇവിടെ ദേശീയതയ്ക്കുപകരം മാനവികതയ്ക്കാണ് പ്രാധാന്യം ലഭിക്കുന്നത്.

സാഹിത്യം നവോത്ഥാനകാലഘട്ടത്തിലും അതിനെ തുടർന്നുണ്ടായ സ്വതന്ത്ര്യസമരകാലഘട്ടത്തിലും പിന്നീട് വന്ന ചൂഷണവിരുദ്ധസമരകാലഘട്ടത്തിലും എല്ലാം തന്നെ മനുഷ്യനുവേണ്ടിയും, മാനവികതയ്ക്കുവേണ്ടിയും, സാഹോദര്യത്തിനുവേണ്ടിയും തൂലിക ചലിപ്പിച്ചുകൊണ്ടേയിരുന്നു. സാഹോദര്യം എന്ന ആശയം ലോകത്തിലാദ്യമായി കടന്നുവരുന്നത് ഫ്രഞ്ചുവിപ്ലവകാലത്താണ്. അത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മൂന്നു പ്രധാനപ്പെട്ട ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു. ഇത് സാർവ്വകാലികവും സാർവ്വലൗകികവുമായ മൂന്ന് മൂല്യങ്ങളാണെന്ന് കാലം തെളിയിച്ചു.

"സത്യം ശ്വസിച്ചും സമത്വം കണ്ടും സ്നേഹ-
സത്തു നുകർന്നും കൃതാർത്ഥരായി
സദ്ധർമ്മത്തുടെ നടക്കട്ടെ മാനവ-
ശിദ്ധര സ്വർഗമായ്ത്തീർന്നിടട്ടെ" എന്ന് കുമാരനാശാൻ സ്വതന്ത്ര്യഗാഥ എന്ന കവിതയിൽ പറയുന്നു.

“ജാതിഭേദം മതദ്വേഷ-

മേതുമില്ലാതെ സർവ്വരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്” (ശ്രീനാരായണഗുരു)

എന്നിങ്ങനെ ശ്രീനാരായണഗുരു മാനവികതയുടെ പ്രധാനതത്വങ്ങളെ സംഗ്രഹിച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മാനവികതാ മൂല്യങ്ങൾ ഈ വരികളിൽ കാണാം. മതത്തിന്റെ പേരിലും ജാതിയുടെ പേരിലും അയിത്തം കൽപിച്ച് ചൂഷണം ചെയ്യുന്നവരെ ഇല്ലാതാക്കി മനുഷ്യർ തമ്മിൽ സമത്വം കൊണ്ടുവരണം. സമത്വം സ്വാതന്ത്ര്യത്തെ പ്രദാനം ചെയ്യും. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിമപ്പെട്ടിരുന്ന സമൂഹത്തെ നിരന്തരപ്രയത്നത്തിലൂടെയാണ് ശ്രീനാരായണഗുരു പരിവർത്തനപ്പെടുത്തിയത്. അദ്ദേഹം മാനവികതയ്ക്കായിരുന്നു പ്രാധാന്യം നൽകിയത്. അതുകൊണ്ട് തന്നെ ദേശീയമൂല്യങ്ങളെക്കാളും അന്തർദേശീയതയുമായി ചേർന്നുനിൽക്കുന്നവയായിരുന്നു ഗുരുവിന്റെ കാഴ്ചപ്പാടുകൾ.

മാനവികത പ്രമേയമായി വരുന്ന കവിതകൾ മലയാളത്തിൽ ധാരാളമുണ്ടെങ്കിലും അവയെല്ലാം ദേശീയതക്ക് ഉള്ളിൽ ഒതുങ്ങി നിൽക്കുന്നവയാണ്. എന്നാൽ എൻ.വി. കൃഷ്ണവാരിയരുടെ ‘ആഫ്രിക്ക’ എന്ന ഒറ്റ കവിത മതി മലയാള കവിതയ്ക്ക് എന്താണ് അന്തർദ്ദേശീയത എന്ന് മനസ്സിലാക്കികൊടുക്കാൻ. ആഫ്രിക്കയിൽ ഒരിക്കൽപോലും സഞ്ചരിച്ചിട്ടില്ലാത്ത എൻ.വി. തന്റെ കണ്ണിൽ കണ്ട കാഴ്ചയെന്നവണ്ണമാണ് ഇരുണ്ട ഭൂഖണ്ഡത്തെ കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്.

കാണുന്നൂ ഞാൻ കാട്ടും, ഇവയിൽ-
ത്തുള്ളും, പുള്ളിപ്പുലികൾ, പരന്നൊരി
കായലലിളകാതൊഴുകും മഞ്ഞ-
ക്കരിനിറമിയലും മുതലത്തലകൾ,
ചളിവെള്ളത്തിലനങ്ങും പാറകൾ-
പോലെ ഹിപ്പോപ്പൊട്ടാമസ്സുകൾ,
വളർകൊമ്പേലും വനമഹിഷങ്ങൾ,
കഴുത്തും കാലും നീണ്ട ജിറാഫുകൾ"

എന്നിങ്ങനെ ഇരുണ്ട ഭൂഖണ്ഡത്തിന്റെ വന്യമായ സൗന്ദര്യത്തിൽനിന്ന് തുടങ്ങി മനുഷ്യന്റെ പച്ചയായ ജീവിതക്കാഴ്ചയിലേക്ക് കവി അനുവാചകരെ കൂട്ടിക്കൊണ്ടുപോകുന്നു.

അവരറിവറ്റോർ, സേസേയീച്ച പ-
രത്തും മാരകയായ മയക്കവ്യ,-
മധുരം മൂക്കും കാർന്നളിയിക്കുമൊ-
രഗ്നിവിസർപ്പം, കുഷ്ഠവുമാർന്നോർ
കുടലിൽക്കൃമികുലമാലാവേഷ്ടിതർ,
പട്ടിണിക്കൊണ്ടുടലെൽക്കൂടായോർ
കടുദുഃഖന്മാർ, കഠിന സഹന്മാർ,
സ്വപ്നങ്ങളിൽ വയർനിറയെയശിപ്പോർ"

മാരകമായ അസുഖങ്ങളും പട്ടിണിയുംകൊണ്ട് ദുരിതമനുഭവിക്കുന്ന ഒരു സാധാരണ ജനത. അതിലുപരി അവരെ ആരും പരിഗണിച്ചിരുന്നില്ല. കൽക്കരിയും, ചെമ്പും, ഇരുമ്പും, പൊന്നും, വൈരവും എന്നുവേണ്ട

അരിയും, ഗോതമ്പുംകൊണ്ട് സമൃദ്ധമായ നാടായിട്ടുപോലും ആഫ്രിക്കൻ ജനതയുടെ ദാരിദ്ര്യവും വിശപ്പും മാറുന്നില്ല. എന്തുകൊണ്ടെന്നാൽ അവർ അന്നും ഇന്നും ചൂഷണത്തിന് ഇരയായി കൊണ്ടിരിക്കുന്നു. ഈ പട്ടിണി യുടെ ഉപമയായി നാം സൊമാലിയ പോലുള്ള ആഫ്രിക്കൻ നാടുകളെ എടുത്തുപറയുന്നു. ഇവിടെയാണ് "അഖിലവസുന്ധരയാണാഫ്രിക്ക" എന്ന കവി വചനത്തിന് പ്രസക്തിയേറുന്നത്. എല്ലാതരത്തിലുള്ള പ്രകൃതിവിഭ വങ്ങൾ ഉണ്ടായിട്ടുപോലും ഇന്നും പടുകുഴിയിൽനിന്നും ഉയർത്തെഴുന്നേൽ ക്കാനാകാത്ത ജനവിഭാഗം.

"എങ്ങു മനുഷ്യനുചങ്ങല കൈകളി-
ലങ്ങെൻ കൈയുകൾ നൊന്തീടുകയാ;-
ണെങ്ങോ മർദ്ദന,മവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു.
എങ്ങെഴുന്നേൽപാൻ പിടയും മാനുഷ-
നവിടെ ജീവിച്ചീടുന്നൂ ഞാൻ;
ഇന്നാഫ്രിക്കയിതെൻ നാ,ടവളുടെ
ദുഃഖത്താലേ ഞാൻ കരയുന്നു.

മലയാളകവിതയിൽ ഏറ്റവും ആധുനികമായ മനുഷ്യവിമോചനസ്വരം നാം കേട്ടത് എൻ.വിയുടെ ഈ വരികളിലൂടെയാണ്. എവിടെയൊക്കെ മനുഷ്യർ അടിച്ചമർത്തപ്പെടുന്നുവോ, എവിടെയൊക്കെ മനുഷ്യൻ എഴു ന്നേൽക്കാൻ വേണ്ടി പിടയുന്നുവോ, അവരെ സമൂഹത്തിന്റെ താഴെത്ത ട്ടിൽനിന്ന് ഉയർത്തെഴുന്നേൽപ്പിക്കാൻ ശ്രമിക്കുന്ന ഒരു ഉത്തമമനുഷ്യ സ്നേഹിയാണ് ഇവിടെ കവി. ഒരു നാടിന്റെ വേദന തന്റെ കൂടിയാണ്.

അത് രാജ്യങ്ങൾക്ക് അതീതമാണ്. മനുഷ്യൻ മനുഷ്യന്റെ വേദനയിൽ പങ്കുചേരുകയാണ്. അവിടെ മാനുഷിക മൂല്യങ്ങൾക്ക് മാത്രമാണ് സ്ഥാനം ലഭിക്കുന്നത്. നാം ഒന്നാണ് എന്ന ചിന്തയിൽ ഉറച്ചുനിൽക്കുന്നതാണ് എൻ.വി.യുടെ കാവ്യലോകം.

"കാക്കയും കഴുകനും
നായ്ക്കളും നരികളും
കൊത്തിയും കാർന്നും, തിരി-
ച്ചറിയാനായീടാതെ
കൊയ്ത്തുശാലയിൽ ക്കമിഴ്-
ന്നടിച്ച കിടക്കുന്ന
മർത്ത്യർതൻ പിണങ്ങളിൽ-
ത്തടഞ്ഞു വീഴാൻ പോകേ"

എന്നു പറയുന്ന 'നക്സൽബാരി' എന്ന കവിതയും അന്തർദേശീയമായ മാനവിതാബോധം ഉൾവഹിക്കുന്ന രചനയാണ്. 1967-ൽ പശ്ചിമബംഗാളിലെ നക്സൽബാരി എന്ന ഗ്രാമത്തിൽ സംഘടിപ്പിച്ച അക്രമാസക്തമായ വിപ്ലവപ്രക്ഷോഭമാണ് നക്സൽ പ്രസ്ഥാനങ്ങളുടെ തുടക്കം. നക്സൽബാരി എന്ന ഈ സ്ഥലനാമം മൂലമാണ് നക്സലൈറ്റുകൾ എന്ന് ഇവർക്ക് പേര് വരുവാൻ കാരണമായത്. ജന്മിത്തത്തിനെതിരെ സാധാരണജനങ്ങളുടെ സംരക്ഷണത്തിനായി രൂപപ്പെടുത്തുന്ന സംഘടനയായി ഇതിനെ കരുതാമെങ്കിലും ഈ പ്രസ്ഥാനം ആക്രമണങ്ങൾ അഴിച്ചുവിട്ടതോടെ ജനങ്ങളുടെ സ്വൈര്യജീവിതം ദുഃസ്സഹമായി. നക്സൽ ഏറ്റുമുട്ടലുകളിൽ ധാരാളം മനുഷ്യർക്ക് ജീവൻ നഷ്ടമായി. നക്സലുകളെ ഗവൺമെന്റ് അടിച്ചമർത്താൻ

തുടങ്ങി. ഇന്നും അത് തുടരുന്നു. അതിന്റെ ബാക്കിപത്രമാണ് ഈ കവിത.

അന്തർദേശീയ സമൂഹത്തിലെ ഒരംഗമായാണ് എൻ.വി. കൃഷ്ണവാരിയർ ഇന്ത്യയെയും ഇവിടുത്തെ ഓരോ മനുഷ്യനെയും കാണുന്നത്. 'ആഫ്രിക്ക'യിലായാലും 'നക്സൽബാരി'യിലായാലും അടിച്ചമർത്തപ്പെടുന്ന മനുഷ്യൻ ഒരാൾ തന്നെയാണ്. വിമോചനബോധത്തിന്റെ ഈ സഹോദര ഭാവമാണ് എൻ.വി. കവിതയെ അന്തർദേശീയ ബോധമുള്ളതാക്കിത്തീർത്തത്. ആ അർത്ഥത്തിൽ മലയാളത്തിലെ യഥാർത്ഥ്യമായ ആധുനിക ഭാവുകത്വം രൂപം കൊണ്ടത് എൻ.വി. കൃഷ്ണവാരിയരിൽ ആണെന്ന് പറയാം. മാനവികതയ്ക്ക് ദേശീയമെന്നോ അന്തർദേശീയമെന്നോ ഉള്ള അതിർവരമ്പുകളില്ല. അതുകൊണ്ടുതന്നെ മാനവികതയ്ക്ക് മുൻതൂക്കം നൽകുന്ന അന്തർദേശീയത ദേശീയതക്ക് ഒരുപടി മുൻപിലായി നിലകൊള്ളുന്നു.

ചൈനയിൽ ആഭ്യന്തരയുദ്ധം നടന്നിരുന്ന കാലത്ത് എൻ.വി. എഴുതിയ കവിതയാണ് 'രണ്ടു ചീനപ്പെൺകുട്ടികൾ' കവി യാദൃശ്ചികമായി കണ്ട രണ്ടു ചീനക്കാരായ കുഞ്ഞുങ്ങളെ കുറിച്ചാണ് ഈ കവിത.

"അന്നു ഞാൻ ഗുരുവായൂർ
ചെന്നപ്പോൾക്കണ്ടു, നിറം
മഞ്ഞയായ് മൂക്കൊട്ടിയ
രണ്ടിലും കിടാങ്ങളെ,
കണ്ണുകളിമ വീർത്തു
കുട്ടതായ്, മലയാളി-
ക്കുഞ്ഞുങ്ങളൊപ്പം സ്കൂളിൽ-
പ്പഠിക്കും ചീനക്കാരെ"

യുദ്ധഭൂമിയായ ചൈനയിൽ ജനങ്ങൾ അല്പപ്രാണികളെപോല ചത്തൊടു ങ്ങുകയാണ്. അവിടെനിന്ന് ജീവനംകൊണ്ട് പലരും പലായനം ചെയ്തു. മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥബാല്യങ്ങൾ ദിനംപ്രതി വർദ്ധിച്ചുവ ന്നു. അത്തരത്തിൽ

"അലി വാർന്നാരോകൊണ്ടു-

വന്നതാണീ മഞ്ഞച്ച

തവളക്കുഞ്ഞുങ്ങളെ-

പ്പോർത്തീയിൽനിന്നും വാരി"

മനുഷ്യത്വത്തിന്റെ, മാനവികതയുടെ പ്രതിരൂപമായ ആരോ ആ പോർക്ക ളത്തിൽനിന്ന് അവരെ കേരളത്തിൽ കൊണ്ടുവന്നു. വിദ്യാഭ്യാസം നൽകി ക്കൊണ്ട് വളർത്തുന്നു. ഇത്തരത്തിൽ ലോകത്തിന്റെ നാനാകോണിലും അനാഥരായി അഭയം തേടിയ ആയിരമായിരം കുഞ്ഞുങ്ങളെ കാണാം. അവരാണ് ലോകത്തിൽ ഏറ്റവും ഭാഗ്യഹീനരായിട്ടുള്ളത്. യുദ്ധംകൊണ്ട് ഒരു രാജ്യത്തിന് നഷ്ടപ്പെടുന്നത് അവിടത്തെ സമ്പത്ത് മാത്രമല്ല ആ രാജ്യ ത്തെ ജനങ്ങളുടെ സമാധാനപൂർവ്വമുള്ള ജീവിതം കൂടിയാണ്. യുദ്ധംകൊ ണ്ട് ഒരിക്കലും സമാധാനം സൃഷ്ടിക്കാനാകില്ല. എല്ലാവരും മനുഷ്യരാണ്. രാജ്യങ്ങൾ തമ്മിൽ സാഹോദര്യം ഉണ്ടാക്കിയാൽ മാത്രമേ യുദ്ധങ്ങൾ ഒഴിവാക്കാനാകൂ എന്നതാണ് അന്തർദേശീയതയുടെ ലക്ഷ്യം. ദേശീയത യുടെ ഏറ്റവും വലിയ പ്രശ്നം സ്വാർത്ഥചിന്താഗതിക്കാരായ ജനതയെ രൂ പപ്പെടുത്തുന്നു എന്നതാണ്. തന്റെ രാജ്യം, അതിന്റെ അഖണ്ഡത, ഉയർച്ച, അമിതമായ രാജ്യസ്നേഹം ഇതെല്ലാം തന്നെ മറ്റു രാജ്യങ്ങളെ ശത്രുപക്ഷ ത്ത് നിർത്താൻ പ്രേരിപ്പിക്കുന്നു.

അപ്പുറമൽപം മേലേ.

ഇപ്പുറമല്പം താഴേ.

ഇപ്പോഴും നേതാക്കന്മാർ -

ക്കിതുതാൻ ചിന്താജ്വരം!

എന്ന് ഈ അവസ്ഥയെ എൻ.വി. പരിഹസിക്കുന്നുണ്ട്. വിശ്വമാനവൻ എന്ന കവിതയും എൻ.വി. പുലർത്തുന്ന അന്തർദേശീയ ബോധത്തിന്റെ അനുരണനമാണ്.

ആശ്വസിച്ചു ഞാൻ; ലോക-

സംസ്കാരം പുലർന്നുപോയ്,

വിശ്വമാനവൻ ചിര-

നിദ്രവിട്ടുണർന്നുപോയ്!

ഈ വരികളിലൂടെയാണ് കവിത ആരംഭിക്കുന്നത്. 'വിശ്വമാനവൻ' എന്നതുകൊണ്ട് കവി ഉദ്ദേശിക്കുന്നത് ലോകജനതയെയാണ്. ലോകത്തിന്റെ നാനാതുറയിലുള്ള ജനതയിൽ ഉറങ്ങികിടന്നിരുന്ന സ്വാതന്ത്ര്യബോധം നിദ്രവിട്ടുണർന്നു. ചോരകൊണ്ട് വെള്ളപ്പൊക്കം സൃഷ്ടിച്ച ചൈനയിലും, കാക്കാസസ് മലകളിലും, അടിമത്തത്തിൻ കനകച്ചങ്ങലപ്പൊട്ടിക്കാനായി ശ്രമിക്കുന്ന ഇന്ത്യയിലും, ഫ്രാൻസിലും, ബൽജിയത്തിലും, ഗ്രീസിലും, ഈജിപ്തിലും, പലസ്തീനിലും എല്ലാംതന്നെ സ്വതന്ത്ര്യാധികാരത്തിനായി തീ പാറും സമരങ്ങൾ വിശ്വമാനവൻ കാഴ്ചവെച്ചുതുടങ്ങി.

മർത്ത്യന്റെയുണർച്ചയെ,-

ത്താരുണ്യസമ്പൂർത്തിയെ,-

ക്കർത്തവ്യ പ്രസക്തിയെ, -

കർമ്മശക്തിയെക്കണ്ടേൻ.

ആശ്വസിച്ചേൻ ഞാൻ: നവ-

ലോകത്തിൻ പിറവിയായ്;

വിശ്വസാഹോദര്യത്തിൻ

വസന്തം വന്നെത്തിപ്പോയ്!

വിശ്വമാനവനിൽ വന്ന മാറ്റം കണ്ട് കവി സന്തോഷിക്കുകയും സംതൃപ്തി യടയുകയും ചെയ്യുന്നു. വിശ്വസാഹോദര്യം എന്ന സ്വപ്നം സാക്ഷാത്ക്കരി ക്കപ്പെടാൻ പോകുകയാണെന്ന ചിന്ത കവിയിൽ ആഹ്ളാദമുണർത്തുന്നു.

"മാഞ്ഞുപോയ്കിനാവുകൾ;

പിന്നെയും യാഥാർത്ഥ്യത്തിൻ

മഞ്ഞിലപ്പുലർകാല-

മഞ്ജിമ മറഞ്ഞുപോയ്!

ഇന്നു ഞാൻ കണ്ടീടുന്നു

പിന്നെയും സാമ്രാജ്യത്തിൻ

ചെന്നായ്ക്കളൊന്നിച്ചെത്തി

യന്യോന്യം ചീറുന്നതായ്

എല്ലുന്തി, വയറൊട്ടി,

മെയ്യുരി, ഞ്ഞേറെ ക്ഷീണി-

ച്ചെങ്കിലും, രക്തക്കൊതി-

ച്ചീക്കണ്ണൻ ചെന്നായകൾ."

ഈ വരികളിൽനിന്ന് കവിയുടെ സ്വപ്നം വിഫലമാകുന്നത് കാണാം. ചൈനയിലും, ഇന്ത്യയിലും, പാലസ്തീനിലും എല്ലാംതന്നെ ആഭ്യന്തരസ

മരങ്ങളും സാമുദായിക കലാപങ്ങളും കൊണ്ട് മനുഷ്യർ പരസ്പരം കൊന്നൊടുക്കി. കവി പറയുന്നത്

“മാനുകൾ മാനോടേറ്റു
മറിക്കും മൈതാനമായ്!”

എന്നാണ്. രാജ്യത്ത് ദേശീയത വളർത്തിക്കൊണ്ടുവരാൻ സാധിച്ചു. സാഹോദര്യം സാധ്യമായില്ല. അതുകൊണ്ടുതന്നെ മനുഷ്യനെ തമ്മിൽ തല്ലിച്ചു സാമ്രാജ്യവാദികൾ സമത്വം എന്ന സ്വപ്നം അപ്രാപ്യമാക്കി.

തേങ്ങുന്നു നക്ഷത്രങ്ങൾ,
വിലപിക്കുന്നു വാനോർ;
അങ്ങയിന്നിയും, വിശ്വ-
മാനവ, മയങ്ങുന്നൂ!

അന്തർദേശീയതയ്ക്കു മാത്രമേ വിശ്വമാനവരെ ഒന്നിച്ചുനിർത്താൻ സാധിക്കൂ. ലോകജനതയുടെ ഈ ദുർവിധികണ്ട് കവിയെപോലെ ദുഃഖിക്കാനേ നമുക്കും ആകൂ. ദേശീയതയ്ക്ക് എതിരെയുള്ള പ്രതിരോധ സ്വത്വമായാണ് ഈ കവിത കടന്നുവരുന്നത്. അതേസമയം ഇവിടെയെല്ലാം ആധുനികമനുഷ്യസങ്കല്പത്തിലെ വിമോചനമൂല്യങ്ങൾക്ക് ഏറ്റ തിരിച്ചടി എന്ന അവസ്ഥയും ഉണ്ട്. വിശ്വമാനവൻ എല്ലായിടത്തും തുല്യരായിരിക്കും എന്ന വിശ്വാസത്തിനാണ് ഉലച്ചിൽ തട്ടിയത്. ആ വിശ്വാസഭംഗമാണ് മറ്റൊരർത്ഥത്തിൽ എൻ.വിയുടെ അന്തർദേശീയ പ്രമേയങ്ങളെ സ്വീകരിക്കുന്ന കവിതകൾ എന്നും കാണാം.

**എലികൾ**

എൻ.വി. കവിതയിൽ പലപ്പോഴായി കടന്നുവരുന്ന ഒന്നാണ് ഹാസ്യം. അതിനെ കുഞ്ചൻ നമ്പ്യാരെപോലെ സാമൂഹ്യവിമർശനത്തിനാണ് കൂടുതൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. ഹാസ്യത്തെ അതിക്രൂരമായ രീതിയിലും എൻ.വി. അവതരിപ്പിച്ചിട്ടുണ്ട്. കറുത്ത ഹാസ്യത്തെ (Black Humour) സമൂഹത്തിന്റെ അധഃപതനങ്ങൾക്ക് എതിരെയുള്ള ശക്തമായ പ്രതിഷേധമായാണ് കവി ഉപയോഗിച്ചത്. 'എലികൾ' അത്തരത്തിലുള്ള ഒരു കവിതയാണ്. "തലക്കെട്ട് കണ്ടാൽ, ഒരുവേള, അത് വായിക്കാതെ പലരും കടന്നുപോയി എന്നുവരാം. എലികളെക്കൊണ്ട് എന്ത് കാവ്യം ചമയ്ക്കാൻ എന്ന് വല്ലവരും വിചാരിച്ച് പോകുന്നെങ്കിൽ അവരെ പഴിക്കാനും നിവൃത്തിയില്ലല്ലോ. എന്നാൽ അത് വായിച്ചുകഴിഞ്ഞാൽ, നിർദ്ദോഷമായ ഈ തലക്കെട്ടിനു താഴെയിരിക്കുന്നത് മലയാളഭാഷയിലെ ഏറ്റവും ശക്തിയേറിയ കുറെ വരികളാണെന്ന് മനസ്സിലാക്കാം" (ലീലാവതി, 1988: 152). ബ്രിട്ടീഷ് ഭരണത്തിന്റെ ചൂഷണഫലമായുണ്ടായ ബംഗാൾ ക്ഷാമത്തിന്റെ കെടുതികളാണ് ഈ കവിത വരച്ചുകാട്ടുന്നത്. "ഒന്നാം ലോകയുദ്ധംമൂലം ഭക്ഷ്യസാധനങ്ങൾക്ക് ദൗർലഭ്യം സംഭവിച്ചു. റേഷൻ സമ്പ്രദായവും മറ്റും തുടങ്ങാൻ കുറ്റകരമായ അനാസ്ഥ ഭരണാധികാരികളിൽനിന്നുമുണ്ടായി. മനുഷ്യത്വരഹിതമായ അനാസ്ഥയായിരുന്നു അത്. ക്ഷാമം പോഷകക്കുറവിനും രോഗത്തിനും കാരണമായി. മലമ്പനിയും, വിഷൂചികയും വസൂരിയും സംഹാരതാണ്ഡവമാടിയ നാട്ടിൽ ലക്ഷക്കണക്കിന് ആളുകൾ തുരുതുരെ ചത്തൊടുങ്ങി. ആ മഹാമാരിയുടെ ഇരുണ്ട പാതാളമാണ് 'എലികൾ' തുറന്നുകാട്ടിത്തരുന്നത്'" (രാഘവവാരിയർ, 1995:

33) ഇതൊരു ദുരന്തദർശനമാണ്. കാല്പനികകവിതയിൽനിന്ന് തികച്ചും വ്യത്യസ്തമായ ദുരന്തം. വ്യക്തിയും, വൈകാരികതയുമല്ല മറിച്ച് സാമൂഹിക തയ്ക്കാണ് പ്രാധാന്യം. അത് പലപ്പോഴും സാമൂഹികതയിൽനിന്ന് പ്രാദേ ശികതയിലേക്കോ, ദേശീയതയിലേക്കോ ഉയരാറുമുണ്ട്.

പട്ടിണിമൂലം ഉണ്ടാകുന്ന ദുരന്തത്തിന്റെ പരുഷയാഥാർത്ഥ്യം കവി ഈ കവിതയിൽ അവതരിപ്പിക്കുന്നു. എലിയാണ് വക്താവ്.

"ആട്ടമനക്കമടങ്ങീ, തെരുവുകൾ
പെട്ടെന്നിരുളിൽ മുഴുകുകയായ്
തട്ടിൻപുറം വിട്ടിറങ്ങാം നമുക്കിനി
തീറ്റയ്ക്കു വല്ലതും തേടേണ്ടയോ?" (185)

തള്ളയെലി മക്കളോട് പറയുന്നതാണ് ഈ കാവ്യഭാഗം. തികഞ്ഞ കാര്യബോധവും സൂക്ഷ്മതയും തള്ളയെലിയുടെ വാക്കുകളിൽ പ്രകടമാണ്. പട്ടിണിയിൽ മരിച്ചവരുടെ ശരീരം ദ്രവിച്ചുയരുന്ന നാറ്റമാണ് എലികളെ ആകർഷിക്കുന്നത്. ചുറ്റുപാടും നിരീക്ഷിച്ച് സാവധാനം നീങ്ങിയില്ലെ ങ്കിൽ നമ്മൾ അപകടത്തിൽ പെടുമെന്ന് അമ്മയെലി മകൾക്ക് ഇടയ്ക്കിടെ മുന്നറിയിപ്പ് കൊടുത്തുകൊണ്ടിരുന്നു.

"എത്തിയപാടെ കടിച്ചുവലിക്കായ്ക,
ചത്തുവോ ജന്തു? അനങ്ങിയാലോ?
നക്കുവിൻ മെല്ലെ, നഖങ്ങളൊട്ടാഴ്ത്തുവിൻ,
ചിക്കെന്നു പല്ലൊന്നിറുക്കിക്കൊൾവിൻ,
ശ്വാസം, ചലനം! അമർന്നിളകാതെ നിമേഷം കിടക്കുവിൻ." (185)

"എന്ത്? പുളിപ്പോ? നനയുന്നുവോ നാവിൻ-

തുമ്പ്? നിണം കിനിയുന്നുവെന്നോ?

ഇത്രയും നേരം മരിച്ചു കിടന്നിട്ടും

ചത്തീല ജീവിമോഹമെന്നോ?" (186)

മനുഷ്യന്റെ മാംസം ആഹാരമാക്കുമ്പോഴും, മരണത്തിന്റെ തട്ടുമ്പുറത്ത് സൈ്വരവിഹാരം നടത്തുമ്പോഴും എലികൾക്ക് മനുഷ്യരെ പേടിയാണ്. അവരെ കരണ്ടുവന്നപ്പോൾ, ആ ശരീരത്തിൽനിന്ന് രക്തം കിനിയുന്നു. മരണത്തിനുമകറ്റാൻ പറ്റാത്ത മനുഷ്യന്റെ ജീവിതതൃഷ്ണയെക്കുറിച്ച് എലികൾ ആശ്ചര്യപ്പെടുന്നു. പകുതി മരിച്ച ആ സ്ത്രീശരീരം നന്നേ ശോഷിച്ച് പോയതുകൊണ്ട് കയ്യിലോ കാലിലോ കടിച്ചാൽ എല്ലിൽ തട്ടി പല്ലുമുറിഞ്ഞുപോകുമെന്ന് കുഞ്ഞെലികൾക്ക് തള്ളയെലി നിർദ്ദേശം കൊടുക്കുന്നുണ്ട്. ആ ഉപദേശം കൈക്കൊണ്ട് കുഞ്ഞെലികൾ ആ ജീവനുള്ള പിണത്തിന്റെ മുലകൾ കരളാൻ തുടങ്ങിയപ്പോൾ തള്ളയെലി പറയുകയാണ്.

"അന്നു തുണിയിൽപ്പൊതിഞ്ഞൊരീ മാറിടം

പൊങ്ങി, യുരുണ്ടുമിനുത്തിരുന്നു.

നിങ്ങൾ ചവയ്ക്കും മുലക്കണ്ണൊരുപൈതൽ

കുഞ്ഞിളം ചുണ്ടാൽ നുകർന്നിരുന്നു.

മുക്കാലു നാം തിന്നാമുക്കിൽക്കിടക്കുന്നി-

തക്കിടാവിന്റെയിളം ശരീരം!" (187)

ഈ വാക്കുകൾ വളരെ ലാഘവത്തോടെയാണ് എൻ.വി. എലികളെകൊണ്ട് പറയിപ്പിച്ചിരിക്കുന്നത്. "സ്ത്രീ സൗന്ദര്യത്തിന്റെ നിറകുടമെന്ന് കരുതിപ്പോരുന്ന മാറിടം മാത്രമല്ല, ആ മാറിടത്തിൽനിന്ന് അമ്മിഞ്ഞ നുകർന്നിരുന്ന ഓമനപ്പൈതൽപോലും ഇന്ന് എലികരണ്ട മൂലയിൽ കിടപ്പാണ്.

സൗന്ദര്യത്തെയും വിശുദ്ധിയെയും ഓമനത്തത്തെയുമെല്ലാം സംബന്ധിച്ച സങ്കൽപ്പങ്ങൾ ഇവിടെ കീഴ്മേൽമറിയുന്നു. എലികളുടെ സാമ്രാജ്യത്തിൽ അവയ്ക്ക് യാതൊരുവിധ ഉൽകൃഷ്ടതയോ അപകൃഷ്ടതയോ ഇല്ല. ഈ എലികളാകട്ടെ, മനുഷ്യൻ സൃഷ്ടിച്ച ക്ഷാമത്തിന്റെ അവതാരഭേദങ്ങളുമത്രേ."(രാമകൃഷ്ണൻ, ദേശമംഗലം, 2004: 307)

"ഇല്ല സാമ്രാജ്യത്വവുമില്ലടിമത്തവു-

മില്ല മാത്സര്യവും മൂഷികരിൽ" (189)

എന്ന പ്രയോഗത്തിലൂടെ മാനവസംസ്കാരത്തിന്റെ പേരിൽ മുറവിളിക്കൂട്ടുന്നവർക്ക് നേരെ പ്രതിരോധം സൃഷ്ടിക്കുകയാണ് കവി. മനുഷ്യനവനുചേർന്ന ദുഃസ്ഥിതി എലികൾക്ക് പോലും സഹതാപം തോന്നുംവിധത്തിലാണ്. എല്ലാ വിഭവങ്ങളുടെയും ഉൽപാദകനും വിതരണക്കാരനുമായ മനുഷ്യൻ ആ വിഭവസമൃദ്ധിയിൽ ഒന്നും തിന്നാൻ കിട്ടാതെ ചത്തുവീഴുന്നു. വിതയ്ക്കുകയും കൊയ്യുകയും ചെയ്യാത്ത ജീവികൾ സുഭിക്ഷമായി കഴിയുകയും ചെയ്യുന്നു. ഈ ക്രൂരമായ സാമൂഹിക നീതിയിലേക്കാണ് കവി വിരൽ ചൂണ്ടുന്നത്.

"നിങ്ങൾക്കിതൊന്നും മനസ്സിലാവുന്നില്ല

നിങ്ങളെലികളോ മനുഷ്യരോ?" (189)

"ചരിത്രം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം, ചരിത്രത്തിൽനിന്നും നമ്മൾ ഒന്നും പഠിക്കുന്നില്ല എന്ന പാഠം, മൂർച്ചയേറിയ പരിഹാസത്തോടെ ആവിഷ്ക്കരിക്കുകയാണ് ചെയ്യുന്നത്. മനുഷ്യരെ സംബന്ധിച്ചിടത്തോളം ഇനി പ്രത്യാശയില്ല. തള്ളയെലിയുടെ ഭാഷ കുഞ്ഞുങ്ങൾക്ക് മനസ്സിലാകാതിരിക്കാത്തവണ്ണം അവ മനുഷ്യരോളം അധഃപതിച്ചുപോയോ?" (രാമകൃഷ്ണൻ, കെ.വി. 2005: 146). എലികൾക്ക് നേരെ മാത്രമല്ല

മനുഷ്യനുനേരെയും കവി ഉന്നയിക്കുന്ന ചോദ്യമാണിത്. കവിതയിൽ എലികളിൽ പലപ്പോഴും മാനുഷികത കടന്നുവരുന്നുണ്ട്. എന്നാൽ മനുഷ്യന് മനുഷ്യത്വം നഷ്ടപ്പെടുന്നതിന്റെ അനന്തരഫലമാണ് ഈ കവിതയ്ക്ക് വിഷയമാകുന്ന ഭക്ഷ്യക്ഷാമം. മനുഷ്യത്വമില്ലായ്മക്ക് എതിരെ എലികളെ കേന്ദ്രകഥാപാത്രമാക്കിക്കൊണ്ട് വ്യത്യസ്തമായ പ്രതിരോധം സൃഷ്ടിക്കുകയാണ് എൻ.വി. കൃഷ്ണവാരിയർ ഈ കവിതയിലൂടെ.

അധികാരമോഹികളായ ഭരണകർത്താക്കളാണ് യുദ്ധത്തിന് നാന്ദി കുറിക്കുന്നത്. അതുകൊണ്ട് തന്നെ ദേശീയതയുടെ മുഖ്യസവിശേഷതയായ ജനാധിപത്യഭരണകൂടത്തിന് പകരം ലോകഭരണകൂടം നിർമ്മിച്ചെടുത്താൽ എല്ലാ മനുഷ്യരും ഒന്നാണ് ഒരു കുടക്കീഴിലാണ് എന്ന ബോധ്യം കൈവരും. ഇത് സാഹോദര്യവും സമാധാനവും പുനഃസൃഷ്ടിക്കും. യുദ്ധഭീതി എന്നെന്നേക്കുമായി ഇല്ലാതാക്കും. ഇത്തരത്തിൽ ദേശീയപ്രശ്നത്തിൽ ഇടപെടുന്നപോലെ തന്നെ എൻ.വി. കൃഷ്ണവാരിയർ അന്തർദേശീയതയും തന്റെ കവിതക്ക് വിഷയമാക്കിയിരുന്നു.

ബഹുമുഖമായ തലത്തിലുള്ള പ്രതിരോധങ്ങളാണ് എൻ.വി. കൃഷ്ണവാരിയരുടെ കവിതകളിൽ ഉള്ളത്. മനുഷ്യമനസ്സിന്റെ അബോധതലങ്ങളിൽ രൂഢമൂലമായി കിടക്കുന്ന മിത്തുകളിലെ അന്ധവിശ്വാസങ്ങളെ ചോദ്യം ചെയ്യാൻ അദ്ദേഹം ശ്രമിക്കുന്നതിന്റെ തെളിവാണ് പഴയപാട്ട് മലിന്തസിൻ എന്നീ കവിതകൾ. നാടൻവിശ്വാസങ്ങളെ ശാസ്ത്രീയയുക്തികൊണ്ട് പുനർനിർവ്വചിക്കാനാണ് അദ്ദേഹം ശ്രമിക്കുന്നത്. പ്രാകൃതമായ ആരാധനകൾ മനുഷ്യവളർച്ചയുടെ ഗതി തടയുമെന്ന് എൻ.വി. ആഹ്വാനം ചെയ്യുന്നു. ദൈവത്തെക്കുറിച്ചുള്ള പാരമ്പര്യസങ്കല്പങ്ങളെ ചില സന്ദർഭങ്ങളിൽ

സ്വാംശീകരിക്കുന്നുണ്ടെങ്കിലും ഭൂരിപക്ഷം സന്ദർഭങ്ങളിലും ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അതിനെ വെല്ലുവിളിക്കാൻ എൻ.വി. ശ്രമിക്കുന്നുണ്ട്. പൂരം, മഴവില്ലും ചൂരൽവടിയും തുടങ്ങിയ കവിതകൾ ദൈവസങ്കൽപ്പത്തെ അമാനുഷപദവിയിൽ നിന്ന് സാധാരണത്വത്തിലേക്ക് ഇറക്കിക്കൊണ്ടു വരുന്നു. എന്നാൽ ഭഗവാൻ ഉറങ്ങുന്നു, ചന്ദ്രൻ എന്നീ കവിതകളിൽ ദൈവപാരമ്പര്യത്തെക്കുറിച്ചുള്ള സാമ്പ്രദായിക ധാരണകളിൽ നിലയുറപ്പിക്കുന്നു. ജ്ഞാനത്തിന്റെ വികേന്ദ്രീകരണം സാംസ്കാരികപുരോഗതിയുടെ പ്രധാന ചാലകശക്തിയാണെന്ന് പ്രഖ്യാപിക്കുകയാണ് രാമൻ അക്ഷരം പഠിച്ച കഥ, കുട്ടൻ അക്ഷരം പഠിച്ച കഥ, പുസ്തകങ്ങൾ എന്നീ കവിതകൾ.

വികലമായ പാരമ്പര്യങ്ങളെ ജ്ഞാനാർജ്ജനത്തിലൂടെ അതിലംഘിക്കാനാകും എന്ന സിദ്ധാന്തത്തിനാണ് കവി ഊന്നൽ നൽകുന്നത്. ഇതിവൃത്തത്തിൽ തന്നെ സവർണതാൽപര്യങ്ങൾ നിഴലിക്കുന്ന ഇതിഹാസകഥകളെ പുനരാഖ്യാനം ചെയ്തുകൊണ്ട് വ്യത്യസ്തമായ പ്രതിരോധം സൃഷ്ടിക്കുന്ന നിരവധി കവിതകളും എൻ.വി. എഴുതിയിട്ടുണ്ട്. രാവണവധാന്തത്തിലെ വിഭീഷണൻ, കൃഷ്ണവധം, അമ്മയും മകനും തുഞ്ചനും, സംസ്കൃതവിജ്ഞാനം, ഋഗ്വേദവിൽപ്പന തുടങ്ങിയ കവിതകൾ ഇതിഹാസപുനരാഖ്യാനങ്ങളായ രചനകളാണ്. ഇതിഹാസവിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ എൻ.വി. കവിതകളിലെ പ്രതിരോധ സ്വഭാവം ചില സന്ദർഭങ്ങളിൽ ഇല്ലാതാകുന്നുണ്ട്. ഒരേസമയം പ്രതിരോധം മുന്നോട്ടുവെക്കുകയും അതേസമയം തന്നെ അവ 'പാരമ്പര്യ'മാണെന്നും ബഹുമാനിക്കേണ്ടതാണെന്നുമുള്ള വിരുദ്ധദർശനം എൻ.വി. മുന്നോട്ടുവെക്കുന്നു. 'ഇന്ത്യൻ പാരമ്പര്യം' എന്ന സങ്കല്പം തന്നെ നിർമ്മിതമായിരിക്കേ അത് പാവനമാണെന്ന്

പ്രഖ്യാപിക്കുന്ന എൻ.വിയിൽ താൻ മുന്നോട്ടുവെക്കുന്ന ആശയങ്ങൾക്ക് സ്വയം തടയിടാൻ ശ്രമിക്കുന്ന വൈരുദ്ധ്യം പ്രകടമാണ്. വിഷയസ്വീകരണത്തോടൊപ്പം തന്നെ ആഖ്യാനത്തിലും പുതുമകൾ കൊണ്ടുവരാൻ എൻ.വി. ശ്രമിക്കുന്നു. അതുവരെ മലയാളകവിതയെ അടക്കിഭരിച്ചിരുന്ന കാല്പനികതയുടെ വൈകാരികബാഹുല്യത്തെ വസ്തുനിഷ്ഠമായ യുക്തികൊണ്ട് എതിർക്കാൻ എൻ.വിക്ക് സാധിച്ചു. ആ കാലഘട്ടത്തിൽ വലിയ വിപ്ലവമായ ഒരു ചുവടുവെയ്പായിരുന്നു അത്. പില്ക്കാലമലയാളകവിതയിൽ അയ്യപ്പപണിക്കരും മറ്റും കൊണ്ടുവന്ന ഭാവിവിച്ഛേദത്തിന്റെ തുടക്കം എൻ.വിയിലാണ് കാണാനാകുക. കൊച്ചുതൊമ്മൻ, കള്ളദൈവങ്ങൾ, തീവണ്ടിയിലെ പാട്ട്, അലക്സിസ് പുണ്യാളൻ, മദിരാശിയിൽ ഒരു സായാഹ്നം തുടങ്ങിയ കവിതകളെല്ലാം അതുവരെ മലയാളകവിത പിന്തുടർന്ന രീതികളെ മാറ്റിമറിച്ചു. സ്വാതന്ത്ര്യത്തിനുമുമ്പും പിമ്പും എൻ.വി. എഴുതിയ കവിതകൾ ഗാന്ധിസത്തോടുള്ള സ്വാധീനം അവതരിപ്പിക്കുന്നു. നവലോകത്തിന്റെ സൃഷ്ടിക്ക് അത്തരം ആദർശങ്ങളാണ് പിന്തുടരേണ്ടതെന്ന് നിരവധി കവിതകളിലൂടെ അദ്ദേഹം ഓർമ്മിപ്പിക്കുന്നു. എൻ.വി. കവിതകൾ എഴുതുന്ന കാലഘട്ടത്തിൽ ദേശീയതയെ സ്വീകരിക്കേണ്ടത് ആവശ്യമായിരുന്നു. എന്നാൽ ദേശീയതയ്ക്കുള്ള സങ്കുചിത സ്വഭാവങ്ങളെ കൂടി ഉൾക്കൊള്ളാൻ എൻ.വിക്ക് കഴിഞ്ഞിട്ടുണ്ട്. ദേശീയതയോടൊപ്പം തന്നെ അന്തർദേശീയതയുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് തന്റെ കാവ്യമണ്ഡലത്തെ വിപുലമാക്കാൻ എൻ.വി. കവിത പ്രാപ്തമാകുന്നു. പ്രതിരോധം ആത്യന്തികമായി മാനവികതയെ ഉറപ്പിക്കലായിരിക്കലായിരിക്കുന്നതുകൊണ്ടുതന്നെ എൻ.വി. കവിതകൾ അതിന്റെ നേർഭൂമികയായി മാറുന്നു.

# ഉപസംഹാരം

പാരമ്പര്യമെന്നത് പഴമയാണ് എന്ന തോന്നുമെങ്കിലും യഥാർത്ഥ ത്തിൽ അത് പഴമയല്ല. പുതിയതായി കണ്ടെടുക്കുന്ന ഒന്നാണ് എന്ന് പറ ഞ്ഞുകഴിഞ്ഞു. വർത്തമാനകാലത്തിലാണ് അത് നിർണയിക്കപ്പെടുന്നത്. പാരമ്പര്യം സ്വാഭാവികമായി ഉണ്ടാകുന്നതാണ് എന്ന് തോന്നുമെങ്കിലും കാലഘട്ടത്തിനനുസരിച്ച് നിരവധി പാരമ്പര്യങ്ങൾ നിർമ്മിക്കപ്പെടുന്നു ണ്ട്. അത്തരത്തിൽ നിർമ്മിക്കപ്പെടുന്ന പാരമ്പര്യങ്ങൾ കവിതയിൽ പ്രതിരോധത്തിനുള്ള ഉപാധിയായി അവതരിപ്പിക്കപ്പെടുന്നു. അങ്ങനെ പാരമ്പര്യത്തെ പ്രതിരോധ ഉപാധിയായി മലയാളകവിത ഉപയോഗി ക്കുന്നുണ്ട്. നാടൻപാട്ടുകളിൽ തുടങ്ങുന്ന മലയാളകവിതാ വ്യവഹാരങ്ങ ളിലെല്ലാംതന്നെ പ്രതിരോധത്തിന്റെ സൂചകങ്ങൾ കാണാൻ സാധിക്കും. ആദ്യകാല പാട്ടുകൃതികളിൽ തുടങ്ങി ധാരാളം പ്രതിരോധസൂചകങ്ങൾ കവിതയിൽ കാണാം. സാധാരണക്കാരന് അപ്രാപ്യമായ ഇതിഹാസവി ഷയങ്ങൾ കൈകാര്യം ചെയ്ത് രംഗത്തുവന്ന ആദ്യകാലകവികളിൽത്ത ന്നെ പ്രതിരോധത്തിന്റെ സൂചകങ്ങളാണ് പ്രതിഫലിക്കുന്നത്. കുഞ്ചൻ നമ്പ്യാരിലേക്ക് എത്തുമ്പോഴേക്കും സാമൂഹികവിഷയങ്ങൾക്കെതിരെ

കവിതയെ പ്രതിരോധ ഉപാധിയാക്കുന്ന രീതി കാണാൻ സാധിക്കും. ആധുനികകവികളിൽ പ്രധാനിയായ കുമാരനാശാന്റെ നായികമാരെല്ലാം തന്നെ നിലനിൽക്കുന്ന വ്യവസ്ഥകൾക്കെതിരെ പ്രതിരോധത്തിന് തയ്യാറായവരാണ്.

സ്വാതന്ത്ര്യത്തിനെക്കുറിച്ചുള്ള നിരവധി കവിതകൾ രചിച്ച വള്ളത്തോൾ നാരായണമേനോൻ ആ കാലഘട്ടത്തിൽ ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ കവിതകൊണ്ട് പ്രതിരോധിക്കാൻ തയ്യാറായി. അദ്ദേഹത്തിന് ശേഷം വന്ന ഇടശ്ശേരിയും വൈലോപ്പിള്ളിയുമെല്ലാം ഇത്തരത്തിൽ കവിതയിലൂടെ പ്രതിരോധങ്ങൾ തീർത്തവരാണ്. എന്നാൽ അവരിൽ നിന്നെല്ലാം വ്യത്യസ്തമായി തന്റെ കവിതയെ വിഷയസ്വീകരണത്തിൽ തുടങ്ങി നിലനിൽക്കുന്ന കവിതാസ്വഭാവങ്ങളെത്തന്നെ പ്രതിരോധിക്കാൻ ഉപയുക്തമാക്കിയ കവിയാണ് എൻ.വി. കൃഷ്ണവാരിയർ.

കവിതയിലെ പാരമ്പര്യ-പ്രതിരോധഘടകങ്ങളെ മറ്റുസാഹിത്യകൃതികളിൽനിന്നു തികച്ചും വ്യത്യസ്തമായാണ് എൻ.വി. കവിതയിൽ അവതരിപ്പിച്ചത്. പാരമ്പര്യങ്ങളെ അനുകൂലിച്ചും പ്രതിരോധിച്ചുമുള്ള നിരീക്ഷണങ്ങൾ എൻ.വി. കൃഷ്ണവാരിയർ കവിതയിൽ അവതരിപ്പിക്കുന്നുണ്ട്.

കവിതയിലെ ശുദ്ധഭാവാത്മകതയെയല്ല, മറിച്ച് കാൽപ്പനികതയുടെ രോഗാതുരമായ അതിഭാവുകത്വത്തെയാണ് എൻ.വി. വിമർശനാത്മകമായി പ്രതിരോധിച്ചത്. ചങ്ങമ്പുഴ കവിതക്കെതിരെ ശക്തമായ പ്രതിരോധം സൃഷ്ടിച്ചുകൊണ്ട് എൻ.വി. എഴുതിയ കവിതകൾ കാല്പനികതയുടെ ദുർബലവും അർത്ഥശൂന്യവുമായ പ്രണയസങ്കല്പങ്ങളെ തകർത്തെറിയുന്നവയായിരുന്നു.

'കൊച്ചുതൊമ്മൻ' പോലെയുള്ള കവിതകളുടെ പേര് തെരഞ്ഞെടുത്ത രീതിയിൽപോലും എൻ.വി. കവിതകളിലെ കാല്പനികവിരുദ്ധത ദർശിക്കാവുന്നതാണ്. കാല്പനികകവിതകൾ കഥാപാത്രങ്ങൾക്ക് നൽകിയ പേരുകൾ കേരളീയ സമൂഹത്തിൽ സർവ്വസാധാരണയായി കാണുന്നവയല്ല. അത് തന്നെയാണ് എൻ.വി. കാല്പനികതക്കെതിരെ പ്രയോഗിച്ചതും. നമ്മുടെ സാധാരണ ജീവിതത്തിൽ നാം കേട്ടു പരിചയിച്ച സൗന്ദര്യബോധത്തിന് നിരക്കാത്ത പേരുകൾ അദ്ദേഹം സ്വീകരിച്ചു.

സന്യാസം, ആത്മീയസ്നേഹം, ആത്മപീഡനപരമായ ഇന്ദ്രിയസമന്വയം എന്നിവയെ ശക്തമായ പ്രതിരോധത്തിലൂടെ പരിഹസിക്കുന്ന രീതിയിലുള്ള കവിതകൾ രചിച്ചുകൊണ്ട് എൻ.വി. കാവ്യരംഗത്ത് പുതിയ ഭാവുകത്വം പ്രദാനം ചെയ്തു. അലക്സിസ് പുണ്യാളൻ പോലുള്ള കവിതകളിൽ സന്യാസവും അതേ തുടർന്നുള്ള ആത്മപീഡനപരമായ ഇന്ദ്രിയസമന്വയവും കാണാവുന്നതാണ്. എന്നാൽ സന്യാസത്തിന്റെ മിഥ്യാവസ്ഥ ബോധ്യപ്പെടുത്തിക്കൊണ്ടാണ് കവിത അവസാനിക്കുന്നത്. ആത്മീയതക്കെതിരെയുള്ള പ്രതിരോധമാണിവിടെ കാണാനാവുന്നത്. ഇത്തരം വിരുദ്ധസങ്കല്പനങ്ങളിലൂടെ കാലങ്ങളായി നിർമ്മിച്ചുവെച്ചിട്ടുള്ള പാരമ്പര്യസങ്കല്പങ്ങളെ എൻ.വി. ബോധപൂർവ്വം പ്രതിരോധിച്ചു.

സ്ത്രീകൾ കഥാപാത്രമായി വരുന്ന എൻ.വിയുടെ കവിതകളിലെല്ലാം തന്നെ അവർ ശക്തമായ കഥാപാത്രങ്ങളായി നിലനിൽക്കുന്നതുകാണാം. മലിന്ത്സിൻ, രാമൻ അക്ഷരം പഠിച്ച കഥ തുടങ്ങിയ കവിതകൾ പരിശോധിച്ചാൽ ഇത് മനസ്സിലാകുന്നതാണ്. മലിന്ത്സിൻ എന്ന കവിതയിൽ ഒരു രാജ്യത്തിന്റെ അടിമത്തത്താൽ വലഞ്ഞിരുന്ന ജനതയെ മോ

ചിപ്പിക്കാൻ ശക്തമായ നിലപാടെടുക്കുന്ന സ്ത്രീ കഥാപാത്രമായാണ് കവി മറീന എന്ന മലിന്ത്സിനെ അവതരിപ്പിക്കുന്നത്. രാമൻ അക്ഷരം പഠിച്ച കഥ എന്ന കവിതയിലാണെങ്കിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ ഒരു സ്ത്രീയെയാണ് അവതരിപ്പിക്കുന്നത്. വിദ്യാഭ്യാസമില്ലാത്ത ഒരു തലമുറ സൃഷ്ടിക്കാൻ താൽപര്യമില്ലാത്ത അവർ തന്റെ ഭർത്താവായി വരാൻപോകുന്ന വ്യക്തിക്കും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുത്തു. വിദ്യാഭ്യാസത്തിനുവേണ്ടി ആഹ്വാനം ചെയ്യുന്ന ഈ കവിത സ്ത്രീകൾ സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിന് ഉത്തമ ഉദാഹരണമാണ്.

കവിതയുടെ പരമമായ ലക്ഷ്യം സമൂഹത്തിന്റെ മനസ്സിലടിഞ്ഞുകൂടി കിടക്കുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും വേരോടെ ഉന്മൂലനം ചെയ്യുക എന്നതാണ്. അതിനുവേണ്ടി അന്ധവിശ്വാസത്തെത്തന്നെ കവിതക്ക് വിഷയമാക്കി എൻ.വി. രചിച്ച 'പഴയപാട്ട്' എന്ന കവിതയിലൂടെ അമ്മ ദൈവവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്ന മിത്തുകൾ ജനതയുടെ മനസ്സിൽ സൃഷ്ടിക്കുന്ന അന്ധവിശ്വാസങ്ങളെ ശാസ്ത്രയുക്തികൊണ്ട് നിരാകരിച്ച് പുതിയൊരു പ്രതിരോധം സൃഷ്ടിച്ചതുകാണാം.

എൻ.വി. തന്റെ കവിതകളിൽ ദൈവത്തെക്കുറിച്ചുള്ള പാരമ്പര്യങ്ങളെ പരിഹസിച്ചുകൊണ്ട് അതിനെ സാമൂഹ്യപ്രശ്നങ്ങളെ പ്രതിരോധിക്കാനുള്ള ഉപാധിയാക്കുന്നതുകാണാം. ദൈവം എന്ന സങ്കല്പത്തിനുള്ളിൽ നിഴലിക്കുന്ന മാനുഷികതകളെ ഒഴിവാക്കി സാധാരണത്വത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമം ഇത്തരം കവിതകളിൽ പ്രകടമാണ്. മഴവില്ലും ചൂരൽവടിയും, പൂരം, എന്നിവ അത്തരത്തിലുള്ള കവിതകളാണ്.

ഭഗവാൻ ഉറങ്ങുന്നു, ചന്ദ്രൻ, തുടങ്ങിയ കവിതകളിൽ തന്റെയുള്ളിൽ ഗൂഢ മൂലമായിക്കിടക്കുന്ന ദൈവികപാരമ്പര്യത്തെ പ്രതിരോധിക്കാനാകാതെ നിൽക്കുന്ന എൻ.വിയെ കാണാവുന്നതാണ്. ഭഗവാൻ ഉറങ്ങുന്നുവെന്ന കവിതയിൽ ക്ഷേത്രസംസ്കാരത്തിൽ അടിയുറച്ചുവിശ്വസിക്കുന്ന ഒരു പാര മ്പര്യത്തിന്റെ കണ്ണിയായി നിലനിൽക്കുന്ന എൻ.വിയെ കാണാം. ചന്ദ്രൻ എന്ന കവിതയിലേക്ക് വരുമ്പോൾ എൻ.വി. പാരമ്പര്യത്തെ പ്രതിരോധി ക്കുകയല്ല മറിച്ച് അനുകൂലമായി ഉപയോഗിക്കുകയാണ് ചെയ്യുന്നത്. പല കവിതകളിലും ശാസ്ത്രയുക്തിയെ പ്രകീർത്തിക്കുന്ന കവി ഇവിടെയെത്തു മ്പോൾ അതിൽനിന്ന് മറിച്ച് ചിന്തിക്കുന്നുണ്ട്. മനുഷ്യൻ ചന്ദ്രനിൽ കാല് കുത്തുന്നുവെന്ന് പറയുന്നത് ഒരു വിജയമായിട്ടല്ല എൻ.വി. കാണുന്നത്. മറിച്ച് ചന്ദ്രനെ ദൈവമായി സങ്കല്പിക്കുന്നു. അതായത് പ്രതിരോധം ഒരു ഭാഗത്ത് നിലകൊള്ളുമ്പോഴും മറുവശത്ത് പാരമ്പര്യധാരണകൾക്കും പാ രമ്പര്യബോധങ്ങൾക്കും കീഴടങ്ങിനിൽക്കുന്ന ഒരു ദ്വന്ദ്വസങ്കല്പം ഇത്തരം കവിതകളിൽ എൻ.വി. വെച്ചുപുലർത്തുന്നതായി കാണാം.

ഇതിഹാസങ്ങളിലെ വരേണ്യസങ്കല്പങ്ങളെ എതിർക്കാനും, ജനപ ക്ഷത്തുനിന്നുകൊണ്ട് മാനവികതാബോധത്തോടുകൂടി അതിനെ നോക്കി ക്കാണാനും വേണ്ട സന്ദർഭങ്ങളിൽ എതിർക്കാനുമുള്ള ശ്രമം നടത്തുന്നത് 'രാവണവധാന്തത്തിലെ വിഭീഷണൻ', 'കൃഷ്ണവധം' തുടങ്ങിയ കവിതകളി ലൂടെ കാണാവുന്നതാണ്.

അമ്മയും മകനും തുഞ്ചനും, സംസ്കൃതവിജ്ഞാനം, ഋഗ്വേദവിൽപന, രാമൻ അക്ഷരം പഠിച്ച കഥ തുടങ്ങിയ കവിതകളിൽ സാംസ്കാരിക പൈ തൃകങ്ങളെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എൻ.വി.

ആകുലപെടുന്നതുകാണാം. ഒരേസമയം പാരമ്പര്യവിരോധിയും പാരമ്പര്യ അനുകൂലിയുമായി നിലകൊള്ളുന്ന എൻ.വി.യെ ഇത്തരം കവിതകളിലൂടെ ദർശിക്കാം. ഒരേസമയം പ്രതിരോധം മുന്നോട്ടുവെക്കുകയും അതേസമയം തന്നെ അവ 'പാരമ്പര്യ'മാണെന്നും ബഹുമാനിക്കേണ്ടതാണെന്നുമുള്ള വിരുദ്ധദർശനം എൻ.വി. മുന്നോട്ടുവെക്കുന്നു. 'ഇന്ത്യൻ പാരമ്പര്യം' എന്ന സങ്കല്പം തന്നെ നിർമ്മിതമായിരിക്കേ അത് പാവനമാണെന്ന് പ്രഖ്യാപിക്കുന്ന എൻ.വിയിൽ താൻ മുന്നോട്ടുവെക്കുന്ന ആശയങ്ങൾക്ക് സ്വയം തടയിടാൻ ശ്രമിക്കുന്ന വൈരുദ്ധ്യം പ്രകടമാണ്.

സ്വാതന്ത്ര്യസമരത്തിനു മുൻപും ശേഷവും എന്തായിരുന്നു ഗാന്ധി എന്നും അതിലെ വ്യത്യാസത്തെ അടയാളപ്പെടുത്താനുള്ള ശ്രമവും എൻ.വി. ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ ഉണരുക, സൂര്യന്റെ മരണം, മഹാത്മാഗാന്ധി തുടങ്ങിയ കവിതകളിലെല്ലാം ഗാന്ധിജിയുടെ ആദർശങ്ങളും ദേശീയബോധവുമാണ് ഉയർത്തിക്കാണിക്കുന്നത്. ഗാന്ധിയും ഗോഡ്സെയും, രാഷ്ട്രീയ പെൻഷൻ, മദിരാശിയിലൊരു രാത്രി തുടങ്ങിയ കവിതകളിലേക്കെത്തുമ്പോഴേക്കും ഇന്ത്യൻ ദേശീയതക്ക് സംഭവിച്ച അപചയത്തെ കുറിക്കാൻ ഗാന്ധി എന്ന രൂപകത്തെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഗാന്ധിജി വിഭാവനം ചെയ്ത ആദർശരാഷ്ട്രത്തിലേക്ക് (സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും രാജ്യം) എത്തിപ്പെടാൻ കഴിയാത്തതിന്റെ നിരാശയും അമർഷവും നിഴലിക്കുന്ന കവിതകളാണിവ. ദേശീയതാവിമർശനം എന്ന നിലയിൽ ഗാന്ധി എന്ന പാരമ്പര്യത്തെ സൃഷ്ടിക്കുന്നു എന്നു പറയാം.

ദേശീയതയെ സ്വീകരിക്കുന്നതോടൊപ്പം തന്നെ കൂടുതൽ വിശാലമായ അന്തർദേശീയതാസങ്കല്പങ്ങൾക്കാണ് എൻ.വി. ഊന്നൽ നൽകിയത്. ഭാഷാപരമായ, മതപരായ, തത്വചിന്താപരമായ എല്ലാ വ്യത്യാസങ്ങൾക്കുമപ്പുറം മനുഷ്യബന്ധങ്ങൾക്ക നൽകുന്ന മൂല്യമാണ് എൻ.വിയുടെ അന്തർദേശീയത. ആഫ്രിക്ക, രണ്ട് ചീനപെൺകുട്ടികൾ, വിശ്വമാനവൻ തുടങ്ങിയ കവിതകളിൽ ഈ ദർശനം കാണാവുന്നതാണ്. ആധുനികതയുടെ മനുഷ്യസങ്കല്പത്തിലെ വിമോചനാത്മകമൂല്യങ്ങളിൽ വന്ന പ്രതീക്ഷാഭംഗം എന്ന നിലയിൽ കൂടി വേണം ഇത്തരം കവിതകളെ വിലയിരുത്താൻ.

# ഗ്രന്ഥസൂചി


അച്യുതമേനോൻ, സി, 1990 'എൻ.വി. കൃഷ്ണവാരിയർ', *വിജ്ഞാനകൈരളി,* ഒക്ടോബർ1990, പുസ്തകം 21, ലക്കം10.

അജിത്കുമാർ എൻ, 2003 *വാമൊഴിയുടെ സൌന്ദര്യശാസ്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

അജ്ജു കെ. നാരായണൻ, 2015 *ഫോക്‌ലോർ പാഠങ്ങൾ പഠനങ്ങൾ*, എൻ. ബി. എസ്., കോട്ടയം.

അനിൽകുമാർ ടി.കെ., 2004 *മലയാളസാഹിത്യത്തിലെ കീഴാളപരിപ്രേക്ഷ്യം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

അൻസാരി എം.ടി., 2008 *മലബാർ-ദേശീയതയുടെ ഇടപെടലുകൾ,* ഡി.സി. ബുക്സ്, കോട്ടയം.

അപ്പൻ കെ.പി., 1996 *തിരസ്കാരം*, ഇംപ്രിന്റ് ബുക്സ്, കൊല്ലം.

അപ്പൻ കെ.പി., 1999 *വരകളും വർണ്ണങ്ങളും*, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

അയ്യപ്പപ്പണിക്കർ, 2005 *അയ്യപ്പപ്പണിക്കരുടെ ലേഖനങ്ങൾ 1990-2005,* ഡി.സി. ബുക്സ്, കോട്ടയം.

ആനന്ദ്, 1991 *ജൈവമനുഷ്യൻ,* ഡി.സി. ബുക്സ്, കോട്ടയം.

ആൻസി സെബാസ്റ്റ്യൻ (എഡി), 2013 *പാരമ്പര്യവും ആഖ്യാനവും സമകാലിക കഥയിലെ ലാവണ്യാനുഭവങ്ങൾ*, കൈരളി ബുക്സ്, കണ്ണൂർ.

ആർസു, 1987 *മഹാരഥന്മാരുമായി മുഖാമുഖം*, ശിഖ പബ്ലിക്കേഷൻസ്, കോഴിക്കോട്.

ആർസു, 2005 *ഭാരതീയ സാഹിത്യത്തിലേക്ക് ഒരു നടപ്പാത*, വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പോ, കോട്ടയം.

ഇർഫാൻ ഹബീബ്, 2008. *ദേശീയസമരത്തിലെ വഴിത്താരകൾ*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

ഉമ്മർകുട്ടി, എ.എൻ.പി. 1988 'എൻ.വി.യുടെ ഭാഷാസേവനം', *ഭാഷാപോഷിണി*, ഒക്ടോബർ-നവംബർ 1988 പുസ്തകം 3, ലക്കം 12.

എഴുത്തച്ഛൻ കെ.എൻ., 1993 *സമീക്ഷ*, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.

ഒ.എൻ.വി. 'എല്ലാറ്റിലും വ്യത്യസ്തത പുലർത്തിയ എൻ.വി.' *ഗ്രന്ഥാലോകം*, ഒക്ടോബർ 1989, വാല്യം 41, ലക്കം 9.

ഒരു സംഘം ലേഖകർ, 1995 *എൻ.വി. കവിതയുടെ അന്തർമണ്ഡലം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഒരു സംഘം ലേഖകർ, 1988 *എൻ വിയും മലയാളസാഹിത്യവും*, എൻ.ബി.എസ്, കോട്ടയം.

കക്കാട് എൻ. എൻ., 2009 *കവിതയും പാരമ്പര്യവും*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

കർത്താ, പി.സി, 1960 *പഴഞ്ചൊൽ പ്രപഞ്ചം*, എൻ.ബി.എസ്, കോട്ടയം.

--- 1998, *ആചാരനുഷ്ഠാനകോശം*, ഡി. സി. ബുക്സ്, കോട്ടയം.

കാരശ്ശേരി എം എൻ, 1991 *നവതാളം*, പി.കെ ബ്രദേഴ്സ്, കോഴിക്കോട്.

---, 2004 എൻ.വി. കൃഷ്ണവാരിയർ, മാതൃഭൂമി ജൂലൈ 2004, പുസ്തകം 2, ലക്കം 8, പുറം 27.

കുമാരനാശാൻ, എൻ., 1973 *കുമാരനാശാന്റെ സമ്പൂർണ്ണകൃതികൾ, ഭാഗം-1*, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

കുഞ്ചൻനമ്പ്യാർ, 2022 *കുഞ്ചൻ നമ്പ്യാരുടെ തുള്ളൽകൃതികൾ*, ഡി.സി. ബുക്സ്, കോട്ടയം.

കെ.ഇ.എൻ., 2012 *സമൂഹം സാഹിത്യം,സംസ്കാരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കൃഷ്ണൻ നമ്പൂതിരി, എം., 2017 *മലയാളസാഹിത്യം പാരമ്പര്യവും സംസ്കാരവും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

കൃഷ്ണപിള്ള, എൻ., 1954 *കൈരളിയുടെ കഥ*, എസ്. പി. സി. എസ്, കോട്ടയം.

കൃഷ്ണവാരിയർ എൻ. വി., 1986 *എൻ.വിയുടെ സാഹിത്യവിമർശനം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

--- 1989, *അഖില വിജ്ഞാനകോശം വാല്യം നാല്*, കോട്ടയം.ഡി.സി ബുക്സ്, കോട്ടയം.

--- 2006. *എൻ.വി. കവിതകൾ*, എൻ.വി. കൃഷ്ണവാരിയർ സ്മാരക ട്രസ്റ്റ്, കോട്ടക്കൽ.

ഗുപ്തൻനായർ, എസ്. 'എൻ.വി.കൃഷ്ണവാരിയർ' *ഭാഷാപോഷിണി*. ഒക്ടോബർ-നവംബർ 1988, പുസ്തകം 12, ലക്കം 3.

ഗോവിന്ദൻനായർ, ഇടശ്ശേരി, 2007 *ഇടശ്ശേരിക്കവിതകൾ സമ്പൂർണ സമാഹാരം*, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

ഗോപാലകൃഷ്ണൻ, പി.കെ, 1984 *കേരളത്തിന്റെ സാംസ്കാരിക ചരിത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ഗോപാലകൃഷ്ണൻ, കെ. 'എൻ.വി.യുടെ രാഷ്ട്രീയജീവിതം' ഗ്രന്ഥാലോകം. സെപ്തംബർ 2006, വാല്യം 58, ലക്കം 9.

ഗോവിന്ദപിള്ള, പി. 1988 'എൻ.വി.യെ കുറിച്ചുള്ള ഓർമ്മകുറിപ്പുകൾ,' *മാതൃഭൂമി ആഴ്ചപ്പതിപ്പ്*, ഒക്ടോബർ 29 നവംബർ 4, 1988, പുസ്തകം .4, ലക്കം 8.

--- 1989 'എൻ.വി.നവോത്ഥാനനായകൻ' *ഗ്രന്ഥാലോകം* ഒക്ടോബർ 1989, വാല്യം 41, പുസ്തകം 9, ലക്കം 10

ചുമ്മാർ, ടി.എം., 1984 *പദ്യസാഹിത്യചരിത്രം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

ജോർജ്ജ് ഇരുമ്പയം, 1990, *സാഹിത്യം സാമൂഹ്യവിമർശനങ്ങൾ,* കറന്റ് ബുക്സ്, തൃശ്ശൂർ.

ജോർജ്ജ്, കെ.എം.(എഡി), 1958 *സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, എസ്.പി.സി.എസ്, കോട്ടയം.

--- (എഡി.), 1982 *ഭാരതീയ സാഹിത്യചരിത്രം*, കേന്ദ്ര സാഹിത്യ അക്കാദമി, ന്യൂഡൽഹി.

തരകൻ, കെ.എം, 1983 *പാശ്ചാത്യസാഹിത്യ തത്വശാസ്ത്രം*, എസ്.പി.സി. എസ്., കോട്ടയം.

ദക്ഷിണാമൂർത്തി, എം, 2007 *ഇംഗ്ലീഷ് കാല്പനികത,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ദാമോദരൻ, കെ, 2010, *ഭാരതീയചിന്ത*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ദേവസ്യാ, ടി.എം, 1981 *എലിയറ്റ് കവിയും നിരൂപകനും*, കറന്റ് ബുക്സ്, കോട്ടയം.

ദേവിക, ജെ., 2000 *സ്ത്രീവാദം*, ഡി.സി. ബുക്സ്, കോട്ടയം.

--- 2010 *കുലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ?*, സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം.

നമ്പ്യാർ, എ.കെ, 1984 *കേരളത്തിലെ നാടൻകലകൾ*, നാഷണൽ ബുക്സ് സ്റ്റാൾ, കോട്ടയം.

നമ്പൂതിരിപ്പാട്, ഇ.എം.എസ്., 1950, *കേരളത്തിന്റെ ദേശീയപ്രശ്നം*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

---, 1974. *മാർക്സിസവും മലയാളസാഹിത്യവും*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

നാരായണമേനോൻ, വള്ളത്തോൾ, 2003 *വള്ളത്തോൾ കവിതകൾ,* ഡി.സി. ബുക്സ്, കോട്ടയം.

നാരായണപ്പണിക്കർ, കാവാലം, 1991, *കേരളത്തിലെ നാടോടിസംസ്കാരം,* നാഷണൽ ബുക് ട്രസ്റ്റ് ഇന്ത്യ.

നാരായണപിള്ള, കെ.എസ്, 1979 *സംസ്കാരത്തിന്റെ ഉറവിടങ്ങൾ,* പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്.

നീലകണ്ഠൻ നമ്പൂതിരി, 2016 *ഭാരതീയ ആചാരങ്ങളും അനുഷ്ഠാനങ്ങളും,* ദേവി ബുക്ക് സ്റ്റാൾ, കൊടുങ്ങല്ലൂർ.

പണിക്കർ, കെ.എൻ., 2007 *സെക്യുലർ പാഠങ്ങൾ പ്രമേയം, ചരിത്രം, പ്രത്യയശാസ്ത്രം*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

പരമേശ്വരൻപിള്ള, എരുമേലി, 1991 *മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ*, ആരോവില്ലി പബ്ലിഷേഴ്സ്, കോട്ടയം.

പിയേഴ്സൺ എൻ.എം, 2003 *ഇക്കോഫെമിനിസം ഇക്കോടൂറിസം മാർക്സിസം*, കറന്റ് ബുക്സ്, കോട്ടയം.

പോക്കർ പി.കെ., 1996 *ആധുനികോത്തരതയുടെ കേരളീയ പരിസരം*, ലെഫ്റ്റ് ബുക്സ്, മലപ്പുറം.

പ്രദീപ് കുമാർ എം, 2006 *സാഹിത്യത്തിലെ ഫോക്‌ലോർ,* കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ.

പ്രഭാകരവാരിയർ, കെ.എം., 2010 *ഭാഷാവലോകനം*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

പ്രസന്നരാജൻ, 1995 *കവിതയുടെ പിതൃഭൂമി*, ഡി.സി. ബുക്സ്, കോട്ടയം.

ബലറാം, എൻ.ഇ., 1997, *ഭാരതീയപൈതൃകം*, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

ബഞ്ചമിൻ, ഡി., 2000, *സ്വാധീനതാ പഠനങ്ങൾ*, കറന്റ് ബുക്സ്, തൃശ്ശൂർ.

--- 2002 *കാവ്യനിർദ്ധാരണം*, പ്രഭാത് ബുക്സ്, തിരുവന്തപുരം.

ബാലകൃഷ്ണൻ, പി.കെ, 2012 *ജാതിവ്യവസ്ഥിതിയും കേരളചരിത്രവും*, ഡി.സി.ബുക്സ്, കോട്ടയം.

ബാലകൃഷ്ണൻ, കൽപ്പറ്റ, 2012 *ഗാന്ധിയൻ സൗന്ദര്യവിചാരം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ബിപൻചന്ദ്ര, 2010 *ആധുനിക ഇന്ത്യ*, ഡി.സി. ബുക്സ്, കോട്ടയം.

ബിപൻചന്ദ്ര, (എഡി)., 2007 *ഇന്ത്യയുടെ സ്വാതന്ത്ര്യസമരം*, ഡി.സി. ബുക്ക്സ്, കോട്ടയം.

ഭാർഗ്ഗവൻപിള്ള, ജി, 2000 *നാട്ടരങ്ങ്,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

മഹേഷ്, എം.ആർ., 2012 *മലയാളനോവലും ദേശീയതയും,* പ്രകാശനവിഭാഗം, കേരളസർവ്വകലാശാല.

മാത്യു ഉലകംതറ, 1989 'എൻ.വി.കൃഷ്ണവാരിയർ,' ദീപിക ആഴ്ചപ്പതിപ്പ്, നവംബർ 19, 1989, പുസ്തകം11, ലക്കം 33.

മുരളീധരൻ, നെല്ലിക്കൽ, 2011 *വിശ്വസാഹിത്യദർശനങ്ങൾ*, ഡി.സി. ബുക്ക്സ്, കോട്ടയം.

രാഘവൻ പയ്യനാട്, 1997 *ഫോക്‌ലോർ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാഘവൻപിള്ള, കെ, 1986 *സമീപനങ്ങൾ സമന്വയങ്ങൾ*, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം.

---, 1968 *മലയാളപ്പിറവി*, കറന്റ് ബുക്ക്സ്, തൃശ്ശൂർ.

രാഘവവാരിയർ, എം.ആർ., 1995 എൻ.വി. 'കവിതയിലെ ദേശീയപരിപ്രേക്ഷ്യം', *എൻ.വി. കവിതയുടെ അന്തർമണ്ഡലം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

---, 2012 *മലയാളകവിത ആധുനികതയും പാരമ്പര്യവും,* വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

---, 2013 *ഭാഷാപഠനങ്ങൾ*, നാഷണൽ ബുക്ക്സ്റ്റാൾ, തിരുവനന്തപുരം.

രാഘവവാരിയർ, രാജൻ ഗുരുക്കൾ, 1994 *മിത്തും സമൂഹവും*, ജാലകം, കോഴിക്കോട്.

രാജീവൻ, ബി., 2009 *വാക്കുകളും വസ്തുക്കളും*, ഡി.സി. ബുക്സ്, കോട്ടയം.

രാജേന്ദ്രൻ, സി., 2006 *വ്യാഖ്യാനശാസ്ത്രം*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാമകൃഷ്ണൻ, ഇ.വി, 1997 *വാക്കിലെ സമൂഹം*, ഡി.സി. ബുക്സ്, കോട്ടയം.

---, 2001 *ദേശീയതയും സാഹിത്യവും,* ഡി.സി. ബുക്സ്, കോട്ടയം.

രാമകൃഷ്ണൻ, ദേശമംഗലം, 2004 *കാവ്യഭാഷയിലെ പ്രശ്നങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

രാമകൃഷ്ണൻ, കെ.വി., 2005 *എൻ വിയുടെ കാവ്യലോകം,* കറന്റ് ബുക്സ്, തൃശ്ശൂർ.

രാമചന്ദ്രൻ നായർ, കെ, 1970 *രേഖാരൂപം*, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

ലീലാകുമാരി എം., 2005 *പാരമ്പര്യവും പരിവർത്തനവും*, മാളുബൻ പ്രസിദ്ധീകരണം, തിരുവനന്തപുരം.

ലീലാവതി, എം, 1988, *മലയാളകവിതാസാഹിത്യചരിത്രം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

---, 1988a 'എൻ.വി.യുടെ സാഹിത്യനിരൂപണം', *ഭാഷാപോഷിണി.* ഒക്ടോബർ-നവംബർ 1988, പുസ്തകം 12, ലക്കം 3

---, 1993 *ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

---, 2008 *വർണ്ണരാജി*, സാഹിത്യ പ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.

വിഷ്ണുനമ്പൂതിരി, എം.വി, 1997 *നാടോടി വിജ്ഞാനീയം*, ഡി.സി. ബുക്സ്, കോട്ടയം.

ശശിധരൻ, എൻ., 2000 *വാക്കിൽ പാകപ്പെടുത്തിയ ചരിത്രം*, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.

ശങ്കരൻ തായാട്ട്, 2007 *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

ശങ്കരക്കുറുപ്പ്, ജി., 2015 *സൂര്യകാന്തിയും മറ്റപ്രധാന കവിതകളും*, ഡി.സി. ബുക്സ്, കോട്ടയം.

ശങ്കുണ്ണിനായർ, എം.പി., 1974 *കാവ്യവ്യുത്പത്തി*, എൻ.ബി.എസ്, കോട്ടയം.

ശ്രീജൻ, വി.സി, 1993 *പ്രവാചകന്റെ മരണം*, സമീക്ഷ, തിരുവനന്തപുരം.

ശ്രീധരമേനോൻ, എ., 1978 *കേരളസംസ്കാരം*, എസ്.പി.സി.എസ്, കോട്ടയം.

ശ്രീധരമേനോൻ, വൈലോപ്പിള്ളി, 2013 *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ, 2 വാല്യം*, കറന്റ് ബുക്സ്, കോട്ടയം.

ശർമ്മ, ആർ.എസ്., 2009 *പ്രാചീന ഇന്ത്യ*, ഡി.സി. ബുക്സ്, കോട്ടയം

ശ്രീകുമാർ, എസ്.എസ്., 1997 *സംസ്കാരവും വിമർശവും*, കറന്റ് ബുക്സ്, കോട്ടയം.

സച്ചിദാനന്ദൻ, കെ, 2000 *ഭാരതീയകവിതയിലെ പ്രതിരോധ പാരമ്പര്യം*, ഡി.സി. ബുക്സ്, കോട്ടയം.

---, 2006 *അടിത്തട്ടുകൾ*, മാതൃഭൂമി പബ്ലിഷേഴ്സ്, കോഴിക്കോട്.

---, 2006a *സച്ചിദാനന്ദന്റെ കവിതകൾ 1865-2005 മൂന്ന പുറം*, ഡി,സി. ബുക്സ്, കോട്ടയം

---, 2009 *മലയാളകവിതാപഠനങ്ങൾ*, മാതൃഭൂമി ബുക്സ്,കോഴിക്കോട്.

സജീവൻ, എ, 1989 'സഫലമീയാത്ര', *കലാകൗമുദി*, ഒക്ടോബർ 1989, വാല്യം 29,പുസ്തകം 4, ലക്കം 8.

സീന.ഇ.കെ., 2014 *പ്രതിരോധസംസ്കാരം സിദ്ധാന്തവും പ്രയോഗവും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

സുബ്രഹ്മണ്യൻ, എൻ, 2003, *സംഘകാലഭരണസംവിധാനം സംഘം തമിഴരുടെ ഭരണവും സാമൂഹിക ജീവിതവും*, ഡി.സി. ബുക്സ്, കോട്ടയം.

ഹരികുമാർ, എസ്., 2007 *മലയാളത്തിലെ അകാല്പനിക കവിത എൻ.വി, ഇടശ്ശേരി എന്നിവരെ ആസ്പദമാക്കിയ പഠനം*, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം.

റോയ്, സി.ജെ, 1988 'എൻ.വിയുടെ ഭാഷയുംശൈലിയും' *ഭാഷാപോഷിണി,* ഒക്ടോബർ-നവംബർ 1988, പുസ്തകം 12, ലക്കം 3.

റൊമീലാ ഥാപ്പർ, 2009 *ആദിമ ഇന്ത്യാചരിത്രം*, ഡി.സി. ബുക്സ്, കോട്ടയം.

ഗ്രന്ഥാലോകം വിശേഷാൽ പതിപ്പ്, *എൻ.വിയെ ഓർക്കുമ്പോൾ*, , ഒക്ടോബർ 1989, വാല്യം 41, ലക്കം 9, 10 പുറം-1-62.

Andre Betelle, 1989 *Sociology Essay on Approach and Method*, Oxford University Press.

Bhushan B., 1989 *Dictionary of Sociology*, Anmol Publications.

Congar Yves O.P., 1964 *The Meaning of Tradition*, Translated from French to English by A.N.Wordrow, Newyork, Hawthorn Books.

Devi GN., 1995 *Tradition and Change in India Literary Criticism: After Amnesia,* London: Orient Longman Ltd.

Eagleton, Terry, 2005 *The English Novel*, Black well Publishing, U.K.

Eliot T.S., 1932 *Selected Essays, 1917-1932,* Faber & Faber, London.

Geoff Danaher, Tony Schirato, and Jen Webb, 2000 *Understanding Foucalt*, Sage Publications, London.

Ghassan Kanafani, 2013 *Literature of Resistance in occupied Palestine,* Rimal Publications, Cyprus.

Ginsberg Morries, 1921 The *Psychology of society*, Methuen & Co.Ltd., London.

Grosby steven, 2005 *Nationalism A very short Introduction,* Oxford University, Press, U.K.

Habib, Irfan, 2007 *Essays in Indian History*, *Towards a marxist perception,* Tulika Books, New Delhi.

Harris Mylonas, Maya Tudar, 2012 *Varieties of Nationalism*, Cambridge University Press, Newyork.

Jaffrelot, Christophe, 2009 *Hindu Nationalism - A Reade*r, Permanent Black, Ranikhet.

James Draver, 1967 *A Dictionary of Psychology*, Penguin Books.

Julius Gould and William L.Kolb (Ed), 1964, *A Dictionary of the social sciences,* The press of Glencon, New york.

Althusser, Louis, 1967 *For Marx*, Penguin C. Book.

Macleod, John, 2010 *Beginning Post Colonialism*, Routledge, London.

Miorcea Eliade(Ed) 1987 *The Encyclopedia of Religion,* Macmillan publishing company, New York.

Rojer Scruton, 1986 *A Dictionary of Political Thought,* Mac Millan Press, London.

Ross Edward A. 1913 *Social Psychology*, Macmillan New York.

Seligman R.A (Ed.), 1951 *Encyclopaedia of Social Sciences Volume 15.* Macmillan, New York.

Sen, Amartya, 2005 *The Argumentative Indian*, Penguin Books, London.

Terry Nordin & David R. Mapel (Ed.), 1992 *Traditions of International Ethics,* Cambridge University Press.

Walter Pater, 1969 *Plato and Platonism*, Green wood Press, New York.

William Benton Publisher, 1973 *Encyclopedia Britannicca*. Vol. 10.

Williams, Raymond, 1985 *Keywords*, Flaming, London.

Richard W. Miller, 1984 Analyzing Marx: Morality, Power and History, Princenton University Press, New Jersey.

Redfield, Robert, 1987 Peasant Societ & Culture, Qtd in The Encyclopedia of Religion, Ed. Mircea Eliade, Vol. 15, Macmillan Publishing Company, New York.